KOTTAYAM PUBLIC LIBRARY

Call No. MA9 Acc. No. 11491

Author കേശവപിള്ള, കെ.സി

Title ഭാഷാ നാരായണീയം

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

# ഭാഷാനാരായണീയം

പ്രസാധകന്മാർ

**സാഹിത്യപ്രവർത്തക സഹകരണ**
**സംഘം ലിമിററഡ്, കോട്ടയം**

[Malayalam]

# BHASHANARAYANEEYAM

BY

K. C. KESAVA PILLAI

| | | | |
|---|---|---|---|
| First | Impression | November | 1892 |
| Second | ,, | December | 1911 |
| Third | ,, | January | 1930 |
| Fourth | ,, | January | 1959 |

RIGHTS RESERVED

PRINTED AT THE INDIA PRESS, KOTTAYAM

Copies 1000

PUBLISHERS

SAHITHYA PRAVARTHAKA C. S. LTD., KOTTAYAM

NATIONAL BOOKSTALL

KOTTAYAM KERALA STATE

Rs. 4·00

NO: 11491

# ഭാഷാനാരായണീയം

മഹാകവി കെ. സി. കേശവപിള്ള
ഭാഷാന്തരം ചെയ്തതു്

MA 9

ശ്രീ

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ

വില ക. 4.00

NATIONAL BOOK STALL LTD. KOTTAYAM

## കെ. സി. കേശവപിള്ളയുടെ

## കൃതികൾ

കേശവീയം

സുഭാഷിതരത്നാകരം

ആസന്നമരണചിന്താശതകം

സന്മാർഗ്ഗകഥകൾ

ലക്ഷ്മീകല്യാണം

ഭാഷാനാരായണീയം

MA9
Kes-B

S889 B606 59/58-59

ഒന്നാംപതിപ്പിന്റെ

# മുഖവുര

'നാരായണീയം' എന്ന സംസ്കൃതഗ്രന്ഥം, പരമഭാഗവതനും കവിസാർവഭൗമനുമായ മേൽപുത്തൂർ നാരായണഭട്ടതിരി അവർകൾ അതിദുസ്സഹമായ വാതരോഗത്താൽ പരവശനായിട്ട്, പ്രസിദ്ധമായ ഗുരുവായൂർക്ഷേത്രത്തിന്റെ മുഖമണ്ഡപത്തിൽ ഇരുന്ന് ഏകാഗ്രമായ മനസ്സോടുകൂടി ഗുരുവായൂരപ്പനെ ഭജിച്ചസമയം, ഭക്തവത്സലനായ ഭഗവാന്റെ അനുഗ്രഹം ആ മഹാന്റെ അന്തർഭാഗത്തിൽ നിറഞ്ഞു വദനമാർഗ്ഗേണ ശ്ലോകരൂപമായി പുറപ്പെട്ടതും, ഭക്തിരസപ്രധാനങ്ങളായി അതിമധുരങ്ങളായിരിക്കുന്ന ആയിരത്തിൽ അധികം ശ്ലോകങ്ങളെക്കൊണ്ട് ഭാഗവതസാരത്തെ സ്പഷ്ടമായി പ്രതിപാദിക്കുന്നതും ആയ ഒരു സ്തോത്രരത്നമാകുന്നു. ഭക്തിപൂർവ്വമായ ഇതിന്റെ പരിശീലനം ശ്രേയസ്കരമാകുന്നുവെന്നുള്ളതിന്ന് ഗ്രന്ഥകർത്താവായ ഭട്ടതിരിഅവർകൾതന്നെ ദൃഷ്ടാന്തമാണ്.

സംസ്കൃതത്തിൽ കുറേ വ്യുല്പത്തി സിദ്ധിച്ച നാൾമുതൽക്ക് ഈ ഗ്രന്ഥത്തെ ഞാൻ വായിച്ച് അഭിനന്ദിക്ക പതിവായിരുന്നു. അങ്ങനെയിരിക്കെ സർവ്വകലാകുശലനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് മലയാളത്തിൽ പരിഭാഷപ്പെടുത്തിയ ശാകുന്തളം കാണുന്നതിനും വായിക്കുന്നതിനും ഇടയായി. അപ്പോൾ നാരായണീയത്തേയും ഇതുപോലെ ഭാഷപ്പെടുത്തിയാൽ കൊള്ളാമെന്ന് എനിക്ക് ഒരു അഭിനിവേശം സംഭവിച്ചു. അതിന്റെശേഷം ഞാൻ ഇതിനെ ക്രമേണ ഭാഷാന്തരംചെയ്തുതുടങ്ങി. ഏകദേശം പാതി

വരെ ഭാഷപ്പെടുത്തിക്കഴിഞ്ഞപ്പോൾ ഇതിൻെറ സ്വാഭാവികമായ ദുരവഗാഹതയും വൈപുല്യവും നിമിത്തം ഭഗ്നോത്സാഹനായിത്തീൎന്ന ഞാൻ അതിൽപ്പിന്നെ അധികനാൾ ഇതിൽ തീരെ ദൃഷ്ടിവെയ്ക്കാതിരിക്കുന്നതിനു് ഇടയായി. അനന്തരം ഭാഷാഭിമാനികളായ ചില മഹാന്മാരുടെ—വിശിഷ്യ മനോരമാ പത്രാധിപർ കേ. ഐ. വറുഗീസുമാപ്പിള്ള അവർകളുടെ—പ്രോത്സാഹനത്താൽ വീണ്ടും ഞാൻ ഇതിലേയ്ക്കു പ്രേരിതനായിട്ടു് അവശിഷ്ടവും ഭാഷപ്പെടുത്തി ഇതാ! നിൎമ്മത്സരന്മാരായ സഹൃദയന്മാരുടെ മുൻപിൽ വിനയപുരസ്സരം സമൎപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകരണത്തിൻെറ പ്രധാനോദ്ദേശ്യം, കൎത്താവിൻെറ പാടവപ്രകടനമല്ല, ജനോപകാരമാകുന്നു എന്നുള്ളതിനാൽ മൂലത്തിലുള്ള വൃത്തംതന്നെ ഭാഷാന്തരത്തിലും വേണമെന്നുള്ള നിർബന്ധം ഇതിൽ സ്വീകരിച്ചിട്ടില്ല. മൂലത്തിൽ 15 ദശകങ്ങൾ മുഴുവനും, അതുകൂടാതെ പല ദശകങ്ങളിലും അവിടവിടെ ചില ശ്ലോകങ്ങളും സ്രഗ്ദ്ധരാവൃത്തത്തിൽ വിരചിക്കപ്പെട്ടിരിക്കുന്നു. സ്രഗ്ദ്ധരയേക്കാൾ വലിയ വൃത്തങ്ങൾ അത്ര സാധാരണങ്ങളും ഭംഗിയുള്ളവയും അല്ലായ്കയാൽ മൂലത്തിലുള്ള സ്രഗ്ദ്ധരാവൃത്തശ്ലോകങ്ങൾ പ്രായേണ ആ വൃത്തത്തിൽത്തന്നെ ഭാഷപ്പെടുത്തേണ്ടിവന്നു. പ്രയോഗസൗകൎയ്യത്താൽ സ്രഗ്ദ്ധരയിലുള്ള ചില ശ്ലോകങ്ങൾ ശാർദ്ദൂലവിക്രീഡിതത്തിലും, അതുകൂടാതെ, പല ശ്ലോകങ്ങൾ മൂലാനുസാരിവൃത്തങ്ങളിലും, ഭാഷപ്പെടുത്തീട്ടുണ്ടു്. മൂലത്തിൽ കുസുമമഞ്ജരീവൃത്തമായ 69-ാം ദശകം സ്രഗ്ദ്ധരയിൽ ഭാഷപ്പെടുത്തിയിരിക്കുന്നു. എന്നാൽ സ്രഗ്ദ്ധരയും കുസുമമഞ്ജരിയും പ്രകൃതിച്ഛന്ദസ്സിൽ ഉൾപ്പെട്ടവയാകയാൽ ഇതിലും വൃത്താനുവൃത്തമായി ഭാഷപ്പെടുത്തുന്നതിലുള്ള ശ്രമം സംഭവിച്ചിട്ടുണ്ടു്. എല്ലാ സ്ഥലങ്ങളിലും പ്രാസം വന്നേ കഴിയൂ എന്നു നിർബന്ധിക്കയും, യഥാലാഭം അതിനെ സ്വീകരിക്കാതിരിക്കയും ചെയ്തിട്ടില്ല.

കവിതാവിഷയത്തിൽ അത്യന്തം ലാഘവത്തെ ഉണ്ടാക്കുന്ന അനേക മാർഗ്ഗങ്ങളും, പദസാമഗ്രിയും, വിശിഷ്യ ചുരുക്കിപ്പറയുന്നതിനു സൗകര്യവും ഉള്ളതാകുന്നു സംസ്കൃതഭാഷ എന്നു പ്രസിദ്ധമാണല്ലോ. ഈ ഭാഷയിൽ മഹാപണ്ഡിതനും, പ്രക്രിയാസർവ്വസ്വം മുതലായ അനേക വിശിഷ്ടഗ്രന്ഥങ്ങളുടെ കർത്താവും, എത്രയും ചുരുങ്ങിയ പദപ്രയോഗംകൊണ്ടു് അനേകാർത്ഥങ്ങളെ വിസ്മയനീയമാകുംവണ്ണം പ്രതിപാദിക്കുന്നതിൽ അന്യാദൃശസാമർത്ഥ്യശാലി എന്നു് ഇതരപണ്ഡിതന്മാരാൽ നിർവ്യാജം ശ്ലാഘിതനും ആയ ഭട്ടതിരി അവർകൾ, ചുരുങ്ങിയ ശ്ലോകങ്ങളെക്കൊണ്ടു് ഭാഗവതാർത്ഥം മുഴുവൻ വിവരിക്കണം എന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഉണ്ടാക്കീട്ടുള്ളതാകുന്നു പ്രസ്തുത ഗ്രന്ഥം. അതിനെ കവിതാവിഷയത്തിൽ ബഹുവിധ നിർബന്ധങ്ങളും, യഥേഷ്ടം പദങ്ങൾ ലഭിപ്പാൻ വളരെ പ്രയാസവും ഉള്ള മലയാളഭാഷയിൽ അല്പബുദ്ധിയായ ഞാൻ ഭാഷപ്പെടുത്തിയതുകൊണ്ടു് ഇതിൽ വല്ല ന്യൂനതകളും ഉള്ളപക്ഷം ആയതു് ഒട്ടും ആശ്ചര്യകരമല്ലെന്നു നിശ്ചയിപ്പാൻ അർഹതയുള്ളവരായ മഹാജനങ്ങൾ ഈ സാഹസത്തെ ക്ഷമിച്ചു് എന്നെ വേണ്ടുംവണ്ണം അനുഗ്രഹിക്കുമെന്നു് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

ഈ പുസ്തകത്തെ ആമൂലാഗ്രം സാവകാശമായി പരിശോധിച്ചു് അഭിപ്രായം കല്പിച്ചുതന്ന കവിസാർവഭൗമനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ തൃപ്പാദങ്ങളിൽ ഞാൻ എന്നും സ്ഥേയസിയായ കൃതജ്ഞതയുള്ളവനായിരിക്കും!

പറവൂർ
1068 വൃശ്ചികം 7
(20. 11. 1892)

കെ. സി. കേശവപിള്ള

## രണ്ടാംപതിപ്പിൻെറ

# മുഖവുര

ഭാഷാനാരായണീയത്തിൻെറ ഒന്നാംപതിപ്പ് പ്രസിദ്ധപ്പെട്ടത്തീട്ട് ഇപ്പോൾ പത്തൊൻപതു കൊല്ലത്തോളം ആയിരിക്കുന്നു. അച്ചടിച്ച പ്രതികൾ മുഴവൻ ചെലവായതിനാൽ രണ്ടാംപതിപ്പിൻെറ ആവശ്യം നേരിട്ടിട്ടും കാലം വളരെയായി. മഹാമഹിമശ്രീ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ഭാഷാശാകുന്തളമാണ് ഇതിൻെറ തർജ്ജമയ്ക്കായി എന്നെ ഉത്സാഹിപ്പിച്ചതു്. ഭാഷാപദ്യങ്ങളുടെ രചനാരീതി അന്നത്തേതിൽനിന്നു ക്രമേണ ഭേദപ്പെട്ട് ഇപ്പോൾ വളരെ പരിഷ്കൃതമായ നിലയിൽ എത്തിയിരിക്കുന്നതുപോലെ വായനക്കാരുടെ രുചിയും തുലോം ഭേദപ്പെട്ടിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. ഭാഷാശാകുന്തളത്തിനു് ഇപ്പോൾ ഒരു നവീകരണം ആവശ്യപ്പെട്ടതിനുള്ള കാരണവും ഇതുതന്നെയാണല്ലോ. ശാകുന്തളത്തിൻെറ പുതിയ പുറപ്പാടു കണ്ടപ്പോൾ നാരായണീയവും ഒന്നു പരിഷ്കരിച്ചാൽ കൊള്ളാമെന്നു് എനിക്കു തോന്നി. അപ്രകാരം ചെയ്തു ഏതാനും ഭേദഗതികളോടുകൂടിയാണ് ഇപ്പോൾ ഈ രണ്ടാംപതിപ്പിനെ മഹാജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നതു്. എന്നാൽ ആധുനികസിദ്ധാന്തം അനുസരിച്ചുള്ള പരിഷ്കരണം സാർവ്വത്രികമായി ഈ തർജ്ജമയിൽ അസാദ്ധ്യമാകയാലും, വിശിഷ്യ, "അതാതുകാലത്തിലെ രചനാസമ്പ്രദായമനുസരിച്ച് എഴുതപ്പെടുന്ന കൃതികളെ പിന്നീട് ഏതു കാരണംപ്രമാണിച്ചെങ്കിലും പാടേ മാററുക" എന്നുള്ളതു് ഭാഷാചരിത്രത്തിൻെറ ദൃഷ്ടിയിൽ ആശാസ്യമല്ലാത്തതിനാലും ഇതിൽ കഴിയുന്നതും പഴയ പാഠങ്ങളെത്തന്നെ

വെച്ചുകൊണ്ടു് അവയിൽ അവശ്യം വേണമെന്നു തോന്നിയ പരിഷ്കാരങ്ങൾ മാത്രമേ അവിടവിടെ ചെയ്തിട്ടുള്ളു. ഒന്നാംപതിപ്പിന്റെ മുഖവുര മുതലായവയ്ക്കുപുറമേ ചില പത്രങ്ങളുടെ അഭിപ്രായങ്ങളും കഥാസംഗ്രഹവുംകൂടി ഈ പതിപ്പിൽ ചേർത്തിട്ടുണ്ടു്.

തിരുവനന്തപുരം
1087 വൃശ്ചികം 20
(5. 12. 1911)

കേ. സി. കേശവപിള്ള

അഭിപ്രായങ്ങൾ

# I

## കേരളവർമ്മ വലിയകോയിത്തമ്പുരാൻ

നാരായണീയമിതു കേരളഭാഷയാക്കാ-
നാരാണു ശക്തനിതി ഞാൻ ചിരമോർത്തിരുന്നേൻ;
സാധിഷ്ഠമായധികദുഷ്കരമായ കൃത്യം
സാധിച്ചതിന്നു കവി കേശവപിള്ളയത്രേ.

ഭാഷാനാരായണീയം ബഹുസരളമിദം
നോക്കിയാദ്യന്തമെല്ലാം
ദോഷാഭാവത്തിനും വാക്കിനു ഗുണപരിപോ-
ഷത്തിനും വേണ്ടവണ്ണം
തോഷാലെൻശേമുഷിക്കൊത്തൊരുകുറി പരിശോ-
ധിച്ചു ഞാൻ; തീർച്ചചൊല്ലാം
ഭേഷായിബ്ഭാഷയേക്കാളിതിനൊരു പരിഭാ-
ഷാന്തരം ദുർല്ലഭം താൻ.

സകലപുരാണസാരസംഗ്രഹരൂപമായ ശ്രീഭാഗവതത്തെ അസാധാരണസാമർത്ഥ്യത്തോടുകൂടി സംക്ഷേപിച്ച് ശ്രീനാരായണഭട്ടതിരിയാൽ നിർമ്മിക്കപ്പെട്ടതും സകല കേരളീയന്മാരാലും അത്യന്തം ആദരിക്കപ്പെട്ടിരിക്കുന്നതും ആയ നാരായണീയത്തെ ശ്ലോകരൂപമായി ഭാഷപ്പെടുത്തിയ പരവൂർ കേ. സി. കേശവപിള്ളയുടെ ശ്രമം മുഴുവനും യഥാർത്ഥമായി അറിഞ്ഞ് അഭിനന്ദിക്കാൻ അധികം ആളുകൾ ഉണ്ടാകയില്ലെന്നാണ് എനിക്കു തോന്നുന്നതു്. ഇയ്യാളുടെ കവിതാചാതുര്യം ആർക്കും ചമൽക്കാരത്തെ ജനിപ്പിക്കാതിരിക്കയില്ല. ഈ ഭാഷാനാരായണീയത്തിലെ ഓരോ ശ്ലോകങ്ങളെ വായിച്ചു തജ്ജ

ന്യമായ രസത്തെ ആസ്വാദിച്ചു് ആനന്ദിക്കുന്നസമയം കവി മൂലശ്ലോകത്തെ ഏവംവിധമാക്കിത്തീക്കുന്നതിന്നു് എത്രമാത്രം ശ്രമപ്പെട്ടിരിക്കണം എന്നാലോചിക്കുന്നവർ ചുരുക്കമായിട്ടേ ഉണ്ടാകു. വാസ്തവത്തിൽ പദ്യരൂപമായി ഭാഷാന്തരംചെയ്യുന്ന ഒരു കവിയുടെ ശ്രമത്തെ തന്നോളം മററാരും അറികയില്ല. എത്രയും ഗഹനങ്ങളായ വിഷയങ്ങളേയും എത്രയും വിസ്തൃതകളായ കഥകളേയും അടക്കിയിരിക്കുന്ന മൂലത്തിലെ പല ഭാഗങ്ങളേയും അതുപോലെ ഭാഷയാക്കുന്നതിൽ കേശവപിള്ളയ്ക്കുണ്ടായിരിക്കാവുന്ന ശ്രമം അസാധാരണമാണെന്നു പറയുന്നതിനു ഞാൻ സംശയിക്കുന്നില്ല. ഈ ശ്രമത്തിനു് ഒരു സാഫല്യം എല്ലാവരും ഈ ശ്ലാഘ്യയായ കൃതിയെ വേണ്ടുംവണ്ണം ആദരിക്കമാത്രമാണു്. ഇതിനു വളരെ പ്രചാരമുണ്ടാകുമെന്നു് ഞാൻ പൂണ്ണമായി വിശ്വസിക്കുന്നു.

29–3–1068
തിരുവനന്തപുരം

*

(ഭാഷാപോഷിണീസഭയ്ക്കു് അയയ്ക്കപ്പെട്ട ഈ പുസ്തകം സഭയുടെ ആവശ്യപ്രകാരം പരിശോധിച്ച പണ്ഡിതന്മാരുടെ അഭിപ്രായങ്ങളാണു് താഴെ ചേക്കുന്നതു്.)

## II

## പി. സി. മാനവിക്രമ ഏട്ടൻരാജാ

...ഒന്നാമതായി ചിന്തിപ്പാനുള്ളതു് മൂലശ്ലോകതാല്പയ്യാത്ഥങ്ങൾ മുഴുവനും അതാതു തജ്ജമശ്ലോകങ്ങളിൽ വന്നിട്ടുണ്ടോ എന്നാകുന്നു. ആയതു് ഈ തജ്ജമയിൽ വന്നിട്ടുണ്ടെന്നു് പരിശോധിച്ചതിൽ നാം അഭിപ്രായപ്പെടുന്നു. ഈ ഒരു സംഗതി ഈ ഭാഷാനാരായണീയത്തെ ഏററവും ഉൽക്കർഷിപ്പിക്കുന്നതാണെന്നുള്ളതിലേയ്ക്കു് യാതൊരു സംശയവും ഇല്ല...

THE KOTTAYAM PUBLIC LIBRARY KOTTAYAM.

ചൊല്ലേറുന്നൊരു കേ. സി. കേശവകവി–
പ്രൗഢൻ മഹാഭക്തിമാ–
നുല്ലാസത്തൊടു ചെയ്ത തർജ്ജമയതാം
നാരായണീയസ്തവം
കല്യന്മാർക്കതിമോദമേകുമതിനോ
രണ്ടുണ്ടഹോ! കാരണം;
ചൊല്ലാം വിഷ്ണുചരിത്രമൊന്നിതപര
ഭാഷാന്തരപ്രൗഢിതാൻ.

## III

## കുഞ്ഞിക്കുട്ടൻതമ്പുരാൻ

...ഈ ഗ്രന്ഥം ഈ കവിയുടെ പ്രസിദ്ധിക്കു് അടുത്തതും, നാരായണീയത്തിന്റെ യോഗ്യതയ്ക്കു് അടുത്ത ഒരു ഭാഷാന്തരമാകാൻ തക്കതും, സാക്ഷാൽ നാരായണീയംപോലെ പ്രചാരമുണ്ടാകുവാൻ അർഹവും, വിശേഷിച്ചു് ഭാഷാപോഷിണീസഭാലതയുടെ പ്രഥമഫലമാണെന്നു നിസ്സംശയമായിപ്പറയാവുന്നതും ആയിരിക്കുന്നു. അതിനാൽ സാമാന്യകവികളാൽ ദുസ്സാദ്ധ്യമായും അത്യുപകാരകമായുംഉള്ള ഈ വിഷയത്തിൽ ഈ കവി ചെയ്തിരിക്കുന്ന പരിശ്രമത്തെ അറിഞ്ഞു് തക്കതായും ഉചിതമായും ഇരിക്കുന്ന ഒരു സംഭാവന ചെയ്തു് കവിയുടെ പരിശ്രമഫലത്തെ നിറവേറേണ്ടതാണെന്നു് യാതൊരു സംശയവുംകൂടാതെ ഞാൻ അഭിപ്രായപ്പെടുന്നു.

## IV

## കടത്തനാട്ടു് ഉദയവർമ്മതമ്പുരാൻ

...ഇതു് ആദിതൊട്ടു് അവസാനംവരെയും ഇടവിടാതെ മനസ്സുനിറുത്തി വായിച്ചു പരിശോധിച്ചു. അർത്ഥകാഠിന്യം

കൊണ്ടും മററും മലയാളത്തിൽ തർജ്ജമചെയ്യാൻ അത്യന്തം പ്രയാസമുള്ളതായ നാരായണീയത്തെ ഈവിധം ഭാഷാന്തരം ചെയ്യുന്നതിനുള്ള ഗ്രന്ഥകർത്താവിൻെറ അദ്ധ്വാനത്തെയാണ് കവിതയേക്കാൾ അധികം ശ്ലാഘിക്കേണ്ടുന്നത്. മലയാളത്തിൽ സംസ്കൃതപുസ്തകങ്ങളെ തർജ്ജമചെയ്യുന്നതിനു് വേണ്ടുവോളം വൈഭവമുണ്ടെന്നു് പലരാലും സമ്മതിക്കപ്പെട്ട ചാത്തുക്കുട്ടി മന്നാടിയാരുടെ തർജ്ജമശ്ലോകങ്ങളെക്കൂടി ഇതിലുള്ള ചില ശ്ലോകങ്ങൾ അതിശയിക്കുന്നുണ്ടെന്നു പറയുന്നതായാൽ അതു് ഒരിക്കലും അതിശയോക്തിയായി വരുന്നതല്ല. മലയാളികളിൽ പലരും ഭാഗവതാദിപുരാണങ്ങളെപ്പോലെ അത്യന്തഭക്തിപൂർവ്വം നിത്യപാരായണം ചെയ്തുവരുന്നതായ നാരായണീയത്തെ ഇപ്രകാരം ഭാഷാന്തരപ്പെടുത്തിയതുകൊണ്ടു് വലിയകോയിത്തമ്പുരാനവർകൾ അഭിപ്രായപ്പെട്ടതുപോലെ ഇതിനു് അധികമായ പ്രചാരം ഉണ്ടാവാൻ സംഗതിയുണ്ടെന്നു് ഊഹിപ്പാൻ ധാരാളം വഴിയുണ്ടു്....

## V

## വയക്കരെ മൂസ്സ്

ഈ പുസ്തകം മുഴുവൻ ഞാൻ വായിച്ചുനോക്കി....ഭക്തിരസപ്രധാനവും, പരിമിതങ്ങളായിരിക്കുന്ന പദ്യങ്ങളെക്കൊണ്ടു് സംക്ഷേപത്തിൽ ഭാഗവതാർത്ഥത്തെ ബോധിപ്പിക്കുന്നതുമായ ഈ സ്തോത്രപുസ്തകം സംസ്കൃതവ്യുൽപത്തിയില്ലാത്ത ഭക്തന്മാർക്കുകൂടി പാരായണത്തിനു് ഉപയോഗമുള്ളതാകയാൽ കേശവപിള്ളയെക്കുറിച്ചു് എല്ലാവരും കൃതജ്ഞന്മാരായിരിക്കും എന്നുള്ളതിലേയ്ക്കു സംശയമില്ല; എന്നുമാത്രമല്ല, സാധാരണ കവിതയുണ്ടാക്കുന്നതിനേക്കാൾ പ്രയാസമുള്ളതാകുന്നു തർജ്ജമചെയ്യു എന്നുള്ളതു്. സംസ്കൃതഭാഷയിൽ സമസ്തപദങ്ങ

ളെക്കൊണ്ടും പുരുഷപ്രയോഗഭേദങ്ങളെക്കൊണ്ടും മററും അനേകം പദങ്ങളേയും വിഭക്തികളേയും പ്രയോഗിക്കാതെതന്നെ അത്ഥത്തെ വ്യക്തമാക്കാം. ഭാഷയിലാകട്ടെ ഇവ യാതൊന്നിനും തരമില്ലല്ലോ. അപ്പോൾസാധാരണ വൃത്തങ്ങളിലെല്ലാം വലിയവയായ സ്രഗ്ദ്ധര, കുസുമമഞ്ജരി, ശാർദ്ദൂലവിക്രീഡിതം മുതലായ വൃത്തങ്ങളിൽ ഒരു പാദത്തേയും ഒരത്ഥത്തേയും മററും സമസ്തപദങ്ങളെക്കൊണ്ടു ഘടിപ്പിച്ചിരിക്കുന്ന ദിക്കിൽ അവയുടെ അർത്ഥത്തെ വ്യക്തമായി ഭാഷയിൽ പറയണമെങ്കിൽ ഒരു ശ്ലോകത്തിനുപകരം രണ്ടോ മൂന്നോ ശ്ലോകങ്ങൾതന്നെ വേണ്ടിവന്നേക്കാം. അങ്ങനെയിരിക്കുമ്പോൾ കേശവപിള്ള പ്രകൃതപുസ്തകത്തിൽ പ്രകടിപ്പിച്ചിരിക്കുന്ന തന്റെ സ്വാഭാവികമായ കവിതാസാമത്ഥ്യത്തേയും അപരിമേയമായ പരിശ്രമത്തേയുംകുറിച്ച് ആരാണതിശയിക്കാത്തതു്?...

## VI

**(അദ്ധ്യക്ഷനായ കേരളവമ്മ വലിയകോയിത്തമ്പുരാൻെറ വിധിയിലെ ചില ഭാഗങ്ങൾ)**

...ഒരു ഗ്രന്ഥം സംസ്കൃതത്തിൽനിന്നും തജ്ജമചെയ്യുമ്പോൾ മൂലത്തിലെ അർത്ഥത്തെ മുഴുവനും വരുത്തുന്നതിനു് സംസ്കൃതപദപ്രയോഗമില്ലാതെ നിവൃത്തിയില്ല. അതിലും വിശിഷ്യ പുരാണസംഗ്രഹമായ ഒരു ഗ്രന്ഥത്തെ ഭാഷാന്തരീകരിക്കുമ്പോൾ ചോദിക്കണോ?

യതിഭംഗം ചിലപ്പോൾ സംസ്കൃതത്തിൽത്തന്നെ കാണുന്നില്ലെന്നില്ല. എല്ലാ മലയാളപദ്യഗ്രന്ഥങ്ങളിലും ഇതു ധാരാളമുണ്ടു്.

ഒരു തജ്ജമയിൽ മൂലത്തിലെ വൃത്തംതന്നെ വേണമെന്നില്ല. അർത്ഥപുഷ്ടിക്കു് സമാനവൃത്തമാകാതിരിക്കുന്നതു് ചിലപ്പോൾ ആവശ്യകവും ആയിവരാം.

ദ്വിതീയാക്ഷരപ്രാസത്തെക്കുറിച്ച് രണ്ടഭിപ്രായം എന്നും ഉണ്ട്. ഈ തർജ്ജമയിൽ അതിനെ സാർവ്വത്രികമായി ദീക്ഷിച്ചിട്ടില്ലെന്നുള്ളതു് ഒരു ദോഷമായി പറയാനില്ല.

കഠിനമായ ഒരു ഗ്രന്ഥത്തെ തർജ്ജമചെയ്യുമ്പോൾ അത്ഥസ്ഫുടത വരുന്നതു് സഹജമാണു്. അതു പ്രകൃതപുസ്തകത്തിൽ അധികമുണ്ടെന്നു് എനിക്കു തോന്നുന്നില്ല.

ചിലദിക്കിൽ നീചമെന്നു വിചാരിക്കപ്പെടുന്ന പദം ചിലദിക്കിൽ സാധാരണ നടപ്പുള്ളതായിരിക്കും. അതിനു് ഒരു വ്യവസ്ഥയുണ്ടാകുന്നതുവരെ പൊതുവെ ഒന്നു നീചമെന്നും മറെറാന്നു് ഉൽകൃഷ്ടമെന്നും പറയാൻ പാടുള്ളതല്ല.

ഭാഷാനാരായണീയത്തിൻെറ ഗുണങ്ങളെക്കുറിച്ച് പരിശോധകന്മാരുടെ അഭിപ്രായം ഏകരൂപമായിരിക്കുന്നു. കേശവപിള്ളയുടെ തർജ്ജമ ശ്രമസാധ്യവും അഭിനന്ദനീയവുമാണെന്നു് അവർ അഭിപ്രായപ്പെട്ടിട്ടുള്ളതിനെ ഞാൻ പൂർണ്ണമായി സമ്മതിക്കുന്നു.

അഞ്ചിൽ മൂന്നുപേരും ഭാഷാനാരായണീയത്തിനു് സമ്മാനം കൊടുക്കേണ്ടതാണെന്നുതന്നെ അഭിപ്രായപ്പെടുകയും സംഖ്യയെ നിർദ്ദേശിക്കയും ചെയ്തിട്ടുണ്ട്. അതിൽ ഒരു മധ്യസംഖ്യയായി നാല്പതുരൂപാ കൊടുക്കുന്നതിനു വിധിച്ചിരിക്കുന്നു.

## VII
## വിദ്യാവിനോദിനി

...ഈ ശ്രമം സാധ്യമാകുന്നതിനു് കവിതാസാമത്ഥ്യവും വ്യുത്പത്തിദാർഢ്യവും ഉണ്ടായിരിക്കണമെന്നുതന്നെയല്ല, കവിജാതിക്കു് പ്രത്യേകിച്ചും അസുലഭമായ സ്ഥിരോത്സാഹവും സാമാന്യത്തിലധികം ആവശ്യമാകുന്നു. ഈ സംഗതിയെ സംബന്ധിച്ചിടത്തോളം ഇത്ര ശ്ലാഘ്യമായിത്തക്കതായി വേറെ ഒരു തർജ്ജമ വളരെ ഫലവത്തായ ഈ കാലത്തുകൂടി ഉണ്ടാ

No. 11451

യിട്ടില്ലെന്നു നിസ്സംശയം പറയാം. ശ്രമസാധ്യമാണെന്നുള്ളതുകൊണ്ടുമാത്രം ഒരു തർജ്ജമ ശ്ലാഘ്യമാകുന്നതല്ല. അതിനു വേറെ ചില ഗുണങ്ങൾകൂടി ഉണ്ടായിരിക്കണം. ഒന്നാമതു നോക്കാനുള്ളതു് മൂലശ്ലോകതാല്പര്യങ്ങൾ മുഴുവൻ അതാതു ഭാഷാശ്ലോകങ്ങളിൽ വന്നിട്ടുണ്ടോ എന്നാണു്. ഞങ്ങൾ ഈ പുസ്തകത്തിന്റെ പലഭാഗങ്ങളും മൂലത്തോടുകൂടി ഒത്തുനോക്കിയതിൽ അതിലെ അർത്ഥം ഈ തർജ്ജമയിൽ പൂർണ്ണമായി വന്നിട്ടുണ്ടെന്നുമാത്രമല്ല, അതാതുപ്രകൃതങ്ങളിലെ സ്തോഭങ്ങളും രസങ്ങളുംകൂടി ഇതിൽ സാമാന്യേന സ്ഫുരിക്കുന്നുണ്ടു്.

ദ്വിതീയാക്ഷരപ്രാസത്തെ ഈ തർജ്ജമക്കാരൻ സാർവ്വത്രികമായി ദീക്ഷിച്ചിട്ടില്ലെന്നുള്ളതു് ഒരു ന്യൂനതയായി വിചാരിക്കുന്നവർ പലരും ഉണ്ടു്. എന്നാൽ ഞങ്ങൾ ആ കൂട്ടത്തിലുള്ളവരല്ലെന്നുതന്നെയല്ല കേശവപിള്ള ഈ കാര്യത്തിൽ ചെയ്തിരിക്കുന്നതു് വളരെ നന്നായിരിക്കുന്നു എന്നു് വിചാരിക്കുന്നവരുംകൂടിയാണു്. അർത്ഥത്തിനു ഹാനിയോ ക്ലിഷ്ടതയോ വരാതെയും അനാവശ്യപദങ്ങൾ കൂടാതെയും പ്രാസം വരുത്താവുന്നിടത്തെല്ലാം അദ്ദേഹം അതു വരുത്തീട്ടുണ്ടു്. അല്ലാത്തേടങ്ങളിൽ പ്രാസദീക്ഷയെ ഉപേക്ഷിക്കയും ചെയ്തിരിക്കുന്നു. ഇതു വളരെ സ്വീകാരയോഗ്യമായ മാർഗ്ഗമാണെന്നാകുന്നു ഞങ്ങളുടെ അഭിപ്രായം. ഈ ഗ്രന്ഥത്തിൽ പ്രാസദീക്ഷയില്ലെങ്കിലും ദ്വിതീയാക്ഷരപ്രാസമുള്ള ശ്ലോകങ്ങളാണു് അതില്ലാത്തവയേക്കാൾ അധികം; എന്നുതന്നെയല്ല വളരെ അതിശയിക്കത്തക്കവിധത്തിലുള്ള പ്രാസപ്രയോഗങ്ങളോടുകൂടിയ ശ്ലോകങ്ങളും വളരെയുണ്ടു്....

## VIII

### കേരളസഞ്ചാരി

...'ദ്വിതീയാക്ഷരപ്രാസം സർവ്വത്ര ദീക്ഷിക്കാതെയിരുന്നതു് ഭംഗിയായില്ല' എന്നു വിചാരിക്കുന്ന ചില യോഗ്യന്മാരും

കേരളത്തിൽ ഉണ്ടായിരിക്കയില്ലെന്നു വിശ്വസിപ്പാൻപാടില്ല. "വെച്ചതിന്നു കൊണ്ടിട്ടില്ലെങ്കിലും വെടി വളരെ വിശേഷമായില്ലേ?" എന്നുപറഞ്ഞു് സമാധാനപ്പെട്ടിട്ടുള്ള ഒരു വെടിക്കാരനെപ്പോലെ മൂലാർത്ഥവുമായി ഭേദിച്ചു് പ്രാസംകൊണ്ടു കവിത നന്നാക്കാൻ കേശവപിള്ള അവർകൾ മനസ്സുവെയ്ക്കാതിരുന്നതു് കേവലം യുക്തമായിരിക്കുന്നു എന്നാണു് ഞങ്ങളുടെ വിശ്വാസം. വേണ്ട ദിക്കുകളിലെല്ലാം അദ്ദേഹം പ്രസാദദീക്ഷയിൽ വളരെ ജാഗരൂകനായിത്തന്നെ ഇരുന്നിട്ടുമുണ്ടു്... ഇദ്ദേഹത്തിൻെറ അനന്യസാധാരണമായ കവിതാവൈദഗ്ദ്ധ്യത്തെപ്പററി എല്ലാവരും അഭിനന്ദിക്കേണ്ടതാണു്.

# IX.

## കേരളമിത്രം

...ഭാഷാപോഷിണീസഭയുടെ മുതലെടുപ്പു് ഇപ്പോഴത്തേതിനേക്കാൾ അധികം അഭിവൃദ്ധിയുള്ളതായിരുന്നു എങ്കിൽ ഈ കൃതിയെ ഇതിലും വളരെ അധികമായ ഒരു സംഖ്യയാൽ സമ്മാനിക്കുവാൻ ഇടവരുമായിരുന്നു...

ഭാഷാന്തരകൃത്തു് ഈ പുസ്തകത്തിൻെറ ഒരു പ്രതി മഹാരാജാവ്തിരുമനസ്സിലേയ്ക്കു് അടിയറവെയ്ക്കയും, തിരുമനസ്സുകൊണ്ടു സന്തോഷിച്ചു് രത്നഖചിതമായ ഒരു സ്വർണ്ണമോതിരം സമ്മാനമായി കല്പിച്ചുകൊടുക്കയും ചെയ്തുവെന്നു കേൾക്കുന്നതിനേക്കുറിച്ചു് അത്ഭുതപ്പെടാനില്ല. കേശവപിള്ളഅവർകൾക്കു് പദ്യരചനയിൽ അസാധാരണമായ സാമർത്ഥ്യമുണ്ടെന്നു് ഇതിനുമുൻപിൽത്തന്നെ മിക്ക വായനക്കാരും അറിഞ്ഞിട്ടുണ്ടായിരിക്കാം. ഈ സാമർത്ഥ്യത്തെ ഈ ഭാഷാന്തരീകരണത്തിൽ വളരെ പ്രയോജനകരമായി ഫലിപ്പിച്ചുമിരിക്കുന്നു. സ്വഭാവത്താലേതന്നെ ദുരവഗാഹമായ നാരായണീയത്തെ ഇത്രമേൽ ജയത്തോടുകൂടി തർജ്ജമചെയ്തിരിക്കുന്ന സംഗതി ഇദ്ദേഹത്തിൻെറ യോഗ്യതയെ നല്ലവണ്ണം പ്രത്യക്ഷപ്പെടുത്തുന്നു. ഇത്ര ദീർഘമായ ഒരു സംസ്കൃതഗ്രന്ഥം ഇയ്യിടെ ആരും മലയാളത്തിൽ തർജ്ജമചെയ്തിട്ടില്ല....

# കഥാസംഗ്രഹം


**ദശകം**

1, 2. ഭഗവൽസ്വരൂപവണ്ണനവും ഭക്തിമാഹാത്മ്യവും.

3. ഭക്തിപ്രശംസയും ആത്മപ്രാത്ഥനയും.

4. യോഗാഭ്യാസവണ്ണനം.

5. പ്രപഞ്ചസൃഷ്ടിവണ്ണനം.

6. വിരാൾപുരുഷവണ്ണനം.

7,8,9,10. ബ്രഹ്മാവിൻെറ ഉല്പത്തിയും പ്രപഞ്ചസൃഷ്ടിയും

11. ജയവിജയന്മാർ ശപിക്കപ്പെടുന്നതും ഹിരണ്യാക്ഷനും ഹിരണ്യകശിപുവും ആയി ജനിച്ചതും.

12,13. വരാഹാവതാരവും ഹിരണ്യാക്ഷവധവും.

14. കദ്ദമചരിത്രവും കപിലാവതാരവും.

15. ദേവഹൂതിക്കു കപിലാചായ്യർ തത്വോപദേശം ചെയ്യുന്നതു്.

16. നരനാരായണാവതാരവും, സഹസ്രകവചവധവും, ദക്ഷയാഗവും.

17. ധ്രുവചരിതം.

18. വേനചരിതവും പൃഥുചക്രവത്തിയുടെ അവതാരവും.

19. പ്രാചീനബർഹിസ്സിൻേറയും പുത്രന്മാരായ പ്രചേതസ്സുകളുടേയും കഥ.

20. പ്രിയവ്രതൻെറ പൗത്രപുത്രനായി ഋഷഭയോഗി അവതരിക്കുന്നതു്.

21. ജംബുദ്വീപത്തിൽ നവഖണ്ഡങ്ങളിലുള്ള അവതാരമൂത്തികളുടെ സേവാരീതികളും, പ്ലക്ഷാദിദ്വീപുകളിലുള്ളവരുടെ ഭജനപ്രകാരങ്ങളും.

22. അജാമിള ചരിതം.

23. വിശ്വരൂപന്റെയും, ചിത്രകേതുവിന്റെയും കഥയും, വൃത്രാസുരവധവും, മരുത്തുകളുടെ ഉല്പത്തിയും.

24,25. പ്രഹ്ലാദചരിതവും, നരസിംഹാവതാരവും, ഹിരണ്യകശിപുവധവും.

26. ഗജേന്ദ്രമോക്ഷം.

27,28,29. പാലാഴിമഥനവും, കൂർമ്മാവതാരവും, ധന്വന്തര്യവതാരവും, മോഹിന്യവതാരവും.

30,31. വാമനാവതാരം.

32. മത്സ്യാവതാരം.

33. അംബരീഷചരിതം.

34,35. രാമായണം.

36. പരശുരാമചരിതം.

37,38,39. ശ്രീകൃഷ്ണാവതാരവും, ശ്രീകൃഷ്ണനെ ഗോകുലത്തിൽ കൊണ്ടുപോകുന്നതും, ദുർഗ്ഗാവതാരവും, നന്ദഗോപാദികളുടെ സന്തോഷവും.

40,41. പൂതനാമോക്ഷം.

42. ശകടാസുരവധം.

43. തൃണാവർത്താസുരവധം.

44. ശ്രീകൃഷ്ണന്റെ നാമകരണം.

45. നവനീതചോരണം.

46. മൃൽഭോജനപരീക്ഷയിൽ മാതാവിനു മുഖാന്തർഭാഗത്തിൽ പ്രപഞ്ചം കാണിക്കുന്നതു്.

47. ഉലൂഖലബന്ധനം.

48. നളകൂബരമണിഗ്രീവന്മാരുടെ ശാപമോക്ഷം.

49. വൃന്ദാവനപ്രവേശം.

50. വത്സാസുരവധവും, ബകാസുരവധവും.

51. അഘാസുരവധവും, വനഭോജനവും.
52. വത്സസ്തേയവും, ബ്രഹ്മാവിൻെറ സ്തുതിയും.
53. ധേനുകാസുരവധം.
54,55,56. കാളിയമർദ്ദനം.
57. ഗോപാലന്മാരോട്ടുകൂടിയുള്ള ക്രീഡായുദ്ധവും പ്രലംബാസുരവധവും.
58. മുഞ്ജാരണ്യത്തിൽവെച്ച് കാട്ടതീ ശമിപ്പിച്ചു ഗോപന്മാരെ രക്ഷിച്ചതും, ഋതുവൎണ്ണനവും.
59. ഭഗവാൻെറ വേണുഗാനവും ഗോപികളുടെ അനുരാഗവും.
60. ഗോപികളുടെ വ്രതാനുഷ്ഠാനവും വസ്ത്രാപഹരണവും.
61. ഭഗവാൻ, അന്നംകൊണ്ടുചെന്ന ബ്രാഹ്മണസ്ത്രീകളെ അനുഗ്രഹിച്ചതു്.
62,63. ഗോവർദ്ധനോദ്ധാരണം.
64. ഇന്ദ്രൻേറയും സുരഭിയുടേയും സ്തുതിയും, ഭഗവാൻ വരുണപുരത്തിൽനിന്നു നന്ദനെ കൊണ്ടുവരുന്നതും.
65,66, 67,68. ഗോപസ്ത്രീകളോട്ടുകൂടിയുള്ള ക്രീഡകൾ.
69. രാസക്രീഡ.
70. സുദർശനൻെറ ശാപമോക്ഷവും, ശംഖചൂഡൻേറയും അരിഷ്ടാസുരൻേറയും വധവും.
71. കേശി, വ്യോമാസുരൻ ഇവരുടെ വധം.
72,73, 74,75. കംസവധം.
76. ഗുരുദക്ഷിണയും, ഉദ്ധവർ ഗോകുലത്തിൽ പോയി വന്നതും.

77. ഭഗവാൻ സൈരന്ധ്രിയുടേയും അക്രൂരൻേറയും ഗൃഹത്തിൽ പോയതും, ജരാസന്ധനോട്ട് യുദ്ധം ചെയ്തതും, മുചുകുന്ദനെ അനുഗ്രഹിച്ചതും, ദ്വാരകാപ്രവേശവും.

78,79. രുഗ്മിണീസ്വയംവരം.

80. സ്യമന്തകം.

81. സുഭദ്രാഹരണവും, ഖാണ്ഡവദഹനവും, കാളിന്ദി, മിത്രവിന്ദ, സത്യ, ഭദ്ര, ലക്ഷണ ഇവരുടെ വിവാഹവും, മുരൻ നരകൻ ഇവരുടെ വധവും, പതിനാറായിരം സ്ത്രീകളെ സ്വീകരിച്ചതും, പാരിജാതഹരണവും, നാരദമോഹനവും.

82. ശംബരവധവും, പ്രദ്യുമ്നൻ രുഗ്മവതിയേയും, അനിരുദ്ധൻ രോചനയേയും വിവാഹംചെയ്തതും രുഗ്മിവധവും, ബാണയുദ്ധവും, നൃഗമോക്ഷവും.

83. പൌണ്ഡ്രകവധവും, വിവിദവധവും, ഹസ്തിനപുരാകർഷണവും, ലക്ഷണയെ സാംബൻ വിവാഹംചെയ്തതും.

84. സമന്തപഞ്ചകഗമനവും, അവിടെവെച്ചു വസുദേവർ യാഗംചെയ്തതും.

85. ജരാസന്ധവധവും, ശിശുപാലവധവും, ദുൎയ്യോധനൻെറ സ്ഥലജലഭ്രമവും.

86. സാല്വവധവും, ദന്തവക്രവധവും, വസ്ത്രാപഹരണത്തിൽ പാഞ്ചാലിയെ രക്ഷിച്ചതും, ശാകഭക്ഷണംകൊണ്ട് ദുൎവ്വാസാവിനെ തൃപ്തിപ്പെടുത്തിയതും, പാണ്ഡവന്മാൎക്കു ദൂതനായതും, പാൎത്ഥസാരഥിയായി അൎജ്ജുനനു ഗീതോപദേശം ചെയ്തതും, ഭാരതയുദ്ധവും, ബലഭദ്രൻേറ തീൎത്ഥയാത്രയും, ധൎമ്മപുത്രരുടെ അശ്വമേധവും.

87. കുചേലവൃത്തം.

88. മൃതപുത്രന്മാരെ കൊണ്ടുവന്നു കാണിച്ചു ദേവകിയെ സന്തോഷിപ്പിച്ചതും, ബഹുലാശ്വനേയും ശ്രുതദേവനേയും അനുഗ്രഹിച്ചതും, സന്താനഗോപാലവും, നാരദൻ വസുദേവക്കും ഭഗവാൻ ഉദ്ധവക്കും ജ്ഞാനോപദേശം ചെയ്തതും.

89. വൃകാസുരവധവും, ഭൃഗുമഹർഷി ത്രിമൂർത്തികളെ പരീക്ഷിച്ചതും.

90. വിഷ്ണുമാഹാത്മ്യം.

91,92. ഭഗവൽഭജനരീതികൾ.

93. ഭൂമിതുടങ്ങിയ 24 ഗുരുക്കന്മാരിൽനിന്നുള്ള ജ്ഞാനസമ്പാദനം.

94,95. ഭക്തിമാഹാത്മ്യവും ഭഗവദ്ധ്യാനവും.

96. ഭഗവന്മഹിമയും, ജ്ഞാനയോഗാദിക്രമവും.

97. ഭക്തിപ്രാൎത്ഥനയും മാൎക്കണ്ഡേയചരിതവും.

98. ഭഗവാന്റെ നിഷ്കളരൂപവൎണ്ണനം.

99. ഭഗവാന്റെ മാഹാത്മ്യവൎണ്ണനം.

100. ശ്രീകൃഷ്ണകേശാദിപാദവർണ്ണനവും ഉപസംഹാരവും.

KOTTAYAM

## ഒന്നാം ദശകം

ആനന്ദജ്ഞാനരൂപം സദൃശവിരഹിതം
ശാശ്വതം പൂർണ്ണമെങ്ങും
നിസ്സംഗം സംഖ്യയേറുംനിഗമലസിതമ-
സ്പഷ്ടമായ് ദൃഷ്ടമാത്രേ
മോക്ഷാകാരം കലർന്നീടിന പരമതമം
ബ്രഹ്മമാഹന്ത! തത്ത്വം
സാക്ഷാൽ ശോഭിച്ചിടുന്നിഗ്ഗുരുപവനപുരേ;
ലോകർതൻഭാഗ്യമത്രേ. 1

ദുഷ്പ്രാപം വസ്തുവേവം സുലഭതയൊടു കൈ-
വന്നിരിക്കുമ്പൊഴും ഹാ!
മറ്റൊന്നുറ്റാശ്രയിപ്പോർ ഭുവി കരുതുകിൽ നി-
സ്സംശയം മൂഢരത്രേ;
കെല്പോടേ ഞങ്ങളിന്നിഗ്ഗുരുപവനപുരാ-
ധീശനാമീശനെത്താൻ
മുററും ഖേദങ്ങൾ തീർപ്പാൻ സ്ഥിരതരമതിയോ-
ടാശ്രയിക്കുന്നു നിത്യം. 2

നാഥാ! മറേറവ ചേരാതധികവിമലമാ—
　　　യുള്ള സത്ത്വത്തിൽ നിന്നൽ—
ഭൂതൈർഭൂതേന്ദ്രിയൈരസ്തേ തനുരിതി ബഹുധാ
　　　വ്യാസവാക്യം ശ്രവിപ്പൂ;
സ്വച്ഛന്ദം പുണ്യവാന്മാർ വരദ! പരിരമി—
　　　ക്കുന്നു മാധുര്യ്യമേറി—
സ്സ്വച്ഛത്വത്താൽ സ്ഫുരിക്കുന്നൊരു പരസുഖചി—
　　　ത്തുള്ളൊരമ്മേനിതന്നിൽ. 3

നൂനം കമ്പമൊഴിഞ്ഞു പൂർണ്ണമധികാ—
　　　നന്ദാമൃതാകാരമായ്
മാനം വിട്ടതിശുദ്ധമായ് സുഭഗമായ്
　　　ലീനാതിമുക്തൗഘമാം
ബ്രഹ്മാണ്ഡൗ തിരമാലപോലെ വിമലം
　　　സത്ത്വം; തദാത്മാ ഭവാൻ
സത്യം നിഷ്കളനോക്കുകിൽ; സകളരാ—
　　　യുള്ളോർ ത്വദംശങ്ങൾ താൻ. 4

നിർവ്യാപാര! ഭവാൻെറയീക്ഷണമതാം
　　　നിർമ്മൂലമാം ചേഷ്ടയാൽ,
ചേർന്നില്ലാത്തതു പോലെഴും പ്രകൃതിയു—
　　　ണ്ടാകുന്ന കല്പാദിയിൽ
ശുദ്ധം സത്വമൊരംശമൻപൊടതിൽ നി—
　　　ന്നുദ്ധാരണം ചെയ്തു നീ
സർവ്വോൽകൃഷ്ട! വഹിച്ചിട്ടുന്നു മഹിതം
　　　ലീലാസ്വരൂപം വിഭോ! 5

പുത്തൻമേഘലകളായസൂനനിരപോൽ
ശോഭിപ്പതായ് മാധുരീ-
സത്തായ് ധന്യജനാക്ഷികൾക്കമിതപു-
ണ്യോല്ലത്തിയായെത്രയും
പൊൽത്താർമാനിനിതൻകളിക്കു നിധിയായ്
ഭക്തക്കതിപ്രീതിയെ-
ച്ചേർത്തീടും തവ ചാരുവിഗ്രഹമതി-
ങ്ങുള്ളിൽ ഭജിക്കുന്നു ഞാൻ. 6

കഷ്ടം നിന്നുടെ സൃഷ്ടി ജീവികളില-
ത്യാർത്തിക്കു താൻ ഹേതുവെ-
ന്നോർത്തേൻ മുൻപിവ, നിപ്പൊഴങ്ങനെ നിന-
ച്ചീടുന്നതില്ലേതുമേ;
ഇല്ലെന്നാലിതു, ചിദ്രസാർദ്രമധുരം
നിൻദേഹമിദ്ദേഹികൾ-
ക്കുല്ലാസത്തൊടു കണ്ടു കേട്ടുമധികാ-
നന്ദത്തിൽ മുങ്ങാവതോ? 7

നമിക്കുന്നോക്കൻപോടരികിലനിശം
വാണിടുന്നത്രയല്ലാ
തെരിക്കെന്നെത്ഥിക്കാതഭിമതവുമാ-
നന്ദവും നൽകിടുന്നു;
നിനയ്ക്കുമ്പോൾ നീ താൻ നിരവധിഫലം
സർവ്വഗം കല്പവൃക്ഷം;
ജലക്കൂട്ടം വൃത്ഥം സുരവനഗതം
വൃക്ഷമിച്ചൂചിച്ചിടുന്നു. 8

അന്യന്മാരന്യമിഷ്ടം കരുണയൊട്ട കൊട്ട—
ക്കുന്നു; നീയോ കൊട്ടക്കും
തന്നെത്താ;—നന്യരന്യക്കധിപർ വിഭുതയാൽ;
നീയധീശൻ നിനക്കും;
നന്നായ് നിന്നിൽ സുഖിക്കുന്നിതു മധുരതരേ
ഭാഗ്യവജ്ജീവസംഘം;
പിന്നാത്മാരാമനോ നീ;—യിതിബഹുഗുണമാ—
ന്നോരു ശൗരേ! തൊഴുന്നേൻ. 9

ഐശ്വര്യം തവ ശങ്കരാദിനിയമം
ചെയ്യുന്നു, വീര്യം വരം
വിശേഷാൽകൃഷ്ണബലപ്രഭാവഹരണം,
മുക്തോപഗീതം പുകൾ,
അശ്രാന്തം രമ നിൻെറ മെയ്യി,—ലഖിലം
നിസ്സംഗ! വേദിച്ച നീ
വിശേഷശാ! ഭഗവദ്വചസ്സിനു വിഭോ!
വിഖ്യാതമുഖ്യാശ്രയം. 10

## രണ്ടാം ദശകം

അക്കാഭോദ്യൽകിരീടം തൊട്ടുകുറി വിലസും
നെററി കാരുണ്യമോലും
തൃക്കണ്ണും പുഞ്ചിരിക്കൊഞ്ചലുമഴകൊഴുകും
നാസയും ഗണ്ഡഭാഗേ
തിക്കീട്ടും ദീപ്തിയോടേ മകരരുചിയെഴും
കുണ്ഡലം കൗസ്തുഭം തേ
മുഖ്യശ്രീവത്സഹാരങ്ങളുമഥ വനമാ—
ല്യാദിയും കൈതൊഴുന്നേൻ. 1

കൈ നാലിങ്കൽത്തിളങ്ങും ഗദയുമരിയുമ-
    പ്പങ്കജം ശംഖവും നൽ-
ക്കേയൂരം കങ്കണം തോൾവളകൾ മഹിതര-
    ത്നാംഗുലീയങ്ങളും തേ
കായേ ചേൎന്നുള്ളൊരോമൽകനകമയമര-
    ഞ്ഞാണുമാ മഞ്ഞവസ്ത്ര-
ശ്രീയും ചെന്താമരപ്പൂ പംന്നിയുമടിയുമോ-
    ൎക്കുന്നു ദുഃഖം നശിക്കാൻ. 2

മോഹിപ്പിപ്പതില്ലും സുമോഹനമതാ-
    യേറാം മഹീയസ്സിൽ നി-
ന്നാഹന്താധികമായലം മധുരമാ-
    യത്യാഭമായെത്രയും
ഈഹാകാരണമായ് മഹാസുഷമമാ-
    യത്യത്ഭുതാകാരമാം
ദേഹം ഭൂതേ വനത്തിലാക്കു കുതുകം
    ചേൎക്കുന്നതില്ലോക്കിലോ? 3

നിസ്തുല്യം നിൻെറ ദേഹം മധുരമിതു ലഭി-
    ച്ചിന്ദിരാദേവി മോഹാൽ
നിന്നീടുന്നില്ല സമ്പന്മയി ചിരമയി തൻ-
    സേവകന്മാരിലും ഹാ!
ഇത്ഥം നിൻദേഹശോഭാ പരമരസമതിൻ-
    സ്ഥൈൎയ്യഭാരത്തിൽ നിന്നി-
ട്ടത്തനപിക്കുത്ഭവിച്ചു ജഗതി ചപലയെ-
    ന്നുള്ള ദുഷ്കീൎത്തി കഷ്ടം! 4

ലക്ഷ്മീ നിന്നഴകിൽ കുഴഞ്ഞവൾ, പര–
ന്മാരിൽ പരം ചഞ്ചലാ;
ലക്ഷ്മീനാഥ! യഥാർത്ഥമിന്നിതിനു ഞാൻ–
വേറൊന്നു ചൊല്ലീടുവൻ;
അക്ഷീണം തവ രൂപമോർത്തിഹ ഗുണം
വർണ്ണിച്ചിടും ഭക്തരിൽ
സാക്ഷാൽത്തൻ ദയിതപ്രസംഗകുതുകാ–
ലെന്നും വസിക്കുന്നിവൾ. 5

ഏവം സൗന്ദര്യമാം നല്ലമൃതമഴ പൊഴി–
ക്കുന്നതായുല്ലസിക്കും
ഗോവിന്ദാ! നിൻസ്വരൂപം പരമരസമയം
മോഹനം കേൾപ്പവർക്കായ്
കൈവന്നോരാത്മശുദ്ധ്യാ മതിയതിനെ മദി–
പ്പിച്ചു രോമാഞ്ചമേകീ–
ട്ടാനന്ദക്കണ്ണുനീർ കൊണ്ടുടനുടൽ വഴിപോൽ
സേചനം ചെയ്തിടുന്നു. 6

കർമ്മജ്ഞാനങ്ങളെക്കാളധികമഹിതമി–
ബ്ഭക്തിയാം യോഗമാണെ–
ന്നമ്മോദം ചൊല്ലിടുന്നു ദൃഢതരമിഹ യോ–
ഗീശ്വരന്മാർ മുരാരേ!
അമ്മാഹാത്മ്യം കലർന്നോരധികമധുരമാം
നിൻസ്വരൂപത്തിലേറും
സമ്മോഹപ്രേമഭാരാത്മിക സുഖമഖില–
ന്മാർക്കുമബ്ഭക്തിലഭ്യാ. 7

കാമം വിട്ടുള്ള ധർമ്മാചരണമിയലുമ-
        ക്കർമ്മയോഗം ചിരേണ
ശ്രീമൻ! നല്ലാം ഫലത്തെപ്പുരി ചി;—ലുപനിഷൽ-
        ജ്ഞാനലഭ്യം നിനച്ചാൽ
കാമം ദുഷ്പ്രാപമവ്യക്തത കലരുകയാ;—
        ലേററവും നന്നു നിൻകൽ
പ്രേമാകാരം വിളങ്ങും സുമധുരതരയാ-
        യുള്ള സൽഭക്തി തന്നെ. 8

ആയാസപ്പെട്ടു കർമ്മാവലികളെ വിധിപോൽ
        ചെയ്തു രാഗാദിയെന്യേ
ഭക്തൗ ബോധത്തിലോ യോഗ്യത ചിലർ കലരും;
        ശ്ലാഘ്യമല്ലായതൊട്ടും;
ചിത്താർദ്രത്വം ലഭിക്കാതിഹ ചിലർ വിഷമ-
        പ്പെട്ടഹോ! തർക്കമാർഗ്ഗേ
ബ്രഹ്മാഖ്യം നിൻശരീരം കരുതിയധികജ-
        ന്മങ്ങളാൽ സിദ്ധരാകും. 9

ത്വദ്ഭാവാത്മാതിരസാമൃതാംബുധിയിലെ
        സ്നാനത്തിനാലേ സ്വയം
സിദ്ധിക്കും തവ ഭക്തി; നല്ലമമല-
        ജ്ഞാനം സുഖം; സിദ്ധിയും
ഏകീട്ടും ദ്രുത;—മീവിധം സുമധുരം
        ത്വൽപാദപത്മങ്ങളിൽ
പ്രേമം കൊണ്ടെഴമാർദ്രഭാവമതു താ-
        നുണ്ടാക വാതേശ! മേ.

## മൂന്നാം ദശകം

പഠിച്ചും നാമൗഘം പ്രമദജലരാശൗ മുഴകിയും
സ്മരിച്ചും തേ രൂപം ഗുണകഥകൾ ചൊന്നും
സുഖമൊടേ
ചരിച്ചും സൽഭക്ത്യാ ത്വയി പരിരമിക്കുന്നവർ പരം
ലഭിച്ചിഷ്ടം സർവ്വം പരമസുകൃതം ചേർന്നവർ ദൃഢം. 1

അയ്യയ്യോ! രോഗരാഗാർത്തികൾ ബത! പിടിപെ-
ട്ടോരു ചിത്തം ഹരേ! നിൻ--
മെയ്യിൻസേവാരസത്തിങ്കലുമനിശമനാ-
സക്തമായ്ത്തീർന്നിടുന്നു;
പൊയ്യല്ലെന്നാകിലും നിൻ പദഭജനരസ-
ത്തോടു ഞാൻ നാമജാലം
പയ്യെപ്പയ്യെജ്ജപിച്ചിട്ടൊരു രഹസി വസി-
ച്ചീടുവെൻ നീ തുണയ്ക്കു. 2

നിൻകൃപാലവമുദിക്കിലെന്തിഹ ശരീരി-
കൾക്കു ലഭിയാത്തതെൻ-
സങ്കടങ്ങളെയകററുകെന്നതു നിനക്കി-
ലത്രയൊരു സാരമോ?
നിൻകലേറിയൊരു ഭക്തിയുള്ളവരിലാരസ-
ക്തിയൊടു മുക്തരായ്
സങ്കടങ്ങളെ വിനാ സുഖത്തൊടു
ചരിപ്പതില്ല ഭുവനേ? വിഭോ! 3

നാഥ! ശ്രീനാരദാദ്യാ മുനിവരർ ഭുവനേ
ശ്രുദ്ധരായ് ശുദ്ധഗത്യാ
മോദാൽ നിൻപാദചിന്താരസമധുരതയാ
ദുഃഖമെല്ലാമകററി
ഭാതം സച്ചിൽപരാനന്ദകരസഭരചാ–
രുപ്രവാഹത്തിൽ മുങ്ങി–
പ്പ്ലുതന്മാരായ് ചരിക്കുന്നിതു; പരമിതില്ലും
പിന്നെയെന്തൊന്നു വേണ്ടൂ? 4

ചൊല്ലേറുന്നൊരു ഭക്തിപൂരമടിമ–
ക്കുല്ലാസിയായീടണം;
മല്ലാരേ! മമ ദുഃഖഭാരമതു താ–
നില്ലാതെയാക്കും ദൃഢം;
അല്ലെന്നാൽ നിഗമോക്തി നിന്റെ വചനം
ശ്രീവ്യാസർതൻ വാക്യവും
കില്ലില്ലൊക്കെയസത്യമാം പഥികർതൻ–
വാക്കെന്നപോൽ ശ്രീപതേ! 5

നിൻ ഗുണങ്ങടെ രസങ്ങളാൽ മധുരമുൻപി–
ലേ വരദ! ഭക്തിയോ;
ഭക്തിയോടതു കുറേ വളർത്തിടുകിലാർത്തി–
യൊക്കെയുമകററിടും
അംഗ! പിന്നെയുമതന്ത്യകാലമതില്ലററ–
ബോധമുളവാക്കിനി–
സ്സംഗ! മുക്തിയെയുമേകിടുന്നു; പുന–
രെന്തു വേണ്ടതപരം? ഹരേ! 6

ക്ലേശം തീൎന്നീടണം, മേ പദയുഗമിഹ നിൻ
ക്ഷേത്രഭാഗേ വരേണം,
പൂജിക്കേണം ഭവാനെക്കരമിതു, പരമെൻ—
ലോചനം നിന്റെ ദേഹം
ഈശാ! കണ്ടീടണം നിൻചരണതുളസിയെൻ—
നാസയും മോദഭാരാ—
വേശാൽ ഘ്രാണിക്കവേണം, ശ്രവണയുഗമിദം
കേൾക്കണം നിൻചരിത്രം. 7

വാൎദ്ധം രോമാഞ്ചമോട്ടം പെരുകിന പുരുസ—
ന്തോഷബാഷ്പങ്ങളോട്ടം
തീൎക്കാനിന്നാവതല്ലാത്തൊരു രുജകളെ ഞാൻ
വിസ്മരിക്കും വിധത്തിൽ,
ചീൎക്കും ദുഃഖംനിമിത്തം വിവശതയെഴമെൻ—
മാനസത്തിൽ പരാന—
ന്ദോൽകർഷജ്ഞാനരൂപം നരകഹര! വിള—
ങ്ങീടണം നിൻസ്വരൂപം. 8

നിന്നിൽ സ്നേഹം വെടിഞ്ഞുള്ളവരുമിഹ സുഖം
പൂണ്ടു വാഴുന്നു ലോകേ;
നന്നായ് ദുഃഖിച്ചിട്ടുന്നേൻ തവ ചരണയുഗ—
സ്നേഹിയാം ഞാനിതെന്തേ?
ചിന്നും ദുഷ്കീൎത്തി വന്നീടരുതു തവ വിഭോ!
രോഗമെല്ലാം ശമിപ്പി—
ച്ചെന്നെ തൽപാദഭക്തപ്രവരമകുടമാ—
ക്കീടണം സത്വരം നീ. 9

എന്തിന്നോതുന്നിതെല്ലാം? തവ കരുണ വിഭോ!
യാതൊരിക്കൽ ഭവിപ്പൂ
സന്തോഷാലത്രകാലം വിവിധതരവിലാ—
പങ്ങളെല്ലാം ത്യജിച്ചു
മുൻപിൽ സങ്കല്പിതം നിൻ സുരുചിരചരണ—
ത്താർ നമിച്ചും സ്തുതിച്ചും
സംപൂജിച്ചും കഴിച്ചീട്ടവനഖിലദിനം
ശക്തിപോൽ വ്യക്തമായ് ഞാൻ. 10

## നാലാം ദശകം

സ്പഷ്ടം വിഭോ നിൻെറയുപാസനത്തി—
ന്നിഷ്ടം സുഖം നീ മമ നല്കിടേണം;
അഷ്ടാംഗയോഗത്തെ വഹിച്ചു ഞാൻ നിൻ—
തുഷ്ടിക്കു സൽഭാജനമായ് ഭവിക്കാം. 1

സൽബ്രഹ്മചര്യാദിയമങ്ങളാലും
സ്നാനാദിയാകും നിയമത്തിനാലും
ശ്രദ്ധ്യാ സുഭക്ത്യാ ച സുഖാസനത്തെ—
പ്പത്മാദ്യമോ ഞാൻ ദൃഢമാക്കിടുന്നേൻ. 2

ധ്യാനിച്ചു താരം വഴിപോലൊതുക്കി
പ്രാണാനിലൻതന്നെ മലങ്ങൾ പോക്കി
സാരേന്ദ്രിയാളീവിഷയങ്ങൾ നീക്കി—
ശ്ശൗരേ! തവോപാസന ചെയ്യുവെൻ ഞാൻ 3

സ്സ്പഷ്ടതരം തവ ശരീരമതിൽ പ്രയത്ന-
പ്പെട്ടാശു പിന്നെയുമയേ മതിയെദ്ധരിക്കാം;
അപ്പോൾ തവാംഘ്രിയുഗചിന്തകനായിട്ടും ഞാൻ
നൽഭക്തിയാർദ്രതയുമുള്ളിൽ വഹിച്ചുകൊള്ളാം. 4

സദ്ധ്യാനയോഗരതനാകിയ ദാസനാം ഞാൻ
വിസ്പഷ്ടമാമവയവത്തൊടു ചാരുവാകും
ത്വദ്ദേഹമീശ! ചിരശീലനയാൽ മനസ്സിൽ
ധ്യാനിച്ചിടാമൊട്ടുവതിൽ ശ്രമലേശമെന്യേ. 5

ഏവം ഭവൽസകലമൂർത്തിയെയോർത്തു മെല്ലേ
താവും രസത്തിലലിയും മനമാർന്നവർക്ക്
സാന്ദ്രപ്രമോദരസഭാജനമായിട്ടും നിൻ-
ബ്രഹ്മസ്വരൂപമുടനാന്തരമായ് വിളങ്ങും. 6

പരരസാസ്വദനസ്ഥിതിയാകുമ-
പ്പരസമാധി ലഭിച്ചു വസിക്കവേ
പരിചലിക്കിലുടൻ ജഗദീശ! ഞാൻ
പരമധാരണയാദി തുടങ്ങിടാം. 7

ഏവം പിന്നെയുമഭ്യസിക്കുമളവിൽ
ചിത്തേ വിളങ്ങീട്ടുമി-
ന്നീയാകും പരമാത്മസൗഖ്യമതിനാൽ
സന്തുഷ്ടനായിട്ടു ഞാൻ
മോക്ഷം ചേർന്നൊരു ഭക്തർതൻമുടിയതിൽ
ച്ചൂട്ടുന്ന മാണിക്യമായ്
ലക്ഷ്മീശാ! ശുകനാരദാദിമുനിമാ-
ർക്കൊപ്പം ചരിച്ചീടുവെൻ. 8

ചാലേ നിൻെറ സമാധിലാഭസമയ-
ത്തിങ്കൽ ധൃതം താൻ, ക്രമ-
ത്താലോ മോക്ഷരസം കലന്ന പുരുഷൻ
യോഗത്തിനാലേററവും
സ്വാധീനത്വമിയന്ന വായുവിനെയാ-
റാധാരമാർഗ്ഗങ്ങളൂ-
ട്ടൂർദ്ധ്വം നാഥ! സുഷുമ്ന്നയാ ബത! നയി
ച്ചീട്ടുന്നു വേണ്ടുംവിധം. 9

നിഷ്കാമൻ തൻലിംഗദേഹത്തെയും വി-
ട്ടക്കാലത്തിൽ ചേരുമാത്മാവു നിൻകൽ;
മൂർദ്ധാവും വിട്ടിന്ദ്രിയൈരൂർദ്ധ്വലോക-
ശ്രദ്ധായുക്തൻ നിർഗ്ഗമിക്കുന്നുവല്ലോ. 10

ദൈത്യവംശഹര! വഹ്നിയാല്പമഥ
വാസരം ധവളപക്ഷമ-
ങ്ങുത്തരായണമിവററിനുള്ള വര-
ദേവരാല്പമയി ദൈവമേ!
മിത്രമണ്ഡലമവാപ്പിതൻ വരദ!
ഭക്തമൗലിയവനും ക്രമാ-
ലെത്തിടുന്നു ബഹുചിത്തമോദമൊട്ടു-
മുത്തമൻ ധ്രുവപദംവരെ. 11

പിന്നീടമ്മഹരാലയത്തിലുടനേ-
യെത്തീട്ടു നിൻഭക്തനാ-
കുന്നോൻ ശേഷമുഖാഗ്നിയിങ്കലിയലും
ചൂടേററു ദുഃഖം പരം

ചേൎന്നീട്ടും പൊഴുതോ നിനക്കിലതിനും
മുൻപോ തരംപോലെ താൻ
ചെന്നീടുന്നു മുകുന്ദ! സുന്ദരതനോ!
ലോകേശലോകത്തിലും. 12

പിന്നെ ബ്രഹ്മപദത്തിലോ തവ മഹാ
ലോകത്തിലോ വാണവൻ
ചേൎന്നീടുന്നിതു മോക്ഷമച്യുത! മഹാ
കല്പാന്തകാലേ വിഭോ!
മുന്നേ താൻ നിജവാഞ്ഛയാൽ മഹിതമാ-
മോജസ്സു കൊണ്ടങ്ങു ലോ-
കാണ്ഡത്തെത്തരസാ പിളൎന്നുമിയലും
കൈവല്യമാകും പദം. 13

ബ്രഹ്മാണ്ഡത്തിനെഴുന്നൊരാവൃതികൾ ഭൂ-
തോയാഗ്നിവായുക്കളും
ച്ചമ്മേയംബരവും മഹൽ പ്രകൃതിയെ-
ന്നീവണ്ണമേഴും വിഭോ!
തത്തദ്രൂപമൊടെത്തിയാവരണമേ-
യില്ലാത്തതായുള്ള നിൻ-
നിത്യാനന്ദപദത്തിലായവനണ-
ഞ്ഞീടുന്നു സൗഖ്യത്തൊടേ. 14

വഹ്ന്യാദിചാരുഗതിയിങ്ങനെ ചേൎന്നിടുന്നോൻ
പിന്നെബ്ഭവാബ്ധിപതനത്തിനപാത്രമത്രേ;
നിന്നോമനക്കഥ യഥാമതി ചൊല്ലിടുന്നോ-
രെന്നാൎത്തി തീൎത്തിടുക ചിന്മയ! മാരുതേശ! 15

KOTTAYAM PUBLIC LIBRARY
KOTTAYAM

## അഞ്ചാം ദശകം

മുൻപിൽ പ്രാകൃതമായ കല്പസമയേ
സത്വാദിസാമ്യത്തിനാൽ
മായാ രുദ്ധവികാരയായ് ത്വയി ലയി-
ച്ചന്നില്ലിതൊന്നും വിഭോ!
മോക്ഷം മൃത്യുവുമില്ല രാത്രി പകലും;
ശേഷിച്ചുപോലേകനായ്
മോക്ഷാനന്ദദനാം ഭവാൻ പരസുഖാ-
നന്ദപ്രകാശാത്മകൻ. 1

കാലം കർമ്മഗുണങ്ങൾ ജീവനിവഹം
നിശ്ശേഷകാര്യങ്ങളും
ചില്ലീലാരതനാം ഭവാനിലുടനേ
ലീനങ്ങളായ്ത്തീർന്നുതേ;
ചൊല്ലുന്നില്ലതുകൾക്കസത്വമണുവും
ശക്ത്യാത്മനാ വാഴ്ക കൊ-
ണ്ടു;—ല്ലെന്നാൽ ഖസുമങ്ങൾ പോലെയവ താൻ
പിന്നീടുദിച്ചീടുമോ? 2

തീർത്തീടുമ്പോൾ പരാർദ്ധദ്വയമിതി ബത! നീ
സൃഷ്ടി വാഞ്ഛിച്ചു വീക്ഷി-
ക്കുന്നേരം മായ താനേ ത്രിഭുവനവടിവാ-
യീടുവാനായ് ചലിച്ചു;
മായാജാതങ്ങളായീടിന സമയബലാ-
ദൃഷ്ടഭാവങ്ങളപ്പോൾ
സത്വാദ്യത്തെപ്പടുത്തിസ്സഹകരണമുടൻ
ചെയ്തു മായയ്ക്കു ചെമ്മേ. 3

രൂപം ചേരാതെ മായാനികടമതിൽ വസി-
ക്കുന്ന നീ സാക്ഷിയോർത്താൽ;
ഭേദം ചേർന്നു ജീവാത്മതയൊട്ടു നിഴലി-
ച്ചീട്ടുവോനും ഭവാൻ താൻ;
കാലാദ്യത്താലുണർന്നും ഭവദനുമതി ചേ-
ർന്നും വിളങ്ങുന്ന മായാ
സൃഷ്ടിച്ചാൾ ബുദ്ധിതത്വം പുന;—രതിനെ മഹ-
ത്തത്വമെന്നോതിടുന്നു. 4

ദൈത്യാരേ! ത്രിഗുണസ്വരൂപമപി തൽ
സത്വപ്രധാനം മഹ-
ത്തത്രേ ജീവനിൽ നിർവ്വികല്പമഹമെ-
ന്നുൽബോധമേകുന്നതും;
സത്വാദിത്രയപുഷ്ടമപ്യതിതമഃ-
പൂർണ്ണം, മഹത്തപ്പൊഴേ
സൃഷ്ടിച്ചു സവികല്പബോധകമഹം-
തത്വത്തെ നിൻപ്രേരണാൽ. 5

അമ്മൂന്നിൻക്രമമാർന്നു സാത്വികമുഖം
നാമം കലർന്നിട്ടഹം
നിർമ്മിച്ചു ദിശ വായു സൂര്യനുദകാ-
ദീശാശ്വിമാർ, പാവകൻ
ഇന്ദ്രോപേന്ദ്രരു മിത്രകൌ, വിധുവിധി-
ശ്രീരുദ്രശാരീരകാ
എന്നീയിന്ദ്രിയമാനിദേവകളെയ-
മ്മുൻസത്വരൂപത്തിനാൽ. 6

ശൗരേ! പിന്നെ മനസ്സു ബുദ്ധിയുമഹം–
കാരം വിഭോ! ചിത്തമെ–
ന്നീയന്തഃകരണത്തെ നിന്നുടെ ബലാൽ
സൃഷ്ടിച്ചു സത്ത്വാംശവും;
ഉണ്ടായ്‌വന്നു ദശേന്ദ്രിയങ്ങൾ വഴിപോ–
ലതൈജസത്തിങ്കൽ നി,–
ന്നുണ്ടായ് താമസതോ നഭസ്സിനിയല്പം
സൂക്ഷ്മാംശമാം ശബ്ദവും. 7

ശബ്ദാദഭ്രം തതഃ സ്പർശവുമനിലനെയും
ശ്രീപതേ! രൂപവും പി–
ന്നുൽപ്പാദിപ്പിച്ചു തേജസ്സഥ രസമുദകം
ഗന്ധവും ഭൂമിയേയും;
ഏവം നീ പൂർവ്വബന്ധാലതുകളുടെയ ധ–
ർമ്മത്തൊടിബ്ഭൂതസംഘം
സംശോഭിപ്പിച്ചിതപ്പോൾ സ്വയമയി ഭഗവൻ!
താമസത്തിങ്കൽ നിന്നും. 8

ഇബ്ഭൂതേന്ദ്രിയദേവതാനിവഹമു–
ണ്ടായെങ്കിലും വേറെയ–
ബ്രഹ്മാണ്ഡത്തെ രചിപ്പതിന്നു കഴിവി–
ല്ലാഞ്ഞിട്ടു തദ്ദേവരാൽ
ഭക്ത്യാ സംസ്തുതനായ് ഭവാനഥ വിഭോ!
തത്ത്വങ്ങളിൽ ചേർന്നുടൻ
ചേഷ്ടാശക്തി കൊടുത്തു ചേർത്തുകളെ
ബ്രഹ്മാണ്ഡമുണ്ടാക്കിനാൻ. 9

പൂൎവ്വം സൃഷ്ടജലത്തിലായിരമതാ—
മബ്ദം തദണ്ഡം കിട-
ന്നീ,—രേഴാക്കിയുടൻ ഭവാനതിനെയു—
ണ്ടാക്കീ വിരാട്ടിന്നെയും;
ഏവം ഹന്ത! സഹസ്രബാഹുപദമൂ—
ൎദ്ധൗഘൈരശേഷത്തിനും
ജീവാത്മത്വമൊടേ വിളങ്ങിന വിഭോ!
സൎവ്വാമയം തീൎക്ക മേ. 10

## ആറാം ദശകം

വിരാട്പുരുഷൻ

ഏവം ചതുർദശജഗന്മയനാം നിനക്കു
പാതാളമംഘ്രിതലമെന്നിഹ ചൊല്ലിടുന്നു,
പാദോൎദ്ധ്വഭാഗമതു നാഥ! രസാതലം നിൻ
ഗുല്ഫങ്ങൾ രണ്ടയി മഹാതലമത്ഭുതാത്മൻ! 1

ജംഘേ തലാതലമതും സുതലം തു ജാനു
നിന്നൂരുഭാഗയുഗളം വിതലാതലങ്ങൾ
ഭൂമീതലംജഘന, മംബരമാണു നാഭി
ഭൂമൻ! സുരേന്ദ്രഭവനം തവ മാറിടം താൻ. 2

ലോകാകാര! ഭവൽഗളം ബത മഹർ—
ല്ലോകം, മുഖം താൻ ജനർ—
ല്ലോകം, ഫാലതലം വിഭോ! തവ തപർ—
ല്ലോകം, ശിരഃ സത്യവും;
ഈവണ്ണം ഭുവനത്തിലുള്ളിതരമാ—
യീടുന്ന വസ്തുവ്രജ—
ത്താലും കല്പിതമായ ദേഹമിയലും
നിന്നെ സ്തുതിക്കുന്നു ഞാൻ. 3

No.: 11451



ശൗരേ! വേദങ്ങളോത്തീട്ടകിലതിമഹിതം
ബ്രഹ്മരന്ധ്രം പദം തേ;
താരിത്തന്വീപതേ! നിൻ തലമുടി പടലം
ദേവ! ധാരാധരങ്ങൾ;
ചാരുത്വംചേൎന്നിട്ടും നിൻ പുരികയുഗളമാ
വിശ്വസ്രഷ്ടിൻെറ ഗേഹം;
സാരം പക്ഷ്മാളി രാവും പകലുമഥ; വിഭോ!
സൂൎയ്യനും കണ്ണു രണ്ടും. 4

വിശ്വത്തിൻസൃഷ്ടിയല്ലോ മുരഹര! തവ നൽ–
ക്കണ്ണിണക്കോണിളക്കം;
വിശ്വേശാ! ദിക്കു കൎണ്ണങ്ങളുമജിതഹരേ!
നാസയാണശ്വിയുഗ്മം;
ലജ്ജാലോഭങ്ങൾ ചെഞ്ചുണ്ടിണയതുമരവി–
ന്ദാക്ഷ! നക്ഷത്രജാലം
നിശ്ശേഷാകാര! ദന്തങ്ങളുമഥ ശമനൻ
സ്പഷ്ടയാം ദംഷ്ട്രയും താൻ. 5

മന്ദഹാസമതു മായയും, ശ്വസിത–
മായതീശ! തവ വായുവും,
സുന്ദരാംഗ! തവ ജിഹ്വയായതു ജലം,
വചസ്സു ഖഗവൃന്ദവും,
ശ്രീകര! സ്വരഗണങ്ങൾ സിദ്ധമുഖ,–
രഗ്നി നിൻ വദനരന്ധ്രവും,
കൈകൾ ദേവകൾ, കുചങ്ങൾ രണ്ടുമഥ
ധൎമ്മദേവനുമയേ വിഭോ! 6

അധൎമ്മം പൃഷ്ഠം തേ, പനിമതി മന-
സ്സായത്തം, തൽ പ്രധാനം
വിധോ ലക്ഷ്മീശാ! നിൻഹൃദയകമലം,
സാഗരൗഘങ്ങൾ കുക്ഷി,
സദാനന്ദശ്രീമൻ! വസനമയി തേ
സന്ധ്യ രണ്ടും, പ്രജാനാ-
മധീശൻ ശേഫസ്സും, വൃഷണയുഗളം
മിത്രനും ഭക്തബന്ധോ! 7

അജ! മൃഗങ്ങൾ ഭവൽ കടിഭാഗവും
ഗജഹയാദികൾ കാൽനഖപങ്ക്തിയും;
ഗമനമോ സമയം, ദ്വിജമുഖ്യർതൻ
ഭവനമാസ്യഭുജോരുപദം ഹരേ! 8

സംസാരചക്രമതു നിൻ ക്രിയ, ദാനവന്മാർ
വീൎയ്യം, തവാസ്ഥികൾ വിഭോ ഗിരിവൃന്ദമത്രേ;
നാഡീഗണം നദികൾ, രോമതരുക്ക;—ളേവം
മാഹാത്മ്യമാൎന്ന തവ രൂപമിദം ജയിപ്പൂ. 9

ലോകാകാരമിവണ്ണമാൎന്നു വിലസീ-
ട്ടന്നോരവണ്ണ്യം ഭവ-
ദ്ദേഹം കൎമ്മികളോൎക്കണം മുരരിപോ
കൎമ്മാവസാനങ്ങളിൽ,
നേരോടിന്നതിനന്തരാത്മതനുവാ-
യത്യന്തശുദ്ധ്യാ വിള-
ങ്ങീട്ടും നിന്നെ വണങ്ങിടുന്നി,തഴൽ തീ-
ൎത്താനന്ദമേകീടണം. 10

## ഏഴാം ദശകം

ഏവം നാഥ! വിരാൾസ്വരൂപമിയലും
നീമേലെഴും സത്യലോ-
കാവാസൻ വിധിയായ് ചമഞ്ഞു; വിധിയോ
ലോകത്തിനെല്ലാററിനും
ജീവാത്മാവു ഹിരണ്യഗർഭനിതി ചൊ-
ല്ലീടുന്നു; പിന്നീടവൻ
താവും രാജസവൈകൃതേന വിവിധം
സൃഷ്ടിപ്പതിന്നാഞ്ഞുതേ. 1

സൃഷ്ടിപ്പാനതിവാഞ്ഛയാന്ന വിധിയാ-
ലോചിച്ചു വേണ്ടുംവിധം
കിട്ടീടാഞ്ഞറിവന്നു വിശ്വവിഷയം,
വാണാൻ വിചിന്താകുലൻ;
തുഷ്ട്യാ തൽസമയത്തിൽ നീ 'തപ തപേ'-
ത്യേവംവിധം വാക്യമ-
ഞ്ഞൊട്ടേറുന്ന സുഖേന പുഷ്കരപഥാൽ
കേൾപ്പിച്ചു ലോകേശനെ. 2

'ആരിന്നെന്നൊടുരച്ചു?' തെന്നു ജലസം-
പൂർണ്ണേ ജഗന്മണ്ഡലേ-
യാരംഭിച്ചഥ നോക്കവാനൊരുവനും
കാണപ്പെടാഞ്ഞിട്ടുടൻ
സാരം വാക്യമതോത്തോരായിരമതാം
ദിവ്യാബ്ദകാലം തപി-
ച്ചാരാധിച്ചു ഭവാനെ; നീയുടനവ-
ന്നായ്ക്കാട്ടി നിൻമന്ദിരം. 3

ലോകങ്ങൾക്കഥ ബാഹ്യഭാഗമതിലായ്
മായാവികാരം വിനാ
ശോകക്രോധവിമോഹഭീതികൾ തുട-
ങ്ങീട്ടുള്ളതില്ലാതെയായ്
ഏകാനന്ദവിലാസമായ് പരമതേ-
ജസ്സിൻ പ്രകാശത്തോടും
വൈകുണ്ഠം തവ ലോകമീശ! വിജയി-
ച്ചീടുന്നു തദ്ദർശിതം. 4

യാതൊന്നിൽ ഘനനീലകാന്തിയുതരായ്
നാലോമനക്കൈകളോ-
ടാനന്ദാൽ പല ഭൂഷണങ്ങളെയണി-
ഞ്ഞേററം മഹാത്മാക്കളാം
പൂതന്മാർ നിജഭക്തിയാലതു ലഭി-
ച്ചുള്ളോർ വിമാനേ സുഖി-
ച്ചീടുന്നു; വിമലം ജയിച്ചിടണമാ
വൈകുണ്ഠലോകം പരം. 5

ഏറും ദിവ്യവധുക്കളാലഭിവൃതാ
മിന്നൽക്കു നേർകാന്തിയാൽ
ശൗരേ! ദിക്കു തെളിച്ചു സർവ്വരെ മയ-
ക്കീടുന്ന ഗാത്രത്തോടും
പൂതം നിൻപദസൗരഭത്തിൽ മുദിതാ
മേവുന്ന പൂമങ്കയാൾ
യാതൊന്നിങ്ക;—ലെനിക്കു വിസ്മയദമ-
ദ്ദിവ്യം പദം നൽകണം. 6

ഏവം ദർശിതമാം പദേ തവ, ലസ—
ദ്ഭദ്രാസനത്തിൽ സ്ഥിതം
ദേവാ! ഭാസ്കരകോടിസന്നിഭകിരീ—
ടാദ്യങ്ങളാൽ ശോഭിതം
ശ്രീവത്സാങ്കിതമീശ! കൗസ്തുഭമണി—
ച്ഛായാരുണം കാരണം
രൂപം തേ വിധി കണ്ടിതാ;—യതിവനം
കാട്ടീടണം നീ വിഭോ! 7

നീലാംഭോദകളായചാരുരുചിയാൽ
ചരാദിച്ചു ദിങ്മണ്ഡലം,
ചേലാർന്നീടിന മന്ദഹാസമിയലും
വക്ത്രാഭയാൽ മഞ്ജുവായ്
ചാലേ ശംഖഗദാരിപങ്കജധര—
ശ്രീമച്ചതുർബാഹുകം
നാലാസ്യപ്രിയമായ വിഗ്രഹമതെൻ—
ദുഃഖങ്ങൾ പോക്കീടണം. 8

രൂപം കണ്ടിളകിപ്രമോദജലധൗ
മുങ്ങി,പ്പതിച്ചിട്ടടൻ
ശ്രീപാദേ കൃതകൃത്യനായ് തവ ഹരേ!
ധാതാവു ചൊല്ലീടിനാൻ;
"നീ പാരാതറിയുന്നിതെന്നുടെ ഹിതം;
തന്നീടണം മേ ഭവ—
ദ്രൂപം ശുദ്ധമറിഞ്ഞിടാനറിവതെ"—
ന്നാ നിന്നെ ഞാൻ കൈതൊഴാം. 9

ആതാമ്രക്കഴലിങ്കൽ വീണൊരവനെ-
കൈക്കൊണ്ടെടുത്താശു നീ
"ബോധം വന്നിട്ടമിന്നു, സൃഷ്ടിയതിനാൽ
ബന്ധം നിനക്കില്ലെടോ!"
ഏവം ചൊല്ലി വളത്തി മോദമഥ ത-
ച്ചിത്തേ മറഞ്ഞാഗ്രഹം
സൃഷ്ടിപ്പാനുളവാക്കി;—യെന്നിലതുപോ-
ലാരോഗ്യമേകീടണം. 10

## എട്ടാം ദശകം

ഏവം പ്രാകൃതനാമകപ്രളയകാ-
ലാന്തത്തിലുള്ളാദ്യമാം
ബ്രാഹ്മം കല്പമതിങ്കലീശ! ജനനം
പ്രാപിച്ച ധാതാവുതാൻ
സമ്മോദേന ഭവാനിൽ നിന്നുമഖിലം
വേദം ലഭിച്ചിട്ടടൻ
നിർമ്മിച്ചാനഥ പൂർവ്വകല്പസദൃശം
വസ്തുക്കളെല്ലാം ഹരേ! 1

ഈരഞ്ഞൂറു ചതുർയ്യുഗങ്ങൾ പകലും
രാവും തഥാ പോക്കിനാൻ
പാരം; സൃഷ്ടഗണങ്ങളോടു സഹിതം
നിങ്കൽക്കലന്നിട്ടിവൻ
ശൗരേ! സ്വൈരമുറങ്ങിടുന്നിതതിനാൽ
നൈമിത്തികം കല്പമെ-
ന്നാർയ്യന്മാരിവനുള്ള രാത്രിയെയുര-
ച്ചീടുന്നു ലക്ഷ്മീപതേ! 2

ബ്രഹ്മാവും നിൻപ്രസാദാൽ ദിനമനു മുറപോൽ
സൃഷ്ടിചെയ്യുന്നു, ലോകം
കൎമ്മത്തെച്ചെയ്തിടുംപോൽ ദിവസമുഖമതിൽ
സൎവ്വസന്താപഹാരിൻ!
ബ്രാഹ്മേ കല്പേ ജനിച്ചോൎക്കയിപരമ! പരാ–
യുസ്സുകൾക്കും തദീയം
നിൎമ്മാണം താനുറങ്ങീട്ടുണരുവതിനഹോ!
തുല്യമായ്ത്തോന്നിടുന്നു. 3

ഇപ്പോളൻപതു വത്സരങ്ങളുടയോ–
രേകം പരാൎദ്ധം സരോ–
ജോൽഭൂതൻ സ്വവയോൎദ്ധരൂപമതിവ-
ൎത്തിച്ചിട്ടു വാഴുന്നുതേ;
കെല്പോടായതിലന്ത്യമാം നിശയിലും
പിന്നീടുഷസ്സിങ്കലും
ചൊല്ലൊങ്ങുന്ന ഭവദ്വിലാസനികരം
ചൊൽവാൻ തുടങ്ങുന്നു ഞാൻ. 4

ദിനാവസാനേ കമലോത്ഭവൻതാൻ
സുഷുപ്തി വാഞ്ഛിച്ചു ലയിച്ചു നിങ്കൽ;
ലോകങ്ങളും നിൻജഠരം ഗമിച്ചു;
ഭവിച്ചു വിശ്വം ജലമായുമപ്പോൾ. 5

ലോകം താൻ ജലശേഷമായ സമയ–
ത്തിങ്കൽ, ഭവദ്രൂപമായ്
ലോകാധീശ്വര! സൎപ്പവംശവരനാ–
യീടുന്നൊരശ്ലേഷനിൽ

ആനന്ദാനുഭവസ്വരൂപയുതനായ്–
ത്തൻയോഗനിദ്രാങ്കമാ–
മാത്മാവോട്ട കലൎന്നുകൊണ്ടയി ഭവാ–
നപ്പോൾ ശയിച്ചീടിനാൻ. 6

'ക്ഷയത്തിനന്തത്തിലുണൎത്തുകെ'ന്ന–
ക്കാലാഖ്യയാം ശക്തിയൊടോതി മുൻപിൽ
സമസ്തജീവാശ്രയഭൂതനാം നീ
സ്വപിച്ചു ശക്തിവ്രജമോട്ടറങ്ങി. 7

ഓരായിരം നാലു യുഗങ്ങളേവ–
മേകൻ ഭവാൻ സുപ്തനതായ ശേഷം
കാലാഖ്യയാം ശക്തിയുണൎന്നു മുൻപേ–
യുണൎത്തിനാൾ പോൽ ജഗദീശ! നിന്നെ. 8

ബോധിച്ചു നീയും ജലഗൎഭശായീ
പ്രലീനമായ് കണ്ടഥ ലോകമെല്ലാം
സൂക്ഷ്മങ്ങളായ്ത്തന്നുടെയുള്ളിൽ വാഴ–
മവററിലായ് ദൃഷ്ടിയെ വിന്യസിച്ചു. 9

അനന്തരം നിന്നിലയേ ലയിച്ചോ–
രനന്തവസ്തുക്കടെ സാരഭൂതം
അനന്ത! നിൻനാഭിയിൽ നിന്നുമുണ്ടായ്
വിടൎന്നിടാതുള്ളൊരു ദിവ്യപത്മം. 10

ശോഭിക്കുമത്താമരമൊട്ടുടൻ നിൻ–
ദേഹത്തിൽനിന്നും ജലമാൎഗ്ഗമെത്തി
പുറത്തു വന്നിട്ടതികാന്തി കൊണ്ട–
ങ്ങിരുട്ടശേഷം വഴിപോലെ പോക്കി. 11

വിട്ടന്നലം വിസ്മയനീയമായ് നിൻ-
വീര്യ്യം ധരിച്ചീടിന പൂവതിങ്കൽ
സ്വയം ഗ്രഹിച്ചുള്ളൊരു വേദമോട്ടം
ഭവിച്ചു പത്മോത്ഭവനായ് വിരിഞ്ചൻ. 12

ബ്രഹ്മാവിനെത്താനിതി പാത്മകല്പം-
തന്നിൽ ജനിപ്പിച്ചൊരു ദേവശൗരേ!
അനന്തമാഹാത്മ്യമെഴും ഭവാനെൻ-
ദ്ദുഃഖങ്ങൾ തീർത്തീട്ടുക മാരുതേശ! 13

## ഒൻപതാം ദശകം

ഏവം നാഭിസരോരുഹസ്ഥിതനതാം
ബ്രഹ്മാവതാൻ പിന്നെയ-
'ങ്ങേവം സിന്ധുവിലബ്ജമിങ്ങെവിടെനി-
ന്നുണ്ടായിതെ?'-ന്നോർത്തുടൻ
കാണ്മാൻ നാലുപുറത്തുമാഗ്രഹമൊടേ
നോക്കീടിനാനപ്പൊഴേ
ചെമ്മേ നാന്മുഖനായിതക്ഷികളുമെ-
ട്ടുണ്ടായ് മനോജ്ഞങ്ങളായ്. 1

ഒന്നായ് വൻകടലിങ്കലേററമിളകും
പത്മത്തെ നോക്കീട്ടതി-
ന്നൂന്നാമാശ്രയമായ നിൻതനുവിനെ-
ക്കാണാഞ്ഞു പത്മോത്ഭവൻ
'ഇന്നേവം കമലോദരത്തിലൊരുവൻ
ഞാനാരഹോ! കാന്തിയാൽ
മിന്നീടുന്നൊരു പത്മമേവമെതിൽ നി-
ന്നുണ്ടായിതെ?'ന്നോർത്തതേ. 2

'എന്തോ കാരണമൊന്നു പത്മമിതിനു–
ണ്ടെ'ന്നബ്ജഭ്രവോത്തുടൻ
സ്വാന്തേ തന്നുടെ യോഗശക്തി കലരും
ബോധത്തിനാൽ ബുദ്ധിമാൻ
സന്തോഷത്തൊട്ടു നാളരന്ധ്രവഴിയേ
കീഴ്പ്പെട്ടിറങ്ങീട്ടഹോ!
ചെന്താർസായകകോടിസുന്ദരതരം
കണ്ടീല നിൻവിഗ്രഹം 3

പിന്നെത്താമരനാളമാകവെയവൻ
നന്നായ്ത്തിരഞ്ഞോർത്തനായ്–
ത്തന്നത്താനൊരു നൂറുവത്സരമഹോ!
ചെന്നെത്തിയില്ലൊന്നിലും;
പിന്നെത്താൻ സുഖമോടിരുന്നതിലുടൻ
ഭിന്നത്വമെന്യേ വിഭോ!
നിന്നെത്തന്നെ സമാധിശക്തിയൊട്ടമ–
ങ്ങുന്നിത്തപിച്ചീടിനാൻ. 4

ദിവ്യാബ്ദങ്ങൾ ശതം കഴിഞ്ഞ സമയേ
നീലാഭ! നാലാനനൻ
നിർവ്വ്യാജം സ്വസമാധിബന്ധമതിൽ നി–
ന്നുണ്ടായ ബോധത്തിനാൽ
ഭവ്യാത്മൻ! വിശദീകൃതൻ മുദിതനായ്
സർപ്പേ വിളങ്ങുന്ന നിൻ–
ദിവ്യം ദേഹമദൃഷ്ടമത്ഭുതതരം
ദർശിച്ചിതന്തർദൃശാ. 5

ധ്യേയം ചാരുകിരീടവും കടകഹാ—
രൗഘം ഗളേ കൗസ്തുഭം
കേയൂരം മണികാഞ്ചി മഞ്ഞവസന—
ശ്രീയും കലൎന്നുള്ളതായ്
കായാംപൂനിറമാൎന്നതായ് കമലജ—
ന്നായ്ക്കാട്ടിയോരത്ഭുതം
കായം താവകമായതിങ്ങു വഴിപോൽ
ധ്യാനിച്ചിട്ടുന്നേൻ വിഭോ! 6

'നാനാവേദോക്തഭൂയോവിഭവ! ജയ ജഗ—
ന്നായക! ശ്രീപതേ! നീ,—
യാനന്ദാകാര! നിന്നെപ്പരിചിനൊടിഹ കാ—
ണുന്നു ഞാൻ ദൈവയോഗാൽ;
'നാനാലോകങ്ങൾ സൃഷ്ടിപ്പതിനു തരിക മേ
നാഥ! സാമൎത്ഥ്യ' മേവം
സാനന്ദം പത്മഭൂവൎണ്ണിതനിജമഹിമാ
പാഹി മാം ശ്രീഹരേ! നീ. 7

'സാമൎത്ഥ്യം സൃഷ്ടിയിങ്കൽ കമലഭവ! നിന—
ക്കക്ഷതം സംഭവിക്കും;
സാമോദാനുഗ്രഹം മേയടയുകയി തപ—
സ്സിന്നിയും ചെയ്ക നീയും;
കാമം നിശ്ശേഷമേകുന്നൊരു സുമഹിതയാം
ഭക്തിയുണ്ടാകയെന്നിൽ'
ശ്രീമന്നേവം പറഞ്ഞക്കമലജനു ഭവാൻ
നൽകി മോദം മനസ്സിൽ. 8

ബ്രഹ്മാതാനൊരു നൂറു ദിവ്യവരിഷം
പിന്നെത്തപംചെയ്തഹോ!
തന്മൂലം സ്വതപോബലം മതിബലം
പൂൎവ്വാധികം പ്രാപ്തവാൻ
സമ്മോദത്തൊടു കാററിനാലിളകുമ-
പ്പത്മം ജലേ കണ്ടുടൻ
നിന്മാഹാത്മ്യവിജൃംഭിതൻ സപവനം
തോയം കുടിച്ചീടിനാൻ. 9

പിന്നെത്തൽകൃപയാ ചതുൎമ്മുഖനുമ-
പ്പത്മത്തിനാൽ വിഷ്ടപം
മൂന്നും നിൎമ്മിതിചെയ്തു താൻ പ്രജകളെ-
സ്സൃഷ്ടിപ്പതിന്നാഞ്ഞുതേ;
അവ്വണ്ണം കൃപയുള്ള ചാരുഗുരുവാ-
യൂരീശ ശൗരേ! ഭവാൻ
സുവ്യക്തം കരുണാകടാക്ഷതിര കൊ-
ണ്ടെന്നെസ്സുഖിപ്പിക്കണം. 10

## പത്താം ദശകം

നിൻപ്രസാദമതിനാൽ വളൎന്ന ബല-
മാൎന്ന പങ്കജഭവൻ പരം
സംപ്രമോദമൊടുടൻ പരാത്മക
മഹീരുഹസ്ഥിരഗണങ്ങളും
ശംഭുവന്ദ്യപദ! തിൎയ്യഗാളി മനു-
ജാളി ദേവഗണമിത്തരം
സ്തംഭഹീനമഥ ജീവദേഹസമു-
ദായസൃഷ്ടിയതു ചെയ്തുപോൽ. 1

മിത്ഥ്യാബോധ,മനന്തരം മമതയും
രാഗം ഭയം കോപമെ–
ന്നജ്ഞാനത്തിനെഴന്നൊരഞ്ചുദശയെ–
സ്സൃഷ്ടിച്ചു പത്മോത്ഭവൻ
'കഷ്ടം! താമസവസ്തുസൃഷ്ടിയിഹ ഞാൻ
ചെയ്തെ'ന്നു ഖേദിച്ചുകൊ–
ണ്ടിഷ്ടം നിൻപദമോർത്തു ശുദ്ധിയുളവാ–
യീടുന്നതിന്നായ്ത്തദാ. 2

സൃഷ്ടിച്ചു പിന്നെ മനസാ സനകം സനന്ദം
തുഷ്ട്യാ സനാതനമുനിഞ്ച സനൽകുമാരം
സ്രഷ്ടാവു ചൊല്ലിയവരോടഥ സൃഷ്ടിചെയ്യാൻ;
കേട്ടില്ലതൊട്ടുമവർ നിൻപദഭക്തിമോദാൽ. 3

പെട്ടെന്നുണ്ടായ കോപാതിശയമതു തട–
ക്കുന്നൊരപ്പത്മഭൂവിൻ–
ഭ്രൂമധ്യത്തിങ്കൽനിന്നും മൂഢനഥ ഭവദേ–
കാംശരൂപൻ ജനിച്ചാൻ:
'കല്പിക്കേണം വിഭോ! പേരിഹ മമ പദവും
തന്നിടേണം മുറയ്ക്കു'–
ന്നപ്പോൾ രോദിക്കയാലേയവനു മുരരിപോ!
രുദ്രനെന്നായി നാമം. 4

ശ്രീപത്മയോനിയുമുടൻ പതിനൊന്നുപേരും
രൂപങ്ങൾ നാരികൾ പദങ്ങളിവറ്റെയെല്ലാം
നല്കീട്ടു രുദ്രനൊടു നാഥ! ഭവന്നിയോഗാൽ
ചൊന്നാൻ പ്രജാവിരചനം വഴിപോലെ
ചെയ്യാൻ. 5

രുദ്രൻതാനുളവാക്കിയോരു ഭയദാ—
കാരം കലന്നീട്ടമാ
രുദ്രന്മാർ ഭുവനേ നിറഞ്ഞതു നിന—
ച്ചേററം ഭയം പൂണ്ടുടൻ
ബ്രഹ്മാവീശ! ഭവന്നിയോഗമതിനാൽ
'സൃഷ്ടിക്ക വേണ്ടിന്നു നീ
നന്മയ്ക്കായ്ത്തപമാചരിച്ചിടുക'യെ—
ന്നാ രുദ്രനോടോതിനാൻ. 6

സർഗ്ഗേ താല്പര്യമേറും വിധിയുടയ ശരീ—
രത്തിൽ നിന്നപ്പൊഴുണ്ടായ്
തല്പാരുണ്യാന്മരീചിപ്രഥിതമുനി,മഹാ—
നംഗിരസ്സ,ത്രിതാനും,
ദക്ഷൻ, ശ്രീമാൻ വസിഷ്ഠൻ, ക്രതു, ഭൃഗു, പുലഹൻ,
മാമുനീന്ദ്രൻ പുലസ്ത്യൻ,
ദക്ഷൻ നിൻദാസനായീടിന ശുഭമതിയാം
നാരദൻ താനുമീശാ! 7

നിർമ്മിച്ചാൻ വിധി ധർമ്മമുഖ്യരെയുമാ
ശ്രീകർദ്ദമൻതന്നെയും;
ചെമ്മേ നിർമ്മിതിചെയ്തു വാണിയെയഹോ
കാമാർത്തനായാനുടൻ;
നിന്നാൽ പ്രേരിതരായിട്ടും സനകദ—
ക്ഷാദ്യാത്മജന്മാർഗിരാ
നന്നായ് ബോധമിയന്നു മൂഢതയക—
ന്നപ്പോളടങ്ങീടിനാൻ. 8

സ്വമുഖനിരയിൽനിന്നും വേദജാലം പുരാണ–
വ്രജവുമഖിലയാകും വിദ്യയേയും ചമച്ചു
അതുകൾ സുതരിലാക്കിസ്സൃഷ്ടി വർദ്ധിച്ചുകാണാ–
ഞ്ഞഥ തവ പദപത്മം നാന്മുഖൻ സംശ്രയിച്ചു. 9

അപ്പോൾത്തോന്നിയുപായമംബുജഭവൻ
ഭാഗിച്ചു തൻദേഹമ–
ച്ചൊല്ലൊങ്ങും മനു തൽകളത്രവുമിതി
സ്ത്രീപുംസഭാവം ഗതൻ;
ഇത്ഥം മാനുഷവംശമൊക്കെയവരെ–
ക്കൊണ്ടിങ്ങു വേണ്ടുംവിധം
വർദ്ധിപ്പിച്ച വിഭോ! മരുൽപ്പുരപതേ!
ദുഃഖങ്ങൾ തീർത്തീടണം. 10

## പതിനൊന്നാം ദശകം

ഏവം സൃഷ്ടിയുടൻ ക്രമേണ വഴിപോൽ
വർദ്ധിച്ചുവന്നീടവേ–
യാവിർമ്മോദമൊരിക്കൽ നിന്നുടയ തൃ–
പ്പാദം വണങ്ങീടുവാൻ
ദിവ്യന്മാർ സനകാദിമാമുനിജനം
വൈകുണ്ഠലോകത്തില–
ങ്ങുർവ്വീനായക! വന്നു വായുനിലയേ
പാരം വിളങ്ങും ഹരേ! 1

പ്രാകാരവീഥികൾ കടന്നു നടന്നനേക–
രത്നാലയങ്ങളതിശോഭയെഴും കുളങ്ങൾ
നൈശ്രേയസാഖ്യവിപിനാദികളെന്നിവററാൽ
നിസ്തുല്യമാം തവ ഗൃഹേ മുനിമാരുമെത്തി. 2

തവ ഗൃഹമതിൽ നിന്നെക്കാണ്മതിന്നായ് കടപ്പാൻ
തുടരുമവരെയപ്പോൾ വാതിൽകാത്തങ്ങു നില്ക്കും
ജയവിജയർ തടുത്താർ; മാമുനീന്ദ്രൎക്കു കോപം
ഭൃശമകമതിലുണ്ടാ;—യൊക്കെയുംനിൻനിയോഗാൽ. 3

'അനുചിതമിവിടത്തിൽ ചെയ്തിട്ടും നിങ്ങൾപോയി-
ദ്ദനുജകുലമതിങ്കൽ ദുഷ്ടരേ സംഭവിപ്പിൻ,'
ഇതി മുനിഗണശാപംകേട്ടു നിൻഭൃത്യർ 'വിഷ്ണു-
സ്മൃതിയരുളുക ഞങ്ങൾക്കെ'ന്നു പാദേ നമിച്ചാർ. 4

ഏവം ഭവാനുടനറിഞ്ഞിഹ ലക്ഷ്മിയോടും
നാഗാന്തകാംസമതിൽ വെച്ചൊരു ബാഹുവോടും
ഗോവിന്ദ! വന്നു വെളിയിൽ സുമനോജ്ഞമൂർത്ത്യാ
താവുന്ന മോദരസഭാരമവൎക്കു നൽകി. 5

സ്തോത്രംചെയ്തഥ നിന്നിടുന്ന സനകാ-
ദ്യന്മാൎക്കു സാമോക്തിയാൽ
ചേർത്താമോദവിലാസ,മൻപിനൊടന-
ന്യാലംബരായ് നിന്നിടും
ഭൃത്യന്മാരൊടു 'നിങ്ങളെന്നോടു പിണ-
ങ്ങിക്കൊണ്ടു ജന്മങ്ങൾ മൂ-
ന്നെത്തിച്ചെന്നെയണഞ്ഞുകൊള്ളുവി'നിദം
ശൗരേ! പറഞ്ഞാൻ ഭവാൻ. 6

ഭൃത്യന്മാരായിടുന്നോരവരഥ ദിതിയിൽ
കാശ്യപൻതൻകൽ നിന്നി-
ട്ടെത്തും—സന്ധ്യാസമുൽപ്പാദനബഹുതരദുർ-
വൃത്തിയോടന്യരായി

ഇത്ത്രൈലോക്യത്തിനുണ്ടായൊരു യമരിവരാ–
ണെന്നു തോന്നുന്നവണ്ണം
ദൈത്യന്മാർക്കീശരായങ്ങനെയുടനൊരു ഗ–
ർഭത്തിലായുത്ഭവിച്ചു. 7

ഏകൻ ലോകപതേ! ഹിരണ്യകശിപു–
ശ്ചാന്യൻ ഹിരണ്യാക്ഷനും,
ലോകേ വിശ്രുതരായ് മഹാബലയുത–
ന്മാരായഹോ! തൽക്ഷണേ
നീയാകുന്നൊരു രക്ഷിതാവിയലുമീ
ലോകത്തെയെല്ലാം വിഭോ!
പേയന്മാർ നിജവാസനാബലവശാൽ
പീഡിച്ചു കൂട്ടും രുഷാ. 8

അവരിലൊരുവനായീടും ഹിരണ്യാക്ഷദൈത്യൻ
സമരമതിനു തന്നോടാരുമില്ലായ്കയാൽ തേ
പ്രിയ ധരണിയെ വെള്ളത്തിങ്കൽ മുക്കീട്ടു ഗർവാൽ
ഗദയൊടതികഠോരക്ഷ്വേളയാ സഞ്ചരിച്ചു. 9

ശക്തൻ ഭവാനെതിരിടുന്നതിനെന്നു പാശി–
വാക്യം ശ്രവിച്ചഥ ഭവാനെയവൻ തിരഞ്ഞു;
ഭക്തർക്കു മാത്രമിഹ ദൃശ്യനതായ നീയെൻ–
ദുഃഖങ്ങൾ തീർക്ക കൃപയാ പവനാലയേശാ! 10

## പന്ത്രണ്ടാം ദശകം — വരാഹാവതാരം.

സൃഷ്ടിച്ചങ്ങനെ വാണിടുന്ന മനുവാം
സ്വായംഭുവൻ ഭൂമിയെ–
പ്പെട്ടെന്നീശ! ജലത്തിലന്നസമയേ
നിർമ്മഗ്നയായ്ക്കാൺകയാൽ

ശിഷ്ടന്മാർ മുനിമാരൊട്ടും തവ പദം
സേവിച്ചു മോദിച്ചിട്ടും
സ്രഷ്ടാവിൻ സവിധത്തിലങ്ങുശരണം
പ്രാപിച്ചു ശോഭാനിധേ! 1

'കഷ്ടം ഞാനിഹ സൃഷ്ടിചെയ്യുമളവിൽ
ഭുവങ്ങഹോ! മഗ്നയായ്';
സ്രഷ്ടാവേ! പ്രജകൾക്കു വാഴവതിനായ്
സ്ഥാനം ഭവാനേകണം'
കേട്ടേവം മനു ചൊന്ന വാക്കുകളുടൻ
ഞെട്ടിപ്പരം പത്മഭൂ-
വൊട്ടേറീടിന ഭക്തിയോടു ഭഗവൻ!
ധ്യാനിച്ചു നിന്നംഘ്രികൾ. 2

'അയ്യയ്യോ! ഞാൻ കുടിച്ചേൻ സലിലമഖിലവും
മുൻപി,ലെന്നാല്പമേതും
പൊയ്യല്ലിന്നും ജലത്തിൽ ധരണി മുഴകിട്ടു-
ന്നെന്തു ഞാൻ ചെയ്തിടേണ്ടു?'
ഈവണ്ണം ത്വൽപദാംഭോരുഹമതുശരണം
പ്രാപ്തനാം പത്മഭൂവിൻ-
നാസാരന്ധ്രത്തിൽനിന്നും ശിശുകിടിവടിവാ-
യിട്ടു നീയുത്ഭവിച്ചു. 3

അംഗുഷ്ഠത്തോടു തുല്യമായ തനുവോ-
ടുൽഭൂതനായിട്ടുടൻ
മാതംഗാകൃതിയായ് ക്രമത്തിലധികം
വർദ്ധിച്ചു ശൗരേ! ഭവാൻ;

തുംഗശ്രീയൊട്ടു മേഘമാർഗ്ഗമതില-
വ്വണ്ണം ഭവാനെത്തദാ
സ്വാംഗോൽഭൂതരൊട്ടും സരോരുഹഭവൻ
കണ്ടത്ഭുതം തേടിനാൻ. 4

'വഞ്ചിപ്പാൻ കഴിയാത്തതായ മഹിമാ-
വുള്ളോന്നിതാ! സൂകരം
ഇഞ്ചും നാസികയിങ്കൽ നിന്നുദിതമാ
യാരിന്നിവൻ ഭീഷണൻ?
നാഥൻതന്നുടെ മായയോ?' വിധിയിദം
ചിന്തിച്ചഹോ! വാണിടും-
പോതിൽ പർവ്വതതുല്യനായിടി മുഴ-
ങ്ങുംപോലെ ശബ്ദിച്ചു നീ. 5

തപസ്സത്യസ്ഥന്മാർ മുനിവരർ ജനർ-
ല്ലോകഗതരും
ശ്രുവിച്ചന്നിൻശബ്ദം വിവിധനുതി ചെ-
യ്താർ മുരരിപോ!
മുനിസ്തോത്രപ്രീത്യാ വിപുലതനുവാ-
യംബുനിധിയിൽ
ഘനധ്വാനം പൂണ്ടിട്ടടനഥ ഗമിച്ചാ-
നയി ഭവാൻ. 6

മേല്പെട്ടായ് വിസരിച്ചെഴുന്നിളകിടും
ധൂമ്രങ്ങൾ രോമങ്ങളും
പൊക്കീട്ടുള്ളൊരു വാലധോമുഖമഹാ-
ഘോണാഭയും ചേർന്ന നീ

ശീഘ്രം മേഘഗണം പിളന്നി,ളകിടും
കണ്ണാൽ, സ്തുതിക്കും മുനി–
വ്യാഘ്രന്മാക്കതിസൗഖ്യമേകിയവതാ–
രം ചെയ്തു വാരാശിയിൽ. 7

ഗമിച്ചഥ ചലിച്ചിട്ടും മുതലമാലയോടും ഭ്രമ–
ത്തിമിംഗലകുലത്തൊടും കലുഷവീചിജാലത്തൊടും
വിളങ്ങിന ജലാന്തരം, കഠിനശബ്ദഭാരാദ്രസാ–
തലസ്ഥരെയിളക്കിയുംകൊണ്ടു തിരഞ്ഞു നീ ഭൂമിയെ. 8

പാതാളാന്തമതിൽ സുരാരിഹതകൻ
ചേർത്തുള്ളൊരദ്ധാത്രിയെ–
പ്പാരാതങ്ങനെ കണ്ടു സൂകകിടിയാ–
യീടുന്ന നീയപ്പൊഴേ
നേരേപോരിനു വന്ന ദുഷ്ടദനുജ–
ന്മാരെഗ്ഗണിക്കാതെ താൻ
ശൗരേ! മേദിനിയെദ്ധരിച്ചു സരസം
ദംഷ്ട്രാങ്കുരത്താൽ വിഭോ! 9

ചാലേ ഭൂമിയെയുദ്ധരിച്ചു ദശനാ–
ഗ്രേ ചേർന്ന മുസ്താങ്കുര–
ത്താലേ ലാഞ്ഛിതനെന്നവണ്ണമധിക–
സ്ഥൂലോല്ലസൽഗാത്രനായ്
ആലോലോഗ്രജലം പെടും കടലിൽ നി–
ന്നഭ്യുൽഗമിക്കും ഹരേ!
ലീലാസൂകരമൂർത്തിയാകിയ ഭവാ–
നെന്നെക്കടാക്ഷിക്കണം. 10

## പതിമൂന്നാം ദശകം

ദൈത്യാധീശൻ സ്വജംഘാപരിമിതവിലയാം-
ഭസ്സിൽ നിന്നെത്തിരഞ്ഞാ-
ങ്ങത്യാനന്ദം കലന്നിട്ടധികമദമൊടേ
സഞ്ചരിക്കുന്ന കാലം
തദ്ഭക്തൻ നാരദൻ താൻ കപടപട്ടു,വവൻ-
തൻ സമീപത്തിലെത്തീ-
ട്ടല്പജ്ഞൻ തന്നെ വാഴ്ത്തീത്തവ ബലമതു നി-
ന്ദിച്ചു മന്ദം പറഞ്ഞാൻ. 1

'കഷ്ടം! മായാവിയാകും ഹരി തവ മഹിയെ-
ക്കൊണ്ടുപോകുന്നിതെന്തേ?
ശിഷ്ടൻ കണ്ടീലയോ നീ?'—യിതി മുനിവചനം
കേട്ട ഘോരാട്ടഹാസാൽ
ദുഷ്ടൻചൊന്നാ'നവൻതാനെവിടെ'യിതി; മുദാ
കാട്ടി മാർഗ്ഗം മുനീന്ദ്രൻ;
പെട്ടെന്നെത്തീ ജലത്തീന്നവനുമവനിയോ-
ട്ടൽഗമിക്കും ഭവാനെ. 2

'കാട്ടിത്തന്നതെനിക്കു കാട്ടുമൃഗമോ?
കഷ്ടം തുലോ'മെന്നവൻ
രുഷ്ടൻ ദുഷ്ടഗിരാ വരുന്നളവില-
ങ്ങൊട്ടും ഗണിക്കാതെ നീ
ദംഷ്ട്രായാമതിഭീതിയോട്ടു മരുവും
ഭൂമിം മഹാവൈഭവാൽ
പെട്ടെന്നംബുധിയിങ്കൽവെച്ചഥ ബലാൽ
പോരിന്നു സന്നദ്ധനായ്. 3

ദൈത്യേന്ദ്രൻ ഗദയോടടുത്തു സഹസാ;
നീയും ഗദാപാണിയായ്
യുദ്ധംചെയ്തു രുഷാ; വിഭോ! ഘടഘടാ-
രാവം മുഴങ്ങീ ദിവി;
സിദ്ധാമർത്ത്യഗണങ്ങൾ യുദ്ധമധികം
കൗതുഹലാൽ കാണവേ
'വദ്ധ്യൻ സന്ധ്യയതിന്നു മുൻപിവ'നിദം
നിന്നോടു ചൊന്നാൻ വിധി. 4

ഗദായുദ്ധേ ദൈത്യാധിപനുടെ ഗദാ-
ഘട്ടനത്താൽ വിഭോ! നിൻ-
ഗദാ ഭ്രമൌ വേഗാൽ ബതബത! പതി-
ച്ചീടിനോരദ്ഭുതായാം
മൃദുസ്മേരാസ്യത്തോടസുരകുലതൂ-
ലാഗ്നിയാം ഘോരചക്രം
മുദാ ചിന്തിച്ചോമൽക്കരഭുവി ധരി-
ച്ചേററവും നീ വിളങ്ങി. 5

ദൈത്യൻതാനതികോപമോടഥ മഹാ-
ശൂലം പ്രയോഗിക്കവേ
ദൈത്യാരേ!—യതു പാണിയിങ്കൽ വിലസും
ചക്രേണ ഖണ്ഡിച്ചു നീ;
അത്യാരുഷ്ടനവൻ തദാ ബഹുവിധം
മുഷ്ടിപ്രഹാരങ്ങൾ ചെ-
യ്താദ്യൻ നിന്നൊടു കാട്ടി ലോകരെ മയ-
ക്കീടുന്ന മായാബലം. 6

ശ്രീജാനേ! ദനുജൻെറ മായകൾ ഭവ-
ച്ചക്രത്തിനേറും മഹാ-
തേജസ്സിൻകണലേശമാത്രപതനാൽ
തീൎന്നോരു ശേഷം രുഷാ
ബോധംവിട്ടതിമുഷ്ടിഘട്ടനമഹോ!
ചെയ്തീട്ടമദ്ദുഷ്ടനെ-
പ്പാദാംഗുഷ്ഠതലേന കൊന്നിതു ചവി-
ട്ടിക്കൎണ്ണമൂലത്തിൽ നീ. 7

പാരിൽ ഛൎദ്ദിച്ചു രക്തം തവ പദഹതിയാൽ
വീണു ദൈത്യൻ മരിച്ചാ;-
'നാരിച്ചൊല്ലാന്ന ഭാഗ്യം കലരു?'—മിതി മഹ-
ൎഷീശ്വരന്മാർ പുകണ്ണി;
പാരിച്ചുള്ളോരു മോദത്തൊട്ട മുനിവരരും
ഭക്തിപൂൎവ്വം ത്വദംഘ്രി-
ത്താരിൽച്ചാരേ നമിച്ചിട്ടഥ മഖതനുവായ്
നിന്നെ വാഴ്ത്തിസ്തുതിച്ചാർ. 8

'ത്വക്കിൽ ഛന്ദസ്സു രോമങ്ങളിലമല! കുശം
കണ്ണിലത്രേ ഘൃതം തേ
പാദാബ്ജേ നാലു ഹോതാക്കളുമഥ വദനേ
സ്രുക്കിഡാ നിൻ വയററിൽ
നാഥാ! നാവിൽ ഗ്രഹൗഘം ചമസനിര ഭവി-
ക്കുന്നു കൎണ്ണേപി സോമം
രേതസ്സല്ലോ ഗളത്തിൽ സുദൃഢമുപസദ-
ശ്ശ്രീപതേ ഹേ പരാത്മൻ!' 9

ഇത്ഥം നാനാ മുനീന്ദ്രസ്തുതികൾ പലതരം
കേട്ട സന്തുഷ്ടിയോടേ
മെത്തും സൽകീർത്തികൊണ്ടും വിപുലതരമഹാ-
മൂർത്തികൊണ്ടും ലസിച്ചു
സ്വസ്ഥാനം പുക്കനല്പം സുഖമൊടു വിഹരി-
ച്ചോരു നീ ചാരുമൂർത്തേ!
തീർത്താലും ദുഃഖമെല്ലാമയി മമ ഗുരുവാ-
യൂരിൽ വാഴുന്ന ശൗരേ! 10

## പതിനാലാം ദശകം

നിൻപാദപത്മഭജനം വഴിപോലെ ചെയ്തോ-
രംഭോജയോനിതനയൻ മനുവും സ്വകാലം
അൻപോടു വിഘ്നരഹിതം തവ ലീല വാഴ്ത്തീ-
ട്ടംഭോരുഹാക്ഷ! സുഖമോടു കഴിച്ചുവല്ലോ. 1

ബ്രഹ്മാവിൻ നിഴലിങ്കൽ നിന്നുദിതനാം
ശ്രീകർദ്ദമൻ സത്തമൻ
ചിന്മൂർത്തേ! പുനരായവൻ പറകയാൽ
സൃഷ്ടിപ്പതിങ്കൽ പരം
സമ്മോദത്തൊടു ലോകരമ്യതനുവാ-
യീടുന്ന നിൻസേവ ചെ-
യ്തുമ്മേഷാൽ പതിനായിരം സമകളെ-
ച്ചെമ്മേ നയിച്ചീടിനാൻ. 2

കാർമേഘാഭ കലന്നതായ് ലളിതമാം
ലീലാംബുജം പാണികൊ-
ണ്ടാമോദേന വഹിച്ചതായ്, വിഹഗനാ-
ഥന്മേൽ വിളങ്ങുന്നതായ്

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

ഓമല്പുഞ്ചിരി തഞ്ചുമഞ്ചിതമുഖ–
പ്പൂവോടു ചേൻറുള്ളൊര–
ശ്രീമദ്ദിവ്യശരീരമായവനു നീ
കാണിച്ചു സന്തുഷ്ടനായ്. 3

ഭക്ത്യാ രോമാഞ്ചമോടും വിവിധനുതികൾ ചെ–
യ്തീടുമക്കർദ്ദമന്നായ്
'കൈക്കൊണ്ടീടേണമിന്നമ്മനുതനയയെ നീ
ഭാർയ്യയായാർയ്യബുദ്ധേ!
ചൊൽക്കൊള്ളും പുത്രിമാരൊൻപതുമഥ കപിലാ
ഭിഖ്യനായ് ഞാനുമുണ്ടാം;
സൗഖ്യം നിത്യം വരും തേ പുന'രിദമരുളി
ശ്രീഹരേ! നീ മറഞ്ഞു. 4

നിന്നാൽ പ്രേരിതനായിട്ടും മുനിവരൻ
ശ്രീനാരദൻ ചൊല്കയാൽ
തന്വംഗീ ശതരൂപയോടുമുടനേ
സ്വായംഭുവാഖ്യൻ മനു
തന്നോമൽസുത ദേവഹൂതിയോടുമ–
ങ്ങൊന്നിച്ചു തന്നാഗമം
നന്നായ് പാർത്തരുളുന്ന കർദ്ദമനെഴും
ഗേഹത്തിലെത്തീടിനാൻ. 5

മനു നല്കിന ദേവഹൂതിയാകും
വനിതാരത്നമൊടൊത്തു കർദ്ദമൻതാൻ
ഭവദർച്ചനതൃപ്തനെങ്കിലും തദ്–
ദൃഢശുശ്രൂഷകളാൽ പ്രസന്നനായാൻ. 6

തൽസേവാവിഭവത്തിനാലുടനവൻ
വാർകൊങ്കയാൾ മങ്കത–
ന്നുത്സാഹം നിറവേററുവാൻ വിരചിതം
നാരീകുലാപൂരിതം
നൽസൗന്ദൎയ്യമെഴും വിമാനമതിലേ–
റിത്താൻ നവാകാരനായ്
സത്സാരസ്യമൊടേ രമിച്ചിതവളോ–
ടാകാശമാൎഗ്ഗങ്ങളിൽ. 7

നവതരുണിയൊടേവം നൂറുവർഷം നയിച്ചു
നവ സുരുചിരമാരാം പുത്രിമാരും ജനിച്ചു
അവനുമടവി പൂവാനുദ്യതോപ്യാരമിച്ചു
തവ ജനികുതുകത്താൽ ദാരകാമം ഭരിച്ചു. 8

നിജവരവചനത്താൽ നിൻപദാംഭോജസേവാ–
നിരതയവളിൽ നാഥാ! നീയുമുണ്ടായിപിന്നെ
കപിലവിദിതനാമ്നാ തത്വവിദ്യോപദേശം
കമലചരണഭക്തന്മാൎക്കു നല്കീടുവാനായ്. 9

മുദിതനായഥ കൎദ്ദമനും തപോ–
വനതലം ഗതനായൊരനന്തരം
നിജമതം ജനനിക്കരുൾചെയ്തൊരെൻ–
ഘനരുചേ! പവനേശ്വര! പാഹി മാം. 10

## പതിനഞ്ചാം ദശകം - കപിലോപദേശം

'ബന്ധത്തെഗ്ഗുണസക്തയാം മതിയുദി–
പ്പിക്കുന്നു; മോക്ഷത്തെയോ
തദ്വൈരാഗ്യസമേത; യായതു ലഭി–
ച്ചീടുന്നു തേ ഭക്തിയാൽ;

സാധിക്കേണ്ടതു സാധുസംഗമവശാ-
ലുണ്ടാകുമബ്ഭക്തി താൻ'
സാനന്ദം കപിലാത്മകൻ ജനനിയോ-
ടേവം ഭവാൻ ചൊല്ലിനാൻ. 1

'മായാ പിന്നെ മഹത്തഹംകൃതിയുമ-
ശ്ശബ്ദാദി ഭൂതങ്ങളും
ഹൃത്തും ശ്രോത്രമുഖേന്ദ്രിയങ്ങളമലേ!
പത്തും പുനഃ പൂരുഷൻ
ഇത്ഥം ഭേദമറിഞ്ഞവൻ പ്രകൃതിയാൽ
സത്യം ശുഭേ മുക്തനാ'-
മിത്യാനന്ദമൊടംബുജേക്ഷണ! ഭവാൻ
മാതാവൊടോതീടിനാൻ. 2

'മായാകാര്യങ്ങളൊന്നും പുരുഷനിലിഹപ-
റ്റുന്നതില്ലായവൻതാൻ
മായാസംസക്തനായീട്ടകിലവനെയണ-
ഞ്ഞീടുമേ തൽഗുണങ്ങൾ;
ഈയെന്നിൽ ഭക്തി തത്വാമനനമിതുകളാൽ
മായയും പോയിടും' ഹേ
കായാംപൂവർണ്ണ ശൗരേ! കപിലതനു ഭവാ-
നമ്മയോടേവമോതി. 3

'ഉള്ളിൽ ശുദ്ധിയൊടാസനാദികൾ വശ-
ത്താക്കീട്ടു താർക്ഷ്യൻെറ നൽ-
കണ്ഠേ ദിവ്യവിഭൂഷണായുധസമൂ-
ഹത്താൽ വിളങ്ങുന്നതായ്

മേഘശ്യാമളമാകുമെന്നുടൽ സദാ
ശീലിക്കണം പിന്നെ'യെ-
ന്നാകമ്രദ്യുതിയായ മാധവ! ഭവാൻ
മാതാവൊടോതീടിനാൻ. 4

'മൽഗ്ഗുണങ്ങൾ മമ ലീലയെന്നിതുകൾ
കേൾക്ക ചൊല്ലുയിവയാൽ സദാ
സ്വർഗ്ഗനിമ്്നഗയിലുള്ളൊഴുക്കിനു
സമാനമായ് മയി മനോഗതം
ഭക്തിയായത;—തു തന്നെയാണരിയ
മുക്തിസാധനവുമോക്ക'–യെ-
ന്നിത്തരം കപിലഗാത്രദേവ! ജന-
യിത്രിയോടരുളിയത്ര നീ. 5

'എന്നിൽ ഭക്തിവെടിഞ്ഞവൻ ബത! ഭൃശം
ഹിംസാർജ്ജിതാൎത്ഥങ്ങൾകൊ-
ണ്ടെന്നും സ്ത്രീജിതനായ് കുടുംബഭരണം
ചെയ്തിങ്ങപത്യപ്രിയൻ
പിന്നെക്കഷ്ടതരം മഹാനരകവും
പ്രാപിച്ചിട്ടും ദുഃഖമോ'
ടെന്നാനന്ദകരാംബുജേക്ഷണ! ഭവാൻ
മാതാവൊടോതീടിനാൻ. 6

'ആൎത്ത്യാ തൻ മാതൃകുക്ഷിസ്ഥിതിയിലൊരുവിധം
ബോധമുണ്ടാകിലും താൻ
പേൎത്തും പാരിൽ പിറക്കുന്നളവറിവു നശി-
ച്ചേത്രയും ഖേദമോടേ

തീർത്ഥബ്ബാല്യം ഭ്രമിക്കുന്നതു പുനരപി ഹാ!
        കൈവരും യൗവനത്തിൽ'
ദൈത്യാരാതേ! മുരാരേ! കപിലതനു ഭവാ
        നമ്മയോടേവമോതി. 7

'സൽക്കർമ്മം പൂണ്ടു നിത്യം പിതൃസുരയജനം
        ചെയ്തുവാഴും ഗൃഹസ്ഥൻ
മാർഗ്ഗം ധൂമാദ്യമാർന്നങ്ങനെ ഗതനഥ വീ–
        ഴുന്നു പുണ്യക്ഷയത്തിൽ;
കർമ്മം നിഷ്കാമമായ്ത്താൻ മയി സകലവുമ–
        ർപ്പിക്ക മോക്ഷം ലഭിപ്പാൻ'
സമ്മോദത്തോടു ശൗരേ! കപിലതനു ഭവാ
        നമ്മയോടേവമോതി. 8

ഇത്ഥം തത്വമറിഞ്ഞു നിന്നെ വഴിപോൽ
        വാഴ്ത്തുന്ന മാതാവിനെ
പ്രീത്യാ പാരമനുഗ്രഹിച്ചു മുനിമാ–
        രോടും ഗമിച്ചാൻ ഭവാൻ;
ഭക്ത്യാ മോക്ഷമിയന്നു ശുദ്ധയിവളും;
        ഭൂമൻ! ഭവാനിപ്പൊഴും
ഭക്തന്മാർക്കു കിഴക്കുദീചിയിൽ വസി–
        ക്കുന്നൂ ഹിതം നൽകുവാൻ. 9

നാഥാ! കിം ബഹുനാ! തവാംഘ്രികമലേ
        വർദ്ധിച്ചെഴും ഭക്തിയി–
ങ്ങാതങ്കങ്ങൾ കളഞ്ഞഭീഷ്ടമഖിലം
        നൽകുന്നതാണെന്നഹോ!

നീ താനേ പറയുന്നു നൂന;—മതിനാൽ
ദുഃഖങ്ങളെത്തീർത്തുടൻ
വാതാഗാരപതേ! വിഭോ! തരിക മേ
ത്വൽപ്പാദസൽഭക്തിയെ. 10

## പതിനാറാം ദശകം

ദക്ഷൻ ബ്രഹ്മസുതൻ പുനർമ്മനുതനൂ-
ഭൂവാം പ്രസൂതിം ഗ്രഹി-
ച്ചക്ഷീണം പതിനാറു കന്യകകളെ
ശ്രീമാൻ ലഭിച്ചിട്ടുടൻ
ധർമ്മങ്കൽ പതിമൂന്നിനെ,പ്പിതൃഗണേ
നൽകി സ്വധാ,മഗ്നിയിൽ
സ്വാഹാം, നിന്നുടെയംശമായ ഗിരിശൻ-
തന്നിൽ സതീതന്നെയും. 1

ധർമ്മൻ തന്നുടെ ഭാര്യ്യ മൂർത്തിയിൽ മഹാൻ
നാരായണൻ നീ വിഭോ!
ചെമ്മേ വന്നു ജനിച്ചു നാഥ! നരനാം
ഭ്രാതാവിനോടും; തദാ
സമ്മോദാ കലരുന്ന ദേവകൾ മഹാ-
ഭേരീനിനാദത്തൊടേ
നിന്മേൽ നിൻമൃദുപുഷ്പവർഷമതു ചെ-
യ്തേററം സ്തുതിച്ചീടിനാർ. 2

സഹസ്രാബ്ദം യുദ്ധം തപവുമൊരുപോൽ
ചെയ്തു വിച്ഛേദ്യമാകും
സഹസ്രം വർമ്മം ചേർന്നൊരു ദിതിജനെ
ക്രീഡയോടേ ഭവാന്മാർ

തപസ്സും പൎയ്യായത്തൊട്ട സമരവും
ചെയ്തു ശേഷിച്ചോരേകം
തനുത്രം ചേൎന്നീടും പൊഴുതിലധികം
നിഷ്പ്രയാസം വിധിച്ചാർ. 3

ഭക്തൎക്കായ് മുക്തിധൎമ്മം കരുണയൊടുപദേ-
ശിച്ചു, താനും ചരിച്ചും,
നിത്യം ഭ്രാതാവിനോടും വിമലബദരികാ-
ഖ്യാശ്രമേ നീ വസിച്ചു;
അക്കാലം ദേവനാഥൻ ശമവുമഥ തപ-
ശ്ശക്തിയും തേ നിനച്ചി-
ട്ടത്യന്തം ദുസ്സഹാത്മാ സുരതരുണികളോ-
ടംഗജം യാത്രയാക്കി. 4

വസന്തം മാലേയാനിലനിവരൊട്ടും
മാലതീബാണനപ്പോൾ
വിലാസശ്രീ ചേൎന്നക്കമനികൾകടാ-
ക്ഷേഷുജാലങ്ങളാലേ
ഭവന്തം വേധിച്ചിട്ടണുവുമിളകീ-
ലെന്നു കണ്ടാൎത്തിയോടേ
ഭയപ്പെട്ടാനോമൽസ്മിതമൊട്ടടനേ
നീയുമീവണ്ണമോതി. 5

'പേടിച്ചീടുക വേണ്ട മാര! സുരഭേ!
സന്നാരിമാരേ! പരം
തോഷിപ്പിക്കുവിനെൻെറ മാനസ'മിതി
പ്രീത്യാ പറഞ്ഞിട്ടു നീ

പൂരിച്ചീടിന വിസ്മയത്തൊടു പുക-
ഴ്ത്തുന്നോരിവൎക്കായ് വിഭോ!
കാണിച്ചു കമനീയതാനിധികളാം
നിൻദാസിമാരെത്തദാ. 6

മോഹിപ്പിപ്പതിനായി വന്ന മദനാ-
ദ്യന്മാരഹോ! ശ്രീപതേ!
മോഹിച്ചാർ തവ ദാസിമാരുടെ മഹാ-
ലീലാവിലാസങ്ങളാൽ;
മോദിച്ചിട്ടഥ നീ കൊടുത്ത, സകല-
സ്വൎവ്വാസിഗൎവ്വം ജവാൽ
നോദിച്ചീടിനൊരുൎവ്വശീം ത്രപയോടേ
കൈക്കൊണ്ടു പോയീടിനാർ. 7

കണ്ടിട്ടുൎവ്വശിതന്നെ നിൻ ചരിതവും
കേട്ടങ്ങു ശക്രൻ മന-
ത്തണ്ടിൽ തന്മഹിമാനമോൎത്തധികമായ്
പൎയ്യാകുലപ്പെട്ടുതേ;
ഏവം ശാന്തമനോജ്ഞനാകിയ ഭവാ-
നെക്കാൾ നിനയ്ക്കുംവിധൌ
ദേവശ്രീവസുധാപതേ! സമധികൻ
കൃഷ്ണാവതാരൻ ഭവാൻ. 8

ബ്രഹ്മാവിൻലാളനത്താൽ പെരുകിയൊരു രജോ-
മൌഢ്യമാളുന്ന ദക്ഷൻ
നിന്മേലും കഷ്ടമത്യാദരവിരഹിതനാ-
യന്നു നിശ്ശാന്തിയായി

നിൻമെയ്യാന്നുള്ളൊരീശൻതിരുവടിയെ വിരോ–
ധിച്ചു തൻപുത്രിയേയും
നിർമ്മായം ദ്വേഷസംസൂചകമഖമതിൽ നി–
ന്ദിച്ചു കുന്നിച്ച ഗർവ്വാൽ. 9

ക്രുദ്ധൻ ഭൂതേശനും തന്മഖമതു പരിമ–
ർദ്ദിച്ചുടൻ ദക്ഷനെക്കൊ–
ന്നോത്തിട്ടദ്ദേവസംഘസ്തുതികൾ തെളിവൊടേ
ജീവനും നൽകി പിന്നെ;
ഭവ്യൻ നീ പൂർണ്ണമാക്കീടിന മഖമിയലും
ദക്ഷനും ശാന്തനായാ–
നവ്വണ്ണം ശാന്തിയേകും പവനപുരപതേ!
പാലനം ചെയ്ക നാഥാ! 10

## പതിനേഴാം ദശകം ധ്രുവചരിതം

ഉത്താനപാദമനുനന്ദനമന്നവന്നു
നിത്യം പ്രിയാ സുരുചിതന്നിൽ വളർന്നു മോദം;
എത്തീല മോദമതുപോലെ സുനീതിയിങ്ക;–
ലോർത്തീടിനാളഗതിയാമവൾ നിൻപദാബ്ജം. 1

അച്ഛൻതൻമടിയിങ്കലന്നു സുരുചീ–
പുത്രൻ വസിച്ചീടവേ
കൊച്ചാകും ധ്രുവനസ്സുനീതിതനയൻ
ചെന്നാൻ കരേറീട്ടവാൻ;
സ്വച്ഛൻ ബാലനെയേററവും സുരുചിയാ–
ക്ഷേപിച്ചു ദുർവ്വാക്കിനാൽ
സ്വച്ഛന്ദം; തവ ഭക്തിഹീനജനമോ
വിട്ടീടുവോരീഷ്യയെ? 2

ഒന്നും മിണ്ടാതിരുന്നാൻ നരപതി ഭവതാ
മോഹിതൻ ദാരവശ്യൻ;
ചൊന്നാൻ ചെന്നമ്മയോടായ് ധ്രുവനുമിതഖിലം
പാരമുൾപ്പാരവശ്യാൽ;
ചിന്നീട്ടും ദുഃഖജാലം കളവതിനു നര-
ന്മാക്കൊരാലംബമാം നിൻ-
പൊന്നിൻപാദം ഭജിപ്പാനവളുടനുപദേ-
ശിച്ചു തൽസൂനുവിന്നായ്. 3

അഞ്ചാണ്ടായ വയസ്സു മാത്രമുടയോ-
നെന്നാലുമിബ്ബാലകൻ
നെഞ്ചിൽ പാരമുറച്ചു മാനനിരതൻ
ത്വത്സേവ ചെയ്തീടുവാൻ
ചെഞ്ചെമ്മേ നഗരാൽ ഗമിച്ചു വഴിയിൽ
കണ്ടോരു വൈപഞ്ചികൻ
താൻ ചൊല്ലീടിന മന്ത്രമോത്തു മധുവാം
കാട്ടിൽ തപംചെയ്തുതേ. 4

പുത്രൻ പോയതിനാൽ വിഷാദമൊടു വാ-
ണീട്ടും നൃപന്നായുടൻ
പുത്തൻസാമവചസ്സുകൊണ്ടു കുതുകം
ചേർത്തീടിനാൻ നാരദൻ;
ചിത്തേ ഭക്തിയൊടും ക്രമേണ വളരും
ഘോരം തപം ചെയ്തലം
ശുദ്ധൻ ബാലകനും നയിച്ചു മതിമാൻ
മാസങ്ങളഞ്ചങ്ങനെ. 5

നിരുച്ഛ്വസിതമായഹോ! ഭുവനമാകെ;യിന്ദ്രാദ്യരും
സ്തുതിച്ചിതു; ഭവാൻ കൃപാപരവശൻ ഖഗേന്ദ്രോപരി
ലസിച്ച തവ രൂപമാം പരമചിദ്രസേ മഗ്നമായ്
ഭവിച്ച മനസാ തപിച്ചിട്ടമിവൻെറയഗ്രേ തദാ. 6

ഭവാനെക്കണ്ടേറും പ്രമദമതിനാ-
ലന്ധനായ് ലോചനംകൊ-
ണ്ടവാച്യശ്രീരൂപാമൃതമതിലഹോ!
മഗ്നനായ്ത്തീൎന്നുപിന്നെ
സ്തവം ചെയ്യാനിച്ഛിച്ചിട്ടമിവനെയോ-
ത്തിട്ട സംപൃഷ്ടമോദം
കപോലേ ശംഖത്താൽ കനിവൊട്ടഭവാൻ
സ്പൎശനം ചെയ്തനാഥാ! 7

തല്ക്കാലേ ബോധമുണ്ടായ് വിവിധനുതികൾ ചെ-
യ്തോരവൻതൻെറ ഭാവം
ചിക്കെന്നൻപോടറിഞ്ഞിട്ടവനൊട്ട 'സുചിരം
രാജ്യഭാരത്തെ നീ താൻ
സൗഖ്യത്തോടേ വസിച്ചദ്ധ്റുവപദമഥ സ-
ൎവ്വോത്തരം നിത്യമേററം
വിഖ്യാതം ചേൎന്നു വാണ്ണം പരസുഖമൊട്ട വാ
ഴ്ക'ന്നു നീ ചൊന്നുമോദാൽ. 8

ഏവം ചൊല്ലിബ്ഭവാനും പരപുരുഷ! മറ-
ഞ്ഞോരു നേരം ധ്രുവൻതാൻ
ഭാവം നന്നായ്ത്തെളിഞ്ഞൂ നിജനിലയനമുൾ-
പ്പുക്കടൻ പുണ്യശാലീ

സർവ്വർക്കും മോദമേകിത്തദനു ജനകനും
കാനനേ പോയശേഷം
സർവ്വാനന്ദം വഹിച്ചു തവ പുരുകൃപയാ
രാജ്യഭാരം ചിരായ. 9

യക്ഷൻതാൻ കൊന്നു പിന്നെസ്സുരുചിതനയനാ-
മുത്തമൻതന്നെയപ്പോൾ
യക്ഷന്മാരോട്ടു യുദ്ധേ രതനപി മനുവിൻ-
വാക്കിനാൽ പിന്തിരിഞ്ഞു
ലക്ഷ്മീശാ! ദക്ഷനാകും ധ്രുവനഥ ശമസ-
ന്തുഷ്ടനായ് വന്നസാക്ഷാ-
ദ്യക്ഷാധീശങ്കൽനിന്നും വിമലമതി ഭവൽ-
ഭക്തിയെത്താൻ വരിച്ചാൻ. 10

അന്തേ താവകസേവകാവലി നയി-
ച്ചുള്ളോരു യാനേന പോ-
യന്തർമ്മോദമിയന്നിവൻ ധ്രുവപദേ
വാഴുന്നു മാതാവൊട്ടും;
ഏവം ഭൃത്യരെ രക്ഷചെയ്യുതിന്നലം
താല്പര്യവാനാം ഭവാൻ
ശ്രീവാതാലയനാഥ! ഖേദമഖിലം
തീർത്തീടണം മാമകം. 11

## പതിനെട്ടാം ദശകം വേനചരിതം

ധ്രുവകുലജാതനാം വിദിതനംഗനുപന്നു സുതൻ
ഭവഹര! വേനനെന്നൊരുവനന്നുളവായി വിഭോ!
അവനതിദുഷ്ടനായ് വരികയാൽ ജനകൻ വ്യഥയാ
വിപിനതലം ഗമിച്ചിതു ഭവൽപദഭക്തിയോടേ. 1

പൗരന്മാർ പാപിയെന്നാകിലുമഥ മുറപോൽ
വേനനെത്തന്നെ രാജ്യം
പാലിപ്പാൻ നിശ്ചയിച്ചാർ; പുനരവനധികം
വീര്യവാൻ ധൈര്യശാലി
പാരിൽത്തൻശക്തിയെത്താനഖിലജനമൊട്ടും
വാഴ്ത്തിയെന്നല്ല പാരം
ക്രൂരൻ നിൻപൂജയേയും കുടിലമതി മുട-
ക്കീടിനാൻ ഗർവ്വമോടേ. 2

ഇഷ്ടം ചൊൽവതിനന്നു മാമുനിവര-
ന്മാരങ്ങു ചെന്നീടവേ
'ശിഷ്ടൻ വിഷ്ടപനാഥനായതിഹ ഞാ-
നല്ലാതെയില്ലാരുമേ'
ഇത്യേവം ത്വയി നിന്ദയോടുമുരചെ-
യ്തീടുന്ന വേനാഖ്യനാം
മത്തൻ താപസശാപവഹ്നിയിലുടൻ
ഭസ്മീഭവിച്ചീടിനാൻ. 3

വേനൻതാൻ നഷ്ടനായപ്പൊഴുതു ഖലഭിയാ
താപസന്മാരവൻ തൻ
മാതാ രക്ഷിച്ചുവെച്ചോരവനുടയ വപു-
സ്സൂരു മർദ്ദിക്കയാലേ
പാപത്തെസ്സന്ത്യജിച്ചോരളുവഥ ഭുജദ-
ണ്ഡത്തെയേററം മഥിച്ചാർ;
പാപം തീർക്കും ഭവാനാം പരിചിനൊടതിൽ നി-
ന്നുത്ഭവിച്ചാൻ തദാനീം. 4

പൃഥുചരിതം

സൂതാദ്യന്മാർകളാലേ മുനികളുടെ ഗിരാ
ഭാവിയാം ഭൂരിവീര്യം
മോദിച്ചോതീട്ടു പാരം സ്തുതനഥ പൃഥുവെ-
ന്നേത്രയും ഖ്യാതനാം നീ
വേനാർത്ത്യാ സർവ്വസമ്പത്തുകളെയുമകമേ
ചേർത്താരദ്ധാത്രിതന്നെ,-
സ്സാനന്ദം തല്ലി വില്ലാൽ ഗിരിനിരകളെയെ-
ല്ലാടവും തുല്യയാക്കി. 5

പിന്നേഗ്ഗോരൂപയായ്ത്തീർന്നൊരു മഹിയെയമർ-
ത്ത്യാദ്യരെക്കൊണ്ടു തത്ത-
ദ്വൃന്ദേ മുഖ്യത്വമാർന്നുള്ളവനെയജിത! നീ
വത്സമായ് നിശ്ചയിച്ചു
സന്നാഹത്തോടു നാനാസമുചിതതരപാ-
ത്രങ്ങളിൽ ചീർത്ത മോദാ-
ലന്നാദ്യത്തെക്കറപ്പിച്ചിതു വിരവിലവ-
ർക്കുള്ള കാമം കണക്കേ. 6

ചാലേ യാഗങ്ങളാൽ നീ മുരഹര! പുനരാ-
ത്മാവിനെത്താൻ യജിക്കും
കാലേ നൂറാകുമെണ്ണം തികയുമൊടുവിലു-
ള്ളശ്വമേധാഖ്യയാഗം
ആരംഭിച്ചോരു നേരം ശതമഖനുമതി-
സ്പർദ്ധപൂണ്ടെത്തി നീചാ-
കാരത്തോടേ ഹരിച്ചാൻ ഹയ,മുടനവനെ-
ത്വത്തനൂജൻ ജയിച്ചു. 7

ഏവം പിന്നെയുമങ്ങു വാജിയെ ഹരി-
ച്ചീടുന്ന ദേവേന്ദ്രനെ-
ത്താവതാപസരും തുനിഞ്ഞിതു വിഭോ!
ഹോമിപ്പതിന്നഗ്നിയിൽ;
ബ്രഹ്മാവെത്തിയുടൻ തടുത്തു മഖവും
തീർത്തോരു ശേഷം പരം
സമ്മോദത്തൊടു വിഷ്ണുരൂപമൊടു നീ
ദർശിച്ചിതാത്മാവിനെ. 8

തദ്ദത്തം വരമായ ഭക്തിയെ മുദാ
കൈക്കൊണ്ടു ഗംഗാതടേ
ശുദ്ധാത്മാ നിവസിച്ചു നീയൊരുദിനം
ധർമ്മപ്രകാരങ്ങളെ
സത്രത്തിന്നിഹ വന്ന മാമുനിവര-
ന്മാർപോടു ചൊല്ലുമ്പൊൾ വ-
ന്നെത്തീടും സനകാദ്യരാം മുനികളെ-
ദ്ദർശിച്ചിതഗ്രേ വിഭോ! 9

സനകമുഖഗിരം കേട്ടാത്മബോധേന നീയും
വനഭുവി തപമാർന്നിട്ടാത്മരൂപം ഗമിച്ചു;
മനസി കരുണയോടേ താദൃശാത്മാ ഭവാനെൻ-
ഘനതരദുരിതൗഘം തീർക്കണം മാരുതേശാ! 10

## പത്തൊൻപതാം ദശകം

സമ്മോദാൽ പൃഥുധർമ്മകർമ്മനിരതൻ
പ്രാചീനബർഹിസ്സുതാൻ
ചിന്മൂർത്തേ! പൃഥുവിൻെറ പൗത്രസുതന-
ക്കാലം ജനിപ്പിച്ചുതേ

ചിന്നും നിൻകനിവിൻമുളയ്ക്കുകളെയെ-
ന്നോണം പ്രചേതോഗണം
തന്നെശ്ശോഭനയാം ശതദ്രുതിയതാ-
യീടുന്ന തൻഭാര്യയിൽ. 1

സൃഷ്ടിച്ചീടുവതിന്നു കാംക്ഷ കലരും
താതൻ നിയോഗിക്കയാൽ
ശ്രേഷ്ഠന്മാരവർ പത്തുപേരുമഥ നിൻ-
പാദം ഭജിച്ചീടുവാൻ
ഒട്ടേറും കൊതിയോടു പശ്ചിമസമു-
ദ്രത്തിൻതടേ ചെന്നുടൻ
തുഷ്ട്യാ ദൃഷ്ടികൾകൊണ്ടു നല്ലൊരുതടാ-
കത്തെപ്പുണർന്നീടിനാർ. 2

അന്നേരം തവ തീർത്ഥമാകുമിതിനെ
പ്രാപിച്ച മൃത്യുഞ്ജയൻ
നിന്നോമൽപദഭക്തദർശനവശാ-
ലത്യാദരത്തോടുടൻ
കുന്നിക്കും സുകൃതം കലർന്നൊരവർതൻ
മുന്നിൽപ്രവേശിച്ചു താൻ
ചൊന്നാൻ നല്ലുപദേശമായ്ത്തവ മഹാ
സ്തോത്രം ഭവൽഭക്തിമാൻ. 3

രുദ്രൻ ചൊല്ലിയ നൽസ്തവത്തെയിവരും
ഭക്ത്യാ ജപിച്ചായിരം
പത്തബ്ദങ്ങൾ കഴിച്ചു നിന്നുടെ പദം
സേവിച്ചു തോയാന്തരേ;

അത്യാനന്ദമെഴും ഭവൽസുഖരസാ-
സ്വാദത്തിനാലേയിവ-
ക്കെത്തീ കാലമതിത്രയും, ധ്രുവസമം
ചേൎന്നീല ശൈശ്വൎയ്യം വിഭോ! 4

ഏററം വൎദ്ധിച്ചിട്ടുന്നോരവരുടയ തപ-
ശ്ശക്തിയാൽ യാഗകൎമ്മം
തെററിച്ചാടോപമാൻറുള്ളതിഖലമതിയാം
വേനനും ശുദ്ധനായി;
തെറെറന്നത്താതനും തൻനിലയമഥഗതൻ
നാരദൻ ചൊന്ന തത്വം
മുററും ബോധിച്ചു നിന്നോടതിസുകൃതി ലയി-
ച്ചീടിനാൻ നീരജാക്ഷാ! 5

തോയംതന്നിൽ മഹാതപസ്സോട്ടുവസി-
ച്ചീട്ടും പ്രചേതസ്സുകൾ-
ക്കായിട്ടന്നവർമുൻപിലുററ കരുണാ-
പൂരത്തിനാൽ ശ്രീപതേ!
ശ്രീയേറീട്ടുമൊരെട്ടു കൈകളിലുമ-
ച്ചക്രാദി ചേൎത്തുള്ള നൽ-
ക്കായം പക്ഷികൾനായകോപരി ഭവാൻ
പ്രത്യക്ഷമാക്കീടിനാൻ. 6

യാചിച്ചില്ലവരൊന്നുമെങ്കിലുമുടൻ
ശൗരേ! ഭവാൻ നൽകിനാൻ
കാരുണ്യത്തൊടനുഗ്രഹങ്ങളെയവ-
ക്കായിട്ടിവണ്ണം വിഭോ!

'ധ്യാനം നിങ്ങടെ ദേഹികൾക്കു ശുഭമേ-
കീട്ടും ദൃഢം; കാമിതം
ദാനംചെയ്യൊരു രുദ്രഗീതനുതിയും
നൽകും തഥാ മംഗളം; 7

വൃക്ഷൗഘാത്മജയാളെ വേട്ടവളൊട്ടും
ലക്ഷം ദശാബ്ദങ്ങളിൽ
പ്രക്ഷീണാർത്തികളായി നിങ്ങളനിശം
ക്രീഡിച്ചു വാണീടുവിൻ;
ദക്ഷൻ പുത്രനുമുത്ഭവിക്കുമധികം
സക്ഷേമമായ്,ത്തൽക്ഷണം
മോക്ഷം നിങ്ങൾ ലഭിക്കു'മെന്നതി മുദാ
ലക്ഷ്മീപതേ! ചൊല്ലി നീ. 8

പിന്നെബ്ഭൂതലമേററവും ബത! മറ-
ച്ചീടുന്ന വൃക്ഷങ്ങളെ-
ച്ചിന്നും കോപമൊടേ ദഹിക്കുമവരെ
ബ്രഹ്മാവു രോധിച്ചുതേ;
അന്നേരത്തവ നൽകിയോരു സുതയെ
പ്രാപിച്ചു മോദിച്ചു, നീ
ചൊന്നോരസ്സമയംവരയ്ക്കുമവരും
ക്രീഡിച്ചു മേവീടിനാർ. 9

ശൗരേ! ദക്ഷാഖ്യനാകും തനയനെയുമവാ-
പിച്ചു പിന്നെ പ്രമോദാ-
ലോരോ യാഗങ്ങളും ചെയ്തവർ മുനിവരനാം
നാരദൻതന്നിൽ നിന്നും

സാരം തത്വം ഗ്രഹിച്ചിട്ടഥ ബത! പരമാ—
നന്ദമോക്ഷം ലഭിച്ചാർ
നേരോടവ്വണ്ണമുള്ളോരനിലവര! ഭവാ—
നെന്നെ രക്ഷിച്ചിടേണം. 10

## ഇരുപതാം ദശകം

പ്രിയവ്രതൻതൻപ്രിയപുത്രനായോ—
രാഗ്നീദ്ധ്രരാട്ടിൻസുതനായ നാഭി
ഭവാന്റെ തുഷ്ടിക്കു തുടന്ന യാഗേ
ഭവാനെയഗ്രേ തെളിവോടു കണ്ടാൻ. 1

തന്നോടൊത്തുള്ള പുത്രൻ നരവരനുളവാ—
കേണമെന്നുററ ഭക്ത്യാ
നന്നായ് നിന്നെ സ്തുതിച്ചിട്ടഥ മുനിനികരം
ചൊല്ലിവാഴ്ത്തുന്നനേരം
'ഖിന്നത്വം വേണ്ട ഞാൻ താൻ നൃപനുടെ സുതനാ—
യുത്ഭവിക്കുന്നതുണ്ടെ'—
ന്നന്യൂനാനന്ദമേറും വിധമരുളിവരം,
തീയിൽ നീയും മറഞ്ഞു. 2

ശ്രീമാനാകിയ നാഭിതൻദയിതയാം
ശ്രീമേരുദേവ്യാമുടൻ
പൂമാതിൻമണവാള! നീയൃഷഭനെ—
ന്നുള്ളോരു നാമത്തോടേ
കാമം വിസ്മയനീയമാം ഗുണഗണം
കൊണ്ടങ്ങു സർവ്വക്കുമ—
ത്യാമോദപ്രദനായ് നിജാംശമതുകൊ—
ണ്ടുണ്ടായ് വികുണ്ഠാധിപ! 3

ത്രിഭുവനധരനാകും നിൻകലാ രാജ്യഭാരം
സുഭഗനഥ സമർപ്പിച്ചൻപിലന്നാഭിതാനും
ദയിതയൊട്ട വനത്തിൽചെന്നു നിന്നെബ്ഭജിച്ചി-
ട്ടയി തവ പരമാനന്ദാസ്പദം പുക്ക ലോകം. 4

ഇന്ദ്രൻതാൻ ബത! നിൻമഹാമഹിമയാ-
ലുണ്ടായ കോപത്തിനാ-
ലന്നീ നിന്നജനാഭവർഷമതിലേ
വർഷിച്ചതില്ലൊട്ടുമേ;
അന്നേരം നിജയോഗശക്തിയതു കൊണ്ട-
ന്നിദ്രവീര്യൻ ഭവാ-
നന്യൂനം നിജവർഷമാമിതിലഹോ!
ഹർഷിച്ചു വർഷിച്ചതേ. 5

ഏററം തോറെറാരു ദേവനായകനുടൻ
മോദിച്ചു നല്കീട്ടമ-
ക്കററക്കാർകുഴലാൾ ജയന്തിയെ വരി-
ച്ചാത്മൈകസക്തോപിനീ
മുററും പുത്രരെ നൂറുപേരെയവളിൽ
ശൗരേ! ജനിപ്പിച്ചതേ;
കുററം തീർന്നവർ പൂർവ്വജൻ ഭരതനും
രാജത്വമാർന്നീടിനാൻ. 6

നവസുതരഥ ശൗരേ! യോഗിമാരായ് ഭവിച്ചു;
നവസുതർ നവഖണ്ഡം ഭാരതം രക്ഷചെയ്തു;
തവ സുതർ പുനരെൺപത്തൊന്നുപേരും തപം ചെ-
യ്തവികലഗുണ! ഭൂമീദേവരായ്ത്തീർന്നവല്ലോ. 7

മുനിവരരുടെ മദ്ധ്യേ ഭക്തിവൈരാഗ്യയുക്തം
തനയരൊടുപദേശിച്ചന്നു നീ മുക്തിമാൎഗ്ഗം
അനഘപരമഹംസത്വം വഹിച്ചിത്രിലോകീ–
ജനക! ജളപിശാചഭ്രാന്തതുല്യം ചരിച്ചു. 8

പരാത്മാവെന്നാലും പരമമുപദേ–
ശം ജനങ്ങൾക്കു നേരാ–
യുരച്ചീടും നിന്നെസ്സകലജനവും
സന്ത്യജിച്ചാർമുരാരേ!
സ്ഫുരൽ ബ്രഹ്മാനന്ദാനുപമിതരസ–
ത്തിങ്കലാമഗ്നനായ് നീ
ചരിച്ചു പാരെല്ലാടവുമൊരു വികാ–
രം വിനാ വിശ്വമൂർത്തേ! 9

പെരുമ്പാമ്പും കാകൻ പശു മൃഗമിവറ്റോടു സദൃശം
ചിരം പാരിൽ ചുറ്റിപ്പരമ! നിജരൂപ–
ത്തെയൊടുവിൽ
പരം പ്രാപിച്ചിട്ടക്കുടചഗിരിദാവത്തിലുടല–
ന്നെരിഞ്ഞോരീശാ! നീ കളക മമ പാപം ഗുരുപതേ!

## ഇരുപത്തിയൊന്നാം ദശകം

തത്തപ്പെണ്മണിവാണി പാർവ്വതി തുട–
ങ്ങീട്ടുള്ള നാരീജനം
മാത്രം നിത്യസുഖം കലർന്നു സരസം
ക്രീഡിച്ചുമേവുന്നതായ്

പൃത്ഥ്വീമധ്യഗമാമിളാവൃതമതിൽ
കാമാരിമന്ത്രങ്ങളാൽ
സ്തോത്രംചെയ്തരുളുന്ന മാധവ വിഭോ!
സംകർഷണാത്മൻ തൊഴാം. 1

ഭദ്രാശ്വമാകിയൊരിളാവൃതപൂർവ്വവർഷേ
ഭദ്രശ്രവസ്സുകൾ മഹർഷികൾ സേവചെയ്യും
ഭദ്രാത്മക! പ്രളയകാലനിരുദ്ധവേദൗ-
ഘോദ്ധാരധീരഹയശീർഷതനോ! തൊഴുന്നേൻ. 2

തെക്കുള്ളാ ഹരിവർഷവർഷമതില-
പ്രഹ്ലാദദൈത്യാദ്യരാം
ഭക്തന്മാർ വഴിപോലെ വാഴ്ത്തുമമല!
ശ്രീമൻ! കൃപാവാരിധേ!
ചൊൽക്കൊള്ളും നരസിംഹരൂപ! ധവളോ-
ത്തുംഗപ്രശാന്താകൃതേ!
മുഖ്യാദ്വൈതസുബോധസാരമരുളും
നാഥാ! വണങ്ങുന്നു ഞാൻ. 3

പിന്നെപ്പശ്ചിമവർഷമായി വിലസും
ശ്രീകേതുമാലത്തിലേ
നന്നായ് ബ്രഹ്മതനൂജരും കമലയും
ഭക്ത്യാ സ്തുതിച്ചീടവേ
കന്ദർപ്പോപമമായ രൂപമവൾതൻ-
പ്രീതിക്കു കൈക്കൊണ്ടലം
മിന്നും ലീലകൾ മന്ദഹാസരുചിയും
ചേരും ഹരേ! കൈതൊഴാം. 4

നല്ലോരുത്തരവർഷമായ മഹിതം
ശ്രീരമ്യകം തന്നില-
ച്ചൊല്ലേറീടിന വർഷനായകമനു-
ശ്രേഷ്ഠൻ പുകഴ്ത്തീടവേ
കല്യാണാലയ! മത്സ്യരൂപധരനായ്
സല്ലോക ചിത്തത്തില-
ത്യുല്ലാസാൽ വിലസും ഭവാനെയനിശം
ഭക്തൈകബന്ധോ! തൊഴാം. 5

ശ്രീമന്നുത്തരമാം ഹിരണ്മയമതിൽ
പണ്ടദ്രിയെപ്പൊക്കുവാ-
നാമോദേന ധരിച്ച കൂർമ്മവടിവാ-
ന്നേററംവിളങ്ങും വിഭോ!
ഓമൽപ്പങ്കജതുല്യമാം തവ പദം
വാഴ്ത്തുന്നുപോലാര്യമാ-
വാമാര്യൻ പിതൃനായകൻ സരസ,മാ
നിന്നെച്ചിദാത്മൻ! തൊഴാം. 6

അൻപോടുത്തരദിക്കിലുള്ള കുരുദേ-
ശത്തിൽ പ്രിയാ ഭൂമിയാൾ
വൻപേറും സ്തുതിമന്ത്രസന്തതികളാൽ
സേവിച്ചിടും ശ്രീഹരേ!
കമ്പം ദംഷ്ട്രകൾകൊണ്ടു മേഘനിരകൾ-
ക്കേകും മഹാദേഹമു-
ള്ളൻപോററീ! കൃപചെയ്ക പണ്ഡിതനുത-
ശ്രീയജ്ഞകോലാകൃതേ! 7

പിന്നെക്കിംപുരുഷാഖ്യമായി വിലസും
 തെക്കുള്ള വർഷത്തിലേ
നന്നായ് ഭക്തികലൎന്നിടുന്ന ഹനുമാൻ
 സേവിച്ചിടും ശ്രീപതേ!
മന്നിൻനന്ദനയാൾക്കു മോദകരമാ-
 മാൎയ്യശ്രീരൂപത്തോടേ
മിന്നും ശ്രീരഘുനാഥരൂപ! കൃപയാ
 പാലിക്ക ബാലികരേ! 8

ശൗരേ! ഭാരതഖണ്ഡമുഖ്യരൊട്ടുമ-
 ശ്രീനാരദൻ സൎവ്വദാ
നേരോടങ്ങനെ സാംഖ്യയോഗനതിയാ-
 ലേറ്റം പുകഴ്ത്തും വിഭോ!
പാരം നന്മകൾ ഭക്തരിൽ പ്രളയകാ-
 ലത്തോളമേകുന്ന നൽ-
ക്കാരുണ്യാമൃതവാരിധേ! നരസഖാ!
 നാരായണാ! കൈതൊഴാം. 9

പ്ലക്ഷദ്വീപേ ഭവാനെദ്ദിനകരമയനായ്,
 ശാല്മലേ ചന്ദ്രനായും,
സൎവ്വേശാ! വഹ്നിയായും കുശമതി,ല്വദകാ-
 കാരനായ് ക്രൗഞ്ചമാകും
ദ്വീപത്തിൽ, ദേവ! ശാകേ പവനമയനതായ്,
 ശ്രീപതേ! പുഷ്കരത്തിൽ
ബ്രഹ്മാത്മാവായുമെന്നും സകലരുമൊരുപോൽ
 സേവചെയ്യുന്നു ഭക്ത്യാ. 10

പുച്ഛാദിയാമവയവങ്ങളിലൊക്കെയെല്ലാ-
ത്താരാഗ്രഹങ്ങളെയുമീശ! മഹാജനങ്ങൾ
കല്പിച്ചു ഭക്തിയോടു സന്ധ്യകളിൽ ഭജിക്കും
ശ്രീശിംശുമാരതനുവാം ഭഗവൻ! തുണയ്ക്ക. 11

പാതാളത്തിനു താഴെയങ്ങനെ മഹാ-
ശേഷസ്വരൂപം വഹി-
ച്ചാടീടുന്നൊരു കുണ്ഡലം കലരുമീ-
രണ്ടായിരം ശീർഷത്തൊടും
നീലപ്പട്ടുകിലും ഹലം ഫണിവധൂ-
സംഘാതവും ചേർന്നനിൻ-
കാലോക്കുന്നു; ഹരിക്ക ദുഃഖമഖിലം
ശ്രീവായുഗേഹാധിപ! 12

## ഇരുപത്തിരണ്ടാം ദശകം

മുന്നം നല്ലോരജാമിളാഖ്യനവനീ-
ദേവൻ ഗൃഹസ്ഥാശ്രമി
നന്നായ് ധർമ്മപഥൈകതാനമതിയായ്
വാഴുന്ന നാളേകദാ
ധന്യൻ തൻഗുരു ചൊൽകയാൽ വനതലം
പ്രാപിച്ചു പാരം മുദാ
ചേർന്നീടുന്നൊരു ധൃഷ്ടയാം കുലടയെ-
ക്കണ്ടീടിനാൻ ശ്രീപതേ! 1

താനോ നല്ലൊരു ശാന്തനെങ്കിലുമവൻ
നാരീവശാത്മാവതായ്
മാനിച്ചായവളെപ്പുണർന്നു നിജമാം
ധർമ്മം മറന്നത്ഭുതം!

കാമത്തോട്ട നിഷിദ്ധകൃത്യമധികം
ചെയ്തിട്ട തൻവാർദ്ധകേ
പ്രേമം നിന്നുടെ നാമമുള്ളൊരു സുതൻ–
തന്നിൽ ഭരിച്ചീടിനാൻ. 2

ആടൽപ്പെട്ടവനന്നു മൃത്യുസമയേ
കണ്ടീടിനാനന്തികേ
പേടിച്ചുദ്ധതരായ മൂന്നു യമഭൃ–
ത്യന്മാർകളെത്തൽക്ഷണേ
ഈടേറും തവ ചിന്ത പണ്ട ചെറുതൊ–
ന്നുണ്ടാകയാലുത്ഭവി–
ച്ചീട്ടും വാസനയാൽ വിളിച്ചു മകനാം
നാരായണൻ തന്നെയും. 3

ദുഷ്ടാത്മാവെന്നുവന്നീടിലുമവനിഹ നിൻ–
നാമമാഹന്ത! ഭീതി–
പ്പെട്ടേവം ചൊന്നനേരത്തതിനുടെ മഹിമാ–
വായവൻതൻെറ മുൻപിൽ
ഒട്ടേറീടുന്ന സൗന്ദര്യവുമധികരുചി–
പ്രൗഢിചേരുന്ന മഞ്ഞ–
പ്പട്ടും നാലോമനക്കൈകളുമുടയ ഭവൽ–
പാർഷദന്മാരണഞ്ഞു. 4

പാശംകൊണ്ടു വരിഞ്ഞു വിപ്രനെ വലി–
ച്ചീട്ടും ഭടന്മാരെയ–
ന്നീശാ! 'വിട്ട ഗമിപ്പി'നെന്നിവർ ബലാ–
ലേററം തടുത്തീടിനാർ;

മോശപ്പെട്ടവർ മാറിനിന്നു തവ ദാ–
സന്മാരൊടബ് ഭ്രസുരാ–
ധീശൻ ചെയ്ത സമസ്തപാപവുമുടൻ
ചൊല്ലീടിനാർ മെല്ലവേ. 5

കൊള്ളാം! പാപമനേകമിന്നിവനില്ലു–
ണ്ടെന്നാകിലും സർവ്വവും
തള്ളാൻ നിഷ്കൃതി ചെയ്തപോതില്ലമഹോ!
ദണ്ഡം നടത്തേണമോ?
ഉള്ളിൽ പണ്ഡിതർ നിങ്ങൾ നിഷ്കൃതിയറി–
ഞ്ഞിട്ടില്ലയോ തെല്ലുമെ?'–
ന്നെള്ളോളം ഭയമെന്നിയേയരുളിനാർ
നാഥാ! ഭവദ്ദാസരും. 6

'ശ്രൗതസ്മാർത്തമഹാവ്രതാദികളെടോ!
പാപങ്ങൾ നീക്കും ദൃഢം
ചേതസ്സിൽ കലരുന്ന വാസനയെ നീ–
ക്കീടാ നിനച്ചീടുകിൽ;
പൂതശ്രീഹരിസേവ രണ്ടിനെയുമൊ–
ടോടേ നശിപ്പിക്കുമെ'–
ന്നാതങ്കാപഹരായിടുന്ന തവ ദാ–
സന്മാർ പറഞ്ഞീടിനാർ. 7

'വാടിപ്പേടി കലർന്നു നാഥനുടയ–
ന്നാമം ജപിച്ചപ്പൊഴേ
കോടിക്കോടികളാം ജനുസ്സുകളിലാ–
ർജ്ജിച്ചുള്ള പാപങ്ങളും

പേടിച്ചോട്ടുവതിന്നു നിഷ്കൃതിയിവൻ
        ചെയ്തെന്നു ബോധിപ്പിനെ'-
ന്നീഡിച്ചീടിന ഭക്തരിൽ കനിവെഴം
        നിൻദാസരോതീടിനാർ. 8

'ചിന്തിക്കാതുരചെയ്കിലും ഹരിമഹാ-
        നാമം ജവാൽ മാനവ-
ക്കന്തം പാപനിരസ്സു ചേക്കു,മതിനു-
        ണ്ടത്രസ്സു താൻ ഗൗരവം;
ചെന്തീയിന്ധനസഞ്ചയത്തെ, രുജയേ-
        സ്സിദ്ധൗഷധം-താനുമി-
ങ്ങെന്തേ ചെയ്യുവതോർപ്പി'നെന്നു തവ ദാ-
        സന്മാർ പറഞ്ഞീടിനാർ. 9

കേട്ടേവം യമദൂതസഞ്ചയമുടൻ
        പോയോരു ശേഷം വിഭോ!
പെട്ടെന്നങ്ങു ഭവാൻെറ ദാസജനവും
        ചെമ്മേ മറഞ്ഞീടിനാർ;
ശിഷ്ടൻ വിപ്രനുമല്പകാലമഥ നിൻ
        പാദാംബുജത്തെ സ്മരി-
ച്ചിഷ്ടം നിൻപദമെത്തിനാൻ തവ ഭട-
        ന്മാരോടഹോ ഭാഗ്യവാൻ 10

ദൂതന്മാരുരചെയ്ത വാത്തയഖിലം
        കേട്ടമ്പരന്നന്തകൻ
'പാഥോജേക്ഷണഭക്തലോകസവിധേ
        പോകായ്വിനെ'ന്നെത്രയും

ചേതശ്ശങ്ക കലൻറ ഭൃത്യരൊട്ട നിർ–
ബ്ബന്ധിച്ചു ചൊല്ലീടിനാൻ;
വാതാഗാരപതേ! തഥാ കൃപയെഴും
നീയെന്നെ രക്ഷിക്കണം. 11

## ഇരുപത്തിമൂന്നാം ദശകം

പിന്നെ പ്രാചേതസനപരനാം
ദക്ഷനും സൃഷ്ടികാർയ്യം
നന്നായ് വർദ്ധിപ്പതിനയി വിഭോ!
നിൻപദാബ്ജംഭജിച്ചു;
അന്നേരം നീ കനിവൊട്ട ഗമി–
ച്ചെട്ടു ബാഹുക്കൾ പൂണ്ട–
ദ്ധന്യന്നേകീ വരമതുമസിക്–
ന്യാഖ്യയാം നാരിയേയും. 1

ഉണ്ടായാർ പതിനായിരം തനയർമുൻ–
പോരായിരം പിന്നെയും;
ധീമാന്മാരവർ നാരദൻെറയരുളാൽ
മോക്ഷം ലഭിച്ചീടിനാർ;
സഞ്ചാരം പലടെത്തുമെന്നവനൃഷി–
ക്കേകീടിനാൻ ശാപവും;
തൽഭക്തൻ മുനിതാനനുഗ്രഹമതെ–
ന്നോർത്താൻ പ്രമോദാന്വിതം. 2

അറുപതു സുതമാരാൽ പിന്നെവംശങ്ങൾ സൃഷ്ടി–
ച്ചിട്ടമവനുടെ പുത്രീ പൗത്രനാം വിശ്വരൂപൻ
തവ നുതിധൃതവർമ്മാവാക്കിയിന്ദ്രന്നു യുദ്ധേ
വിജയമരുളി; സർവ്വോൽകൃഷ്ടമേ നിൻമഹത്വം. 3

ദൈത്യാരേ! വരശ്ശൂരസേനവിഷയേ
　　ശ്രീ ചിത്രകേതാഖ്യനാം
പൃത്ഥ്വീശൻ സുതവാഞ്ഛയോടമരവേ
　　പണ്ടംഗിരസ്സിന്നുടെ
ചീർത്തീടും കൃപകൊണ്ടു കിട്ടിയ സുതൻ–
　　തന്നെസ്സപത്നീഗണം
ചിത്രം! കൊന്നളവിൽ ഭ്രമിച്ചു വിവശൻ
　　നിൻമായയാലെത്രയും. 4

ശ്രീനാരദൻ കൃപയൊടംഗിരസാ സമേതൻ
ശ്രീനാഥ! ചെന്നവൻ കാട്ടി മകന്റെ ജീവം;
'ഞാനാർക്കു ഹന്ത! സുത'നെന്ന തദുക്തികേട്ടി–
ട്ടാനന്ദിയാമവനെ നിൻഭജനേ വിധിച്ചു. 5

സ്തോത്രം മന്ത്രവുമാന്റു മാമുനിയിൽ നി–
　　ന്നൻപിൽത്തപം ചെയ്തുടൻ
ഗോത്രേശൻ ബത! ശേഷമൂർത്തി കലരും
　　നിൻതോഷമുണ്ടാക്കുവാൻ
ഓർത്തന്നേഴ ദിനങ്ങൾ കൊണ്ടയി വിഭോ!
　　വിദ്യാധരാധീശനായ്
ശുദ്ധൻ പിന്നെയുമുത്സുകൻ തവ പദം
　　നന്നായ് ഭജിച്ചീടിനാൻ. 6

അക്കാലത്തങ്ങവൻതൻസവിധഭുവി സഹ–
　　സ്രോത്തമാംഗങ്ങളോടും
ചൊൽക്കൊണ്ടീടും മൃണാളോജ്ജ്വലധവളനിറം
　　ചേർന്ന രൂപം കലർന്നും

സിദ്ധന്മാർ വാഴ്ത്തവേ നീ വിലസിയുടനതി
    സ്തോത്രസന്തുഷ്ടനായി-
ശ്ശുദ്ധം ചൊന്നാത്മതത്വം മുരഹര! വരവും
    നൽകി മെല്ലേമറഞ്ഞു. 7

ഭക്തന്മാർമൗലിയായോരവനഥ വിഭോ!
    ലക്ഷലക്ഷാബ്ദകാലം
ചൊൽക്കൊള്ളും നിൻഗുണൗഘം കമലമിഴികളെ-
    ക്കൊണ്ടു പാടിച്ചു കാമം
ചീർക്കും മോദം കലർന്നിട്ടതിലളിതമഹോ!
    വിഷ്ണുപത്തികളെല്ലാ-
മാക്കും ചിത്രം വളർക്കും വിഭവമൊടധികം
    സംഗമെന്യേ ചരിച്ചു. 8

സംഗം നിശ്ശേഷമായിട്ടറുതി വരുവതി-
    ന്നായി നിൻപ്രേരണത്താൽ
മങ്ങാതെചെന്നു രൗപ്യാദ്രിയിലവിടെ മഹാ-
    ന്മാർ വസിക്കും സദസ്സിൽ
തിങ്ങും കാന്ത്യാ കനിഞ്ഞദ്ഗിരിജയെ മടിയിൽ
    ചേർത്ത മാരാരിയാകും
ഗംഗാചൂഡം വിശങ്കം തദനു പരിഹസി-
    ച്ചു ശപിച്ചു ഭവാനി. 9

പേടിച്ചീലെന്നു തന്നല്ലിവനഥ വിഭോ!
    ശാപമോക്ഷത്തെയും താൻ
യാചിച്ചീലന്നു വൃത്രാഹ്വയസുരരിപുവായ്-
    ത്തീർന്നു ദേവേന്ദ്രനോടായ്

ക്രോധിച്ചേററം രണംചെയ്തടലിലമലഭ—
ക്ത്യാത്മതത്വങ്ങൾ ചിത്രം!
ഭാഷിച്ചശ്ശത്രുവിന്നും ഭ്രമമതു നിരസി—
ച്ചെത്തിനാൻ നിൻപദത്തിൽ. 10

നിന്നെസ്സേവിച്ചു ദേവാധിപനെയഥ വധി—
പ്പാനൊരുങ്ങും ദിതിക്കു—
ന്നുണ്ടായ് നേരേ മറിച്ചങ്ങജിത ബത! മരുൽ—
സംഘമിന്ദ്രന്റെ മിത്രം;
നിന്നെസ്സേവിച്ചിട്ടന്നോർ ഖലമതിയുടയോ—
രെങ്കിലും നന്മയുണ്ടാ;
മെന്നെപ്പാലിക്ക തത്താദൃശ ഗുരുപവനാ—
ധീശ്വരാ! വിശ്വമൂർത്തേ! 11

## ഇരുപത്തിനാലാം ദശകം

മുന്നം നീ കിടിയായ് രമാവര! ഹിര—
ണ്യാക്ഷാഖ്യനെക്കൊന്നതിൽ
പിന്നെത്തൽസഹജൻ ഹിരണ്യകശിപു—
പ്രഖ്യാതനത്യാകുലൻ
ഇന്ദ്രാരാതിസദസ്സിൽ വെച്ചു ശപഥം
ചെയ്തീടിനാൻ ബാലിശൻ
നിന്നെക്കൊല്ലുവതിന്നു പോൽ മുരരിപോ!
ചിന്നുന്ന രോഷത്തോടേ. 1

പിന്നെബ്ഭീമതപസ്സുചെയ്തു വിധിയെ
പ്രത്യക്ഷമാക്കി ക്ഷണം
മുന്നിൽ, ദേവനരാദ്യരാലവധമാ—
യീട്ടും വരം ചേർന്നിവൻ

നീയാകും പതിയാന്ന ലോകമിതഹോ!
        മർദ്ദിച്ചു നിന്നിൽ ഖലൻ
ഭീയെന്യേ മഘലവാവിൽ നിന്നു സഹസാ
        വിണ്ണും ഹരിച്ചീടിനാൻ. 2

കൊന്നീടുന്നതിനായി നിന്നുടെ പദം
        പ്രാപിച്ചോരശ്ശത്രുവാം
മന്ദൻതൻഹൃദയേ മറഞ്ഞിതു ഭവാ—
        നാഹന്ത! സൂക്ഷ്മാത്മനാ;
അന്നേരം കഠിനാട്ടഹാസമൊടവൻ
        ലോകത്തിലെല്ലാം തിര—
'ഞ്ഞെന്നിൽ പേടികലന്നു മണ്ടിയിവ'നെ
        ന്നോത്തിട്ടടങ്ങീ മദാൽ. 3

ഗർഭാവാസത്തിൽ വീണാധരമുനിയരുളി—
        ച്ചെയ്ത നിൻഭക്തിയോഗം
പ്രാപ്തൻ പ്രഹ്ലാദനാകും സുതനിവനുടനു—
        ണ്ടായ;വൻ ജാതിയാലേ
ദൈത്യൻതാൻ, ബാലനെന്നാകിലുമഥ രതി കൈ—
        ക്കൊണ്ടു പാരം ഭവാനിൽ
തൽഭക്തന്മാക്കു ശൗരേ! വരദ! പരമമാ—
        യുള്ള ദൃഷ്ടാന്തമായാൻ. 4

ദൈത്യന്മാക്കൊക്കെ ഹാസ്യം തവ പദഭജനം
        പുത്രനിൽ കണ്ടു താതൻ
ശിക്ഷിപ്പിച്ചാൻ ഖലാത്മാ ബത! ഗുരുവരരെ—
        ക്കൊണ്ടിവൻതന്നെയന്നാൾ;

'ദോഷത്തിന്നാണിതെല്ലാം ദൃഢ'മിതി ഗുരുവാ–
ക്കൊക്കെയും തള്ളിയിട്ട–
ദ്ദോഷജ്ഞൻ ബാലനും നിന്നടിയിണയിലെഴും
ഭക്തിയോടേ വളൎന്നു. 5

'പുത്രാ! നീയഭ്യസിച്ചുള്ളതുകളിലധികം
നല്ലതെന്തെ'ന്നു പൃഷ്ടൻ
പുത്രൻ നിൻഭക്തി നന്നെന്നരുളിയ സമയേ!
പൂണ്ടു പശ്ച്യാകുലത്വം
ദൈത്യൻ രോഷിച്ചനല്പം ഗുരുവരരൊടി,വൻ–
തൻെറ ദുർബ്ബുദ്ധിയാണെ–
ന്നോൎത്തീ നിൻഭക്തനായോരിവനെയഥ വധി–
ച്ചീടുവാനായ്ത്തുനിഞ്ഞു. 6

ശൂലൗഘംകൊണ്ടു വേധിച്ചധികമഥ മഥി–
പ്പിച്ചു ദിഗ്ദന്തിവൃന്ദൈ–
രാലം നൽകിക്കടിപ്പിച്ചുരഗനിരകളാൽ
പട്ടിണിക്കിട്ടു പാരം
ശൈലാഗ്രത്തിങ്കലേററിദ്ധരണിയതിലെറി–
ഞ്ഞൂക്കൊടെന്നാലുമന്നി–
ബ്ബാലൻ തൽഭക്തിയാലങ്ങൊരുപൊഴുതുമഹോ!
പീഡയാൎന്നില്ല തെല്ലും. 7

ദുഷ്ടൻ ദൈത്യനുമൊട്ടു ശങ്ക കരളിൽ–
ത്തട്ടീട്ടുടൻ കുട്ടിയെ–
ക്കെട്ടീ ദേശികവാക്കിനാൽ വരുണപാ–
ശം കൊണ്ടു തന്മന്ദിരേ;

ശിഷ്യൻ തൻഗുരു വിട്ടുപോയൊരളവിൽ
ബാലക്കു നിൻഭക്തിതൻ–
ശ്രേഷ്ഠത്വം പരമാത്മതത്വവുമവൻ
ചൊല്ലിക്കൊടുത്തീടിനാൻ. 8

ബാലന്മാരൊക്കെയും നിൻസ്തുതിയൊട്ടു മരുവു–
ന്നെന്നു കേട്ടിട്ടു താതൻ
കോലും കോപേന 'ദുഷ്ടാ! തവ ബത! ബലമാ–
രെ?'–ന്നിവൻതന്നോടോതി;
ശ്രീലക്ഷ്മീശൻ ബലം മേ, തവ, സകലജഗ–
ത്തിന്നു, മെന്നല്ലവൻ താൻ
ത്രൈലോക്യം സർവ്വമെന്നങ്ങധികധൃതിയൊടേ
ചൊല്ലിനാൻ ബാലനപ്പോൾ. 9

'എടാ! ദുഷ്ടാ! ചൊല്ലീടെവിടെയഖിലാ–
ത്മാവതാം വിഷ്ണു?'വെന്ന–
ങ്ങുടൻ വെട്ടീ തൂണിൽ ദിതിജനിളകി–
ത്തുള്ളിട്ടും വാളിനാലേ;
പടുത്വം പിന്നുള്ളോന്നുടനരുളുവാ–
നില്ല മേ ഭക്തബന്ധോ!
സുഖിപ്പിച്ചീടെന്നെഗ്ഗുരുപുരപതേ!
വിശ്വമൂർത്തേ! മുരാരേ! 10

## ഇരുപത്തിയഞ്ചാം ദശകം

തൂണിന്മേൽ വെട്ടിയോരദ്ദിതിജനുടയ ക–
ർണ്ണങ്ങൾ പൊട്ടിച്ചു ഘോരം
ബ്രഹ്മാണ്ഡത്തെഭ്രമിപ്പിച്ചധികഭയദമായ്
നിൻെറ ശബ്ദംഭവിച്ചു;

മുൻപിൽ കേൾക്കാത്ത യാതൊന്നുടനടി നിശമി–
ച്ചിട്ടു ദൈത്യേശനുള്ളിൽ
കമ്പം വർദ്ധിച്ചിതേററം; വിധിയുമിളകിനാ–
നാസനത്തിങ്കൽ നിന്നും. 1

ദിക്കെങ്ങും ബഹുകോപമോടസുരനും
നോക്കുമ്പൊഴത്തൂണിൽ നി–
ന്നാക്കോടങ്ങു ജനിച്ച നീ മൃഗവുമ–
ല്ലല്ലേ വിഭോ! മർത്ത്യനും;
‘എന്തെന്തത്ഭുതമെത്ര ഭീഷണമിതെ?’–
ന്നേററം ഭ്രമിച്ചാനവൻ;
വർദ്ധിച്ചാൻ ധവളോഗ്രരോമനിരയാ–
ലുദ്ദാമവർഷ്മാ ഭവാൻ. 2

ഏററം ഘോരം ചലിക്കും കനകനിറമെഴും
കണ്ണുമാകാശമാർഗ്ഗം
തേറെറന്നേററം മറയ്ക്കും ചടുലസടകളും
ഗഹ്വരാകാരമായി
ചീററത്തോടേ വിടുർത്തും മുഖവുമിളകി വാൾ
പോലെഴുന്നോരു നാവി–
ന്നററത്തിൽ ഘോരദംഷ്ട്രായുഗവുമിയലുമീ
നിന്റെ രൂപം ജയിപ്പൂ. 3

പെട്ടെന്നങ്ങുൽഗമിക്കും വലിയുതഹനുവും
സ്ഥൂലയാം ഗ്രീവയും പി–
ന്നാട്ടേറും ഭീമബാഹുപ്രകരനഖമഹാ–
ഘോരതേജസ്സുമാർന്നു

പൊട്ടിച്ചാകാശമെല്ലാമിടിയൊട്ട കിടയാ–
മട്ടഹാസത്തിനാല–
ദ്ദംഷ്ടന്മാരെപ്പുറത്തീടിന തവ നരസിം–
ഹാകൃതിക്കായ് നമിക്കാം. 4

'നൂനം വിഷ്ണുവിവൻ, ഹനിച്ചിടുവെനെ'–
ന്നോർത്തഗ്ഗദാം വീശിവ–
ന്നോനാം ദൈത്യനെ നീ പിടിച്ചിതു തടി–
ച്ചുള്ളോരു വൻകൈകളാൽ;
വീരൻ വിട്ടതു വാളുമപ്പരിചയും
പൂണ്ടാശു ചിത്രശ്രമം
നേരിട്ടാൻ ഭുവനം വിഴങ്ങിടുവതി–
ന്നായുന്ന നിന്നന്തികേ. 5

പാരം ചുററീട്ടുട്ടത്തോരധമനസുരനെ–
പ്പിന്നെയും താൻ പിടിച്ച–
ദ്വാരേ വീഴിച്ചു തന്നൂരുവിൽ, നഖനിരയേ–
ല്പിച്ചവൻ മാറിടത്തിൽ
കീറീട്ടുള്ളിൽത്തിളയ്ക്കും രുധിരമധികമു–
ത്സാഹമോടേ കുടിച്ചി–
ട്ടേറുംലോകാളിസംഹാരകമലഘു ഭവാൻ
സിംഹനാദം മുഴക്കി. 6

കൊല്ലപ്പെട്ടോരു ദൈത്യാധിപനെയഥ വെടി–
ഞ്ഞെത്തി രക്തപ്രവാഹാ–
ലുല്ലാസം പൂണ്ട ദ്രുപത്തൊട്ടമസുരരെ നീ–
യാശു ഭക്ഷിച്ചിടുമ്പോൾ

മല്ലാരേ! പർവ്വതൗഘം ധരണി കടലുമ-
ക്ഖേചരവ്യൂഹവും താ-
നെല്ലാമേററം ചലിച്ചൂ ശിവശിവ! സുതരാം
ദുസ്ഥമായ് ലോകമെല്ലാം. 7

അന്നേരം ഘോരമാംസം വപ വളർകുടൽമാ-
ലാദിയെല്ലാമണിഞ്ഞി-
ട്ടുന്നിദ്രക്രോധമോടേ സഭയതിലതിഘോ-
രാട്ടഹാസേന വാഴും
നിന്നെ പ്രാപിപ്പതിന്നായുലകിലൊരുവനും
ശക്തനായീല; പേടി-
ച്ചൊന്നൊന്നായ് ദൂരെ നിന്നശ്ശിവവിധിപുരുഹൂ-
താദ്യരൊക്കെ സ്തുതിച്ചാർ. 8

എന്നിട്ടും കോപമേറീടിന തവ വദനം
കണ്ടജൻ ചൊൽകയാല-
ബ്ബാലൻ പ്രഹ്ലാദനും വന്നടിതൊഴുതിടവേ
നീ കൃപാപാരവശ്യാൽ
ശാന്ത്യാ കൈവെച്ചവൻതൻതലയിലുടനതി-
സ്തോത്രമാന്നൊന്നിലും ചെ-
ററിച്ഛിക്കാതോരവന്നും വരമതു ഭുവന-
ത്തിന്നുമൻപോടു നൽകി. 9

ഈവണ്ണംകൃതരൗദ്രചേഷ്ടിത! ഹരേ!
ശ്രീതാപനീയശ്രുതൗ
സംവർണ്ണിച്ച മഹാമഹത്വമിയലു-
ന്നത്യന്തശുദ്ധാകൃതേ!

നിസ്തുല്യാഖിലനാഥ! നിന്നെയപരൻ
ലംഘിപ്പതിന്നാരു താൻ?
പ്രഹ്ലാദപ്രിയ! മാലൊഴിച്ചു ഗുരുവാ-
യൂരീശ! പാലിക്ക നീ. 10

## ഇരുപത്താറാം ദശകം

ഇന്ദ്രദ്യുമ്നനിതി പ്രസിദ്ധനൃവരൻ
പാണ്ഡ്യാധിനാഥൻ പുരാ
നിന്നെച്ചന്ദനപർവ്വതത്തിലധികം
ഭക്ത്യാ ഭജിച്ചീടവേ
ചെന്നാനൻപിലഗസ്ത്യനങ്ങതിഥിസൽ-
ക്കാരത്തിൽ മോഹത്തൊടേ;
മന്നൻ ധ്യാനപരായണൻ മുനിയെയും
കണ്ടില്ല തെല്ലും വിഭോ! 1

കോപം മുഴുത്തു മുനിതാനഥ 'മൂകനാകും
നീ പോകൊരാനവടിവായി'തി ശാപമേകി;
ഭൂപൻ ഭവൽസ്മരണതൻ തെളിവാൽ മനോജ്ഞം
പ്രാപിച്ചുതേ! ബത! ഗജത്വവുമപ്പൊഴേ താൻ. 2

ദുഗ്ദ്ധാംബുരാശിയുടെ മദ്ധ്യഗമാം ത്രികൂടേ
മുഗ്ദ്ധാചലേ! പിടികളോടവനാരമിച്ചു
സത്വങ്ങൾതന്നധിപനായ് നിവസിച്ചുതേ; നിൻ
ഭക്താവലിക്കെവിടെയില്ല വിഭോ! വലിപ്പം? 3

സ്ഥലത്തിൻ ദിവ്യത്വാതിശയമതിനാ-
ലും നിജമഹാ-
ബലത്താലും ഖേദങ്ങളുടെയറിവി-
ല്ലാതെഴുമിവൻ

കുലത്തോട്ടം ഗ്രീഷ്മേ വിവശതയൊടട-
      പ്പൂവൃതതടേ
സരസ്സിൽ ക്രീഡിച്ചാനയി തവ നിയോ-
      ഗാലൊരുദിനം. 4

ഗ്രാഹത്വത്തെ ലഭിച്ചു ദേവലമുനി-
      ശ്രേഷ്ഠൻെറ ശാപത്തിനാൽ
ഹൂഹൂവെന്നവനസ്സരോജലമതിൽ
      പണ്ടേ വസിക്കുന്നവൻ
പാദത്തിങ്കലുടൻ പിടിച്ചിതവനെ;—
      ശ്ശാന്തിക്കുവേണ്ടിബ്ഭവാ-
നാപത്തീവിധമാത്മഭക്തരിൽ വരു-
      ത്തീട്ടുന്നുവല്ലോ ഹരേ! 5

ത്വൽസേവാബലദുന്നിരോധനവന-
      ങ്ങോരായിരം വത്സരം
നിസ്സാരത്വമൊടേ വിഭോ! മുതലയോ-
      ടേററം പിണങ്ങീടിനാൻ;
കാലം വന്നളവിങ്കൽ നിന്നുടെ പദ-
      ത്തോടൈക്യമാന്നീടുവാൻ
ചേലോടാനയെയാശു നക്രമതിനാ-
      ലാക്രാന്തമാക്കീ ഭവാൻ. 6

മുൻപിൽ കൈവശമായ ഭക്തിയറിവും
      നന്നായ്ത്തെളിഞ്ഞാത്തിയാൽ,
തുമ്പിക്കൈയതിനാൽ പറിച്ച കമല-
      പ്പൂകൊണ്ടു പൂജിച്ചവൻ

മുൻപിൽത്താനുരുവിട്ട നിർഗ്ഗുണമതാം
ബ്രഹ്മത്തെ വാഴ്ത്തുന്ന ന-
ല്ലൻപെത്തുന്ന മഹാസ്തവങ്ങളധികം
ഭക്ത്യാ ജപിച്ചീടിനാൻ. 7

എല്ലാം നിർഗ്ഗുണനിഷ്ഠമായ് വിലസിടും
സ്തോത്രങ്ങൾ കേട്ടിട്ടു ഞാ-
നല്ലെന്നാ വിധിശങ്കരാദികളടു-
ത്തീടാതിരിക്കും വിധൗ
സർവ്വാത്മാ കരുണാഭരത്തൊടു ഭവാൻ
പക്ഷീന്ദ്രകണ്ഠത്തില-
ന്നുർവ്വീശാ! കരയേറി വന്നിവനു മുൻ-
ഭാഗേ വിളങ്ങീടിനാൻ. 8

വെള്ളത്തീന്നു കരെക്കരേററി മൃദുവാം
കൈയാൽ കരിശ്രേഷ്ഠനെ-
ക്കൊള്ളിച്ചിട്ടഥ ചക്രമമ്മുതലയെ-
പ്പെട്ടെന്നു കൊന്നാൻ ഭവാൻ;
തള്ളിപ്പോയിതു ശാപമംബരചരൻ;
മോദിച്ചു സൽകീർത്തിയാ-
ന്നുള്ളോരഗ്ഗജവും വിളങ്ങിയിതു നിൻ-
സാരൂപ്യലാഭത്തിനാൽ. 9

'ഇന്നീ വൃത്തവുമെന്നെ നിന്നെയുമുഷഃ-
കാലത്തിലോർത്താദരാൽ
ചൊന്നീടുന്ന ജനത്തിനൊക്കെ മഹിതം
മോക്ഷം ലഭിക്കും ദൃഢം'

എന്നീവണ്ണമുരച്ചുകൊണ്ടവനൊട്ടും
വൈകുണ്ഠലോകേ മുദാ
ചെന്നീരേഴുലകും ഭരിപ്പൊരു ഹരേ!
പാലിക്ക വാതേശ്വരാ! 10

## ഇരുപത്തേഴാം ദശകം

ദുർവ്വാസാവു സുപർവ്വനാരികൾ കൊട്ട-
ത്തുള്ളോരു പൂമാലയെ
സ്വർവ്വീരന്നഥ നൽകിനാൻ, സ്വയമുടൻ
നാൽക്കൊമ്പനമ്മാലയെ
മർദ്ദിക്കുന്നതു കണ്ടു ശക്രനെ മുനി-
ശ്രേഷ്ഠൻ ശപിച്ചീടിനാൻ;
ദൈത്യാരേ! ഭവദന്യദൈവതകലാ-
ജാതക്കുദിക്കാ ശമം. 1

ശാപത്താലാശു ദേവാധിപനധികജരാ-
പീഡയുണ്ടായ്; സുരന്മാർ
കോപത്തോടേററ ദൈത്യാവലിയൊടഥ മട
ങ്ങീടിനാർ നിഷ്പ്രഭന്മാർ;
ആപത്തേവം നശിപ്പിപ്പതിനു ശിവമുഖാ-
ശേഷവൃന്ദാരകന്മാർ
താപത്തോടന്നു വാണീദയിതനൊടു വിഭോ
നിൻപദം പ്രാപ്തരായി. 2

സ്തുത്യാ വിരിഞ്ചമുഖദേവകൾമുൻപിലപ്പോൾ
പ്രത്യക്ഷനായ് പരമശോഭയോടേ ഭവാനും
'ദൈത്യപ്രവീരരൊടിണങ്ങി മഥിക്ക നിങ്ങ-
ളത്യാദരാലമൃത'മെന്നരുൾചെയ്തുവല്ലോ. 3

ദൈത്യന്മാരൊട്ടു കൂടിയന്നമരരും
മന്ഥാനമാക്കീട്ടുവാൻ
വർദ്ധിച്ചോരു മദാൽ നയിക്കുമളവിൽ
ഭ്രംശിച്ചിട്ടും മന്ദരം
അത്യന്തം ജവമോട്ടു നീ ബദരമെ-
ന്നോണം ഖഗേന്ദ്രങ്കലായ്
ചേർത്തിട്ടങ്ങനെ കൊണ്ടുവന്നവിടെ നി-
ക്ഷേപിച്ചു പാലാഴിയിൽ. 4

ഉള്ളിൽത്തോഷം വളർന്നിട്ടഖിലരസസമൂ-
ഹങ്ങളും സാഗരത്തിൻ
വെള്ളത്തിൽ ചേർത്തു ദേവാസുരരഥ ഭുജഗാ-
ധീശനെപ്പാശമാക്കി
ഭള്ളെത്താതേ മഥിപ്പാൻ തുടരുമളവില-
ദ്ദാനവന്മാരെയൊക്കെ-
ക്കള്ളത്താൽ നീ ഭുജംഗാധിപനുടെ വദനേ
തള്ളിവിട്ടു ജവേന. 5

അന്നേരത്തങ്ങതീവക്ഷുഭിതജലപയോ-
രാശിതന്നുള്ളിലേറ്റം
ചിന്നും ഭാരത്തിനാലേയധികമിളകിട്ടും
മന്ദരം മഗ്നമായി;
ഉന്നിദ്രാർത്ത്യാ സുരന്മാർകളുമുടനതിയാ-
യമ്പരന്നീടവേ ത-
ന്മന്ദതാപം തീർക്കുവാൻ നീ കനിവിനൊടു മഹാ-
കൂർമ്മവേഷം ധരിച്ചു. 6

വൈരത്തെക്കാളുമേറം കഠിനതകലരു-
ന്നോരു പൃഷ്ഠാസ്ഥിയോടും
ശൗരേ! നൂറായിരം യോജന വിപുലതയാ
പാല്ക്കടല്ക്കുള്ളു മദ്ധ്യേ
സൈ്വരം പ്രാപിച്ചിട്ടും ശ്രീകമഠവരമഹാ-
വിഗ്രഹം കൊണ്ടഹോ! നീ
പാരം മുങ്ങിക്കിടക്കും കുലശിഖരിവരൻ-
തന്നെയൻപോട്ടയത്തി. 7

അദ്രീശൻ താനുയന്നോരളവിലതിജവാൽ
ദേവ! ദേവാസുരന്മാ-
രുദ്യൽസന്തോഷമോടേ ദൃഢമിഹ മഥനം-
ചെയ്തു; നീതാനുമപ്പോൾ
മെത്തീടും ക്ഷീണഭാവം കളവതിനുടനേ
സംഘയുഗ്മത്തിലും ചെ-
ന്നെത്തിസ്സൂക്ഷ്മസ്വരൂപീ ഭുജഗവരനിലും
ശക്തി പാരംവളത്തി. 8

അത്യന്തം വേഗമേറും ഭ്രമണഗതികളാ-
ലുൽപ്പതിപ്പാനൊരുങ്ങു-
ന്നദ്രീന്ദ്രൻ തങ്കലേകം കരമതിദൃഢമായ്
വിന്യസിച്ചങ്ങുവാഴും
ദൈത്യാരേ! നിന്നെയപ്പോൾ വിധിഗിരിശമുഖ-
ന്മാർകളാകാശമാർഗ്ഗേ
പുത്തൻ പൂമാരിതൂകി പ്രമദഭരജസം-
ഭ്രാന്തിപൂർവ്വം പുകഴ്ന്നാർ. 9

അപ്പോളസ്സർപ്പലോകേശ്വരമുഖദഹന-
ജ്വാലയേററിട്ടഴന്നാ-
രെപ്പേരും ദൈത്യരായോ;—രമരരുമതിനാ-
ലല്പമായമ്പരന്നു;
ചൊൽപ്പൊങ്ങും നിൻെറയൻപാൽ ജലധരനിരയ-
ന്നേരമദ്ദേവസംഘേ
വാച്ചോടേ വൃഷ്ടിചെയ്തു ശിവശിവ! ദിതിജ-
ന്മാരിൽ വഷിച്ചതില്ല. 10

മത്സ്യാളീനക്രചക്രാദികളുടനതിയാ-
യുള്ളിൽനിന്നും കുതിച്ചാ-
രസ്സിന്ധുപ്രൗഢനെന്നാകിലുമതിമഥിതൻ
നിവ്വികാരത്വമാന്നു;
സത്സന്തോഷപ്രദായിന്നതുപൊഴുതഹിയെ-
ക്കൈകൾ കൊണ്ടാശു കഷി-
ച്ചുത്സാഹത്തോടു പാരം വിലസിന പവനാ-
ധീശ! പാലിക്ക നാഥാ! 11

## ഇരുപത്തെട്ടാം ദശകം

കത്തീടും വഹ്നിയോടസ്സലിലനിധിജലം
തന്നിൽ നിന്നാദ്യമായി
ട്ടത്യന്തം ഘോരമായീടിന ഗരളമുടൻ
കാളകൂടം ജനിച്ചു;
എത്തും ഖേദത്തോടപ്പോളമരരുളിട്ടും
സ്തോത്രജാലം ശ്രവിച്ചി-
ട്ടത്യുത്സാഹത്തോടേ നിൻ പ്രിയതവരുവതി-
ന്നാസ്വദിച്ചാനതീശൻ. 1

മുററും നാഥ ത്രിധാമൻ! സുരദനുജർ മഥി-
ക്കുന്ന നേരത്തിലുണ്ടാം
കുററം തീൎന്നുള്ളൊരോമൽസുരഭിയെ മുനിമാ-
ൎക്കേകി നീ, യബ്ധിയപ്പോൾ
പെറ്റോരുച്ചൈശ്ശ്രവസ്സാകിയ ഹയമണി നാൽ-
ക്കൊമ്പനക്കല്പവൃക്ഷം
മാറ്റേറുന്നപ്സരസ്ത്രീനിരയിവയമര-
ന്മാൎക്കുമൻപോടു നൽകി. 2

അതുപൊഴുതതികാന്ത്യാ നിന്നിലത്യാശയുൾക്കും
സതി മതിമുഖി ലക്ഷ്മീദേവിയാവിൎഭവിച്ചു;
അതിരസമവളെക്കണ്ടേവരും ഭാവഭേദാ-
ലധികചപലരായിട്ടാഗ്രഹം പൂണ്ടുവല്ലോ. 3

നിങ്കൽ പ്രേമമിയന്ന സൎവ്വരമണീ-
ശ്രേണിക്കു മാണിക്യമാം
തങ്കപ്പങ്കജമങ്കയാൾക്കു മഘവാ-
വേകീടിനാനാസനം;
പങ്കം തീൎന്ന മഹർഷിമാരുമഭിഷേ-
ചിച്ചാർ തെളിഞ്ഞാശു തൽ-
സംഘപ്രാപിതതീൎത്ഥവാരിനിരയാൽ
വേദോക്തി ചൊല്ലിത്തദാ. 4

ചാലേ തീൎത്ഥജലങ്ങളോട്ടമണയും
മാധുൎയ്യമേറുന്ന നിൻ-
നീലശ്രീവിലസൽകടാക്ഷമണിയും
പൂമേനിയാളും സതി

ബാലപ്പെണ്മണിതന്നെയസ്സുരഗണം
ഹാരങ്ങൾ പീതാംബരം
കോലപ്പൊന്മണി കുണ്ഡലാദിയിവയാൽ
തോഷിച്ചുഭൂഷിച്ചുതേ. 5

ചോന്നീട്ടും തേൻ കൊതിച്ചിട്ടളിനിരകൾ മുര-
ണ്ടുള്ള കല്യാണമാലാ-
മാന്നിട്ടപ്പൊൻകുടത്തോടിടയുമണിമുല-
ക്കുന്നിനാൽ മന്ദമന്ദം
ളുന്നീട്ടും ചേവടിത്താരിണയിൽ വിലസുമ-
പ്പൊൽച്ചിലമ്പൊച്ചയോടും
ചേന്നീട്ടും ലജ്ജയോടും കമനികൾമണി നി-
ന്നന്തികേ ഹന്ത! വന്നാൾ. 6

ഗുണഗണമുടയോരെന്നാകിലും ദോഷലേശ-
പ്പിണി പശുപതിലോകേശാദ്യരിൽ കാൺകയാലേ
ഗുണവതിയവൾ നിത്യം സവ്വരമ്യൻ ഭവാങ്കൽ
പ്രണയമൊടു പുതുപ്പൂകോലുമമ്മാലയിട്ടാൾ. 7

ലോകങ്ങൾക്കമ്മയായ് മറെറാരു പുരുഷനിലും
രാഗമില്ലാതെ നല്ലാർ-
വാകപ്പൂവായിട്ടും പൂമകളെയഴകിൽ നീ
നെഞ്ചിലഞ്ചാതെ ചേത്തു;
ഏകാന്തം തത്ര വാണോരവൾ നിജകരിമീൻ
കണ്ണിനാലെണ്ണമെന്യേ
ഉകീട്ടും ശ്രീകടാക്ഷപ്പൊലിമയിലഖിലം
ലോകവും ശ്രീ കലന്നു. 8

പാലംഭോധിയിൽനിന്നു മോഹനവിലാ-
സത്താൽ മദിപ്പിച്ചിട്ടും
ശീലം പൂണ്ടൊരു ദേവി വാരുണിയുടൻ
പ്രാദുർഭവിച്ചീടിനാൾ;
ശീലക്കേടു വരുത്തിടുന്നൊരവളെ-
ദ്ദൈത്യേശ്വരന്മാൎക്കു നൽ-
പ്പാലോല്യം ബഹുമാനഭാഷണമൊടേ
നാഥാ! ഭവാൻ നൽകിനാൻ. 9

ശ്രീതാവും മുകിൽ വന്നണഞ്ഞുപണിയും
ദേഹാഭയോടേററവും
മോദാൽ മാധവ! പൊൻകുടത്തിലമൃതം
തൃക്കൈയിലാക്കീട്ടുടൻ
ശ്രീധന്വന്തരിമൂൎത്തിയായ് കടലിൽ നി-
ന്നാവിർഭവിച്ചോരു നീ
ചേതസ്താപമകററിയെന്റെ ഗുരുവാ-
യൂരീശ! പാലിക്കണേ. 10

## ഇരുപത്തൊൻപതാം ദശകം

വെള്ളശ്രീ വിളയാടിടുന്നൊരമൃതം
നിൻകൈയിൽ നിന്നും തദാ
കള്ളദൈത്യർ ഹരിക്കവേ വിവശരാം
ദേവൎക്കേഴും സങ്കടം
തള്ളിസ്സാന്ത്വനവാക്കിനാലഥ ഭവാൻ
ശീഘ്ര്യം മറഞ്ഞീടിനാ;-
ഉള്ളിൽ സ്പൎദ്ധ വളൎന്നു തമ്മിലുടനേ
ദൈത്യൎക്കു നിൻ മായയാൽ. 1

നീലക്കാന്തിയൊട്ടം പുളച്ചു വിലസും
ശ്രീയൗവനത്തോട്ടമ-
ക്കോലപ്പൊന്മണികുംഭതുല്യമുലയാ-
ലല്പം നമിച്ചങ്ങനെ
ലീലാകോമളമായ കോലമുടനേ
കൈക്കൊണ്ടു നീ; ദൈത്യരും
ചാലേവിട്ടമൃതക്കുടം തവ മുല-
ക്കുംഭാശ പൂണ്ടെത്തിനാർ. 2

'ആരാകുന്നോമലേ! നീ? സുധയിതു വിഭജി-
ച്ചീടണം വേണ്ടപോ'ലെ-
ന്നാരൂഢസ്നേഹമോഹാദികളൊട്ടുടനിര-
ന്നീട്ടമദ്ദൈത്യരോടായ്
'വീരന്മാർ നിങ്ങളിന്നിക്കലടയിവളിലോ
വിശ്വസിക്കുന്നതേ?'വം
നേരോടേ ചൊല്ലിയെന്നാകിലുമവരെയഹോ!
വിശ്വസിപ്പിച്ചു നീയും. 3

സന്തോഷം പൂണ്ടു വേഗാലമൃതകലശമ-
ദ്ദൈത്യർ നൽകീടവേ നീ-
'യെന്തോ തെറ്റെന്നിൽ വന്നീട്ടകിലുമതു സഹി-
ക്കേണ'മെന്നാശു ചൊല്ലി
പന്തിക്കോരോന്നിനൻപോടമരദിതിജസം-
ഘത്തെമെല്ലേയിരുത്തി-
ച്ചന്തം ചിന്തും വിലാസപ്പൊലിമയൊടമൃതം
മോദപൂർവ്വം വിളമ്പി. 4

'കന്നൽക്കണ്ണികൾ നമ്മിൽ കനിവിനു കുറവി-
ല്ലെ'ന്നു ദൈതേയരോർത്തി-
ട്ടൊന്നും മിണ്ടാതെ വാഴുന്നളവിലമൃതമ-
ദ്ദേവകൾക്കൊക്കെ നൽകി
പിന്നെത്തൻരൂപമാർന്നിട്ടതിജവമൊടു നീ
ഭക്തവാത്സല്യസിന്ധോ!
നന്നായദ്ധ്യം കുടിച്ചോരമൃതമൊടമരും
രാഹുകണ്ഠം മുറിച്ചു. 5

പീയൂഷം മോഷണംചെയ്തതിനുടെ ഫലമ-
ദ്ദംഷ്ട്രരിൽ ചേർത്തുനീയും
പോയീട്ടന്നേരമേററം വിബുധരൊടു പിണ-
ങ്ങീടിനാർ ദൈത്യരെല്ലാം;
ആയാസംപൂണ്ട പോരിൽ സപദി ബലിമഹാ-
ദൈത്യരാജൻെറ നാനാ-
മായാശക്ത്യാ മയങ്ങീ സുരഗണമുടനേ
നീയുമാവിർഭവിച്ചു. 6

കാലനേമിയുതമാലിമുഖ്യരെ
വധിച്ചു നീ; വിബുധരാജനും
ലീലയാ ബലി വലൻ സപാകനഥ
ജംഭനെന്നിവരെയും ക്രമാൽ;
ആർദ്രശുഷ്കവധമേററിടാത്ത ബലി-
യായിട്ടും നമുചിയും നുര-
ക്കുട്ടുകൊണ്ടു ഹതനായി; നാരദഗിരാ
തടുത്തു കലഹം ഭവാൻ. 7

പെണ്ണിൻവേഷമെടുത്തു നീ ദിതിസുത-
ന്മാരെച്ചതിച്ചെന്നു മു-
ക്കണ്ണൻ കേട്ടതു കാണുവാൻ കുതുകിയായ്-
ത്തൻകാന്തയാൾ തന്നൊട്ടും
എണ്ണം വിട്ടൊരു ഭൂതസഞ്ചയമൊട്ടം
നിന്നരികേ വന്നു താൻ
നണ്ണീട്ടുള്ളതുണർത്തിനാൻ സ്തുതിയൊടേ;
നീയും മറഞ്ഞൂ തദാ. 8

പന്താട്ടംകൊണ്ടു പാരം ചിതറി വിലസുമ-
ക്കുന്തളം കൈയിൽ മോദാ-
ലേന്തീട്ടം കണ്ണിണക്കോണിളകിയുമുടനേ
മാന്തളിർപ്പട്ടഴിഞ്ഞും
പൂന്തോട്ടം തന്നിൽ വാഴും കമനികൾമണിയാം
നിന്നെയാനന്ദസിന്ധൌ
നീന്തീട്ടൻപോടു കണ്ടങ്ങിളകിയഥ പുണ-
ർന്നീടിനാനീശനപ്പോൾ. 9

പെട്ടെന്നങ്ങനെ വിട്ടു മണ്ടിയൊരു നിൻ-
പിന്നാലെ പായും ശിവൻ
കഷ്ടം! ബീജമഴിഞ്ഞ നേരമകമേ
യാഥാത്മ്യമോർത്തിട്ടുടൻ
ശിഷ്ടൻ നിൻബഹുമാനമേററരുളി നിൻ-
മാഹാത്മ്യമദ്ദേവിയോ-
ടൊട്ടേറും ഗുണമേവമുള്ള ഗുരുവാ-
യൂർനാഥ! രക്ഷിക്കണേ. 10

## മുപ്പതാം ദശകം

ഇന്ദ്രൻ യുദ്ധേ വധിച്ചുള്ളൊരു ബലി ഗുരുവാം
ശുക്രനാൽ ജീവിതാത്മാ-
വന്നേററം ശ്രേഷ്ഠമാകും മഖമഖിലപതേ!
ചെയ്തലം ശക്തിയാൻറ
മൂന്നായീടുന്ന ലോകങ്ങളുമയി ഭഗവൻ!
നിന്നെയൊട്ടും ഗണിക്കാ—
തൊന്നായിട്ടാക്രമിച്ചു; ഭയമൊടമരലോക—
കങ്ങളും പാഞ്ഞൊളിച്ചു. 1

മെത്തീട്ടും സുതദുഃഖമോത്തദിതിയും
പാരം വിഷാദിച്ച പോ—
തെത്തീട്ടും കൃപയോടു തൻ ദയിതനാം
ശ്രീകാശ്യപൻ ചൊൽകയാൽ
അത്യുൽകൃഷ്ടപയോവ്രതം പ്രയതയായ്
നിൻപാദപത്മങ്ങളിൽ
ഭക്ത്യാ ദ്വാദശവാസരങ്ങൾ മുഴവൻ
ചെമ്മേ ചരിച്ചീടിനാൾ. 2

നിന്നിൽ പാരം ലയിക്കും ശുഭമതിയെഴമ—
പ്പുണ്ഡരീകാക്ഷിയാൾ തൻ—
മുന്നിൽ ശ്യാമാഭനായ് നീ വിലസി കനിവൊടേ
നാലു തൃക്കൈകളോടും
വന്ദിക്കും തന്വിയാളോ'ടയി തവ സുതനാ-
യീടുവെൻ ഞാനിതൊന്നും
ചൊന്നീടായ്കാരൊടും നീ'യിദമരുളി മുദാ
ശ്രീമുരാരേ! മറഞ്ഞു. 3

ഫാരം കാശ്യപനൽത്തപസ്സിലുടനേ
സാന്നിധ്യമാൻ്റ്,ബ്ജഭ്രൂ
സാരം സ്തോത്രമുരസ്സുവേയദിതിതൻ–
ഗർഭം പ്രവേശിച്ചു നീ
ചാരുദ്വാദശിയും പരം ശ്രവണവും
ചേർന്നുള്ള പുണ്യേ ദിനേ
ചേരും വൈഷ്ണവദിവ്യരൂപയുതനാ–
യുണ്ടായ് വികുണ്ഠേശ്വരാ! 4

ആനന്ദാകുലരായ്! പെരുമ്പറയറ–
ഞ്ഞുൽകൃഷ്ടമാമാശ്രമേ
വാനോർ ദിവ്യസുമങ്ങളങ്ങധികമായ്
വർഷിച്ചിതപ്പോളഹോ!
മാനം പൂണ്ടു വണങ്ങി നിന്നിതു പിതാ–
ക്കന്മാരുമുന്മേഷമോ–
ടൂനം വിട്ടു വടുസ്വരൂപമമലം
നീയും ധരിച്ചു ഹരേ! 5

ബ്രഹ്മാദ്യന്മാരുമപ്പോൾ സരസമുപനയി–
ച്ചഞ്ജസാ മൗഞ്ജിദണ്ഡം
ചർമ്മം നല്ലക്ഷമാലാദികളിഹ തവ നൽ–
കീടിനാർശ്രദ്ധഭക്ത്യാ;
ചെമ്മേ പിന്നഗ്നികാര്യത്തെയുമജിത! കഴി–
ച്ചുജ്ജ്വലിക്കും ഭവാനും
സമ്മോദാലശ്വമേധം തുടരുമൊരു ബലി–
ക്കുള്ള ഗേഹം ഗമിച്ചു. 6

വന്നീട്ടന്നോരു ശത്രുപ്രവരരുടെ ബലോ—
ഷ്മാവു നന്നായ്ത്തട്ടപ്പാ—
നെന്നോണം ഛത്രവും തദ്ദനുജരെയഥ ശി—
ക്ഷിപ്പതിന്നെന്നവണ്ണം
മിന്നും ദണ്ഡത്തെയും പൂണ്ടവനിയെയതിയായ്
ഭാവിയാകും വലിപ്പ—
ത്തിന്നൊത്തീട്ടും ഗുരുത്വം തെളിയുവതിനു പോൽ
നീയിളക്കിഗ്ഗമിച്ചു. 7

സൈ്വരം നമ്മദതൻെറയുത്തരതടേ
യാഗാലയേ ചെന്ന നിൻ—
ചാരുശ്രീ നിരകണ്ടു കണ്ണുകളട—
ഞ്ഞാശ്ചയ്യഭാരത്തൊടേ
'സൂരൻ താൻ പുനരഗ്നിയോ മുനിവരൻ
വൈധാത്രനോ യോഗിയോ
നേരായാരിവ?'നെന്നു ശുക്രമുനി തൊ—
ട്ടുള്ളോർ വിശങ്കിച്ചുതേ. 8

തേജസ്സില്ലാതെതീരും കവിമുഖരെതിരേ—
റേറാരു സൗന്ദയ്യപൂണ്ണ—
ശ്രീ ചേരും നിൻ പദച്ചെന്തളിരതിപുളകം
പൂണ്ട ദൈത്യാധിരാജൻ
പാരം ഭക്ത്യാ മഹാത്മാവലിവൊട്ടു കഴുകി—
ത്തജ്ജലം തീത്ഥതീത്ഥം
ശൗരേ! നല്പുണ്യശാലീ നിജശിരസി വഹി—
ച്ചീടിനാനുഢമോദം. 9

പ്രഹ്ലാദൻതന്റെ വംശപ്രഭവതയതിനാൽ
        വിപ്രരിൽ ഭക്തിയാലോ
ഭൂയോയാഗങ്ങളാലോ ദിതിജനിഹ ഭവൽ
        പാദതീർത്ഥം ലഭിച്ചു;
ആഹ്ലാദം പൂണ്ടു യാതൊന്നണിമുടിയിലണി-
        ഞ്ഞീശനും വാണിടുന്നു;
പാഹ്യാനന്ദൈകസിന്ധോ! പവനപുരപതേ!
        നാഥ! ദീനൈകബന്ധോ! 10

## മുപ്പത്തൊന്നാം ദശകം

നിൻതേജോരാശി കണ്ടിട്ടഥ പലവിധമാ-
        രാധനംചെയ്തു ഭക്ത്യാ
സന്തോഷത്തോടു കൂപ്പിത്തൊഴുതു ദിതിജനും
        മെല്ലവേ ചൊല്ലിയേവം:
'എന്തൊന്നീ ഞാൻ തരേണം, ഭവനമവനിയോ
        ഭോജ്യമോ സർവ്വമോ താ?-
നെന്തായാലും തരുന്നേൻ, പറക പറകയെ-
        ന്നന്തണപ്പൂങ്കിടാവേ!' 1

ഏവം ലോഭമിയന്നിടാത്ത ബലിതൻ-
        വാക്കിൽ കനിഞ്ഞെങ്കിലും
താവും ഗർവ്വമിവന്റെ തീർക്കുവതിനായ്
        ദൈത്യാന്വയം വാഴ്ത്തി നീ
താവൻ മൂന്നടിയാന്ന ഭൂമി തരികെ-
        ന്നർത്ഥിച്ചു ശുദ്ധാകൃതേ!
സർവ്വം തന്നിടുകെന്നു ചൊല്ലുകിൽ ഹസി-
        ക്കാതാരു ഭൂമണ്ഡലേ? 2

‘ഇല്ലേ ബോധം മനസ്സിൽ? ത്രിപദമിതഖിലാ–
ധീശനാമെന്നൊടേവം
ചൊല്ലുന്നെന്തൊ,ക്കെയർത്ഥിക്കുകയിതു മതിയ–
ല്ലെ’ന്നഹോ! ചൊന്ന ഗർവ്വാൽ
കല്യൻ പ്രാപിച്ചു ദൈത്യൻ ത്രിപദവുമുടനി–
ല്ലാഞ്ഞു താൻ ബന്ധനം, ശ്രീ–
മല്ലാരേ!യർഹനല്ലെങ്കിലുമതിനധികം
ശാന്തിയുണ്ടാകുവാനായ്. 3

‘ദേശം മൂന്നടി പോരെയെന്നു പറവോൻ
സർവ്വത്തിലും തൃപ്തന–
ല്ലീ’ശാ! നിൻമൊഴി കേട്ടിദം, ജലമുടൻ
നൽകാൻ തുനിഞ്ഞാനിവൻ,
ആചാര്യൻ, സുപരീക്ഷ ചെയ്യതിനു നീ
പ്രേരിക്കയാൽ, ‘സർവ്വലോ–
കേശൻ വിഷ്ണുവിവൻ, കൊടുക്കരുതു നീ’–
യെന്നോതിനാൻ വ്യക്തമായ്. 4

‘യാചിച്ചീടുന്നതേവം മധുരിപുഭഗവാ–
നെങ്കിൽ ഞാൻ പൂർണ്ണകാമൻ
മോദിച്ചേകുന്നതുണ്ടെ’ന്നരുളിടുമവനെ–
ശ്ശുക്രനപ്പോൾ ശപിച്ചാൻ;
ഖേദിച്ചീടാതെ വിന്ധ്യാവലിനിജമടവാർ
മൗലി പാദ്യത്തെ നൽകി–
പ്പൂജിച്ചീടും നിനക്കായ് ജലമൊടഖിലമ–
ർപ്പിച്ചിതാഹന്ത! ദൈത്യൻ. 5

സന്ദേഹിക്കാതെ സർവ്വം ബലിയതികുതുകാൽ
നിൻകലർപ്പിച്ചിട്ടമ്പോൾ
നന്ദിച്ചിന്ദ്രാദിവർഗ്ഗം മുനികളുമതിയായ്
പുഷ്പവർഷങ്ങൾ ചെയ്തു;
നന്ദേ! കാണുന്ന ലോകക്കധികമഹിതമാ—
യുള്ള നിൻ ദിവ്യരൂപം
മന്ദം മന്ദം വളർന്നു ബത! ഭുവനകടാ—
ഹത്തിലൊക്കെപ്പരന്നു. 6

നിൻപാദാഗ്രം സ്വലോകാഗതമജനുടനേ
കുണ്ഡികാവാരി കൊണ്ട—
ന്നൻപിൽ സേചിച്ചു ശൗരേ! ജലമതു ഭുവന—
ങ്ങൾക്കു സംശുദ്ധി നൽകി;
സമ്പൂർണ്ണാനന്ദമാടീ വിബുധരുമതിയായ്;
ജാംബവാൻ ഭേരിനാദം
സംപൂരിപ്പിച്ചു ഭക്തൻ ഭുവനമഖിലമീ—
യുത്സവേ സഞ്ചരിച്ചു. 7

ഭർത്താവിൻറാജ്ഞയെന്യേ ദിതിജകുലമുടൻ
പോരിനേററീടവേ നിൻ
ഭൃത്യന്മാർ ചെന്നു നേരിട്ടവരെയമരരോ—
ടൊത്തു വേഗാൽ ജയിച്ചു;
'തോല്പിച്ചോൻ നമ്മെ മുൻപേ,യിവരുടെ വശനി—
ക്കാലരൂപൻ വസിക്കു—
ന്നേല്ലൊയ്യൊ'ന്നോതി ദൈത്യാധിപ,നവരതിനാൽ
പോയി പാതാളലോകേ. 8

മുന്നിൽ പാശങ്ങൾ കൊണ്ടക്ഖഗകുലപതിയാൽ
ബദ്ധനാം ദൈത്യനോടായ്
'തന്നീടിന്നാശു മൂന്നാംപദമതു,ഭുവന–
ത്തിന്നു നീ നാഥനല്ലേ?'
എന്നോതും നിന്നോട'ന്നെൻതലയിലയി വിഭോ!
വെയ്ക്കു കാലെ'ന്നു ധീരൻ
ചൊന്നാൻ! പ്രഹ്ലാദനും വന്നവിടെയവനെ മാ–
നിച്ചു നിന്നെ സ്തുതിച്ചു. 9

'എന്നാൽ ഞാൻ ചെയ്തതെല്ലാം തവ മദമമരാൻ,
ദൈത്യ! നീ സിദ്ധനായി
പുണ്യത്താൽ, വന്നിടും സാവർണ്ണിജയപദമതും
മേലിലിന്ദ്രത്വവും തേ,
പിന്നെസ്സായുജ്യവും ചേർന്നിടു'മിതി ബലിയോ–
ടോതി വിപ്രേന്ദ്രരെക്കൊ–
ണ്ടന്നാ യാഗം നടത്തീച്ചോരു ഗുരുനിലയാ–
ധീശ! പാലിച്ചിടേണം. 10

## മുപ്പത്തിരണ്ടാം ദശകം

പണ്ടാറാമത്തതാകും പുകൾ പെരുകിന മ–
ന്വന്തരത്തിന്നൊടുക്ക–
ത്തുണ്ടായുള്ളോരകാണ്ഡപ്രളയമതിലുറ–
ങ്ങീടുവാനാഭിമുഖ്യം
കൈക്കൊണ്ടുള്ളബ്ജഭൂതന്നുടെ മുഖമതിൽ നി–
ന്നാ ഹയഗ്രീവനാകും
ദൈത്യൻ വേദം ഹരിച്ചോരളവയി തവ മ–
ത്സ്യാവതാരേച്ഛയുണ്ടായ്. 1

അക്കാലം നദിയിൽ കുളിച്ചു സരസം
സന്തർപ്പണം ചെയ്തിട്ടും
വിഖ്യാതൻ ദ്രമിളേശനാം നരവരൻ
സത്യവ്രതൻതന്നുടെ
കൈക്കുള്ളിൽ കമനീയകാന്തിവിഭവം
ചേർന്നുജ്ജ്വലിച്ചെത്രയും
ചൊൽക്കൊള്ളുന്നൊരു ബാലമത്സ്യവടിവായ്
നീയും വിഭോ! ദൃഷ്ടനായ്. 2

വെള്ളത്തിൽത്തള്ളിയപ്പോൾ ഭയമൊടിളകിട്ടും
നിന്നെയൻപോടുകണ്ടാ–
വെള്ളം കോരുന്ന പാത്രേ മുനികുലമണിചേ–
ത്താലയേ കൊണ്ടുപോയാൻ;
കൊള്ളാം! നാലഞ്ചു നാൾകൊണ്ടഥ കലശമഹോ!
കൂപവും വാപി നീളം
കൊള്ളും നൽപ്പൊയ്കയെന്നുള്ളിവയിലമല! നീ–
യന്നു കൊള്ളാതെയായി. 3

യോഗീന്ദ്രൻ യോഗശക്ത്യാ സലിലനിധിയിൽ നി–
ന്നാജ്ഞയാതന്നെ നിന്നെ–
പ്പൂകിച്ചി 'ട്ടെന്നു കാണാം പ്രളയമടിയനെ?'–
ന്നാശു ചോദിച്ചിട്ടുമ്പോൾ
നീ കാരുണ്യം കലർന്നിട്ടവനൊ'ടയി ഭവാ–
നേഴു നാൾ പാർക്ക മോദാ–
ലേകാമാകാംക്ഷിതം ഞാ'നിതി സപദി പറ–
ഞ്ഞാത്തബന്ധോ! മറഞ്ഞു. 4

ഏഴാം നാൾ ജലധാര കൊണ്ടഖിലമാ-
യീടുന്ന ഭൂലോകമ-
ങ്ങാഴത്തിൽ ബത! മുങ്ങിയോരു സമയേ
സത്യവ്രതൻ ഭൂമിപൻ
ഏഴായുള്ള മുനീന്ദ്രരോട്ടമുടനേ
വൻതോയമദ്ധ്യേ പരം
ചൂഴം നീന്തി വലഞ്ഞു നിന്തിരുപദ-
ച്ചെന്താർ ഭജിച്ചീടിനാൻ. 5

അപ്പോൾ നിന്നുടെയാജ്ഞയാൽ ധരണിയും
വന്നീടിനാൾ തോണിയായ്;
ചൊല്ലൊങ്ങുന്നവരേവരും പുനരതിൽ
ചെമ്മേ കരേറീടിനാർ;
പില്പാട്ടും തിരതന്നിളക്കമതിനാ-
ലേററം ഭ്രമിച്ചോരവ-
ർക്കുൽപന്നാർത്തിയൊഴിക്കുവാൻ കടലിൽ നി-
ന്നാവിർഭവിച്ചാൻ ഭവാൻ. 6

ലക്ഷം യോജന നീളമോടധികമാം
തേജസ്സെഴും മത്സ്യമായ്
വീക്ഷിച്ചിട്ടഥ നിന്നെ മാമുനിവര-
ന്മാരും പ്രസാദത്തോടേ
പക്ഷീന്ദ്രധ്വജ! നിൻനിയോഗമതിനാ-
ലുൽഭ്രാന്തമാം തോണി നി-
ന്നക്ഷീണപ്രബലത്വമാന്നൊരു മഹാ-
ശൃംഗേ നിബന്ധിച്ചുതേ. 7

പിന്നെത്തോണി വലിച്ചുകൊണ്ടഖിലലോ—
കത്തിൻവിഭാഗങ്ങളെ—
സ്സന്ദേഹങ്ങളൊതുങ്ങുമാറു മുനിമാ—
ക്കായ്ക്കൊണ്ടഹോ! കാട്ടിയും
അന്നേരം ബഹുഭക്തിപൂണ്ട നൃപനാൽ
സംസ്തൂയമാനൻ പരാ—
നന്ദജ്ഞാനമമന്ദമോദമുപദേ—
ശിച്ചും ചരിച്ചാൻ ഭവാൻ. 8

ഏവം തൽപ്രളയാവസാനസമയേ
സപ്തർഷിമാരെബ്ഭവാൻ
പൂർവ്വം വാണതു പോലെയാക്കി, മഹിതൻ
സത്യവ്രതൻതന്നെയും
ശ്രീവൈവസ്വതനാമമാർന്നു മനുവായ്—
ത്തീർത്തിട്ടു പിന്നെത്രയും
താവും കോപമൊടേയണഞ്ഞിതു ഹയ—
ഗ്രീവൻെറ നേരേ ജവാൽ. 9

വൻപേറും തവ കൊമ്പുതന്നടികളാൽ
വക്ഷസ്സു കീറീട്ടവൻ
മുൻപിൽത്തന്നെ പതിച്ച നേരമുടനേ
വേദത്തെയെല്ലാം വിഭോ!
അൻപിൽ കൈവശമാക്കി മോദമിയലും
ബ്രഹ്മാവിനായ് നൽകിയോ—
രെൻപോററീ! ഗുരുവായുമന്ദിരപതേ!
തീർത്തീടുകെന്നാർത്തികൾ. 10

## മുപ്പത്തിമൂന്നാം ദശകം

ശ്രീവൈവസ്വതനായിട്ടുന്ന മനുവിൻ-
പുത്രൻ നഭാഗനെൻറയ-
ന്നാഭാഗാഖ്യയെഴും സുതനെൻറ തനുഭൃ-
ദ്വാമംബരീഷാഹ്വയൻ
ഭൂപൻ സപ്തസമുദ്രമധ്യഗമഹീ
ഭർത്തൃത്വമാർന്നെങ്കിലും
താവും ഭക്തിയോടേ വസിച്ചു തവ ദാ-
സന്മാരിലും നിന്നിലും. 1

തൽസന്തോഷമുദിക്കുവാൻ സതതവും
യത്നിക്കുമദ്ധന്യനിൽ
ചിൽസാരാത്മക! തുഷ്ടിപൂണ്ടൊരു ഭവാൻ
തദ്രക്ഷണത്തിന്നുടൻ
മാത്സര്യാദിവിഹീനനായിട്ടുമവൻ
പ്രാർത്ഥിച്ചതില്ലെങ്കിലും
വാത്സല്യേന സഹസ്രധാരകളെഴും
ചക്രംകൊടുത്തീടിനാൻ. 2

കാളിന്ദീസന്നികൃഷ്ടേ മധുവനമതില-
സ്സാധ്വിയാം പത്നിയോടും
കാലം ഭക്ത്യാ നൃപന്മാർകുലമണി വല്യതാം
പൂജയെച്ചെയ്തുകൊണ്ടും
മേളത്തിൽ ഷഷ്ടികോടിപ്പശുവിതരണവും
ചെയ്തു വിപ്രർക്കു വർഷ-
ത്തോളം താൻ ദ്വാദശീസദ്വ്രതമമലമനു-
ഷ്ഠിച്ചു നിൻപ്രീതികാംക്ഷീ. 3

അന്നപ്പാരണവാസരത്തിലയി നിൻ–
പൂജാവസാനേ വിഭോ!
ചെന്നാനന്നൃപമന്ദിരത്തിൽ മുനി ദുർ–
വാസാവു സർവ്വേശ്വരാ!
നന്ദിച്ചൂണിന്നുടൻ ക്ഷണിച്ചു നൃവരൻ,
പോയാൻ മുനിശ്രേഷ്ഠനും
മന്ദം നിഷ്ഠുരമാനസൻ യമുനയിൽ
കർമ്മങ്ങൾ ചെയ്തീടുവാൻ. 4

തൽഭക്തൻ നൃപനന്നു പാരണമതിൻ–
കാലം കഴിഞ്ഞീടുമെ–
ന്നൽപ്പൂവിൽ ഭയമോടു പാരണമുടൻ
ചെയ്താൻ ജലം കൊണ്ടഹോ,
ക്ഷിപ്രം മാമുനി ദിവ്യദൃഷ്ടിയതിനാൽ
ബോധിച്ചു കോപിച്ചു വ–
ന്നപ്പോളോതിയസഭ്യമജ്ജട പറി–
ച്ചുണ്ടാക്കിനാൻ കൃത്യയെ. 5

വാളും കൈയിൽധരിച്ചിട്ടഖിലഭുവനവും
ഭസ്മമാക്കുന്ന കൃത്യാ
മേളത്തോടേയടുക്കുന്നതുളവിലിളകിയീ–
ല്ലൊട്ടുമേ ഭൂമിപാലൻ;
ഭക്തൻതൻബാധമേവം സപദി മുരരിപോ!
കണ്ടു നിൻ ചേലാരചക്രം
കൃത്യാബർഹിസ്സിനേകിട്ടുലഭത മുനിതൻ
ചാരവേ പാഞ്ഞണഞ്ഞു. 6

എല്ലാലോകത്തിലും തൻപിറകിലണയവേ
ചക്രമത്യന്തഭീതൻ
നില്ലായെന്നായ് മുനീന്ദ്രൻ വിധിയുടെ സവിധേ
ചെന്നു കൈവന്നഖേദാൽ;
'ഇല്ലാരും കാലചക്രം കരുതുകിതു തട്ടി–
ത്തീട്ടവാ'നെന്നു കേട്ട–
ക്കല്യൻ കൈലാസമാപ്തൻ; ശിവനുമഥ ഭവാൻ–
തന്നെ വന്ദിച്ചു നിന്നാൻ. 7

അന്നേരം നിൻസമീപേ മുനികൾവരനണ–
ഞ്ഞാശു വന്ദിച്ചിട്ടമ്പോൾ
ചൊന്നാൻ ശൗരേ! ഭവാൻ 'ഹേ മുനികുലവര! ഞാൻ
ഭക്തലോകക്കു ദാസൻ;
മാന്യം ബോധം തപസ്സും വിനയസഹിതമെ–
ന്നാകിൽ മാത്രം ജഗത്തിൽ;
ചെന്നൻപോടംബരീഷൻപദയുഗമതിനെ–
ത്തന്നെ സേവിക്ക'യേവം. 8

കത്തും ചിത്തേന പാഞ്ഞമ്മുനിയഥ നൃവരൻ–
കാൽ പിടിച്ചോരുനേരം
പൃത്ഥ്വീനാഥൻ സ്തുതിച്ചാൻ ജവമൊടപസരി–
ച്ചിട്ടു നിന്നായുധത്തെ;
ചിത്രം! ചക്രം മറഞ്ഞൂ; മുനി, നൃപനുടെ നിൻ–
ഭക്തിയും ദോഷി തൻകൽ
പ്രീത്യാ കാണിച്ച കാരുണ്യവുമതി ബഹുമാ–
നിച്ചു നൽകീ വരങ്ങൾ. 9

രാജാ ഭക്ഷിച്ചിടാതമ്മുനികുലവരനെ–
ക്കാത്തുനിന്നേകവർഷം
പൂജിച്ചൻപിൽ ഭുജിപ്പിച്ചവനെയഥമുദാ
യാത്രയാക്കീട്ടു ധന്യൻ
ശ്രീജാനേ! താൻ ഭുജിച്ചിട്ടതിലുമധികഭ–
ക്ത്യാ വസിച്ചന്ത്യകാലേ
സായുജ്യം ചേർന്നിതേവം കൃപയെഴുമനിലാ–
ധീശ! പാലിക്കനിത്യം. 10

## മുപ്പത്തിനാലാം ദശകം

ദേവന്മാരൊത്തുകൂടിദ്ദശമുഖവധമ–
ർത്ഥിക്കയാ,ലൃശ്യശൃംഗൻ
സൽപുത്രീയേഷ്ടി ചെയ്തദ്ദശരഥഭവനേ
നൽകിടും പായസത്തെ
ഭുക്ത്വാ ഗർഭം നൃപൻതൻപ്രിയകളിയലവേ
മൂന്നുപേർ, രാമനായി–
ട്ടുണ്ടായ് നീ ലക്ഷ്മണൻതന്നൊടുമഥ ഭരതോ–
പേതശത്രുഘ്നനോടും. 1

വില്ലാണ്ടക്കൗശികേഷ്ടിക്കവനമരുളുവാൻ
ലക്ഷ്മണൻതന്നൊടച്ഛൻ–
ചൊല്ലാൽ പോയദ്ധ്വഖേദം മുനിയരുളിയ മ–
ന്ത്രദ്വയംകൊണ്ടു തീർത്തു
രോഷം കൊണ്ടാശു കൊന്നമ്മുനിയുടെ മൊഴിയാൽ
താടകാമാടൽതീർപ്പാൻ
പ്രാപിച്ചസ്ത്രാൽ ശരൗഘം മുനിവനമതിൽ നീ
ചെന്നു സിദ്ധാശ്രമത്തിൽ. 2

മാരീചൻതന്നെയോടിച്ചഥ മഖമതില-
ന്യാശരന്മാരെയും കൊ-
ന്നാരോമൽപാദസംഗാൽ മുനിവനിതയെ ര-
ക്ഷിച്ചു വൈദേഹഗേഹേ
ചെന്നീശൻവില്ലൊടിച്ചിട്ടവനിതനയയാം
ലക്ഷ്മിയാൾതന്നെ വേട്ടി-
ട്ടന്നദ്ധ്വാരങ്ങളേല്പും സഹജരൊട്ടമയോ-
ദ്ധ്യക്കു നീയാഗമിച്ചു. 3

പാരം കോപാൽ തട്ടത്തീടിന ഭൃഗുപതിയും
തൻമഹസ്സേകി യാതൻ;
നേരേ ചെന്നിട്ടയോദ്ധ്യാപുരിയിലതിസുഖം
വാണു നീ സീതയോടും;
പോയാൻ ശത്രുഘ്നനോടബ്ഭരതനഥ യുധാ-
ജിൽഗൃഹേ; കൈകയീ നി-
ർമ്മായം താതൻ തുടങ്ങീടിനഭവദഭിഷേ-
കത്തെയന്നാൾ മുടക്കി. 4

താതൻചൊല്ലാൽ വനേ പോവതിനനുജവധൂ-
ചാപയുക്തൻ തുനിഞ്ഞ-
പ്പൗരന്മാരെത്തട്ടത്തു പഥി ഗുഹനിലയേ
ചെന്നു ചീരം ജടാം നീ
ചേർന്നുഗംഗാം കടന്നു വഴിയിലഥ ഭര-
ദ്വാജനെക്കണ്ടു വന്ദി-
ച്ചന്യൂനാനന്ദമോടേയവനരുളുകയാൽ
ചിത്രകൂടത്തിൽ വാണു. 5

പുത്രാർത്ഥ്യാ തൻപിതാ സ്വർഗ്ഗതനിതി ഭരതൻ
ചൊൽകയാലല്ലലോടേ
തത്തോയം താതനേകീട്ടവനു മഹിയെയും
പാദുകാം ചാപി നൽകി
അത്രിം നത്വാ ഗമിച്ചു വിപുലവിപിനമ-
ദ്ദണ്ഡകാം ചണ്ഡനാകും
ദൈത്യം ഹത്വാ വിരാധം പരഗതി ശരഭം-
ഗന്റെ വീക്ഷിച്ചുതേ നീ. 6

ഭക്ത്യാ വന്ദിച്ചഗസ്ത്യം നിശിചരരെ മുനി-
പ്രീതയേ കൊൽവെനെന്ന-
ങ്ങുക്ത്വാ ബ്രഹ്മാസ്ത്രവും വൈഷ്ണവധനുരപി നീ-
യമ്മുനീന്ദ്രാൽ ഗ്രഹിച്ചു
മദ്ധ്യേമാർഗ്ഗം ജടായും ജനകസഖമുടൻ
കണ്ടു ഗോദാതടത്തിൽ
ചിത്താനന്ദേന വാണു നിജരമണിയൊട്ടും
പഞ്ചവട്യാം മുരാരേ! 7

കാമിച്ചർത്ഥിച്ചിട്ടും ശൂർപ്പണഖമൊഴി സഹരി-
ക്കാഞ്ഞു വത്സങ്കൽ വിട്ട-
സ്സൗമിത്രിക്കേറി രോഷാനലനവനവൾ തൻ-
നാസ ഖണ്ഡിച്ചശേഷം
കോപത്താൽ വന്നടുക്കും ഖര,നവനനുജൻ
ദൂഷണാഖ്യൻ, ത്രിശീർഷൻ
പാപൻ, വദ്ധിച്ച രക്ഷസ്സുകളിവരെ വധി-
ച്ചാൻ ഭവാനക്ഷതോഷ്മാ. 8

സോദര്യോക്ത്യാ വലഞ്ഞദ്ദശമുഖനുടനേ
വിട്ട മാരീചനാകും
ചേതോരമ്യം മൃഗത്തെ പ്രണയിനിയരുളാൽ
കൊന്നു നീ;യന്നവൻെറ
മായാക്രന്ദാൽ ഗമിച്ചാനനുജ;നവളെയും
കൊണ്ടുപോയാൻ ദശാസ്യൻ;
നീയും ഖിന്നോപ്യഹോ! തദ്വധമതിനിട ക–
ണ്ടുള്ളിൽ മോദം വഹിച്ചു. 9

പിന്നെസ്സീതാം തിരഞ്ഞ‘ദ്ദശമുഖനവളെ–
ക്കൊണ്ടുപോയ് മാം വധിച്ചി’–
ട്ടെന്നോതിപ്പക്ഷിവര്യൻ ത്രിദിവമണയവേ
പ്രേതകാര്യങ്ങൾ ചെയ്തു
കൊന്നേററീട്ടും കബന്ധം തദനു ശബരിയെ–
ക്കണ്ടു പമ്പാതടത്തിൽ
ചെന്നാശ്രീമാൻ ഹനൂമാനൊടു ഭൃശമുദിതൻ
നീ വിഭോ! രക്ഷ ചെയ്തു. 10

## മുപ്പത്തഞ്ചാം ദശകം

നീതൻ സുഗ്രീവസഖ്യം പവനതനയനാൽ,
ദുന്ദുഭിക്കുള്ള ദേഹം
പൃതാംഗുഷ്ഠാലെറിഞ്ഞിട്ടൊരു ശരമതിനാൽ
സാലമേഴും മുറിച്ചു
ശക്തൻ സുഗ്രീവനെക്കൊൽവതിനു തുനിയുമ–
ബ്ബാലിയെക്കള്ളമോടേ
ഹത്വാ നീ വാണു വർഷാവധിവരെ വിരഹാ–
ർത്ത്യാ മതംഗാശ്രമത്തിൽ. 1

വേടിച്ചാ ലക്ഷ്മണോക്ത്യാ ദിനകരസുതനാൽ
നീതമായ്, സീതതന്നെ-
ത്തേടിപ്പോകാൻ വണങ്ങും വിവിധകപിബലം
കണ്ടു കൊണ്ടാടി നീയും
ഊഢിക്കും വായുപുത്രൻ കരമതിലടയാ-
ളോക്തിയോടംഗുലീയം
പ്രൗഢാഭം നൽകി; വേഗാലവരുമവളെയ-
ദ്ദിക്കുതോറും തിരഞ്ഞാർ. 2

തദ്വൃത്തം കേട്ടദിക്കും ചിറകുടയൊരു സ-
മ്പാതിതാൻ ചൊൽകയാലേ
ലംഘിച്ചാംഭോധി ലങ്കസ്ഥകമതിലമരും
സീതയാൾക്കാഴിയേകി
ഖണ്ഡിച്ചുദ്യാനമക്ഷന്നടലിൽ മൃതിയണ-
ച്ചേററുബന്ധം ദശാസ്യൻ-
തന്നെക്കണ്ടിട്ടു ചുട്ടപ്പുരമഥ ഹനുമാൻ
നൽകി തേ മൗലിരത്നം. 3

സുഗ്രീവാദിപ്ലവംഗപ്പടയൊടഥ ഭവാൻ
സിന്ധുതീരത്തിലെത്തി-
ട്ടഗ്രേ വന്നാശ്രയിക്കും ദശമുഖസഹജൻ
ചൊൽകയാൽ വേണ്ടവണ്ണം
ഉൾക്കൊണ്ടശ്ശത്രുവൃത്തം രഹസി, നതികൾ കേൾ-
ക്കാഞ്ഞു കോപിച്ചെട്ടുത്തോ-
രുഗ്രാഗ്നേയാശുഗത്തിൻ ദ്യുതിയതിലിളകി-
ത്തന്നു മാർഗ്ഗം ജലേശൻ. 4

കീശന്മാർ കൊണ്ടുവന്നീടിന ഗിരിനിരയാൽ
തീർത്താരസ്സേതുവേറി
പ്രാപിച്ചിട്ടങ്ങു ദംഷ്ട്രാനഖഗിരിമുഖമാ–
മായുധം പൂണ്ടതാകും
സൈന്യത്താൽ സാനുജൻ നീ രിപുനിരയെ ഹനി–
ച്ചീടവേ ശക്രജേതാ–
വീശാ! നിന്നിൽ പ്രയോഗിച്ചൊരു ഫണിശരമാൽ
വന്നൊഴിച്ചാൻ ഖഗേന്ദ്രൻ. 5

അന്നേരം ശക്തിയേറ്റു മൃതനനുജനുടൻ
വാതജാനീതമാകും
കുന്നിൻ കാറ്റേറ്റു ജീവിച്ചധികകുമതിയാം
മേഘനാദം വധിച്ചാൻ;
പിന്നും മായാഭ്രമത്തെദ്ദശമുഖസഹജൻ–
ചൊല്ലിനാൽ തീർത്തു നീയും
സൈന്യം ഭക്ഷിച്ചടുത്തോരധികഭയദനാം
കുംഭകർണ്ണം വധിച്ചു. 6

ഇന്ദ്രൻ തന്നോരു തേരും കവചമതുമിയ–
ന്നാഹവാന്തേ ദശാസ്യം
ബ്രഹ്മാസ്ത്രംകൊണ്ടു കൊന്നിട്ടനലവിമലയാം
സീതതന്നെ ഗ്രഹിച്ചു
ദേവന്മാർ ജീവനേകീടിന രണമൃതകീ–
ശൗഘമോടാശു ലങ്കാ–
ഭൂപൻതന്നോടുമെത്തീ നിജനഗരിയിൽ നീ
സപ്രിയൻ പുഷ്പകേണ. 7

മോദാൽ ദിവ്യാഭിഷേകൈരലമയുതസമാ–
 തീതകാലം സദാരം
വാണയ്യോ! ഗർഭമാന്നോരവളെയമല! നീ
 തള്ളിപോൽ ദുഷ്ടവാക്കാൽ,
ശത്രുഘ്നൻ കൊന്നു യുദ്ധേ ലവണനെയുടനേ
 നൽകി നീ മുക്തി ശുദ്ധ–
ന്നപ്പോൾ വാല്മീകിഗേഹസ്ഥിത ജനകജ പെ–
 റ്റീടിനാൾ പുത്രയുഗ്മം. 8

തൽപുത്രന്മാർകളെക്കൊണ്ടതിശുഭകൃതി പാ–
 ടിച്ചവാല്മീകി ചൊല്ലീ–
ട്ടപ്പോൾ യാഗേ ഭവൽകാമിത മഹിജ മറ–
 ഞ്ഞീടിനാൾ ഭൂമിയിങ്കൽ
കാലോക്ത്യാ വിട്ട സൗമിത്രിയെയഥ സരയൂ–
 മഗ്നരാം ഭൃത്യരോട്ടം
കാലേ വിണ്ണെത്തി നീയും നിജപദമമലം
 ദേവ! വൈകുണ്ഠമാന്നു. 9

ഏവം നിൻ മർത്ത്യജന്മം, മനുജസമുദയം,
 ധർമ്മകാമാതിസക്ത്യാ
കൈവന്നീട്ടും നിരാഗസ്ത്യജനവിരഹദുഃ–
 ഖങ്ങളെന്നോക്കുവാൻ താൻ;
അല്ലെന്നാലന്നിജാത്മാനുഭവമുടയ നിൻ–
 മാനസത്തിന്നു മാററം
തെല്ലുണ്ടോ? സത്വമൂർത്തേ! പവനപുരപതേ!
 തീർക്ക ദുഃഖങ്ങളെല്ലാം. 10

## മുപ്പത്താറാം ദശകം

പണ്ടത്രിശ്രീമുനീന്ദ്രപ്രണയിനിയനസൂ-
യാഖ്യയിൽ ദത്തനായി-
ട്ടുണ്ടായ് ശിഷ്യവ്രജാധ്യാപനവിമുഖതയാൽ
ഭാര്യയോടും തിരിച്ചു
കണ്ടോരക്കാർത്തവീര്യാർജ്ജുനനു സദയമൈ-
ശ്വര്യമുഖ്യം വരത്തെ-
ക്കൊണ്ടും താൻ തന്നെ കൊല്ലാമൊടുവിലിതി വരം
കൊണ്ടുമങ്ങേകി മോദം. 1

നീ പിന്നീടർജ്ജുനൻതൻവരമമല! ഫലി-
പ്പിപ്പതിന്നായവൻതൻ-
ശക്തിക്കുൾപ്പെട്ടു നില്ക്കും നൃപരെയുമവനീ-
ഭാരവും സംഹരിപ്പാൻ
സംജാതൻ രാമനായിശ്ശുഭമതി ജമദ-
ഗ്നിക്കെഴും കാന്തയിങ്കൽ-
ത്തൽപുത്രന്മാരിലെല്ലാററിലുമവരജനായ്-
ത്താതനിൽ പ്രീതി ചേർത്തു. 2

പത്തും നാലും വയസ്സിൽ ശ്രുതിനികരമറി-
ഞ്ഞ,മ്മ ഗന്ധർവ്വരാജേ
ചിത്തം വെച്ചെന്നു രുഷ്ടൻ ജനകനരുൾകയാൽ
കൊന്നു നീയമ്മയേയും
പിന്നെത്താതാജ്ഞ ലംഘിച്ചോരു സഹജരെയും;
ശാന്തനായിപ്പിതാവും
തന്നാൻ തജ്ജീവിതത്തെ,ജ്ജനനിയുമഥ തേ
നൽവരം നൽകി മോദാൽ. 3

മാതൃപ്രീതിക്കു താതൻ സുരഭിയെ നതിയാ-
ലാഹരിച്ചീടവേ നീ
പോയി പ്രാലേയശൈലേ ഭൃഗുവരുളകയാ-
ലീശനെസ്സേവചെയ്തു
പ്രാപിച്ചൈശ്വമാകും പരശുവഥ തദ്ദ-
ക്താസുരൻതന്നെ ഹിംസി-
ച്ചസ്ത്രാദ്യം ചേൎന്നു ദുഃഖം മുനിവരനു കെട്ട-
ത്താശ്രമം പ്രാപ്തനായി. 4

വേട്ടയ്ക്കെത്തിയൊരർജ്ജുനൻ സുരഭിയാ-
ലുണ്ടായ വസ്തുക്കളാൽ
തൃപ്തനായിട്ടു സഭാജിതൻ ഗൃഹഗതൻ
ദുർമ്മന്ത്രിവാചാഥ ഗാം
തേടിപ്പാൻ ബത! വിട്ട ദുഷ്ടസചിവൻ
കൊന്നാൻ മുനിം; ഗോവുടൻ
കോപത്തോടു ഹനിച്ചു സേനയെ,—യവൻ
വത്സത്തെയും കൊണ്ടുപോയ് 5

ശുക്രൻ ജീവൻ കൊടുത്തീടിന ജനകനുടൻ
ചൊൽകയാൽ മിത്രമോടും
രുദ്രൻതൻഭൃത്യദത്തം പരശുശരധനു-
സ്സാൎന്നു സൂതാശ്വയുക്തം
തേരേറിച്ചെന്നു മാഹിഷ്മതിയിലയി വിഭോ!
വാക്കിനാലൂക്കനാകും
പൃത്ഥ്വീശൻ വത്സമേകാഞ്ഞടലിനഥ ഭവാ-
നാടലെന്യേ തുടങ്ങി. 6

നാനാപുത്രാളിയോടും നരപതി പതിനേ-
ഴാകുമക്ഷൗഹിണീഭി-
സ്സേനാനീബന്ധുവർഗ്ഗത്തൊടുമടലധികം
ഘോരമായ് ചെയ്തശേഷം
സൈന്യം നിൻശസ്ത്രമേററൊക്കെയുമഥ ഹതമായ്;
നഷ്ടശിഷ്ടാത്മജന്മാർ
പാഞ്ഞാർ പേടിച്ചു പെട്ടെന്ന,വനുമിഹ ഭവാ-
നോടു നേരേയെതിർത്താൻ. 7

വെള്ളത്തിൽ പണ്ട് കതികണ്ടുപ്രഭുവിനെ മുഴുകി-
ച്ചുററ ഗർവ്വം കളഞ്ഞി-
ട്ടുള്ളീരഞ്ഞൂറു കൈയാൽ പ്രഹരണനിവഹം
വിട്ടൊരക്കാർത്തവീര്യൻ
തള്ളീടും വൈഷ്ണവം ചക്രവുമിഹ ഫലിയാ-
ഞ്ഞീശനെന്നോർത്തു വാഴ്ത്തി-
ട്ടുള്ളത്തിൽ ശുദ്ധിപൂണ്ടാ;—നവനെയഥ വധി-
ച്ചേകി മോക്ഷം ഭവാനും. 8

പിന്നെക്കോപിച്ചവൻതൻതനയർ ജനകനെ-
ക്കൊന്നപോതാർത്തിയുള്ളിൽ
ചിന്നും മാതാവിനെക്കണ്ടതികടുശപഥം
ചെയ്തുടൻ ധ്യാനനീതം
മുന്നെപ്പോലായുധം തേരിവയൊടവനിദേ-
വാഹിതക്ഷത്രിയൗഘം
തന്നെസ്സർവ്വത്ര നീ കൊന്നവനിയെയഥ നിർ-
ബാഹുജവ്രാതയാക്കി. 9

ജീവിപ്പിച്ചച്ഛനെബ്ഭൂപതികളെയിരുപ–
ത്തൊന്നുവട്ടം ജയിച്ചി–
ട്ടാവിർമ്മോദം പിതൃസ്തർപ്പണവുമഥ സമ–
ന്താദിയാം പഞ്ചകത്തിൽ
രക്തൗഘേ ചെയ്തു നൽകിസ്തവമതിൽ മഹിയെ–
ക്കാശ്യപാദ്യ,ക്കേതിക്കും
സാലപന്നക്കൃഷ്ണനേകും മരണമിതി കമാ–
രോക്തിയാൽ നീയടങ്ങി. 10

അസ്ത്രം വെച്ചമ്മഹേന്ദ്രാദ്രിയിലരിയ തപം
ചെയ്തു വാരാശിമഗ്നാം
കണ്ടാഗോകർണ്ണമുർവ്വീതലമഥ മുനിമാർ
ചൊൽകയാൽ ചാപമേററും
ആഗ്നേയാസ്ത്രത്തിനാലജ്ജലനിധിയെയിള–
ക്കിസ്രുംവക്ഷേപണത്താൽ
മാററീട്ടിക്കേരളത്തെപ്പുനരലിവൊടെട്ടു–
ത്തോരു വാതേശ! പാഹി. 11

## മുപ്പത്തേഴാം ദശകം

മുന്നം ദേവാസുരന്മാരുടെ രണമതിൽ നീ
നിർഭരാനന്ദ! ഹിംസി–
ച്ചെന്നാലും കർമ്മശേഷാൽ പരഗതിയടയാ–
തുള്ള ഘോരാസുരന്മാർ
മന്നിൽ പിന്നെജ്ജനിച്ചാ,രവരുടെയതിഭാ–
രേണ ദുഃഖിച്ചു ഭൂമി
മുന്നേ വന്നാശ്രയിച്ചോരമരകളിയലും
ബ്രഹ്മപാർശ്വം ഗമിച്ചാൽ. 1

'അയ്യോ! ദുജ്ജനഭാരമേററു കടലിൽ—
ത്താഴാൻ തുടങ്ങുന്നൊരെൻ—
ഖേദം ദേവകളോടു താനയി വിഭോ!
ചോദിക്ക പാലിക്ക മാം'
ഏവം കേണ ധരിത്രിയേയുമമര—
ന്മാരേയുമൻപെത്രയും
ഉക്കം കണ്ണുകൾകൊണ്ടു നോക്കി വിധിയും
ധ്യാനിച്ചു നിന്നെത്തദാ. 2

'സത്യം ഭൂമി പറഞ്ഞതിന്നമരരേ!
പാലിപ്പതിന്നച്യുതൻ
ശക്തൻ; നാം ശിവനോടുമൊത്തു വഴിപോൽ
പാലാഴി പുക്കിപ്പൊഴേ
സ്തോത്രം ചെയ്യുകവേണ'മെന്നരുളിയ—
പ്പത്മാസനൻ പാരമുൾ—
പ്രീത്യാ സവ്വരുമൊത്തുചേന്നഥ ജവാൽ
പ്രാപിച്ചു നിൻമന്ദിരം. 3

തൽപാദാംഭോജമോത്തിട്ടവരുടനൊരുമി—
ച്ചോമനക്കാററിണങ്ങും
നല്പാലാഴിക്കു തീരേയണയുമളവില—
പ്പൂമകൻ മാനസത്തിൽ
കെല്പേറും നിൻഗിരം കേട്ടവരൊടധികമാ—
നന്ദമേറുന്നവണ്ണം
'ചിൽപൂണ്ണൻ തന്നെയെന്നോടരുളിയതഖിലം
കേൾപ്പിനെ'ന്നോതി നാഥാ! 4

‘ഭൂമിക്കും ദേവകൾക്കും ഖലനൃപതികളാ–
ലുള്ള ദുഃഖം ധരിച്ചേൻ,
ശ്രീമത്താം യാദവന്മാർകുലമതിലതു ഞാൻ
തീർപ്പതിന്നായ് ജനിപ്പേൻ;
ദേവന്മാർ വൃഷ്ണിവംശത്തിലുമവനിയില–
ദ്ദേവിമാരും ജനിപ്പിൻ
സേവിപ്പാനെന്നെ’യെന്നിങ്ങനെ തവ വചനം
ചൊല്ലിനാൻ പത്മജന്മാ. 5

ആനന്ദക്കടലാടി മാധുരിയെഴും
നിൻവാക്കു കേട്ടേവരും
മാനം വിട്ട ഭവൽകൃപാമൃതധുരീ–
തൃപ്ത്യാ മടങ്ങീടിനാർ;
വാനൊക്കും മധുരാപുരേ തദനു നിൻ–
സാന്നിധ്യപുണ്യോത്തരേ
മാനീ വേട്ടിതു ദേവകാത്മജയെയ–
ശ്ശൂരാത്മജൻ ഭൂവരൻ. 6

കല്യാണം തീർന്നപോതങ്ങവളുടെ സഹജൻ
കംസനൻപോടു മാനി–
ച്ചുല്ലാസാൽ സൂതനായിട്ടവരൊടു ഗതനായ്–
ത്തേരിൽ മാർഗ്ഗത്തിൽ, ‘നിന്നെ
കൊല്ലും നിൻഭാഗിനേയൻ ഖല! കരുതിടുകെ–
ട്ടാമ’നെന്നഭ്രജം നിൻ–
ചൊല്ലപ്പോൾ കേട്ടു പേടിച്ചവളെയഥ വധി–
ച്ചീടുവാൻ വാളെടുത്താൻ. 7

കഷ്ടം! കേശേ ഗ്രഹിച്ചിട്ടവളെയതിഖലൻ
ശൗരിതൻ സാമവാക്കാൽ
വിട്ടീ'ലേകാമപത്യങ്ങളെ'യിതി വചനാൽ
പിന്നെ മോദിച്ചുപോയാൻ;
ജ്യേഷ്ഠം തേ മുന്നമന്നർപ്പിതമലിവൊട്ടു കൊ-
ന്നീലവൻ സ്നേഹഭാരാൽ;
ദുഷ്ടന്മാർക്കും ചിലപ്പോൾക്കനിവകമലരിൽ
ജാതമായീടുമല്ലോ. 8

ആക്കാലം നാരദൻതാനയി തവ മനസാ
കംസനോടോതിനാ'ന-
ദ്ദൈതേയന്മാർ ഭവാന്മാർ, യദുകുലമമര-
ന്മാർ, ധരിച്ചീലയോ നീ?
നിന്നെക്കൊൽവാൻ മുകുന്ദൻ സുരനുതനുളവാ'-
മെന്നു കേട്ടക്കഠോരൻ
ബാധിച്ചാൻ യാദവൗഘം, ഭഗിനിയുടെയപ-
ത്യങ്ങളേയും വധിച്ചാൻ. 9

ഏഴാം ഗർഭസ്ഥനായോരുരഗപതിയെ നിൻ-
പ്രേരണാൽ മായയപ്പോൾ
വാഴിച്ചാൾ ഹന്ത! രോഹിണ്യുദരമതിലുടൻ
സച്ചിദാനന്ദരൂപൻ
നീയും ശ്രീദേവകൻ തൻമകളുടെ ജഠരം
പ്രാപ്തനായ് ദേവവംശ-
ശ്രേയസ്സിന്നേ,വമുള്ളോരനിലപുരപതേ!
തീർക്ക മേ ദുഃഖമെല്ലാം. 10

## മൂപ്പത്തെട്ടാം ദശകം

അല്ലേ സുന്ദരരൂപ! നിന്നവതര-
ത്തിങ്കൽ പ്രദീപിക്കുമ-
ച്ചൊല്ലേറും തവ ചാരുവാമുടലിൽ നി-
ന്നേററം പുറപ്പെട്ടിടും
നല്ലോരാഭകളെന്നപോലെ വിലസും
മേഘങ്ങൾ കൊണ്ടംബര-
ങ്ങെല്ലാമാശു മറച്ചു വർഷസമയം
പ്രാപിച്ചു ശോഭിച്ചുതേ. 1

വർഷത്താലുളവായ തോയനിരയാ-
ലെങ്ങും തണുത്തീടവേ
ഹർഷം കാമിതമാന്ന സജ്ജനതതി-
ക്കേററം വളൎന്നീടവേ
ശീർഷം പൂർവ്വഗിരേൎന്നിശാപതി നിശാ-
മദ്ധ്യേ ഭജിച്ചീടവേ
തോഷം ലോകമതിന്നു നൽകിന ഭവാ-
നാവിർഭവിച്ചാൻ വിഭോ! 2

ബാലത്വം കലരുന്നതെങ്കിലുമതീ-
വൈശദ്യമോടൈത്രയും
ചേലാൎന്നോരു കിരീടഹാരകടകാ-
ദ്യത്താൽ വിളങ്ങുന്നതായ്
നീലാഭ്രാഭ കലൎന്നു പങ്കജഗദാ-
ശംഖാരിസംശോഭിയാം
കോലത്തോടഥ സൂതിഗേഹമതിൽ നീ
ശോഭിച്ചു പാരം ഹരേ! 3

നെഞ്ചിൽ കൊഞ്ചിക്കളിക്കും കമനികൾമണി പൃ–
മങ്ക മന്ദാക്ഷമോടൊ–
ത്തഞ്ചാതൻപോടയസ്സും മധുരതരകടാ–
ക്ഷങ്ങൾകൊണ്ടംഗ! നീയും
വഞ്ചിച്ചീടുന്ന കംസൻ സദനമതിനു ചേ–
ർത്തുള്ളൊരശ്രീയെ വേഗാ–
ലഞ്ചിപ്പിക്കുന്നവണ്ണം മുരമഥന! ചിദാ–
നന്ദമൂർത്തേ! വിളങ്ങി. 4

ധൈര്യം ചേർന്ന മുനീന്ദ്രമാനസമതിൻ–
ദ്ദൂരത്തു വാഴുന്ന തേ
ചാരുശ്രീ കലരുന്ന ദേഹമമലം
കണ്ടിട്ടു ശ്ശുരാത്മജൻ
പാരം തോഷമിയന്നു ഗൽഗദമതും
രോമാഞ്ചവും ബാഷ്പവും
ചേരുംവണ്ണമുടൻ സ്തുതിച്ചു നയനാ–
പ്പുന്തേൻ ഭവാനെത്തദാ. 5

'ഈശാ! സന്താപമാകും ലതയുടെ ദലനേ
ദാത്രമാം നേത്രലീലാ
വൈശദ്യം ചേർന്ന നാഥാ! പരമകൃപയെഴും
സൽക്കടാക്ഷങ്ങളാൽ മേ
ക്ലേശം സർവ്വം പ്രസാദത്തൊടു കളക ഭവാ'–
നിത്ഥമോരോന്നവൻ ചൊ–
ന്നേശ്ശും മോദാതിരേകത്തൊടു മനസി ചിരം
ദേവ! നിമന്ന സ്തുതിച്ചാൻ. 6

കണ്ണുനീർകൊണ്ടു കുളിച്ചുടൻ ജനനിയും
പാരം സ്തുതിച്ചീടവേ-
യംഭോജാക്ഷ! കൃപാബ്ധിയാകിയ ഭവാൻ
പണ്ടുള്ള ജന്മദ്വയം
ചൊന്നൻപോടറിയിച്ചവർക്കഥ വിഭോ!
മാതാവപേക്ഷിക്കയാൽ
മിന്നീടുന്ന മനുഷ്യബാലവടിവാ-
ന്നേററം വിളങ്ങീടിനാൻ. 7

നിന്നാൽ പ്രേരിതനായിട്ടുന്ന ജനകൻ-
താനും തദാ ധന്യനാം
നന്ദൻതന്നുടെ നന്ദനസ്ഥലകരം
നിന്നെസ്സമർപ്പിക്കുവാൻ
നന്നായാശ്ശമനോവിധാശ്ശതനുവാം
നിന്നെദ്ധരിച്ചാൻ കരേ
മിന്നും താമരതന്നിൽ മേവുമരയ-
ന്നക്കുട്ടിയെപ്പോലഹോ! 8

ചൊല്ലൊണ്ടും നന്ദഗോപാലയമതിലധുനാ
മായതാനും ജനിച്ചീ-
ട്ടപ്പൗരന്മാരെയെല്ലാവരെയുമധികമായ്
നിദ്രയാലേ മയക്കി;
അപ്പോൾ നന്നായടച്ചുള്ളൊരു കതകുകൾ ചൈ-
തന്യഹീനങ്ങൾ വേഗാ-
ലൊപ്പം തൽപ്രേരണത്താൽ സ്വയമജിത! തുറ-
ന്നെന്നതാശ്ചര്യമാണോ? 9

ശേഷൻതാൻ മണിദീപ്തിയേറിന ഫണാ–
ചക്രത്തിനാൽ ഭക്തിമാൻ
വർഷം നാഥ! തടുക്കയാൽ വഴിതെളി–
ഞ്ഞേററം പ്രകാശിക്കവേ
തോഷം പൂണ്ടു ഭവാനെയങ്ങനെ വഹി–
ച്ചുംകൊണ്ടു പോയീടിനാ–
നേഷഃ; ശ്രീപവനാലയേശ്വര! ശമി–
പ്പിച്ചീടുകെന്നാർത്തികൾ. 10

## മുപ്പത്തൊൻപതാം ദശകം

നിന്നെക്കൈയിൽ ധരിച്ചൻപൊടു ഗതനിവനാ–
ങ്ങഭ്രമാർഗ്ഗത്തിലെത്തി–
ച്ചിന്നും തോയം കലർന്നിട്ടിളകിന പൃഥുകാ–
ളിന്ദിയെക്കണ്ടു മാർഗ്ഗേ;
അന്നേരത്തിന്ദ്രജാലോദിതജലനിര പോ–
ലജ്ജലൗഘങ്ങൾ പാദ–
ത്തിന്നൊട്ടും മേൽക്കവിഞ്ഞീലിതു ബത! പരമാ–
ശ്ചര്യമോർത്തോളമീശ! 1

പശുപസംഹതി ദൃഢമുറങ്ങവെ–
യഥ തുറന്ന കവാടമോ–
ടശുഭമെന്നിയെ ചെറുവധു കര–
യുമൊരു നന്ദഗൃഹം ഗതൻ
പ്രസവമെത്തയിലവിടെ നിന്നെയു–
മമല! ചേർത്തു ധരിച്ചുടൻ
രസമൊടങ്ങനെ കപടകന്യയെ
നിജപുരം ഗതവാനിവൻ. 2

അന്നേരം നിൻസ്വസാവിൻ സ്ഫുടതരനിനദം
കേട്ടുണൎന്നബ്ഭടന്മാർ
ചെന്നാവേഗേന ചൊല്ലും പ്രസവകഥയറി-
ഞ്ഞാൎത്തി പൂണ്ടിട്ടു കംസൻ
ചിന്നും കേശങ്ങളോടേ ജവമൊടിഹ ഗമി-
ച്ചിട്ടു സന്തോഷമെന്യേ
മിന്നും തേജസ്സു ചേൎന്നബ്ഭഗിനിയുടെ കരേ
കണ്ടിതക്കന്യതന്നെ. 3

'കള്ളൻ വിഷ്ണുവിനുള്ള മായയിവളെ'-
ന്നുള്ളിൽ ധരിച്ചിട്ടവൻ
ഭള്ളോടേ ഭഗിനീകരത്തിൽ വിലസും
പേരാൎന്ന പെൺകുട്ടിയെ
തള്ളിക്കേറി മൃണാളമംബുജിനിതൻ
മദ്ധ്യത്തിൽ നിന്നാന പോ-
ലെള്ളോളംകൃപ വിട്ടെടുത്തു തരസാ
തല്ലീടിനാൻ കല്ലതിൽ. 4

നിന്നെസ്സേവിച്ചിട്ടുന്നോൻ ഝടിതി കഠിനമാം
മൃത്യുപാശത്തിൽ നിന്നി-
ട്ടെന്നോണം കൈകൾ വിട്ടങ്ങവളുമിതരമാം
രൂപമാൎന്നംബരാന്തേ
മിന്നുന്നോരെട്ടു ബാഹുക്കളിൽ വിലസിന ഘോ-
രായുധൗഘം കലൎന്നി-
ട്ടന്നാനന്ദൈകമൂൎത്തേ! തെളിവിനൊടു വിള-
ങ്ങീടിനാളാടലെന്യേ. 5

'ദുഷ്ടാത്മാവായ നീയെന്തിനു പറക ഹനി-
ക്കുന്നതിന്നെന്നെ?യുണ്ടാ-
യിട്ടുണ്ടേകത്ര നിന്നന്തകനിനിയിഹ നിൻ-
രക്ഷ നീയോൎത്തുകൊൾക'
ചെട്ടെന്നേവം പറഞ്ഞക്ഖലനൊട്ട തവ സോ-
ദൎയ്യ ശൗരേ! മറഞ്ഞാ-
ളൊട്ടേറും ദേവസംഘസ്തുതിയൊട്ട, ഭുവി ഗേ-
ഹങ്ങളും ചേൎന്നവല്ലോ. 6

പിന്നെദ്ദേവി പറഞ്ഞ വാൎത്ത നൃവരൻ
ചൊല്ലിപ്രഭാതേ ധരി-
ച്ചന്നപ്പൂതനയാൾ പ്രലംബബകർ മുൻ-
പായുള്ള ദേവാരികൾ
നിന്നെക്കൊൽവതിനായ് ശിശുക്കളെയഹോ!
കൊന്നങ്ങു സൎവ്വത്ര താ-
നൊന്നൊന്നായി നടന്നുതേ കൃപ വെടി-
ഞ്ഞാക്കെന്തകാൎയ്യം? വിഭോ! 7

നന്ദഗോപനുടെ മന്ദിരേ സതിയശോദ
തൻപ്രസവമെത്തമേൽ
ചേൎന്നു കാല്യകൾ കുടഞ്ഞു നീ മൃദുകരഞ്ഞ
നേരമതറിഞ്ഞുടൻ,
നന്ദനൻ ബത! ജനിച്ചുവെന്നുവനിതാജ-
നങ്ങളരുളീടവേ
വന്ന മോദമൊട്ടമെന്തു ചൊൽവതിഹ,
ഗോകുലം സകലമാകുലം. 8

ശയ്യാമദ്ധ്യേ ശയിക്കും ലളിതനവകളാ—
യാഭനാം നിന്നെയന്ന—
മ്മയ്യേല്യംകണ്ണി കണ്ണാലതികുതുകമൊടാ—
സ്വാദനംചെയ്തു മുന്നം
പെയ്യും മോദത്തൊടപ്പോർമുലയിണ കനിവോ—
ടാസ്വദിപ്പിച്ചുടൻ തൻ—
മെയ്യിൽ ചേർത്താൽ; നിനച്ചാലവളൊട്ട സദൃശം
പുണ്യമാക്കുള്ള ലോകേ? 9

അന്നേരം നന്ദഗോപൻ തവ സുഖമണവാൻ
ബ്രാഹ്മണക്കായ് മനസ്സിൽ
ചിന്നും മോദത്തൊടെന്തെന്തയി വരദ! കൊട്ട—
ത്തീല ഭാഗ്യാംബുരാശി?
നന്ദിച്ചഗ്ഗോപസംഘങ്ങളുമഥ ശുഭമ—
ങ്ങെന്തു ചെയ്തീല? ലോകം
മൂന്നിന്നും സൗഖ്യമേകും മുരമഥന! കടാ—
ക്ഷിക്ക ദുഃഖങ്ങൾ പോക്കാൻ 10

## നാല്പതാം ദശകം

കപ്പം കൊട്ടപ്പതിന്നു രാജപുരത്തിൽ വന്ന
ചൊല്ലൊണ്ടിട്ടും സുകൃതി നന്ദനൊടന്നു ശൗരി
അപ്പാപി കംസനുടെ മിത്രജനോദ്യമം പാ—
ർത്തുൾപ്പൂവിലുററ പരിതാപമൊടേവമോതി: 1

'എൻതോഴരേ! തവ സുതോത്ഭവമിന്നെനിക്കു
സന്തോഷദം മമ സുതോത്ഭവമെന്നപോലെ'
ഇത്ഥം ഭവൽപിതൃത നന്ദനിലാക്കിവെച്ചി—
ട്ടത്യാദരത്തൊട്ട പറഞ്ഞിതു ശൗരി വീണ്ടും: 2

'ഇവിടെയഹഹ! കാണുന്നുണ്ടു തേ ദുർന്നിമിത്തം
പലതരമതിനാലേ പോകണം ഗോകുലത്തിൽ'
അവനുടെ മൊഴിയേവം കേട്ടുടൻ നന്ദഗോപൻ
സപദി ഭവദപായത്രാസമോടേ നടന്നാൻ. 3

അന്നാളിലവ്രജപദേ്യിളകുന്ന വണ്ടിൻ-
വൃന്ദം വണങ്ങിന മനോഹരകേശമോടേ
സൗന്ദര്യമേറി വിലസുന്നൊരു നാരി മോദാൽ
വന്നീടിനാൾ കപടബാലക! നിൻസമീപേ. 4

പാരിൽ ശിശുക്കളെ വധിച്ചുനടന്നിടുന്ന
ഘോരാശരാനനയജ പൂതനയായ ദുഷ്ടാ
നാരീജനം നിഖിലമാരിവളെന്നതോക്കും
നേരത്തിൽ നിന്നെയുടനേ കനിവോടെടുത്താൾ. 5

മാധുര്യമേറിന വിലാസരസങ്ങൾ കണ്ട-
ശ്ശാതോദരീജനമണഞ്ഞു തടഞ്ഞതില്ല;
ചേതോഹരാംഗിയവളും മുല നൽകി കള്ള-
പ്പോതൻ നിനക്കുടനിരുന്നു ഗൃഹത്തിനുള്ളിൽ. 6

ശങ്കിച്ചിടാതെയവൾതൻ മടിയിൽക്കരേറി
വൻകോപമാർന്നു ശിശുനിഗ്രഹമോർത്തുടൻ നീ
പങ്കേരുഹേക്ഷണ! നുകർന്നിതു ദുർവ്വിഷത്തിൻ-
പങ്കം കലർന്ന മുല മാമ്പഴമെന്നപോലെ. 7

പ്രാണങ്ങളോടു മുലയങ്ങു കുടിച്ച നേര-
ത്തേണാക്ഷിയാ ളിടികണക്കൊരു ശബ്ദമോടേ
വീണാൾ ഭയങ്കരനിജാകൃതി പൂണ്ടു വീണ്ടും
പാണിദ്വയം ബത! പരത്തി മഹീതലത്തിൽ. 8

അത്യുച്ചമാം നിനദവും തന്നവും ശ്രവിച്ചും
വീക്ഷിച്ചുമപ്പശുപർ മോഹിതരായ നേരം
ഉത്തുംഗമാകുമവൾമാറിലുദാരലീലം
തത്തുന്നനിന്നെയുടനംഗനമാരെടുത്താർ. 9

ലോകങ്ങൾക്കു ശുഭങ്ങളേകിന ഭവ-
ന്നാമങ്ങളെക്കൊണ്ടു താ-
നാകുംവണ്ണമനേകധാ വനിതമാർ
പാലിച്ചു നിന്നെത്തദാ;
വേഗം താദൃശമാം മഹത്വമിയലും
വാതേശ! നീയെന്നെയി-
ശ്ശോകംതീർത്തു ഭവാൻെറ ഭക്തമണിയാ-
ക്കീടേണമേ ദൈവമേ! 10

## നാല്പത്തൊന്നാം ദശകം

നന്ദൻതാൻ വസുദേവർ ചൊന്ന വചനം
ചേതസ്സിലോർത്തത്രയും
ഖിന്നൻ ഭീതി കലർന്നുഴന്നു കഴിയും
വേഗാൽ നടന്നങ്ങനെ
ചെന്നീടുംപൊഴുതിൽ സമസ്തവിടപി-
ക്കൂട്ടം തകർത്തിട്ടിരി-
ക്കുന്നോരത്ഭുതവസ്തു കണ്ടു ശരണം
നീയെന്നുരച്ചീടിനാൻ. 1

ഗോപസ്ത്രീകൾ പറഞ്ഞറിഞ്ഞു ചരിതം
ഗോപാലരെല്ലാവരും
പാപധ്വംസന! ഭീതിയോടു വലുതാ-
മാശ്ചര്യ്യമാർന്നിട്ടുടൻ

നീ പാരിങ്കലണഞ്ച ദാരുണപിശാ-
ചാംഗം വിദൂരത്തില-
ത്യാപീനം മഴവാൽ മുറിച്ചു പലതായ്
ശൗരേ! ദഹിപ്പിച്ചതേ. 2

നീയൻപോട്ട കുടിക്കയാൽ വിമലമാം
പോർകൊങ്കയുള്ളോരു തൽ-
ക്കായംതന്നിലുദിച്ചതായ വിപുലം
ധൂമം തദാ ശ്രീഹരേ!
കായും നല്ലകിലിൻെറയോ മണമെഴും
നൽ ചന്ദനക്കാതലി-
ന്റേയോ ഗുൽഗുലുവിൻെറയോ പുകയിതെ-
ന്നുണ്ടാക്കിയാശങ്കയെ. 3

'എന്നംഗത്തിനൊട്ടുള്ള സംഗമഫലം
ദൂരത്തിലല്ലേററമാ-
സന്നം തന്നെ, നിനയ്ക്കിനിന്നിഹ, ഭവാ-
ന്മാക്കും വിനാ സംശയം'
എന്നേവം പശുപാലനായകജനം-
തന്നെ ഗ്രഹിപ്പിച്ചുകൊ-
ണ്ടന്നപ്പൂതനയെന്നവൾക്കധികമാം
സൗരഭ്യമുണ്ടാക്കി നീ. 4

'ചിത്രം ഘോരപിശാചി ബാലകവധം
ചെയ്യീലയെന്നുള്ളതും
ചിത്രം പാക്കുകിൽ മുൻപുതന്നെ വസുദേ-
വൻതാനിദം ചൊന്നതും'

ഇത്ഥം ഗോപജനങ്ങൾ വാഴ്ത്തി വഴിപോ–
ലാരോമലായുള്ള നിൻ–
പുത്തൻപൂവൽമുഖാഭ കണ്ടതിരസം–
കൈക്കൊണ്ടു മേവീടിനാർ. 5

ലക്ഷ്മീനായകനായ നിന്നുടെ നിവാ–
സത്താൽ ദിനംതോറുമ–
ങ്ങക്ഷീണാധികമംഗലങ്ങളുളവാ–
യീടും വ്രജം സർവ്വവും
ലക്ഷ്മീവർദ്ധനമാർന്നഹോ! കര കവി–
ഞ്ഞേററം പ്രകാശിച്ചിട്ടും
പ്രക്ഷുഭ്യൽപ്രമദാമൃതാഴിയിൽ വിഭോ!
മുങ്ങീ വിളങ്ങീ തദാ. 6

മിന്നും നിന്നുടെ മേനി പുഞ്ചിരികളെ–
ന്നിത്യാദി വർണ്ണിച്ചുകൊ–
ണ്ടോരോന്നൊന്നായ് കമനീജനങ്ങൾ
ഭവനേ കൃത്യങ്ങളെല്ലാം ക്രമാൽ
നന്നായ്ചെയ്തുടനങ്ങു നിന്തിരുവടി–
പ്പൂമേനി കണ്ടീടുവാൻ
നന്ദാഗാരമതിങ്കൽ വന്നുപരമാ–
നന്ദിച്ചിതെന്നും ഹരേ! 7

പാരാതിങ്ങു കുമാരനെന്നെയധികം
സൂക്ഷിച്ചുനോക്കുന്നിതാ!
പാരം പുഞ്ചിരി തൂകിടുന്നു കനിവോ–
ടെന്നോടിതാ! കാൺക നീ

ആരോമൽച്ചെറുകൺമണേ! വരിക നീ-
യെന്നഞ്ചു കൈനീട്ടിയ-
ന്നാരീമൗലികൾ നിന്നിലന്നു കുതുകാ-
ലെന്തെന്തു ചെയ്തില്ലഹോ! 8

ഓമൽപ്പൂന്തിരുമേനിയിൽ തൊട്ടുവതി-
ന്നത്യാശയാൽ ഗോപിമാർ
കൈമാറിബ്ബഹുധാ ധരിക്കുമളവിൽ
കാർവർണ്ണനാകും ഭവാൻ
വാർമെത്തുന്ന ചെമന്ന നല്ല നളിന-
പ്പൂമാലയിൽത്തത്തിടും
ശ്രീമത്താകിയ വണ്ടിനുള്ളൊരു മഹാ-
സൗന്ദര്യമാർന്നീടിനാൻ. 9

ഉത്സംഗത്തിലിരുത്തിയക്കുളുർമുല-
പ്പാലേകിയും പിന്നെ ന-
ല്ലുത്സാഹത്തൊടു നോക്കിയിന്ദുസമമാ-
മാസ്യം ഹസിച്ചും വിഭോ!
ത്വത്സംസർഗ്ഗസുഖാംബുരാശിയിലഹോ-
മുങ്ങീടിനാളമ്മയാൾ;
മത്സന്താപമിവണ്ണമുള്ളൊരു ഭവാൻ
തീർത്തീശ! കാത്തീടണം. 10

## നാല്പത്തിരണ്ടാം ദശകം

അന്നാളമ്മയൊരിക്കൽ നിന്നുടെ പിറ-
ന്നാളിൽ സ്വബന്ധുവ്രജം
തന്വംഗീജനമന്തണേന്ദ്രരിവരെ-
ച്ചെമ്മേ ക്ഷണിച്ചാദരാൽ

സ്തന്യം തന്നു കിടത്തി നിന്നെയൊരു വൻ–
ചാട്ടിന്നടുക്കൽ പ്രഭോ!
ചെന്നപ്പാകഗൃഹാദിദിക്കുകളിലു–
ത്സാഹിച്ചു നിന്നീടിനാൾ. 1

അപ്പോൾ നിന്നുടെ രക്ഷ ചെയ്യൊരു ശിശു–
ക്കൂട്ടങ്ങൾ പേടിച്ചുകൊ–
ണ്ടേറ്റം സഹസാ കരഞ്ഞൊരു മഹാ–
ശബ്ദേന സമ്മിശ്രമായ്
കെല്പേറീടിന നിൻസമീപമതില–
പ്പൊട്ടുന്ന ചാട്ടിങ്കൽ നി–
ന്നൽപാദിച്ച് ചടച്ചടാരവമുടൻ
കേൾക്കായിതേവക്കുമേ. 2

തന്വംഗീമണിമാരുമാരവഭരം
പെട്ടെന്നു കേട്ടമ്പല–
ക്കുന്നും പാരമുലച്ചു സംഭ്രമമൊടേ
വന്നങ്ങു വേഗാൽ വിഭോ!
ഒന്നായ് ചുററുമഹോ! പതിച്ചൊരു മഹാ–
ദാരുക്കൾമധ്യത്തിലായ്
മിന്നും മേനി കലർന്ന നിന്നെയവിടെ–
ക്കണ്ടാർത്തി പൂണ്ടീടിനാർ. 3

'അയ്യയ്യോ! ശിശുവിന്നു കണ്മണിയതി–
ന്നെന്തെന്തു വന്നെ'ന്നലം
മയ്യൽപ്പെട്ടുടനോടി വന്നു ജനകൻ
ഗോപാലർ ഭൂദേവരും

പെയ്യുന്നശ്രുകണങ്ങളോടയി വിഭോ!
നിന്നെത്തെളിഞ്ഞമ്മതൻ
കൈയിൽ കണ്ടു സമാശ്വസിച്ചിതധികം
മായാകിശോരാകൃതേ! 4

'എന്തെന്തിങ്ങനെയെന്തിനാലിതു! മഹാ–
ശ്ചര്യം നിനച്ചോളവും
ഹന്താത്യുന്നതമായിട്ടും ശകടമീ–
വണ്ണം പൊടിഞ്ഞീടുവാൻ
ബന്ധം തെല്ലിവിടത്തിലില്ലി'തി ഹരേ!
ചൊല്ലീട്ടു കൈ മൂക്കിൽവെ–
ച്ചന്തർവിഭ്രമമാന്നു നിന്നെയവർനോ–
ക്കിക്കൊണ്ടു നിന്നീടിനാർ. 5

'ബാലൻ പാലുകുടിപ്പതിന്നു കരയും
നേരം കുടഞ്ഞീടുമ–
ക്കാലാം ചെങ്കമലത്തിനുള്ളൊരു ചവി–
ട്ടേററിട്ടു ചാടേററവും
ലോലം വേഗമഹോ പൊടിഞ്ഞിതധുനാ
കണ്ടിങ്ങു ഞാൻ ഞാ'നിദം
ബാലന്മാരുരചെയ്തു നിന്നെയവിടെ–
പ്പാലിച്ചിരുന്നുള്ളവർ. 6

'അപ്പോളൊന്നുമറിഞ്ഞിടാതെയധികം
പേടിച്ച പൈതങ്ങളി–
ങ്ങെപ്പേരും പറയുന്നതോക്കിൽ നീയതു
ചേരുന്നതില്ലൊട്ടുമേ'

ചിൽപൂൎണ്ണാത്മക! നിൻമഹത്വമറിയാ—
        തുള്ളോരിദം ചൊല്ലിനാ—
രല്പം ശങ്കകലൎന്നു പൂതന മരി—
        ച്ചെന്നുള്ളതോൎത്തോർകളും. 7

'ഓമൽച്ചെന്തളിർപോൽ ചെമന്നൊരു പദ—
        പ്പൊൽപ്പൂ മുറിപ്പെട്ടിതോ?
ശ്രീമത്താമരയൊത്ത കൈകളധികം
        ഹാ! വേദനപ്പെട്ടിതോ?'
ഭാമാവല്ലഭ! കാമിനീജനമിദം
        ചൊല്ലീട്ടു നിന്നോമന—
പ്പൂമെയ് കാമദ! തൊട്ടു മാനസമലി—
        ഞ്ഞേററം തലോടീടിനാർ. 8

'സൎവ്വേശൻ കൃപകൊണ്ടു ജീവനെ ലഭി—
        ച്ചുള്ളോരു മൽബാലനെ—
ക്കാൎവ്വേണീ! തരികെൻെറ കൈയിണയിലെ'—
        ന്നൻപോടു ചൊല്ലിത്തദാ
കൈവന്നോരതിരോമഹർഷണമൊടേ
        താതൻ ഗ്രഹിച്ചുജ്ജ്വല—
ശ്രീവാഴും തവ മെയ് പുണൎന്നിതു മഹാ—
        ധന്യൗഘധന്യൻ വിഭോ! 9

ചാടായ് കൊല്ലുവതിന്നു നിന്നരികിൽ വ—
        ന്നുള്ളോരു ദേവാന്തക—
പ്രൗഢൻതന്നെയുടൻ ഹനിച്ചു ബത! നീ
        പാദപ്രഹാരങ്ങളാൽ;

ഈടാൎന്നുള്ളോരിവൻരജസ്സുമവിടെ-
ക്കണ്ടീലതെന്നോക്കിലോ
പാടേയങ്ങനെ ശുദ്ധസത്വമയനാം
നിൻകൽ കലൎന്നാനിവൻ. 10

പിന്നെപ്പൂജിതരായ ഭൂസുരവര-
ന്മാരും വിശേഷാൽ ഭവാൻ-
തന്നിൽ ഭാവുകമേററവും വരുവതി-
ന്നാശിസ്സു നൽകീടിനാർ;
മിന്നും ബാല്യരസങ്ങളാൽ വ്രജമഹോ!
നീയും രമിപ്പിച്ചിത-
ന്നെന്നാപത്തുകളൊക്കെയാശു ഗുരുവാ-
യൂർനാഥ! തീൎത്തീടണം. 11

## നാല്പത്തിമൂന്നാം ദശകം

പോററീ! നിന്നെയൊരിക്കലപ്പതിവുപോൽ
കൈയിൽ ധരിച്ചീടുവാ-
നേററം ഭാരമുദിക്കകൊണ്ടു കഴിവി-
ല്ലാഞ്ഞിട്ടുടൻ ശയ്യമേൽ
ഏററിത്തന്നെ കിടത്തി'യെന്തിതുവരാ?'-
നെന്നോൎത്തു സാശങ്കയായ്
കററക്കാർകുഴലാൾ യശോദ ഭവനേ
കൃത്യങ്ങൾ ചെയ്തീടിനാൾ 1

ഏററം ദൂരമതിൽ പരന്നൊരു മഹാ-
ശബ്ദത്തൊടപ്പോൾ വിഭോ!
തെറെറന്നങ്ങിളകുന്ന പാംസുനിരയാൽ
ദിക്കൊക്കെ മൂടിപ്പരം

ഊററത്തോടനിലാത്മകൻ ബത! തൃണാ-
വൎത്താസുരശ്രേഷ്ഠനൽ-
ച്ചീററം പൂണ്ടു സമസ്തചിത്തഹരനാം
നിന്നേ ഹരിച്ചീടിനാൻ. 2

തിങ്ങിപ്പൊങ്ങിയ പാംസുപാളിതിമിരം
നേത്രങ്ങൾ ബന്ധിക്കയാൽ
മങ്ങീട്ടപ്പശുപാലകക്കവിടെയ-
ന്നൊന്നും, തെരിഞ്ഞില്ല താൻ;
തുംഗാതങ്കമിയന്നു ബാലകമണി-
ക്കെന്തെന്തിതെന്നമ്മവ-
ന്നങ്ങോടിങ്ങോട്ടുഴന്നു നിന്നെയവിടെ-
ക്കാണാഞ്ഞു കേണീടിനാൾ. 3

ദൈത്യൻ നിന്നുടെ ഭാരമങ്ങനെ വഹി-
ച്ചേററം തളൎന്നൂക്കതീ-
ന്നാൎത്തിപ്പെട്ടു വലഞ്ഞു പാരമഥ സം-
കോചം കലൎന്നീടിനാൻ;
വൎദ്ധിച്ചീടിന പാംസുഘോഷമവിടെ-
ത്തീൎന്നോരു നേരത്തില-
ക്കൊൽത്തേൻനേർമൊഴിയായ നിൻജനനിതൻ-
ശബ്ദം പരന്നു ഹരേ! 4

കേട്ടിട്ടേറിയ രോദനം ജവമൊട-
ന്നന്ദാദിഗോപാലക-
ക്കൂട്ടം വന്നു ഗൃഹത്തിലീശ! വിലപി-
ച്ചീട്ടംവിധൗ ദീനനായ്

ദുഷ്ടൻ ദൈത്യനശേഷമുക്തികരനാ–
കും നിന്നെ മോചിക്കുവാൻ
വട്ടംകൂട്ടി, വിടാഞ്ഞു നീയുടനവൻ
കീഴ്പ്പെട്ടു വീണീടിനാൻ. 5

മാലേറീട്ടു കരഞ്ഞിടുന്ന പശുപാ–
ലന്മാർ വിഭോ! പാറതൻ–
മേലേ വന്നഥ വീണിടുന്ന വലുതാ–
യുള്ളോരിവൻദേഹവും
ലീലാകോമളമന്ദഹാസമൊടിവൻ–
മാറിൽ സുഖം മേവിടും
നീലാഭം തവ മേനിയും ഭ്രമമഹോ!
പൂണ്ടങ്ങു കണ്ടീടിനാർ. 6

കല്ലിന്മേൽ നിപതിച്ചു ദേഹവുമഴി–
ഞ്ഞപ്രാണവായുക്കൾ പോം
മല്ലൻ ദൈത്യവരന്റെ മാറിടമതിൽ–
ത്തുമന്ദഹാസത്തൊടേ
മെല്ലെക്കൈമലർ കൊണ്ടടിപ്പൊരു ഭവാൻ–
തന്നെ ഗ്രഹിച്ചീടിനാ–
രുല്ലാസാൽ പശുപാലർ നീലമണിയെ–
ശ്ശൈലത്തിൽ നിന്നെന്നപോൽ. 7

ഒന്നൊന്നായ് വിരവോടെടുത്തധികമാ–
നന്ദിച്ചു നന്ദാദ്യരും
നന്നായിട്ടു പുണർന്നു ചുംബനമതും
ചെയ്താർ തവാംഗങ്ങളിൽ;

നിന്നെപ്പിന്നെയെടുക്കുവാൻ കൊതിയോടേ
ശങ്കിച്ചിട്ടും ഗോപിമാർ
തന്നോമൽക്കരസീമ്നി വീണഭഗവാൻ!
നിന്നെ സ്തുതിക്കുന്നു ഞാൻ. 8

'എന്തേ ചെയ്യതു? ഭക്തരിൽകുശലമേ-
കീടുന്ന ഗോവിന്ദനി-
പ്പൈന്തേൻബാലനെ മേലിലിങ്ങു പരിപാ-
ലിക്കട്ടെയെന്നിത്തരം
ചിന്തും ഭക്തി കലൻ നന്ദമുഖരാ-
യുള്ളോർ പുകഴ്ന്നാർ നമ-
സ്സന്താനം തവ രക്ഷണത്തിനു ഭവാ
നെത്തന്നെയത്യാദരാൽ. 9

വാതാകാരസുരാരിവീരഹരനാം
വാതേശ്വരാ! നീ കൊട്ടും-
വാതക്രൂരതരാർത്തിയെന്നുടെ നശി-
പ്പിക്കാത്തതെന്തിങ്ങനെ?
നാഥാ! ഞാനിനിയെന്തു ചെയ്യതിനിയും
നിന്നോടു താനാർത്തിയി-
ന്നേതായാലുമകററുവാനിടവിടാ-
തർഥിച്ചിട്ടുന്നേൻ വിഭോ! 10

## നാല്പത്തിനാലാം ദശകം

ദൈവജ്ഞനാം ഗർഗ്ഗമുനീന്ദ്രനന്നാൾ
സംസ്കാരകർമ്മങ്ങൾ നിനക്കു ചെയ്വാൻ
തനിച്ചു ഗൂഢം തവ മന്ദിരത്തിൽ
ഗമിച്ചു ശൗരേ! വസുദേവവാക്കാൽ. 1

തോഷിച്ചുടൻ ഗർഗ്ഗനെ നന്ദഗോപൻ
പൂജിച്ചു ഭക്ത്യൈവ സമുൽസുകാത്മാ
ഭാഷിച്ചു മന്ദസ്മിതപൂർവ്വകം നിൻ—
സംസ്കാരമെല്ലാം വിധിപോലെചെയ്യാൻ. 2

'യദുക്കൾതൻദേശികനാകയാൽ ഞാ—
നിദം നിഗ്ഗൂഢം കരണീയ'മെന്നായ്
ഗദിച്ചു രോമാഞ്ചമൊടേ നിനക്കും
വിധിച്ചു നാമം മുനിയഗ്രജന്നും. 3

'ഓരായിരം പിന്നെയനന്തമോ നൽ—
പേരുള്ളിവന്നെങ്ങനെ പേരിടേണ്ടൂ?'
നേരേവമോത്തീട്ടുകകൊണ്ടു ഗർഗ്ഗൻ
പേരിട്ടു തേ ഗൂഢതരം നിനച്ചാൽ. 4

ണകാരവും നൽക്കൃഷിധാതുവും കൊ—
ണ്ടാനന്ദസത്വങ്ങളെയോ മുനീന്ദ്രൻ
ലോകാഘകർഷിത്വമതോ കഥിക്കും
കൃഷ്ണാഭിധാനം തവ നിശ്ചയിച്ചു. 5

അന്യങ്ങൾ നാമങ്ങളുമഗ്രജന്നായ്
നന്ദിച്ചു രാമാദികളും കഥിച്ചു
ചൊന്നാനവൻ നിന്നതിമാനുഷത്വം
നന്നായ്ത്തെളിക്കാതെ പിതാവിനോടായ്. 6

'സ്നേഹിച്ചിട്ടുന്നോനിവനെസ്സുബുദ്ധേ!
മോഹിച്ചിടാ മായികമായ ശോകേ;
ദ്രോഹിപ്പവൻ ഹന്ത! നശിക്കു'മേവം
മാഹാത്മ്യമോതീ മുനി താവകീനം. 7

'അനന്തദേവാരികളെജ്ജയിക്കും
സ്വബാന്ധവക്കായ് സ്വപദം കൊടുക്കും
അനന്തസൽക്കീർത്തിയിവന്നുദിക്കും'
മനം തെളിഞ്ഞേവമുരച്ചു ഗർഗ്ഗൻ. 8

'ദുഃഖങ്ങൾ നിങ്ങൾക്കിവനാൽ നശിക്കും
കൈക്കൊൾവിനാസ്ഥാഭരമിസ്സുതങ്കൽ'
ചക്രീതി മാത്രം പറയാതിവണ്ണം
ഗർഗ്ഗൻ പുകഴ്ത്തീ പലതും ഭവാനെ. 9

മോദിച്ചു പോയാനഥ മാമുനീന്ദ്രൻ;
ലാളിച്ചു നന്ദാദികൾ നിന്നെയേററം;
സേവിക്കുമീയെൻദുരിതങ്ങൾ പോക്കി-
പ്പാലിക്ക വേഗാൽ പവനാലയേശ! 10

## നാല്പത്തിയഞ്ചാം ദശകം

അല്ലേയഗ്രജനോടു ചേൎന്ന ഭഗവൻ!
കൈ ജാനു ഭാഗങ്ങൾ കൊ-
ണ്ടുള്ളോരന്നടയാൽ ഗൃഹത്തിനൊരലം-
കാരം വളൎത്തിത്തദാ
മല്ലച്ചേവടിയങ്ങിളക്കിയുളവാം
മഞ്ജീരനാദത്തില-
ത്യുല്ലാസേന ചരിച്ചു നിങ്ങളധികം
സൗന്ദൎയ്യമോടേ ജവാൽ. 1

ചെല്ലപ്പല്ലുകളൊട്ടു കാട്ടി മൃദുവായ്
മന്ദം ഹസിച്ചും, മുഖേ
നല്ലോരച്ചികുരങ്ങൾ വീണലയവേ
നല്പാദപത്മങ്ങളും

മെല്ലെക്കൈകളിൽ നിന്നിഴിഞ്ഞു മണിബ-
ന്ധാപ്തം വളക്കൂട്ടമെ-
ന്നെല്ലാം കൊണ്ടുമഹോ! ഹരിച്ചു ജനതാ-
ചിത്തം ഭവാന്മാർ തദാ. 2

ഗോപന്മാർ കുതുകാകുലേക്ഷണമൊടേ
പിന്നാലെയെത്തുംവിധൗ
ശ്രീ കോലും ചിരിയോടെഴന്നൊരു നിനാ-
ദത്തോടുടൻ മണ്ടിയും
ശോഭിച്ചുള്ള മുഖം തിരിച്ചു സരസം
പിന്നാക്കമൊയ് നോക്കിയും
ശ്രീപൂർണ്ണാത്മക! നിങ്ങൾ കൗതുകമവ-
ക്കെന്തെന്തു നൽകീല താൻ? 3

ഓട്ടമ്പോളഥ വീണു പങ്കവുമണി-
ഞ്ഞൻപോടെഴുന്നേല്ക്കവേ
കൂട്ടം നൽസ്മിതമോടപങ്കമുനിമാർ
വിണ്ണിങ്കൽ വന്ദിക്കവേ
ഓടിത്തള്ളകൾ വന്നെടുത്തു കനിവോ-
ടേററം പുണന്നും സുഖ-
ത്തോടേ നിങ്ങളെ മുത്തിയും ഹൃദി മഹാ-
നന്ദം കലന്നീടിനാർ. 4

ക്ഷീരം ചോരുന്ന കൊങ്കത്തടമൊട്ടമിളകും
ചിത്തമോട്ടും യശോദാ
പാരം ധന്യാ ഭവാനെപ്പരിചൊട്ടു മടിയിൽ
ചേർത്തു പാൽ നൽകിടുമ്പോൾ

ആരോമൽപ്പുഞ്ചിരിപ്പൂമുളയൊട്ടു വിലസും
നല്ലീളംപല്ലിനാലേ
ചാരുശ്രീ ചേർന്നെഴും നിൻമൃദുമുഖമതു ക–
ണ്ടേററമാനന്ദമാർന്നാൾ. 5

പിന്നെക്കാലിണയാൽ നടന്നൊരു ഭവാൻ
ബാലൈസ്സമം ലീലയാ
ചെന്നോരോ നികടാലയങ്ങളിലഹോ!
ബാല്യാതിചാപല്യവാൻ
ഒന്നൊന്നായ് കിളി കന്നു പൂച്ചയിവതൻ–
പിന്നാലെ പാഞ്ഞീടിനാൻ;
മന്ദം ഹാസമൊടെത്തി വല്ലവജനം
നിന്നെത്തടുത്താർ തദാ. 6

രാമൻതന്നൊട്ടു കൂടി നീയിഹ നട–
ന്നീടുന്നിടത്തൊക്കെയും
പ്രേമത്താലിളകുന്ന കണ്ണുകളയ–
ച്ചീടുന്ന ഗോപീജനം
കാമം തൻഗൃഹകൃത്യമൊക്കെയകലെ
ത്തള്ളീട്ടു പാരം മറ–
ന്നോമൽപുത്രകഭൃത്യരേയുമനിശം
നന്നായ് വലഞ്ഞീടിനാർ. 7

പുത്തൻ വെണ്ണ വധുക്കൾ നൽകുവതിലാ-
കാംക്ഷിച്ചു നീ ശോഭനം
നൃത്തം ചെയ്തോരിടത്തു പാടിയധികം
മാധുര്യമേറും പദം;

മെത്തീട്ടും കൃപയോട്ട ഗോപികൾ തദാ
നൽകുന്ന നെയ്യും ഭുജി–
ച്ചെത്തി കപാപി കുടിച്ചു കാച്ചിയ പുതു–
പ്പാലങ്ങു ലീലാനപിതം. 8

'മുന്നം യാചിച്ചു ഞാനബ്ബലിയുടെ ഭവനേ
ദോഷമില്ലോത്തുകണ്ടാ–
ലിന്നേവം ചെയ്യേനോ ഞാനബലകളിവർതൻ–
മുന്നി?'ലെന്നേവമുള്ളിൽ
നന്നായോർത്തോ മുരാരേ കുതുകമൊട്ട ഭവാൻ
യാചനത്തെത്യജിച്ചി–
ട്ടന്നേററം കൗശലത്തോടയി ദധി ഘൃതവും
മോഷണംചെയ്തു? നാഥാ! 9

തൈരും വെണ്ണയുമിത്തരം പലവിധം
മോഷ്ടിക്കയാൽ നീ, വ്രജ–
ത്താരിത്തേന്മൊഴിമാർമനസ്സിലുളവാ–
യീലാത്തിയോ കോപമോ!
ശൗരേ! മാനസവും കവന്നു പരമാ–
നന്ദാബ്ധിയിൽ ചേർത്തു നീ;
നേരോടവ്വിധമുള്ള ചാരുപവനാ–
ഗാരേശ! പാലിക്കണേ. 10

## നാല്പത്താറാം ദശകം

പണ്ടങ്ങൊരിക്കലയി നീ മുലയുണ്ടുകൊണ്ടു
കുഞ്ഞേതരം ബത! മലന്നു കിടന്നിട്ടുമ്പോൾ
ഉണ്ടായ ജൃംഭണവിധൗ വിടരുന്ന വായിൽ
കണ്ടീടിനാൾ നിഖിലമാം ഭുവനം യശോദാ. 1

നീ പിന്നെയും നിജവയസ്യരൊടൊത്തു കൂടി-
ശ്ശോഭാന്വിതം കളികളാടി നടന്നിടുമ്പോൾ
ഗോപാലബാലരരുളീ പലമോഷണത്താൽ
കോപേന നീയവിടെ മണ്ണു ഭുജിച്ചിതെന്നായ്. 2

കല്പത്തിൽ മേദിനി ജലം മുതലായതെല്ലാം
കെല്പോടശിപ്പൊരു ഭവാനിഹ മണ്ണുതിന്നാൽ
ഉല്പന്നമായിടുമഹോ! രുജയെന്നു പേടി-
ച്ചല്പേതരം ജനനി കോപമിയന്നിതപ്പോൾ. 3

'ഉണ്ണീ! ശഠാ! പറക ഹന്ത! ഭുജിച്ചിതോ നീ
മണ്ണെ'ന്നു വീണ്ടുമതികോപമൊടേയുരയ്ക്കും
അബ്ജോജലോചന യശോദയൊടന്നു നീയും
'കണ്ണാണ കള്ളമിദ'മെന്നു ചിരിച്ചു ചൊല്ലി. 4

'എല്ലാവരും ബത! പറഞ്ഞതു കള്ളമെന്നാൽ
കൊള്ളാം! വിടിത്തു മുഖ'മെന്നവൾ ചൊന്ന നേരം
ഉല്ലാസമോടു, വിലസുന്നൊരു താമരയ്ക്കു
തുല്യാഭമായ് വദനമാശു ഭവാൻ വിടിത്തി. 5

മണ്ണിൻെറ ലേശമതു കാണ്മതിനിച്ഛയേറും
തന്നമ്മയാൾക്കധികതൃപ്തി വരുത്തുവാനോ
അന്നേരമങ്ങഖിലഭൂമിയെ മാത്രമല്ല
നന്ദേ! സമസ്തഭുവനങ്ങളുമാശു കാട്ടി. 6

കണ്ടാളൊരേടമതിലങ്ങു വനം സമുദ്രം
കൊണ്ടൽസമൂഹമൊരിടത്തു രസാതലാന്തം
അണ്ടർക്കുലം ദനുജരേ നരരേയു, മെന്ത-
ന്നുണ്ടായതില്ലയി വിഭോ! ഭവദാനനത്തിൽ? 7

പാലാഴിതന്നിലുമമേയ! വികുണ്ഠമായ
ലോകത്തിലും ബത! വസിപ്പവനായുമപ്പോൾ
ചാലേ പുരോഭുവി നിജാത്മജനായുമേവം
ശ്രീകാന്ത! നിന്നെയവൾ കണ്ടു ബഹുപ്രകാരം. 8

പാരം തെളിഞ്ഞ ഭുവനങ്ങൾ കലന്ന വായിൽ
നേരേതഥാവിധമുഖത്തൊടു പിന്നെയും നീ
സാരംഗചാരുമിഴിയാലഥ ദൃഷ്ടനായ് ശ്രീ-
ശൗരേ! ജഗന്നിരവസാനത വിസ്തരിച്ചു. 9

അപ്പോൾ ക്ഷണം മനസി തത്വവിചാരമാർന്നോ-
രപ്പൂർണ്ണചന്ദ്രമുഖിയെ പ്രണയാൽ മയക്കി
തപ്പാതെ പാൽ തരികയെന്നു പറഞ്ഞണഞ്ഞോ-
രപ്പാ! തുണച്ചിടണമത്ഭുതബാല! ശൗരേ! 10

## നാല്പത്തേഴാം ദശകം

ഒരുദിനമഥ മാതാ തൈർ കലക്കുന്ന നേരം
തെരുതെരെയവളെ പ്രാപിച്ചു നീ പാൽ കുടിപ്പാൻ
പെരുകിന കൊതിയോടേ വാരണംചെയ്തിരുന്ന-
ത്തരുണിമടിയിൽ മോദാലാസ്വാദിച്ചു കുചങ്ങൾ. 1

പ്രേമം ചേർന്നൊരു മന്ദഹാസമധുര-
ശ്രീമന്മുഖം പൂണ്ട നീ-
യോമൽപ്പോർമുലമൊട്ടു പാതി പരിപാ-
നംചെയ്തനേരം ഹരേ!
കാമം നാഥ! പതഞ്ഞു വഹ്നിയതിൽ വീ-
ണീടുന്ന പാലമ്മയാം
വാമാക്ഷീമണിയാളെടുപ്പതിനുടൻ
വേഗേന പോയീടിനാൾ. 2

സ്തന്യം കുടിച്ചു ഹൃദി തൃപ്തിയുദിപ്പതിന്നു
മുന്നേ ഭവിച്ച രസഭംഗഭരം നിമിത്തം
കുന്നിച്ചകോപമൊടഹോ! കടകോലെടുത്തു
നന്നായടിച്ചഥ തകൎത്തു തയിർക്കലം നീ. 3

ഉച്ചത്തിൽ ക്ഷണമുത്ഭവിച്ച നിനദം
    കേട്ടെത്രയും സത്വരം
കച്ചേല്പുംമുലമാർ തൊഴും ജനനിയാൾ
    വന്നങ്ങുനോക്കീടവേ
മെച്ചം പൂണ്ടൊരു നിൻയശസ്സോടു സമം
    ഭുവിൽ പരന്നീടുമാ
സ്വച്ഛത്വം കലരുന്ന നല്ല ദധി താൻ
    കണ്ടത്ഭുതം തേടിനാൾ. 4

ചേണാൎന്നീടിന വേദമാൎഗ്ഗമതില-
    ന്വിഷ്ടൻ ഭവാനെത്തദാ
കാണാഞ്ഞമ്മയുമങ്ങുമിങ്ങുമുടന-
    ന്വേഷിച്ചു രോഷിച്ചുതേ;
ഏണാക്ഷീമണിയപ്പൊഴങ്ങൊരുരലിൻ
    മേലേറി മാൎജ്ജാരന
പ്പ്രാണൗ ചേൎന്നൊരു വെണ്ണ നൽകിന ഭവാ-
    നെക്കണ്ടു പുണ്യാംബുധി. 5

അന്നേരം ഹൃദയേ വളൎന്നൊരു ഭയം
    ഭാവിക്കയാലേററവും
സൗന്ദൎയ്യം കലരും മുഖാംബുജമെഴും
    നിന്നെപ്പിടിച്ചിട്ടവൾ

ചിന്നും കോപരസം കലന്ന സഖിമാ-
രായുള്ള ഗോപീജനം
തന്നഗ്രേ തവ ബന്ധനത്തിന്നുടനേ
പാശം ഗ്രഹിച്ചീടിനാൾ. 6

കല്യന്മാർ നിജബന്ധുവാക്കവതിനി-
ച്ഛിക്കുന്ന നിന്നെത്തദാ
കല്യാണീമണിയമ്മയാൾ സപദി ബ-
ന്ധിച്ചീട്ടവാനിച്ഛയാൽ
മല്ലാരേ! ബഹുപാശസഞ്ചയമഹോ!
ചേർത്തിട്ടുമെല്ലാററിലും
തുല്യം രണ്ടു വിരൽപ്രമാണമവിടെ-
പ്പോരാതെ കണ്ടീടിനാൾ. 7

ആശ്ചര്യത്തോട്ട മന്ദഹാസമിയലും
ഗോപീജനം നോക്കവേ-
യിച്ഛാഭംഗവശാൽ വിയർത്തഥ തള-
ന്നീട്ടുന്ന മാതാവിനെ
ചിൽപൂർണ്ണാത്മക! നിത്യമുക്തതനുവാ-
ണെന്നാകിലും കണ്ടു നീ-
യപ്പോൾ സമ്മതി നൽകി ഹന്ത! കൃപയാ
ബന്ധിച്ചുകൊൾവാൻ സ്വയം. 8

'ദുഷ്ടാ! നീയുരലിങ്കലങ്ങനെ ചിരം
വാഴ്കെ'ന്നു ചൊല്ലിത്തദാ
മട്ടോലുംമൊഴിയാൾ യശോദ ഭവനം
പുക്കോരുനേരം വിഭോ!

ചട്ടററീടിന വെണ്ണ മുന്നമുരലിൽ
        സ്ഥാപിച്ചതെല്ലാമെട്ട–
ത്തൊട്ടൊട്ടായഥ തിന്നുകൊണ്ടു കുതുക–
        ത്തോടേ വസിച്ചാൻ ഭവാൻ. 9

‘അപാശജനഗമ്യനാകിയ ഭവാനെയെന്തീവിധം
സപാശയിവൾ വിഷ്ണുപത്രിതയനാഥ! കെട്ടീട്ടവാൻ?’
സുപർവഗണമിത്തരം ബഹുവിധം തദാ വാഴ്ത്തിയോ–
രപാരകൃപനാം ഭവാനനിലനാഥ! പാലിക്ക മാം. 10

## നാല്പത്തെട്ടാം ദശകം

മോദം പൂണ്ട പുരന്ദരാദിവിബുധ–
        സ്തോമം മുരാരേ! തദാ
ശ്രീദാമോദരനെന്നു ചൊല്ലിയധികം
        നിന്നെസ്തുതിച്ചീടിനാർ;
നീ താൻ സ്വൈരമുലൂഖലത്തിനൊടു ചേ–
        ന്നിട്ടങ്ങു നില്ക്കുംവിധൌ
നാഥാ! കണ്ടിതു രണ്ടുനീർമരുതു നി–
        ന്നീടുന്നതന്നന്തികേ. 1

മുന്നം വൈശ്രവണന്റെയാത്മഭവരാ–
        യീടും മണിഗ്രീവനും
ധന്യാത്മാ നളകുബരാഹ്വയനുമാ
        ശ്രീപാർവ്വതീകാന്തനെ
ചിന്നും ഭക്തിയൊടേ ഭജിച്ചധിഗത–
        ശ്രീയാലഹങ്കാരമാ–
ന്നന്യൂനം വിളയാടി നിന്നിലധികം
        വൈമുഖ്യമോടേ ചിരം. 2

ഗംഗാംഭസ്സിലൊരിക്കലായവർ സുരാ—
പാനത്തിനാൽ മത്തരായ്
ഭംഗ്യാ പാട്ടമനേക സുന്ദരികളോ—
ടത്യന്ത ഗർവ്വത്തൊടേ
ശൃംഗാരാധികസക്തരായ് വസനവും
കൂടാതെ വാഴുന്നത—
ത്തുംഗശ്രീഭവദംഘ്രിഭക്തമണിയാം
ശ്രീനാരദൻ കണ്ടുതേ. 3

ഭീത്യാ വസ്ത്രമെടുത്തുടുത്ത കമനീ—
വൃന്ദത്തെ വീക്ഷിച്ചുമ—
ന്നത്യന്തം മദമോടു വാണൊരവരെ—
ദ്ദേവർഷി സാമർഷനായ്
ദൈത്യാരേ! തവ ഭക്തി ശാന്തിയിവ സി—
ദ്ധിപ്പാൻ ശപിച്ചീടിനാൻ;
മെത്തും ശാന്തി വരാതെ സൗഖ്യമെവിട—
ന്നുണ്ടാവതോർത്തീടുകിൽ? 4

'നന്നായി!—ദ്രുതരുക്കളായി നിവസി—
ച്ചോട്ടേറെനാൾ നിങ്ങള—
ന്നന്ദൻതൻനിലയാന്തികത്തിൽ ഹരിയെ—
ക്കണ്ടിങ്ങു പോന്നീടുവിൻ'
എന്നേവം മുനി ചൊല്ലിനാ,നവരുടൻ
നിൻമേനി കണ്ടീടുവാൻ
വന്നാഗ്ഗോകുലസീമ്നി രണ്ടു കകുഭാ—
കാരം ധരിച്ചീടിനാർ. 5

അവ്വണ്ണം വിലസും തരുദ്വയമതിൻ-
ചാരേയുരൽക്കെട്ടിനോ-
ടുർവ്വീനായക! ചെന്നു മന്ദമഥ നീ
മദ്ധ്യേ ഗമിച്ചീടവേ
ചൊവ്വോടേയുരലങ്ങു തിങ്ങിയധികം
മർദ്ദിക്കയാൽ തൽക്ഷണം
ഭവ്യാകാര! പരം ഞെരിഞ്ഞിളകിയ-
ശ്ശാഖിദ്വയം വീണുതേ. 6

വൃക്ഷങ്ങൾ വീണോരു ദശാന്തരാളേ-
യക്ഷീണതേജസ്സൊട്ടു തൽക്ഷണത്തിൽ
യക്ഷദ്വയം തത്തരുഗർഭജാതം
ലക്ഷ്മീശ! നിന്നെ സ്തുതിചെയ്തു ഭക്ത്യാ. 7

ക്രമേണ തവ ഭക്തനാമിതരഭക്തനും പാർക്കിലു-
ന്നമാരമണഭക്തരാമിവർ മുനിപ്രസാദത്തിനാൽ
രമാവര! ഭജിച്ചു നിൻപദയുഗം മഹാഭക്തിയെ
പ്രമോദസഹിതം വരിച്ചഥ ഗമിച്ചുപുണ്യത്തിനാൽ. 8

പൊട്ടിശ്ശാഖികൾ വീണ ഘോരനിനദം
കേട്ടിട്ടു ഗോപാലക-
ക്കൂട്ടം മാനസമൊട്ടു ഞെട്ടിയവിടെ-
പ്പെട്ടെന്നു വന്നീടിനാർ;
ഒട്ടേറുന്നൊരു ലജ്ജപൂണ്ട രമണീ-
വക്ത്രത്തിൽ നോക്കീട്ടമ-
ശ്ലിഷ്ടൻ നന്ദനശേഷമോക്ഷദ! വിഭോ!
മോചിച്ചു നിന്നെത്തദാ. 9

വൃക്ഷങ്ങൾമദ്ധ്യഗതനാകിയ ബാലനിപ്പോൾ
ലക്ഷ്മീശവൈഭവവശാലപരിക്ഷതൻ താൻ
ഏവം പറഞ്ഞവർ ഗൃഹേ പുനരാകരി നിന്നെ;—
ഗ്ഗോവിന്ദ! താദൃശ! തുണയ്ക്കു മരുൽപുരേശാ! 10

## നാല്പത്തൊൻപതാം ദശകം

നിന്മാഹാത്മ്യമറിഞ്ഞിടാത്ത പശുപാ—
ലന്മാർ വ്രജത്തിങ്കലീ
വന്മാലിന്നിടയായ വൃക്ഷപതനാ—
ദ്യാപൽഗണം സർവ്വവും
തിന്മയ്ക്കുള്ളൊരു ഹേതുവായുദിതമാ—
മുൽപാതമെന്നോർത്തു മേൽ
നന്മയ്ക്കായ് പുനരന്യദേശഗമനം
ചെയ്യാൻ തുനിഞ്ഞീടിനാർ. 1

അന്നേരത്തുപനന്ദനെന്ന പശുപ—
ശ്രേഷ്ഠൻ ഭവൽപ്രേരണം—
തനാ'ലിന്നിവിടത്തിൽ നിന്നിഹ പടി—
ഞ്ഞാറേറ്റവും പാവനം
നന്നായങ്ങു വിളങ്ങിടുന്നു വിപിനം
വൃന്ദാവനം, തത്ര നാം
സന്ദേഹം നഹി, പോക!'യെന്നയി ജഗൽ—
കല്യാണ! ചൊല്ലീടിനാൻ. 2

മോദംപൂണ്ടു ബൃഹദ്വനത്തിനെ വിഭോ!
ഗോഷ്ഠീനമാക്കിപ്പരം
പൂതന്മാരഥ നന്ദഗോപമുഖരാ—
യുള്ളോർകളെല്ലാവരും

നീ താനമ്മയൊടും വിളങ്ങിന മഹാ-
യാനത്തെ മുന്നിട്ടതി-
ശ്രീതിങ്ങും കമനീയരൂപ! ഗതരായ്
വൃന്ദാവനത്തിന്നുടൻ. 3

ചാട്ടിൻമോഹനശബ്ദവും പശുസമൂ-
ഹത്തിൻകുളമ്പൊച്ചയും
വാട്ടംതീൎന്ന മുഴങ്ങവേയതിനിട-
യ്ക്കാനന്ദമേകുംവിധം
ശ്രേഷ്ഠം നിൻെറ വിനോദവാക്യമഖിലം
കേട്ടിട്ടു ഗോപാംഗനാ-
ക്കൂട്ടം മാൎഗ്ഗമതിൻെറ ദീൎഘതയറി-
ഞ്ഞീലേതുമേ ചേതസി. 4

നന്നായ് പൂത്തു തളിൎത്തു ശോഭ കലരും
കുന്ദാദിവൃക്ഷങ്ങൾതൻ-
വൃന്ദത്തോടഥ ശാദ്വലങ്ങടെ മഹാ-
സൗന്ദൎയ്യസമ്പത്തിനാൽ
മിന്നീടുന്ന ഹരിന്മണിത്തറ വണ-
ങ്ങീടുന്ന വൃന്ദാവനം-
തന്നാകാരമമന്ദകൗതുകമൊടേ
കണ്ടാശു കൊണ്ടാടി നീ. 5

സ്ഫീതശ്രീയൊടു തത്ര ദേവ! നവമായ്
നിൎമ്മിച്ച ഗേഹങ്ങളിൽ
ചേതസ്സൗഖ്യമിയന്നനേകപശുപാ-
ലന്മാർ വസിച്ചീടവേ

നീ താൻ ഗോപകുമാരസഞ്ചയമൊട്ടും
മേളിച്ചു വൃന്ദാവന-
ശ്രീ താവും പ്രമദേന കണ്ടിതു നട-
ന്നെല്ലാടവും നല്ലപോൽ. 6

വളഞ്ഞ വഴിയൂടെ വന്നൊരു മനോജ്ഞതോയത്തോടും
വിളങ്ങിന സുഹംസകൂജിതവിലാസലാപത്തോടും
തെളിഞ്ഞ കമലാനനത്തൊടുമുടൻ ലസിച്ചീടുമ-
ക്കളിന്ദസുതതന്നെ നീ കനിവിനോടു കണ്ടു, ഹരേ! 7

മാധുര്യ്യം കലരും മയൂരരവവും
ശോഭിച്ച നാനാമണി
വ്രാതത്തിൻബഹുരശ്മിയാൽ പലവിധം
വർണ്ണങ്ങളും ചേൎന്നതായ്
ധാതാവിൻഭുവനത്തിലെത്തിയ മഹാ-
ശൃംഗങ്ങളോടും വിഭോ!
നീ താൻ കണ്ടിതു മോദവർദ്ധനമുടൻ
ഗോവർദ്ധനം പൎവ്വതം. 8

ഗോപാലബാലരൊടു ചേൎന്നു മുദാ വനത്തിൽ
നീ പോയ ദേശമതിലൊക്കെയുമൊന്നുപോലെ
കാളിന്ദി പാരമനുരാഗിണിയെന്നവണ്ണം
കൗടില്യമോടു വിലസുന്നതു കണ്ടുവല്ലോ. 9

ഈവണ്ണം പശുസംഹതിക്കു ഹിതമാ-
യീടുന്ന വൃന്ദാവനേ
ഗോവത്സങ്ങളെ മേയ്പതിന്നു കരളിൽ
കൗതുഹലം പൂണ്ടുടൻ

രാമൻതന്നൊട്ടുമക്കുമാരകരൊട്ടും
സഞ്ചാരമാൻുള്ള നി–
സ്സീമശ്രീഗ്ഗുരുവായുമന്ദിരപതേ!
പാലിക്ക നീ സർവ്വദാ. 10

## അൻപതാം ദശകം

കൊണ്ടാടീടേണ്ട വണ്ടിൻനിരയൊട്ട വിലസീ–
ട്ടുന്ന വൃന്ദാവനത്തിൽ
കണ്ടാലാനന്ദമേകും ബഹളരുചിയൊടേ
രാമനോട്ടും മുരാരേ!
ഉണ്ടായീട്ടും രസത്താൽ മുരളിഗവലവും
ചൂരലും കൈയിലേന്തി–
ക്കൊണ്ടഗ്ഗോവത്സരക്ഷയ്ക്കുവിടവിടെ നട–
ന്നാൻ ഭവാൻ ബാലരോട്ടും. 1

രക്ഷിച്ചീ ലോകമെല്ലാം രമയുടെ കരസം–
ലാളനം പൂണ്ട പാദം
ലക്ഷ്മീശാ! ശുദ്ധമാമീ വിപിനഭുവി ഭവാൻ
ചേർത്ത നാളാർത്തബന്ധോ!
വൃക്ഷൗഘം ശൈലജാലം ധരണി സലിലമി–
ത്യാദി വസ്തുക്കളെല്ലാ–
മക്ഷീണശ്രീ കലർന്നിട്ടധികതരസമൃ–
ദ്ധിക്കു പാത്രീഭവിച്ചു. 2

നീയുദ്യത്തൃണമായി മന്ദപവനൻ
വീശും വനത്തിങ്കലും
പായും സൂര്യസുതയ്ക്കുഴും കരയിലും
ഗോവർദ്ധനാഗ്രത്തിലും

മായാവല്ലഭ! വേണുനാദമൊട്ടു മേ-
ച്ചോട്ടേറെ വത്സങ്ങളെ-
പ്പോയീട്ടമ്പൊഴുതങ്ങു കണ്ടിതൊരു വ-
ത്സാകാരനാം ദൈത്യനെ. 3

വേഗത്തോടിളകുന്ന വാലൊട്ടു വരും
ദൈത്യൻ തിരിച്ചക്കഴ-
ത്താപത്തേകുവതിന്നുപായമഥ നോ-
ക്കീട്ടുന്നതും കണ്ടുടൻ
കോപത്തോടവനെപ്പിടിച്ചു ചരണേ
വട്ടത്തിൽ വീശിക്കളി-
ച്ചേറെത്താമസിയാതെറിഞ്ഞൊരു മര-
ത്തിന്മേൽ വധിച്ചാൻ ഭവാൻ. 4

ജാത്യാ ദുഷ്ടനവൻെറ വീഴ്ചയതിനാൽ
വൃക്ഷങ്ങളെല്ലാം പൊടി-
ഞ്ഞത്യന്തം വനനാശമപ്പൊളുളവായ്;
വൃന്ദാരകന്മാരുടൻ
അത്യാനന്ദമൊടേ നിറഞ്ഞു നിരയാ-
യാകാശദേശത്തിൽ നിൻ-
മൂദ്ധാവിങ്കലനല്പപുഷ്പനികരം
ശ്രീകാന്ത! തൂകീടിനാർ. 5

'സൗരഭ്യം കലരുന്ന പൂക്കളിവ നിൻ-
മൂദ്ധാവിലൂർദ്ധ്വം വിഭോ!
നേരേയങ്ങെവിടന്നു വന്നിട്ടവതെ?'-
ന്നോതീടിനാർ ഗോപരും;

'ഘോരൻ ദൈത്യവരൻ പതിച്ചൊരു മരം
വേർപെട്ടു മേൽ പോയതാ-
ണാരാലിങ്ങു വരുന്ന വൃഷ്ടനിരയെ'-
ന്നപ്പോൾ കളിച്ചോതി നീ. 6

മെത്തും സൂര്യാതപം ചേർന്നിട്ടുമൊരു ദിവസം
കൂട്ടുകാരോടു നീയും
ചിത്താനന്ദത്തൊടെത്തിത്തപനതനയനൽ-
ത്തോയപാനത്തിനന്നാൾ
പക്ഷച്ഛേദം കഴിപ്പാനമരപതി മറ-
ന്നോരു കൈലാസമോയെ-
ന്നോർത്തീടും മട്ടിണങ്ങും ചിറകൊടൊരു ബകം-
തന്നെ മുന്നിട്ടു കണ്ടു. 7

ബാലന്മാർകൾ കുടിക്കവേ ജല,മവൻ
വന്നിട്ടു നിന്നെ ദ്രുതം
ചാലേയങ്ങു വിഴുങ്ങി,യഗ്നിസദൃശം
ഛർദ്ദിച്ചു പിന്നീടഹോ!
മാലെന്യേ നിജകൊക്കു കൊണ്ടഥ പിള-
ർന്നീടാൻ തുനിഞ്ഞാ;-നസൽ
കാലൻ കൊക്കുകളെപ്പിടിച്ചവനെയും
രണ്ടായ് പിളർന്നാൻ ഭവാൻ. 8

വേഗാൽ പൂതനയായിട്ടും സഹജയെ-
ക്കണ്ടീടുവാനോ മുദാ
സാകം മുൻപു ഗമിച്ചഘലൻെറ വരവും
പാർത്തീടുവാൻ തന്നെയോ

കാലൻതൻഗൃഹമെത്തിനാനവനാടൻ;
വർഷിച്ചു പുഷ്പങ്ങള-
ക്കാലം ദേവകൾ; നീയുമീശ! നിലയം
പ്രാപിച്ചു വൃന്ദാവനാൽ. 9

മാധുര്യ്യം കലരുന്ന വേണുനിനദം
ദൂരത്തിലഗ്ഗോപിമാർ
വൈധുര്യ്യത്തൊടു കേട്ടണഞ്ഞതിമുദാ
നിൻമേനി കണ്ടീടിനാർ;
താതന്നും ജനനിക്കുമുററ ഹൃദയാ-
നന്ദത്തെയും ചേർത്തു നീ;
വാതാഗാരപതേയെനിക്കുമതുപോ-
ലാനന്ദമേകീടണം. 10

## അൻപത്തൊന്നാം ദശകം

ശൗരേ! നീയന്നൊരിക്കൽ സഖികളൊടു വനേ-
ഭോജനം ചെയ്യതിങ്കൽ
പാരം കൗതുഹലം പൂണ്ടരുണനുദിതനാ-
കുന്നതിൻമുൻപു തന്നെ
ആരാൽ ചേർന്നുള്ള വത്സപ്രകരമൊടുപദാം-
ശങ്ങളും ചോറുമെല്ലാം
ധാരാളം സംഭരിച്ചിട്ടതിലളിതവിലാ-
സോജ്ജ്വലം നിർഗ്ഗമിച്ചു. 1

അഞ്ചാതേ സഞ്ചരിക്കും തവ കഴലിണയാ-
കുന്ന മാധുര്യ്യമേറും
തേൻ ചോർന്നീടുന്ന പൊൻതാമരകടെ ജഗതീ-
പാവനം പാംസുജാലം

പഞ്ചാരപ്പാൽക്കുഴമ്പാം തിരുവുടലതു ക-
　　ണ്ടീടുവാനാഗ്രഹത്താൽ-
ത്തഞ്ചും രോമാഞ്ചമോടേ മുനികൾ മുദിതരായ്
　　മെയ്യിലെല്ലാമണിഞ്ഞു. 2

ചേതും ബാലകജാലമോടവിടെനൽ-
　　പ്പുല്ലുള്ള ദേശങ്ങളിൽ
ശൗരേയപ്പശുസഞ്ചയത്തെ വഴിപോൽ
　　നീയും ചരിപ്പിക്കവേ
ഘോരാകാരനഘാസുരൻ ബത! പെരും-
　　പാമ്പായി വന്നെത്രയും
ഘോരാഘത്തിനുവേണ്ടി നേർവഴി നിരോ-
　　ധിച്ചങ്ങു വാണീടിനാൻ. 3

അല്പം ദൂരത്തിൽ വേർപെട്ടയി വരദ! ഭവാൻ
　　പോയനേരം വനത്തിൽ
കെല്പേറും ലീലയിങ്കൽ കൊതിയൊടു സഖിമാ-
　　രായിട്ടും ബാലകന്മാർ
എപ്പേരും പർവ്വതം പോലധികപൃഥുലമാം
　　ദേഹമോടത്ര വാഴും
സർപ്പാധീശൻ പിളർന്നുള്ളൊരു വലിയ ഗുഹാ-
　　തുല്യവക്ത്രേ ഗമിച്ചു. 4

ചൂടാൽ ഗോവത്സജാലങ്ങളുമഥ പശുപാ-
　　ലൗഘവും മാഴ്കിയേററം
വാടിത്തളം ഗ്രഹിക്കാതഹിയുടെയുദരം
　　തന്നിലെത്തുന്ന നേരം

ഈടാൎന്നീടും ഭവാനിക്കഥകളുടനറി–
ഞ്ഞാലയംവിട്ടു ഖേദി–
ച്ചീടും ബന്ധുക്കൾതൻമാൽ കളയുവതിനവൻ–
തന്റെ വായിൽ കടന്നു. 5

കണ്ഠനാളഗതനായ് ശരീരമുട–
നേററവും വിപുലമാക്കി നീ–
യിണ്ടൽ പൂണ്ടവനുരുണ്ടു മാരുതനി–
രോധമപ്പൊളുളവാകയാൽ;
കൊണ്ടൽവൎണ്ണ! ജവമോടു തൽഗളതലം
പിളൎന്നു പശുഗോപരെ–
ക്കൊണ്ടു നീ വെളിയിൽ നിൎഗ്ഗമിച്ചു സുര–
മണ്ഡലീഹൃദയമോഹനം. 6

തൽപ്രവേശമതിനല്പകാലമുട–
നഭ്രസീമനി ജഗൽപ്രഭോ!
നില്പതായിതസുരപ്രഭൃതമൊര–
നല്പമാകിയ മഹസ്സഹോ!
സൎപ്പകണ്ഠമതിൽ നിന്നിറങ്ങിയ
ഭവാൻകലായതു കലൎന്നു പോ–
തുൾപ്രമോദമൊടു നിൎജ്ജരാളി ദിവി
നൃത്തമോടജിത! വാഴ്ത്തിനാർ. 7

ആശ്ചൎയ്യം പൂണ്ടു പത്മാസനമുഖവിബുധ–
ന്മാർകൾ പിൻപേ ഗമിക്കെ–
സ്സച്ചിൽ ബ്രഹ്മാത്മകൻ നീ പശുപരൊടവിടം
വിട്ടു മന്ദം ഗമിച്ചു;

വാച്ചീടും രശ്മിയോടദ്രിവസവ്യമഥ താ–
        രുണ്യമാന്നോരു നേരം
സ്വാച്ഛന്ദ്യം പൂണ്ടു നീയസ്സഖികളൊടു ഭുജി–
        ച്ചീടുവാനായ്ത്തുടങ്ങി. 8

ശ്രീമത്താകിയ ശൃംഗവും മുരളിയും
        പിൻപേയരക്കെട്ടിലി–
ങ്ങാമോദത്തൊടു ചേർത്തു ചോറുരുളയ–
        പ്പൂംകൈയിലാക്കിത്തദാ
ഓമൽക്കോമളവാക്കിനാൽ സഖികളെ–
        പ്പാരം ചിരിപ്പിച്ചഹോ!
ഭാമാവല്ലഭ! നീ ഭുജിച്ചു സരസം
        വാനോർകൾ വാഴ്ത്തീടവേ. 9

'മേളത്തോടമരാളിയോടയി ഹവി–
        ർഭാഗം ഭുജിക്കുന്നതേ–
ക്കാളും നൽപ്രിയമോ നിനക്കിവരുമൊ–
        ത്തുള്ളൊരു സൗഖ്യാശനം?'
നാളീകാസനമുഖ്യരാലിതി മുദാ
        സംവർണ്ണിത! ശ്രീപതേ!
കേളീമാനുഷ! ദാസനാമടിയനെ–
        പ്പാലിക്ക വാതേശ്വരാ! 10

## അൻപത്തിരണ്ടാം ദശകം

മററുള്ളോരവതാരസംഹതികളിൽ
        കാണാഞ്ഞ മാഹാത്മ്യമ–
ന്നേററം കണ്ടഘദൈത്യമോക്ഷമിതില–
        പ്പത്മാസനൻ മാനസേ

തെററന്നൊന്നു പരീക്ഷചെയ്യണമിതെ—
　　ന്നുറേറാരു കൗതുഹലാൽ
പോററീ! വത്സഗണത്തെയൊക്കെയുമുടൻ
　　മാററീടിനാൻ മായയാൽ. 1

കാണാഞ്ഞാ വത്സജാലം സഖികളുഴറവേ
　　നീ തിരഞ്ഞീട്ടവാനെ—
ന്നോണം പത്മോത്ഭവൻതന്നഭിമതമതു സാ—
　　ധിപ്പതിന്നിച്ഛയോടേ
ചേണാന്നദ്ധം ഭുജിച്ചോരുരുള നിജകരേ
　　ചേർത്തു താൻ പോയനേരം
വാണീനാഥൻ മറച്ചാൻ കുതുകമൊടു ഭുജി—
　　ച്ചുള്ള ഗോപാലരേയും. 2

അന്നേരം മായയാലപ്പശുപസമുദയം
　　വത്സജാലം മഹാത്മൻ!
മിന്നും ശിക്യാദി പാത്രം മുരളി ഗവലമി—
　　ത്യാദിയായ്ത്തീന്നു നീ താൻ
മുന്നെപ്പോലേ കളിച്ചിട്ടടവിയിൽ വഴിപോൽ
　　സന്ധ്യയായോരുകാലം—
തന്നിൽ പ്രാപിച്ചു ഗേഹങ്ങളിലഥ ബഹുധാ
　　നാഥ! വൈചിത്ര്യരാശേ! 3

പിന്നെത്തന്മയശൃംഗശിക്യമുരളീ—
　　മുഖ്യങ്ങളേയും ധരി—
ച്ചന്യൂനം പശുപാലവത്സനികരാ—
　　കാരത്തൊടേ ചെന്നിട്ടും

നിന്നെഗ്ഗോപവധുക്കൾ ഗോക്കളിവരാ-
        യീടുന്ന മാതാക്കളും
മുന്നത്തേതിലുമേററവും പ്രമദമുൾ-
        ക്കൊണ്ടങ്ങു കൈക്കൊണ്ടുതേ. 4

മാനിച്ചിട്ടൊരു ജീവനേ മമതയാ-
        ലാത്മീയമാക്കിസ്സുതൻ
താനെന്നേറിയ രാഗഭാരമിയലും
        ഗോവൃന്ദവും സ്ത്രീകളും
സൂനുത്വത്തൊടു ലോകനാഥ! പുനരാ-
        ത്മാവായ നിന്നേ ലഭി-
ച്ചാനന്ദക്കടൽതന്നിൽ മുങ്ങിയവിധം
        പ്രത്യേകമോതേണമോ? 5

നാൾതോറും മോദമേവം ബഹുതരമിയലും
        സർവ്വഗോപാലവർഗ്ഗം
നാഥാ! ലാളിച്ച നാനാവിധതനു കലരും
        നിന്നെയാണ്ടിന്നൊടുക്കം
സോദര്യൻ സീരിതാനും നിജഹൃദി ബത! ബോ-
        ധിച്ചതേയുള്ളു; പാർത്താൽ
ഭേദം, ബ്രഹ്മാത്മകത്വം കലരുകിലുമലം
        നിങ്ങളിൽത്തങ്ങിടുന്നു. 6

പണ്ടും പിന്നീടുമുള്ളബ്ഭഹലപശുപവ-
        ത്സൗഘമബ്ദാവസാനേ
കണ്ടിട്ടേതും വിവേകം വിധിമനസി വരാ-
        ഞ്ഞാകുലപ്പെട്ടിടുമ്പോൾ

കൊണ്ടൽശ്യാമാഭയും നന്മകുടകടകമു-
ഖ്യങ്ങളും ബാഹുയുഗ്മം
രണ്ടും കൈക്കൊണ്ട വേഷത്തൊടുമവിടെ നവ-
ന്മാരെ നീ കാട്ടി നാഥാ! 7

പ്രത്യേകം ശേഷനാകും ശയനമതിൽ മഹാ-
ലക്ഷ്മി മോദാൽ തലോടും
ഹൃദ്യശ്രീപൂണ്ട ദേഹത്തൊടുമഥ കളിയാൽ
ചിമ്മിടും കണ്ണിനോടും
ഉദ്യൽസൗന്ദര്യ്യമോടും സനകമുഖർ പുക-
ഴ്ത്തുന്ന മാഹാത്മ്യമോടും
ദൈത്യാരാതേ! ഭവാന്മാർകളെയവിടെയഹോ!
കണ്ടു വാണീമണാളൻ. 8

എണ്ണിക്കൂടാതെ വിഷ്ണ്വാകൃതികളുമുടനെ-
ല്ലാടവും സേവചെയ്യും
തന്നേയും കണ്ടു മായാപരവശതരനായ്-
ത്തീൎന്ന വിശ്വൈകശില്പീ
തന്നെത്താനേ മറന്നിട്ടധികമുഴലുമ-
ന്നേരമൻപോടു നീയും
മുന്നേപ്പോൽ പാതിയാം ചോറുരുള കരമതിൽ
പൂണ്ടു താനേകനായി. 9

ഗൎവ്വം തീൎന്നുള്ള വാണീരമണനഥ നമ-
സ്കാരവും ചെയ്തനേകം
സൎവ്വേശൻ നിന്നെ വാഴ്ത്തീസ്സവിനയമുടനേ
യാത്രയായോരു നേരം

ദ്ദ്വാരാമോദമേറീടിന സഖികളൊടൊ–
ത്താത്മഗേഹം ഗമിച്ചി–
ട്ടുർവ്വീമോദം വളർത്തോരനിലപുരപതേ!
തീർക്ക ദുഃഖങ്ങളെല്ലാം. 10

## അൻപത്തിമൂന്നാം ദശകം

ബാല്യം കടന്നു ഭുവനേശ്വര! നീയുമന്ന–
പ്പൗഗണ്ഡമാകിയ മനോജ്ഞവയസ്സിലെത്തി;
വത്സാവനത്തെയഥ വിട്ടു പശുവ്രജത്തെ–
പ്പാലിപ്പതിന്നതികുതൂഹലമുദ്യമിച്ചു. 1

ഗോത്രാവനത്തിന്നു ജനിച്ച നീയ–
ഗ്ഗോത്രാവനംതന്നെ തുടർന്നതോർത്താൽ
ഉപക്രമത്തിന്നനുകൂലമത്രേ
മരുൽപുരാധീശ്വര! നിൻപ്രവൃത്തി. 2

പെരിയ വനവിലാസംകണ്ടു സോദര്യനോടൊ–
ത്തൊരു ദിനമഥ കാട്ടിൽ സഞ്ചരിച്ചീടവേ നീ
മുരഹര! സഖിയാം ശ്രീദാമനാമാവു മോദി–
ച്ചുരുളിയതു നിമിത്തം ധേനുകാരണ്യമെത്തി. 3

നിന്നുക്ത്യാ പിന്നെ രാമൻ കുതുകമൊടു മഹാ–
ശക്തിയോടേ കരം കൊ–
ണ്ടൗന്നത്യം പൂണ്ട താലദ്രുമനിരകൾ ചലി–
പ്പിച്ചനേരം മുരാരേ!
മുന്നിൽ പാരം പതിച്ചു മൃദുതരഫലജാ–
ലങ്ങൾ വേഗാലുടൻ താൻ
വന്നാനദ്ധേനുകാഖ്യാസുരനുമിഹ ഖരാ–
കാരമോടേ കഠോരൻ. 4

'ഞാനോ ധൈനുകപാലനത്തിനു പുറ-
　　പ്പെട്ടീ വനംതന്നില-
ന്ന്യൂനം ധൈനുകഹിംസയെങ്ങനെയഹോ!
　　ചെയ്യുന്നതെ?'ന്നിങ്ങനെ
ആനന്ദാമൃതവാരിധേ! ഹൃദി വിചാ-
　　രിച്ചെന്നു തോന്നുംവിധം
വാനോർകൾക്കഴൽ ചേക്കുമുഗ്രനവനെ-
　　ക്കൊല്ലിച്ചു നീ രാമനാൽ. 5

ക്രോഷ്ടാവിൻവടിവാന്നുകൊണ്ടുപഗത-
　　ന്മാരായ തൽഭൃത്യരെ
ജ്യേഷ്ഠൻതന്നൊടു ചേൎന്നു ഹന്ത! കളിയോ-
　　ടംഭോജനാഭാ! ഭവാൻ
പെട്ടെന്നങ്ങനെ ഞാവൽതന്നുടെ ഫല-
　　ക്കൂട്ടം കണക്കാദരം
വിട്ടിട്ടേററമെറിഞ്ഞു താലനിരമേൽ
　　പൊട്ടിച്ചുകൊന്നീടിനാൻ. 6

അതിപ്രകോപമോടു നീ മതിപ്രമാദയോടു വ-
ന്നെതിൎത്ത ജംബുകങ്ങളെത്തകൎത്തു കൊന്നിടുംവിധൗ
സമതപമോൎത്തു നാമ്നി പാശിജംബുകാഖ്യയെ-
ബ്ഭിയാ
ശ്രുതിപ്രസിദ്ധമാക്കിയെന്നു തോന്നിടുന്നു മാനസേ. 7

'അവതരണഫലം ഭവിച്ചിതിന്നെ'-
ന്നതികുതുകാലമരാളി വാഞ്ഛവേ നീ
'ശരി! ഫലമിഹ ജാത'മെന്നു ചൊല്ലി-
സ്സഖികളൊടൊത്തു പനമ്പഴം ഭുജിച്ചു. 8

മേദസ്സേററവുമാന്നു നന്മധുവൊലി-
ച്ചീട്ടും ഫലൗഘം ഭുജി-
ച്ചാലസ്യത്തെ വെടിഞ്ഞലംമതി കല-
ന്നത്യന്തമാകും മദം
ചേതസ്സിങ്കലിയന്നു ശിഷ്ടഫലമ-
ഗ്ഗേഹസ്ഥിതക്കേകുവാൻ
തേജസ്സോട്ട വഹിച്ച ബാലകരൊട-
ന്നോകസ്സിൽ നീ പുക്കതേ. 9

'ദുഷ്ടൻ ധേനുകദാനവൻ നിഹതനായ്
നന്നായിതെ'ന്നോതി വ-
ന്നൊട്ടേറും മധുരത്വമാന്ന ഫലസ-
ന്ദോഹം ഭുജിച്ചാദരാൽ
നാട്ടാർ 'കൃഷ്ണ! ജയിക്ക കീത്തിയൊട്ട ജീ-
വിക്കെ'ന്നു കീത്തിച്ചൊരി
ശ്രേഷ്ഠത്വം കലരും മരുൽപുരപതേ
രക്ഷിക്ക ലക്ഷ്മീപതേ! 10

## അൻപത്തിനാലാം ദശകം

മുന്നം സൗഭരി നിൻപദാംബുജരതൻ
കാളിന്ദിതന്നന്തരം-
തന്നിൽ ദ്വാദശവർഷമുറെറാരു തപം
ചെയ്യുമീശ! വാണീടവേ
ധന്യൻ ഭോഗരസം കലന്നു മരുവും
മത്സ്യങ്ങളിൽ സ്നേഹവാൻ
മുന്നിൽ പന്നഗവൈരിതന്നെയൊരുനാൾ
പ്രത്യക്ഷമായ് കണ്ടുതേ. 1

കത്തീടുന്ന വിശപ്പിനാലൊരു ഝഷം—
തന്നെബ്ഭുജിക്കുന്ന നിൻ—
പത്രത്വം കലരുന്ന പക്ഷിവരനെ—
ക്കണ്ടമ്മുനിശ്രേഷ്ഠനം
ചിത്തം വെന്തുരുകീട്ടു 'നീയിവിടെ മേ—
ലേവം ഭുജിച്ചീടുകിൽ
ചത്തീടും ദ്രുതമില്ല ഭേദമതിനെ'—
ന്നപ്പോൾ ശപിച്ചീടിനാൻ. 2

അക്കാലം കാളിയൻതാൻ നിജഗരളമദം
കൊണ്ടു, സർപ്പങ്ങളെല്ലാം
ചൊല്ലുോളളും താർക്ഷ്യനേകുന്നൊരു ബലിയതിനെ-
ബ്ഭക്ഷണംചെയ്കയാൽ തേ
ഭക്താത്മാവാമവൻതൻ ചിറകടിയൊരുനാൾ
ഘോരമായേററു തോററി-
ട്ടുൾക്കാമ്പിൽ പേടിപൂണ്ടഗ്ഗരുഡഭയമൊഴി—
ഞ്ഞുള്ള കാളിന്ദി പുക്കാൻ. 3

ഘോരൻ കാളിയനേവമത്ര യമുനാം—
ഭസ്സിൽ കിടക്കുന്ന നാൾ
തീരസ്ഥങ്ങൾ തരുവ്രജങ്ങൾ വിഷമേ—
റെറല്ലാം വിനഷ്ടങ്ങളായ്;
നേരേയംബരചാരിപക്ഷികുലവും
നീരിൽ പതിച്ചെന്നതോ—
ർത്താരോമൽഗ്ഗുണവാരിധേ! തവ മനം
കാരുണ്യപൂരാർദ്രമായ്. 4

ജ്യേഷ്ഠൻതന്നൊട്ട വേർപ്പിരിഞ്ഞൊരുദിനം
കാളിന്ദിതൻരോധസി
ശ്രേഷ്ഠം കാനനമധ്യഭാഗമതിൽ നീ
പ്രാപിച്ചു വാണീടവേ
ഒട്ടല്ലാതുളവായ ഘോരവെയിലിൻ-
ച്ചൂടേററു വാടിത്തള-
ർന്നിഷ്ടംപോലെ കുടിച്ചുതേ വിഷജലം
ഗോപാലരും ഗോക്കളും. 5

ജീവൻവിട്ടവരേവരും ധരണിയിൽ
പെട്ടെന്നുവീണീടവേ
നീ വിശ്വേശ്വര! മാനസത്തിലുയരും
കാരുണ്യഭാരത്തൊടേ
ജീവിപ്പിച്ചിതടുത്തു ചെന്നവരെയ-
ങ്ങെല്ലാരെയും സത്വരം
താവും നല്ലമൃതം ചൊരിഞ്ഞു വിലസും
ശ്രീമൽ കടാക്ഷങ്ങളാൽ. 6

'ആനന്ദാമൃതവർഷമാഗമതിലെ-
ല്ലാടത്തുമുണ്ടായിതോ
നൂനം ചിത്രമിതെ'ന്നുരച്ചുടനെഴ-
ന്നേററിട്ടു ഗോപാലരും
താനേ കണ്ടു ഭവാനെ മുന്നിലധികം
മോദിച്ചു പുൽകീടിനാർ
നാനാവൈഭവദർശനാൽ ദൃഢമതും
നീ ചെയ്തുവെന്നോർക്കയാൽ. 7

അന്നേരത്തു പശുക്കളും ജവമൊടേ
ജീവിച്ചിവണ്ണം വിഭോ!
മുന്നിൽ കണ്ടു ഭവാനെ മോദമധികം
ചിത്തത്തിൽ വർദ്ധിക്കയാൽ
മന്ദം മന്ദമെഴുന്ന ബാഷ്പവുമൊലി-
പ്പിച്ചിട്ടു ശബ്ദിച്ചുകൊ-
ണ്ടോരോന്നൊന്നായ്ത്തവ നാലുപാടുമവിടെ-
പ്പാടേ വളഞ്ഞീടിനാർ. 8

'രോമാഞ്ചമേററവുമിതാ! തനുവിങ്കലെങ്ങും;
സീമാവിഹീനമകമേയൊരു മോദമൂർച്ഛാ;
ശ്രീമൻ! വിചിത്രമിതഹോ വിഷവേഗ'മെന്നു
സാമോദമസ്സഖികൾ ചൊല്ലി വണങ്ങി നിന്നെ. 9

ജീവൻ പോയൊരു സേവകർക്കുമമല-
ശ്രീമൽകടാക്ഷങ്ങൾ കൊ-
ണ്ടേവം ജീവനെ നൽകി നീയധികമാ-
യാനന്ദമേകുന്നതേ;
അവ്വണ്ണം വളരുന്ന നൽകൃപയെഴും
നാഥാ! ഭവാനെന്നെയും
കൈവന്നുള്ളൊരു പീഡ തീർത്തു പവനാ-
ഗാരേശ! പാലിക്കണം. 10

## അൻപത്തഞ്ചാം ദശകം

വെള്ളത്തിൽ കുടികൊള്ളുമുഗ്രഫണിയെ-
ദ്ദൂരത്തകററീടുവാ-
നുള്ളത്തിൽ ജനസൗഖ്യലോലമതിയാ-
യീട്ടും ഭവാനോർത്തുടൻ

തള്ളീട്ടും വിഷവാതമേററിലകൾ ശോ-
ഷിച്ചങ്ങു തീരത്തിൽ നി-
ല്പുള്ളോരുന്നതമാം കടമ്പിനുടെയ-
ഭ്യൎണ്ണം പ്രവേശിച്ചുതേ. 1

പുത്തൻ നൽത്തളിർ പോലെ മഞ്ജുളതര-
ശ്രീയുല്ലസിക്കും പദ-
പ്പൊൽത്താർ കൊണ്ടു ഭവാൻ കടമ്പിനുടെ മേൽ
കേറീട്ടുടൻ ഘോരമായ്
അത്യന്തം ചലിതങ്ങളായ വലിയോ-
രോളങ്ങൾ മേലും കല-
ന്നൊത്തീട്ടും ഹ്രദവാരിയിങ്കലവിടെ-
ച്ചാടീടിനാൻ ദൂരവേ. 2

പാതാളം ഭൂമി വിണ്ണെന്നിവയുടെ വലുതാം
ഭാരമുള്ളിൽ ധരിക്കും
നീ താൻ വീണോരു നേരം തവ ഗുരുതരഭാ-
രത്തിനാലുച്ചമാകും
നാദത്തോടും വിശേഷിച്ചിളകി വളരുമ-
ത്തോയമോട്ടും കവിഞ്ഞു
നാഥാ! കാളിന്ദിയപ്പോളിരുകരകളിലും
നൂറു വില്ലാട്ടു ദൂരം. 3

നീററിങ്കൽ നിന്നുടനുദിച്ച രവങ്ങളെങ്ങു-
മേററം പരന്നൊരളവിൽ ബഹുകോപമോടേ
ചീററം കലന്നജിത! നിൻെറ സമീപഭാഗേ
തെറ്റെന്നു പൊങ്ങിയുരഗം സലിലത്തിൽ നിന്നും. 4

കത്തിപ്പൊങ്ങിടുമഗ്നിതൻപൊരികൾ കൊ-
ണ്ടേററം ഭയം നൽകുവോ-
രുത്തുംഗം വിഷമുജ്ജ്വലൽഫണസഹ-
സ്രത്തിൽ ധരിച്ചങ്ങനെ
എത്തീടുന്നൊരു സർപ്പരാജനെയുടൻ
വദ്ധിച്ച ശൃംഗങ്ങളോ-
ടൊത്തീടും വലുതായ നീലമലപോൽ
ദശിച്ചു നീയും വിഭോ! 5

കത്തീടും നയനങ്ങളോടുയരുമ-
ത്യുഗ്രം വിഷശ്വാസജം
ചീൎത്തൊരൂഷ്മഭരം കലൎന്നഥ മഹാ-
സർപ്പേന്ദ്രനാം കാളിയൻ
അത്യന്തം ബലമുള്ള നിൻെറ തനുവിൽ
ദംശിച്ചു കോപാകുലൻ
ചിത്രം! ചേഷ്ടമറിഞ്ഞിടുംവിധമഹോ!
തെറെറന്നു ചുററീടിനാൻ. 6

കണ്ടീല നിന്നെയതുമൂലമതീവ താപം
പൂണ്ടുള്ള ബാലപശുരാശി കരഞ്ഞണഞ്ഞു;
കണ്ടിട്ടുടൻ വ്രജഗൃഹേ പല ദുൎന്നിമിത്തം
മണ്ടിക്കളിന്ദജയിൽ വന്നിതു ഗോപരെല്ലാം. 7

അപ്പോൾ നിൻെറയവസ്ഥയങ്ങനെ വിഭോ!
കണ്ടിട്ടു ഖേദം കല-
ന്നൊപ്പേരും സഹസാ മരിപ്പതിനു താൻ
ഭാവിച്ച നേരത്തഹോ!

സർപ്പാധീശ്വരബന്ധനത്തെയുടനേ
വേറാക്കി വേഗാൽ മുഖ-
പ്പൊൽപ്പൂവിൻെറ വിലാസമോടയി ഭവാൻ
മങ്ങാതെ പൊങ്ങീടിനാൻ. 8

ആരോമൽപദശോഭ ചേൎന്നൊരു ഭവാ-
നക്കാളിയൻതൻഫണേ
നേരേയങ്ങു കരേറി മഞ്ജുതരമാ-
യീടുന്ന ശബ്ദം പരം
ശൗരേ! കൈവള കാൽച്ചിലമ്പിവയിൽ നി-
ന്നുണ്ടായ് ദിശാമണ്ഡലേ
ചേരുംവണ്ണമമന്ദനൃത്തമുടനേ
ചെയ്തീടിനാൻ ശോഭനം. 9

നൃത്തം നീ തുടരുന്ന നേരമവിടെ-
ത്തോഷിച്ചു ഗോപാലരും
ശുദ്ധന്മാർ മുനിമാരുമംബരതലേ
ദേവാധിപന്മാരുടൻ
പുത്തൻപൂനിരയും ചൊരിഞ്ഞു കുതുകാ-
ലവ്വണ്ണമുള്ളോരു നീ-
യെത്തുന്നതലൊഴിച്ചു രക്ഷയനിശം
ചെയ്യേണ്ടെൻെറ വാതേശ്വരാ! 10

## അൻപത്താറാം ദശകം

ദേവാളി ദുന്ദുഭി മുഴക്കിടവേ മനോജ്ഞം
ദേവീജനം സരസമായ് ദിവി പാടിടുമ്പോൾ
ചേണുററ കുണ്ഡലമുലഞ്ഞിടവേ ചിരം നീ
ചെമ്മേ നടത്തി നടനം ഫണിനായകങ്കൽ. 1

ഏതേതു താഴമതുവിട്ടുയരും ശിരസ്സിൽ
കൗതുഹലത്തൊട്ടു കരേറിയുടൻ ഭവാനും
പാദങ്ങൾ കൊണ്ടഥ മഥിച്ചു കളിച്ചു പാരം
ചേതോഹരത്വമിയലും കരതാളമോടേ. 2

മൎദ്ദങ്ങളേററു ഫണരാശി വളഞ്ഞുപാരം;
ഛൎദ്ദിച്ചു ചോരകൾ കലൎന്നു ജലംചെമന്നു,
വൎദ്ധിച്ചു ഖിന്നത ഫണീശ്വരനും; തദാനീ-
മെത്തിത്തദംഗനകൾ നാഥ! വണങ്ങി നിന്നെ. 3

പണ്ടേ ചിരം തവ മഹത്വമഹോ! ശ്രവിച്ചി-
ട്ടുണ്ടായ ഭക്തിയെഴമായവർ നിന്നെയപ്പോൾ
വേണ്ടുംവിധം മുനികൾപോലുമറിഞ്ഞിടാത്ത
പാണ്ഡിത്യമാൎന്നു നതികൊണ്ടു പുകഴ്ത്തി വീണ്ടും. 4

നാഗാംഗനാനിവഹഭക്തിയറിഞ്ഞു നീയ-
ന്നാഗാധിപന്നു കൃപയോടഥ ജീവനേകി;
വേഗേന നിങ്കൽ നിജമാമുടലൎപ്പണം ചെ-
യ്താഗസ്വിയാകുമവനും പദതാർ വണങ്ങി. 5

'അമലഹൃദയ! നീയും പോക മദ്ധ്യേസമുദ്രം
രമണകമതിലുണ്ടാകില്ല തേ താൎക്ഷ്യവൈരം'
പ്രമദമൊടു ഭവാൻതൻവാക്യമേവം ശ്രവിച്ചു-
സ്സുമതിയഥ ഗമിച്ചാൻ സൎപ്പജാലങ്ങളോടും. 6

അപ്പന്നഗാംഗനകളേകിയ രത്നജാലം
നല്പട്ടു ഹാരമിവയാലെയലംകൃതൻ നീ
സന്തോഷബാഷ്പവുമണിഞ്ഞു കരഞ്ഞു നില്ക്കും
ബന്ധുക്കളോടിടകലൎന്നിതു സന്ധ്യയിങ്കൽ. 7

രാവിൽ പടൎന്നൊരിരുൾകൊണ്ടു ഗൃഹേ ഗമിപ്പാൻ
ഭാവിച്ചിടാതെ ഭവദാശ്രിതരാം ജനങ്ങൾ
ഹേ വിശ്വനാഥ! സുഖമോടിഹ നിദ്രചെയ്തു
മേവീടവേ ദവഹുതാശനണഞ്ഞു ചുററും. 8

ഞെട്ടീട്ടുണൎന്നു 'പരിപാലയ പാലയേ'തി
പൊട്ടിക്കരഞ്ഞ പശുപാലരെ രക്ഷചെയ്യാൻ
പെട്ടെന്നു വഹ്നിയെ മുകുന്ദ! ഭവാൻ ഭുജിച്ചാ-
നൊട്ടും വിചിത്രമതിലില്ലതു നിൻമുഖം താൻ. 9

'പീതത്വമഗ്നിയതിലുണ്ടു നിറത്തിനാലേ
പീതത്വമിന്നതിലഹോ! ക്രിയയാലുമുണ്ടായ്''
മോദത്തൊടേവമവരാൽ സ്തുതനായ നീയെൻ-
ഖേദത്തെയീശ! ദുരിതങ്ങളൊടേയൊഴിക്ക. 10

## അൻപത്തേഴാം ദശകം

രാമനോടൊരു ദിവസം നീ
കാമദ! ബാലകരൊട്ടും പശുക്കളൊട്ടും
കോമളവേഷത്തോടേ
സാമോദം പോയ് വനപ്രദേശത്തിൽ. 1

ജ്യേഷ്ഠനു വൃന്ദാവനരുചി
കാട്ടിക്കോലേന്തിയോരു ബാലരൊട്ടും
കളിയാടിച്ചെന്നു ഭവാൻ
തെളിവൊടു ഭാണ്ഡീരകം വടം പുക്കാൻ. 2

നിന്നെ വധിപ്പതിനപ്പോ-
ളുന്നിപ്പശുപാലമൂൎത്തി കൈക്കൊണ്ടു
നിന്ദ്യൻ പ്രലംബദൈത്യൻ
വന്നാനവിടെ പ്രലംബഭുജ! ശൗരേ! 3

നീയതറിഞ്ഞെന്നാകിലു-
മറിയാത്ത വിധം വഹിച്ചു തത്സഖ്യം
ആരംഭിച്ചിതു സഖികളൊ-
ടാലരികിൽ ദ്വന്ദ്വയുദ്ധമതുനേരം. 4

സഖികളെ രണ്ടായ് ഭാഗി-
ച്ചൊന്നഗ്രജനേകിയൊന്നെടുത്തു ഭവാൻ,
നിന്നിൽ ഭയമോടസുരൻ
നിന്നനുമതിയാൻ ചേൻ നിൻസംഘേ. 5

വെന്നവനെ വഹിക്കണമെ-
ന്നുന്നിയ പോരതിൻ വഹിച്ചു തോററ ഭവാൻ
പ്രിയനാം ശ്രീദാമാവിനെ
വെളിവാക്കിക്കൊണ്ടു ഭക്തദാസത്വം. 6

ഇത്ഥം പലരുമെടുക്ക-
പ്പെട്ടുമെടുത്തും നടന്ന സമരത്തിൽ
തോററസുരൻ തൽഭീതൻ
ബലനെയെടുത്തിട്ടു കൊണ്ടുപോയ് ദൂരം. 7

ദൈത്യൻ ദൂരംപോവതു
പാൎത്തുടലിൻഭാരമധികമാക്കി ബലൻ;
നിജരൂപമവൻ പൂണ്ടാ;-
നുണ്ടായിതു ഭീതി സീരപാണിക്കും. 8

അവനുടെയുടലിൻപൊക്കം
തവ വദനത്തെജ്വലന്നു കാണിച്ചു;
ഉടനതിധൈൎയ്യമൊടിടിയാൽ
പൊടിയാക്കിയവൻ സുരാരിതൻെറയുടൽ. 9

അസുരവധം ചെയ്തെത്തിയൊ—
രസുസമനാം രാമനെപ്പുണർന്നുഭവാൻ,
അത്തുപൊഴുതമരന്മാർ മലർ—
തതി വർഷിച്ചാർ കലർന്നനിങ്ങളിലായ്. 10

പ്രാലംബവധം ചെയ്തി—
ച്ചാലംബനമായ് ജഗത്തിന്നീവണ്ണം
ലോലംബപ്രഭനാം നീ
കാലം വൈകാതെ കളകയെൻക്ലേശം. 11

## അൻപത്തെട്ടാം ദശകം

ബാലന്മാരോടു കൂടിക്കളിയിൽ നിരതനായ്
നീ സുരാരാതിതന്നെ—
ക്കാലാഗാരം നയിപ്പാനവിടെയഥ വിളം—
ബിച്ചനേരം പശൂനാം
ജാലം സ്വേച്ഛാനുകൂലം തൃണകുതുകവശാ—
ദ്ദൂരദൂരം ചരിച്ചി—
ട്ടാലംബിച്ചാരശേഷം മുരഹര! ജവമൈ—
ഷീകമെന്നുള്ളരണ്യം. 1

ഉഷ്ണക്രൂരതയാണ്ടിടാതെ വിലസും
വൃന്ദാവനംതന്നിൽ നി—
ന്നുഷ്ണിച്ചുള്ളൊരു കാടിതിൽ പശുകുലം
പാരാതണഞ്ഞീടവേ
കൃഷ്ണാ! നിൻവിരഹാർത്തി പാരമുളവാ—
യെന്നല്ല വർദ്ധിച്ചെഴും
ഗ്രീഷ്മച്ചൂടു സഹിച്ചിടാഞ്ഞധികമായ്
ദാഹിച്ചു മോഹിച്ചുതേ. 2

വേഗം നീ സഖിമാരുമായവിടെയ-
        ന്വേഷിച്ചു ദൂരം ഹരേ!
പോകാൻ ദുർഘടമായി മേഖല നിറ-
        ഞ്ഞുള്ളോരരണ്യാന്തരേ
വേകും ചിത്തമെഴും പശുക്കളെ വിഭോ!
        കണ്ടാശു കൊണ്ടന്നിടാ-
നാകാംക്ഷിച്ചു ഗമിച്ചിട്ടന്നൊരളവിൽ
        തീകത്തിയെല്ലാടവും. 3

ദിക്കെല്ലാറ്റിലുമൊന്നുപോലെ വിലസി-
        ബ്ഭാങ്കാരമോട്ടജ്ജ്വലി-
ച്ചാക്കം തീയുടൽ പാതിയും ദ്രുതതരം
        ഭസ്മീകരിച്ചെന്നപോൾ
പോക്കില്ലാഞ്ഞു വലഞ്ഞു സർവ്വരുമയേ
        പാലിക്ക പാലിക്കയെ-
ന്നാക്കംപൂണ്ടു സമസ്തതാപഹരനാം
        നിന്നോടിരന്നീടിനാർ. 4

'കണ്ണെല്ലാരുമടയ്ക്കുവിൻ ഭയമൊഴി-
        ച്ചെ'ന്നുള്ള നിൻചൊല്ലിനാൽ
കണ്ണെല്ലാരുമടച്ചു വേഗമവിടെ-
        ഗ്ഗോപാലകന്മാർ, തദാ
തിണ്ണെന്നാ വനവഹ്നി കാട്ടമെവിടെ-
        പ്പോയെന്നറിഞ്ഞീല ഞാൻ;
ഭാണ്ഡീരത്തിനടുക്കലേവരുമുടൻ
        പ്രാപിച്ചിതത്യത്ഭുതം! 5

'എന്തേവം തവ മായമീശ! ജയ നീ'–
        യെന്നേവരും വാഴ്ത്തവേ
ചിന്തും പുഞ്ചിരിയാന്റു ഹന്ത! വിവിധം
        ലീലാവിലാസത്തൊടേ
സ്വാന്തേ പാതിരിമുഖ്യപുഷ്പനികരം
        മാത്രം ഗ്രഹിപ്പിക്കുമ–
സ്സന്താപത്തൊടൊഴിഞ്ഞ ഘർമ്മമിയലും
        കാട്ടിൽ ചരിച്ചാൻ ഭവാൻ. 6

നിന്നിൽ ഭക്തിവെടിഞ്ഞവന്നു സദൃശം
        താപം വഹിക്കുന്നതായ്
നിന്നോമൽഭജനം കണക്കെമതിൽ
        പങ്കം ഹരിക്കുന്നതായ്
മിന്നും നിൻഭുജമെന്നപോലെയധികം
        തേജഃപ്രവാഹം ധരി–
ക്കുന്നാ ഗ്രീഷ്മമയേ! നയിച്ചു യമുനാ–
        തീരങ്ങളിൽ തന്നെ നീ. 7

മിന്നീട്ടന്നൊരു മിന്നലായ വിമലം
        പീതാംബരം പൂണ്ടു നിൻ–
പൊന്നിൻപൂന്തിരുമേനിപോലെ വിലസും
        മേഘങ്ങൾകൊണ്ടേവരും
നന്ദിച്ചീടിന വർഷവേള മുഴവൻ
        ഗോവർദ്ധനാഹ്വാനമാം
കുന്നിൻനൽക്കുഹരങ്ങളിൽ തദനു നീ
        സ്വൈരം വസിച്ചു ഹരേ! 8

അപ്പോളുള്ളിലിരുന്ന പൂജ്യതമനാം
നിന്നെഗ്ഗിരിശ്രേഷ്ഠനും
കെല്പേറും മയിൽനാദഭേദനിരയാൽ
സ്തോത്രങ്ങൾചെയ്തേററവും
ഉൽഫുല്ലത്വമെഴും കടമ്പുകുടക-
പ്പാലത്തരുപ്പൂക്കളാൽ
നൽപ്പുഷ്പാഞ്ജലി ചെയ്തു പെയ്തു കുതുക-
ത്തോടേ ഭജിച്ചീടിനാൻ. 9

തൽഭക്തന്റെ മനസ്സുപോൽ വിമലമാ-
മംഭസ്സു ചേർന്നാഗമി-
ച്ചുൽഭാസിച്ച ശരത്തിനെപ്പുനരുടൻ
മാനിച്ചരണ്യങ്ങളിൽ
നൽപ്പുല്ലുള്ളൊരു നിർമ്മലാംബുനികടേ
ഗോരാശിയെത്തീററിയോ-
രുൾപ്രീതിപ്രദ! വായുമന്ദിരപതേ!
തന്നീടുകെന്നും സുഖം. 10

## അൻപത്തൊൻപതാം ദശകം

വൃത്തൻകായാമലരൊട്ടു സമം കോമളം സർവ്വലോക-
ക്കത്യാനന്ദപ്രദമധികമാം രാഗമേകുന്ന നിന്റെ
ഗാത്രം ഗോപീസമുദയമഹോ! സച്ചിദാനന്ദസാരം
പ്രീത്യാ കണ്ടിട്ടനുദിനമലം നാഥ! മോഹം വഹിച്ചു. 1

കാമക്ലേശം ദിനമനു വളർന്നംബുജാക്ഷീജനം നിൻ
പൂമെയ് കാണ്മാൻ പുനരപി വളർന്നീടുമത്യാശയാലേ
ശ്രീമാനാം നീ ദിനമുഖമതിൽ കാനനേ പോവതും നൽ
പ്രേമത്താലേ മുരഹര! സഹിച്ചില്ലതാൻ തെല്ലുപോലും. 2

പ്രാതഃകാലേ വനതലമതിൽ പോയിട്ടും നിന്നിലേല്പി-
ച്ചാതങ്കത്തോടയി നയനവും തന്വിമാർ നിന്നിൽ മേവും
ചേതസ്സോടേ മുരളിയുടെയാ നിസ്വനം കേട്ടു ദൂരെ
സ്സ്വീതാനന്ദം തവ കളികളും വാഴ്ത്തി നേരം നയിച്ചു. 3

വനത്തിലെത്തിത്തണലുള്ള വൃക്ഷ-
ച്ചുവട്ടിൽ നിന്നിട്ടു വലത്തു പാദം
ഇടത്തുകാൽമേലഴകോട്ടു ചേർത്തു
വിളിച്ചിതോടക്കുഴൽ മോഹനം നീ. 4

മധുരിമ തിരളും നിൻവേണുനാദം ശ്രവിച്ചി-
ട്ടമരികളലർബാണഭ്രാന്തമാരായ് ച്ചമഞ്ഞു;
പശുഖഗസമുദായം ഹന്ത! നിശ്ചേഷ്ടമായ-
ങ്ങശുഭഹര! വിചിത്രം! കല്ലുമപ്പോളലിഞ്ഞു. 5

നലമിയലിന വേണുദ്വാരമാർഗ്ഗേ ചലിക്കും
വിലസിന വിരലോടും താളമാർഗ്ഗാനുകൂലം
ചലപദമൊടുമപ്രത്യക്ഷമെന്നാലുമന്നിൻ-
നിലയകമതിലോർത്തഗ്ഗോപിമാർ മോഹമാന്നു. 6

അവരഥ തവ പൂമെയ് വേണ്ടപോൽകണ്ടിട്ടന്നോ-
രമരികൾ മൃഗസംഘം പക്ഷിജാലം പശുക്കൾ
തവ കഴലിണ ചേർന്നീടുന്നൊരക്കാട്ടുമേററം
നവസുകൃതമിയന്നെന്നോർത്തിതുൽകണ്ഠയോടേ. 7

'ഏകാംശം മുരളിക്കു കിട്ടിയ രസം
ചേർന്നുള്ള ചെഞ്ചുണ്ടിണ-
ത്താർ കണ്ടമ്മധുവുണ്ടൊരിക്കലമരാ-
നെന്നുണ്ടു ഭാഗ്യോദയം?

ഹാ! കഷ്ടം! മമ കിട്ടുകില്ല, പുനരാ–
ശിക്കുന്നതെന്തിന്നിതെ'–
ന്നാകാംക്ഷിച്ചു വലഞ്ഞു വീണ്ടുമധികം
മോഹിച്ചു ഗോപീജനം. 8

ഏവം പിന്നെയുമംബുജാക്ഷ! ദിവസം
തോറും മഹാനുഗ്രഹം
പൂവമ്പൻ വഴിപോലെ നൽകിയതിനാ–
ലത്തേൻപെറുംവാണിമാർ
താവുംനല്ലനുരാഗസാരമനിശം
നിൻകൽ പരം ചേർക്കയാൽ
ചെയ്യാനുള്ളതിലൊക്കെ മൂഢത കല–
ന്നേററം വലഞ്ഞീടിനാർ. 9

ഓർത്താലീയനുരാഗമെന്നതുളവാ–
യീടും സ്വഭാവത്തിനാൽ;
യത്നത്താലിഹ മോക്ഷരാഗമുളവാ–
മില്ലാതെയായും വരാം;
താർത്തേൻ തൂമൊഴിമാർക്കു രണ്ടുമുളവാ–
യൊന്നായ് മഹാഭാഗ്യമേ!
പേർത്തും ശ്രീഗുരുവായുനായക! വണ–
ങ്ങീടുന്നു പാലിക്ക നീ. 10

## അറുപതാം ദശകം

കാമാർത്തിപൂണ്ടനുദിനം കമനീജനം നി–
ന്നോമൽപദങ്ങളുടെ ദാസ്യമഹോ! ലഭിപ്പാൻ
പ്രേമം കലർന്നു മണൽ കൊണ്ടുമയെച്ചമച്ചു
ഭാമാപതേ! യമുനതൻകരയിൽ ഭജിച്ചു. 1

തന്നാമസൽകഥകളിൽ കൊതിപൂണ്ട ഗോപീ–
വൃന്ദം പ്രഭാതമതിലാ യമുനാതടത്തിൽ
ചെന്നർച്ചനങ്ങൾ വിധിപോലെ നടത്തിയന്നാൾ
'നന്ദാത്മജൻ ദയിതനാകണ'മെന്നു നണ്ണി. 2

ഏവം വ്രതത്തെയൊരു മാസമമേയ! നോറ്റാർ
കാർവേണിമാർ; കരുണപൂണ്ടതു കണ്ടു നീയും
ഭാവം തെളിഞ്ഞുടനനുഗ്രഹമേകുവാനായ്
ഗോവിന്ദ! ചെന്നു യമുനാനദിതൻതടത്തിൽ. 3

ഉത്തുംഗകുംഭമുലമാർ നിയമാവസാനേ
വസ്ത്രങ്ങൾ തീരമതിൽ നീളെയഴിച്ചുവെച്ചു
ചിത്രം! ജലത്തിലധികം വിളയാടിടുമ്പോ–
ളെത്തുന്ന നിന്നെയിഹ കണ്ടതിലജ്ജ പൂണ്ടാർ. 4

ശങ്കിച്ചു താഴ്ത്തി വദനങ്ങൾ വധുക്കളപ്പോൾ;
പങ്കേരുഹേക്ഷണ! ഭവാനുടനേയടുക്കൽ
തങ്കുന്ന വസ്ത്രനിരയൊക്കെയെടുത്തുകൊണ്ടു
ശങ്കാവിഹീനമൊരു വൃക്ഷമതിൽ കരേറി. 5

'ഇങ്ങോട്ടു വന്നിടുക വാങ്ങുക വസ്ത്രമെല്ലാം
മങ്ങാതെ'യെന്നു ചെറുപുഞ്ചിരി പൂണ്ടു നീയും
ശൃംഗാരമോടരുളവേ തരുണീജനങ്ങൾ
മുങ്ങീടിനാർ കരകവിഞ്ഞൊരു മോഹസിന്ധൗ. 6

'ജീവിക്ക നീ വളരെ നാളിഹ ബാല! നിന്നെ–
സ്സേവിക്കുമെങ്ങളവശപ്പെട്ടുകിന്നു നന്നോ?
ആ വസ്ത്രമിങ്ങു തരികെ'ന്നവർ ചൊല്ലി; നീ താ,
നാവിർഭവിച്ച ചെറുപുഞ്ചിരിതന്നെ നൽകി. 7

തീരത്തിൽ വന്നു തൊഴുതീട്ടതിശുദ്ധമാരാം
നാരീജനത്തിനഥ താൻ ഗതിയെന്നു കണ്ടു
ചാരുത്വമാർന്ന വസനങ്ങളുമേവമുള്ള
ഗീരാമനുഗ്രഹവുമേകി മുദാ ഭവാനും. 8

'ഞാനിങ്ങറിഞ്ഞു ഹൃദി നിങ്ങടെ വാഞ്ഛിതങ്ങൾ;
മാനിച്ചവശ്യ യമുനാപുളിനസ്ഥലത്തിൽ;
ആനന്ദരാത്രികൾ നിലാവൊടു ചേർന്നു ചൊല്ലും
തേനോലുമുത്തരമതെ'ന്നു ഭവാൻ പറഞ്ഞു. 9

മധുരസമിയലും നിൻവാക്യമേവം ചെവിക്കൊ-
ണ്ടതിരസഭരമോടപ്പെൺകൊടിത്തയ്യൽമാരും
മതിയൊടു സമമാം നിന്നാനനം നോക്കിനോക്കീ-
ട്ടഥ നിജഭവനത്തേയ്ക്കായിമന്ദം നടന്നാർ. 10

ഇത്ഥം സരോജമിഴിമാരെയനുഗ്രഹിച്ചി-
ട്ടെത്തും മുദാ വനതലങ്ങളിൽ മുൻപിലെപ്പോൽ
തത്തുന്ന ഭൂരികരുണാകുലനായ ശൗരേ!
തീർത്തീടുകെന്റെയഖിലാർത്തികൾ സത്വരം നീ. 11

## അറുപത്തൊന്നാം ദശകം

ഉള്ളംതന്നിൽ വളർന്ന ഭക്തിയൊടു വാ-
ണീടുന്ന വിപ്രാന്വയ-
പ്പുള്ളിപ്പേടമൃഗാക്ഷിമാർക്കു വരമേ-
കീടുന്നതിന്നാഗ്രഹാൽ
കള്ളഗ്ഗോപകിശോര! പോയിതു വിഭോ!
വൃന്ദാവനാൽ ദൂരവേ-
യുള്ളോരാ വനഭൂമിയിൽ പശുപഗോ-
വൃന്ദങ്ങളോടന്നു നീ. 1

കാട്ടിൽ ചെന്നു വിശപ്പു ദാഹമിവയാ-
ലേററം നിരാലംബരായ്
വാട്ടം പൂണ്ടു വലഞ്ഞിടും സഖികളെ-
ക്കാരുണ്യവാനാം ഭവാൻ
കോട്ടം വിട്ടൊരു യാഗമങ്ങു നികടേ
ചെയ്യുന്ന ഭൂമീസുര-
ശ്രേഷ്ഠന്മാരൊടു ചോറിരന്നിടുവതി-
ന്നായിട്ടയച്ചീടിനാൻ. 2

ചെന്നിട്ടപ്പശുപാലബാലകരുടൻ
നിൻനാമധേയം പറ-
ഞ്ഞന്നം നൽകണമെന്നു ഭൂസുരവര-
ന്മാരോടിരന്നീടിനാർ;
അന്നേരം ശ്രുതിനിശ്ചലത്വമിയലു-
ന്നോരെന്നിരുന്നീടിലും
നന്നായശ്രുതി താൻ നടിച്ചവരഹോ!
മിണ്ടാതെ മേവീടിനാർ. 3

ബാലന്മാരുമനാദരിച്ചതു നിന-
ച്ചുൾത്താരിലെത്തുന്ന വൻ-
മാലോടിങ്ങു മടങ്ങി; യുക്തമിതലം
യജ്വാക്കളിൽ ശ്രീപതേ!
ആലോചിക്കിലഭക്തരായ് ചിരതരം
വാഴും ദ്വിജാതിവ്രജം
ചേലോടെങ്ങനെ നൽകിടുന്നിതു ഭവാ-
നായ്ക്കൊണ്ടു ഭക്തം? വിഭോ! 4

‘ചൊല്ലിൻ ബ്രാഹ്മണപത്നിമാരൊടിഹ മേ
നാമത്തെയെന്നാലവ-
ർക്കുല്ലാസം വളരും തരും കൃപകല-
ർന്നന്നത്തെയും നിർണ്ണയം’
ചെല്ലപ്പുഞ്ചിരി പൂണ്ട നിൻവചനമ-
ന്നേവം ശ്രവിച്ചിട്ടു പോ-
യെല്ലാബ്ബാലകരും ഹരേ! ഗൃഹിണിമാ-
രോടങ്ങു യാചിച്ചുതേ. 5

നിൻപേർ കേട്ടതിസംഭ്രമത്തോടധികം
നാളായി നിൻപൂവൽമെ-
യ്യൻപിൽ കാണ്മതിനാഗ്രഹിച്ച ധരണീ-
ദേവാംഗനാസഞ്ചയം
കമ്പം വിട്ടു ചതുർവിധം രസമെഴും
ഭോജ്യം വഹിച്ചെത്തിനാ-
രമ്പമ്പോ! ദയിതാദ്യരായവർ തട-
ഞ്ഞെന്നാകിലും സത്വരം. 6

പിഞ്ഛം പൂഞ്ചികുരത്തിലൊട്ടിളകിയും
ശോഭിച്ചിട്ടും കുണ്ഡലം
ചെഞ്ചമ്മേ കവിൾതന്നിൽ മിന്നിയുമലം
കാണുന്നവർക്കാർദ്രനായ്
അഞ്ചാതെ സഖിതന്റെ തോളതിലിളം-
കൈ ചേർത്തു നിന്നീടുമ-
പ്പഞ്ചേഷുപ്രഭനായ നിന്നെയവരും
കണ്ണാൽ നുകർന്നീടിനാർ. 7

അപ്പോളുണ്ടൊരു നാരി നിന്നരികിൽ വ-
    ന്നീടാൻ തുനിഞ്ഞാൾ; മഖം
കെല്പോടീശ! നടത്തിട്ടന്നൊരവൾതൻ-
    കാന്തൻ പിടിച്ചാൻ കരേ,
നില്പാനാവരുതാഞ്ഞു നിന്നെയവളും
    ചിന്തിച്ചു വാച്ചീടിനോ-
രുൾപ്രേമത്തൊടു ചേൎന്നു മോക്ഷ,മവൾ താൻ
    പുണ്യം തികഞ്ഞുള്ളവൾ. 8

നിന്നംഗത്തൊടു ചേരുവാൻ കൊതിയൊടേ
    ഗേഹങ്ങൾ വിട്ടുള്ളോര-
ക്കന്നൽക്കണ്ണികൾ തന്നൊരന്നമതിനെ-
    ക്കൈക്കൊണ്ടു മോദാൽ വരം
നന്നായേകിയയച്ചു യാഗമതിനായ്,
    ഭൂമീസുരക്കുള്ളില-
ത്തന്വീമൗലിജനത്തൊടാദരഭരം
    തോന്നിക്കയും ചെയ്തു നീ. 9

തങ്ങൾക്കുള്ളൊരു ദോഷവും തരുണിമാ-
    ൎക്കുണ്ടായ നൽഭക്തിയും
മങ്ങീടാതെ നിനച്ചു മാനസമതിൽ
    തത്വാൎത്ഥബോധോദയം
തിങ്ങും വിപ്രഗണം സ്തുതിച്ചിതു ഭവാൻ-
    തന്നെപ്പരം ഭക്തിയോ-
ടങ്ങേവം കൃപയാൎന്ന മാരുതപതേ!
    ദുഃഖങ്ങൾ പോക്കീടണം. 10

## അറുപത്തിരണ്ടാം ദശകം

ഒരിക്കൽ ഗോപന്മാരഖിലമൊരു യാ-
ഗത്തിനായ് കോപ്പുകൂട്ടും
തിരക്കം കണ്ടിട്ടസ്സുരപതിമദം
തീർപ്പതിന്നാശയോടേ
'തെരിക്കെന്നെന്തിന്നായിവിടെയുഴറു-
ന്നിത്തരം നിങ്ങളെ?'ന്ന-
ങ്ങുരച്ചു നീ നന്ദാദികളൊടതറി-
ഞ്ഞെങ്കിലും സാദരംതാൻ. 1

ഉടൻ നന്ദൻ ചൊന്നാൻ 'സുത! സുരവര-
ന്നാണ്ടുതോറും മഖം നാം
നടത്തേണം; സൗഖ്യം മഹിയിൽ മഴയാ-
ലായവൻ ചേർത്തിടുന്നു,
നരക്കുജ്ജീവിപ്പാനുതകുമഖിലം
വസ്തുവും വർഷനിഘ്നം;
വിശേഷാൽ നമ്മൾക്കോ, തൃണസലിലമ-
ല്ലേ പശുക്കൾക്കു ജീവൻ?' 2

ഇദം കേട്ടത്താതോദിതമഥ ഭവാൻ
ചൊല്ലി രസമോ-
'ടിദം നിന്ദ്യം, വർഷിച്ചിടുവതുവൃഷാ-
വല്ല നിയതം,
അദൃഷ്ടം ജീവാത്മാക്കളുടെയുളവാ-
കുന്നു മഴയെ-
സ്സുദാ; നൽകുന്നുണ്ടോ ബലിയെ വിപിനേ
വൃക്ഷമവനായ്? 3

ഈ വംശത്തിൻധനം താൻ പശുനിവഹ;മവ-
റ്റെിന്നു സൗഖ്യേന നിത്യം
ജീവിപ്പാനുള്ള വെള്ളം തൃണമിതുകൾ മുറ-
യ്ക്കേകുവാൻ യാഗകർമ്മം
ആംവണ്ണം പർവ്വതേന്ദ്രന്നരുളുക; സുരരെ-
ക്കാൾ മഹത്തുക്കൾ ഭൂമീ-
ദേവന്മാർ പാരിലോർത്താ;—ലവരെയുമിഹ പൂ-
ജിക്ക'യെന്നോതി നീയും. 4

നാഥാ! നിൻവാക്കു കേട്ടുൾബഹുമതിയൊടു പൂ-
ജിച്ചു ഗോപാലരെല്ലാം
ഭൂദേവന്മാരെയേററം വലിയൊരു ബലിയ-
പ്പർവ്വതത്തിന്നു നൽകി
പ്രാദക്ഷിണ്യം കഴിച്ചാദരമൊടഥ നമി-
ച്ചീടിനാർ; പർവ്വതാത്മാ-
വാദാനം ചെയ്തു നീയും ബലിയഖിലവുമ-
ഗ്ഗോപസംഘങ്ങൾ കാൺകെ. 5

'കണ്ടാലും, കള്ളമായോ മമ വചനമതി-
പ്പർവ്വതേന്ദ്രൻ സ്വരൂപം
കൊണ്ടേവം നമ്മൾ നൽകും ബലിയിതനുഭവി-
ക്കുന്നതില്ലേ?'—യിവണ്ണം
കൊണ്ടാടിച്ചൊല്ലി നീ;—'യസ്സുരപതിയിഹ കോ-
പിക്കിലും രക്ഷ ചെയ്വാ-
നുണ്ടല്ലോ പർവ്വതം താ'നിദമരുളിയുടൻ
ഗോപരും പ്രീതി പൂണ്ടാർ. 6

സന്തോഷിച്ചു ഗമിച്ചു ഗോകുലമതിൽ
ഗോപാലർ നിന്നോട്ടടൻ
ചിന്തും കോപമിയന്നു തൻമഖവിരോ-
ധത്തെ ശ്രവിച്ചിന്ദ്രനും
സ്വാന്തേ നിന്നറിവുണ്ടു, തൻമഹിമയും
നീ താൻ കൊടുത്തുള്ളതാ,-
ണെന്തെന്നാലുമലം രജോഗുണവശാ-
ലേതും സഹിച്ചില്ല ഹാ! 7

'ശ്രീമാൻ മാധവനെങ്കിലും മനുജനായ്
ധിക്കാരമിദ്ദേവരിൽ
കേമത്തത്തൊടു ചെയ്കിൽ നമ്മുടെ മഹ-
ത്വത്തിന്നു പോരാ ദൃഢം;
നാമിന്നിപ്പശുപാധമൻെറ വിഭവം
തീർത്തീടു' മെന്നിന്ദ്രനു-
ദ്ദാമാഹംകൃതി പൂണ്ടു നിന്നുടെ ജയ-
ത്തിന്നായ് പ്രവർത്തിച്ചപോൽ. 8

നിന്നാവാസത്തെയെല്ലാമുടനടി പൊടിയാ-
ക്കീടുവാൻ വ്യോമമാർഗ്ഗം-
തന്നിൽ കല്പാന്തമേഘങ്ങളെയഥ വിതറീ-
ട്ടിന്ദ്രനും വജ്രമേന്തി
അന്നാൽക്കൊമ്പൻകഴുത്തിൽ കയറിയിഹ പുറ-
പ്പെട്ടു; ശുദ്ധം ഹസിച്ചാ-
രന്നേരം വഹ്നിവായ്വാദികൾ;ളെവനിളക-
ന്നില്ല നിൻമായയിങ്കൽ? 9

'ഇന്ദ്രൻ കോപിച്ചുവെന്നാൽ ഗിരിവരധരണീ–
ദേവകാരുണ്യഭാരാ–
ലൊന്നും പററില്ല ദോഷം ദൃഢ'മിതി പശുപ–
ന്മാക്കു വിശ്വാസമേകി
'എന്നാലെന്താണു ദേവാധിപനിഹ വരുവാൻ
താമസിക്കുന്നതെ?'ന്നോ–
ത്തന്യൂനാശ്ചര്യമാന്നീടിന പവനപതേ!
തീക്ക ദുഃഖങ്ങളെല്ലാം. 10

## അറുപത്തിമൂന്നാം ദശകം

അന്നേരത്തവ്രജപദമതിന്മേൽ മുഴങ്ങിത്തഴച്ചീ–
ട്ടുന്നോരുച്ചസ്തനിതനിരയാൽ ദിക്കു പാരം കുലുക്കി
മിന്നും കാന്ത്യാ തവ തനുസമാനത്വമാന്നിട്ടു വർദ്ധി–
ച്ചൊന്നായ് വന്നീടിന ബഹുപയോദങ്ങളെക്കണ്ടു
നീയും. 1

വർദ്ധിച്ചീടുന്നൊരാലിപ്പഴമൊട്ടു പൊഴിയും
തോയധാരാഭരത്താ–
ലത്യുച്ചം ദിക്കിലെല്ലാം പശുപസമുദയം
ഹന്ത! ഖേദം കലർന്നു
'ക്രുദ്ധിച്ചോരിന്ദ്രനുണ്ടാക്കിയ മഴയിതിൽ നി–
ന്നാശു രക്ഷിക്കു'യെന്ന–
ങ്ങെത്തിച്ചൊന്നാർ; ഭവാനും 'കളക ഭയമിതെ'–
ന്നോതി വിശ്വാധിനാഥാ! 2

'ഈ വംശത്തിന്നു ഗോവർദ്ധനഗിരി നിയതം
ദൈവതം പാർത്തുകണ്ടാൽ,
ദേവാധീശൻ വരുത്തും വ്യഥയിതു കളയും
സംശയിക്കേണ്ട തെല്ലും'

ഏവം ചൊല്ലീട്ടു മന്ദസ്മിതരുചിയൊടിളം–
കൈകൾ കൊണ്ടദ്രിതന്നെ–
ത്താവും വേഗാൽ പറിച്ചു പരിചിനൊടു ജഗൽ–
പാല! നീ മൂലമോടെ. 3

ഏവം ഹന്ത! പറിച്ച പർവ്വതമതിൻ–
താഴെത്തദാ വൃഷ്ണിതൻ–
ഭാവം ലേശവുമേശിടാത്ത മൃദുവാ–
യീടും മണൽത്തട്ടിൽ നീ
ഗോവൃന്ദം ഗൃഹസാധനങ്ങളിവയെ–
ഗ്ഗോപാലസംഘങ്ങളോ–
ടാവിർമ്മോദമണച്ചു താങ്ങി മൃദുവാം
കൈകൊണ്ടു ശൈലം വിഭോ! 4

ഒറ്റക്കൈയാൽദ്ധരിച്ചപ്പെരിയമലയിളം-
കൊങ്കമാരോടുമൻപിൽ
ചുറ്റീടും ബാലരോടും പല പല കളിവാ–
ക്കോതിയും, വന്നടുക്കൽ
പററും ഗോസഞ്ചയത്തെക്കരുണയൊടൊരു കൈ–
കൊണ്ടു മന്ദം ചൊറിഞ്ഞും
പോറ്റീ! വാണീടവേ നീ പശുപരഖിലരും
ഹന്ത! സന്തുഷ്ടരായി. 5

'ഇക്കുന്നെത്ര വലിപ്പമുള്ളതിതിനെ–
പ്പങ്കേരുഹപ്പൂവു പോ–
ലിക്കൃഷ്ണൻ നിജവാമപാണിയിൽ വഹി–
ച്ചീടുന്നുവല്ലോ ചിരം;

ചിത്രം ചിത്രമിതദ്രിതൻെറ ബലമായ്
    വന്നീടുമോ പാക്കിലെ'–
ന്നുൾത്താരിൽ ബഹുമാനമോടു പശുപാ–
    ലന്മാർ പറഞ്ഞീടിനാർ. 6

'ബാലൻതന്നുടെ ധാർഷ്ട്യമത്ഭുതമിദം
    വേഗേന താൻ കൈകുഴ–
ഞ്ഞാലസ്യത്തൊടു താഴെയിമ്മലയിവൻ
    വെച്ചീടു'മെന്നിങ്ങനെ
ചാലേ നിന്ദ ഭവാങ്കൽവെച്ചവിടെ വ–
    ർഷിപ്പിച്ചിതത്യുഗ്രമായ്
മാലെന്യേയൊരുപോലെയേഴദിവസം
    ദേവേന്ദ്രനാവുന്നപോൽ. 7

ഒട്ടുംതാനിളകാതെ നിന്നിതു ഭവാൻ;
    തോയങ്ങളെല്ലാമൊഴി–
ഞ്ഞൊട്ടേറീടിന മേഘസഞ്ചയമതും
    വായുക്കളാൽ ദൂരവേ.
പെട്ടെന്നീശ! ഗമിച്ചകന്നൊരളവിൽ
    ദേവാധിപൻ നിന്നില–
ന്നൊട്ടുള്ളത്തിൽ വിശങ്കപൂണ്ടഥ മട–
    ങ്ങിപ്പോയടങ്ങീടിനാൻ. 8

ഘോരം വർഷമൊഴിഞ്ഞു ഗോക്കളുമുടൻ
    ഗോപാലസംഘങ്ങളും
സൈ്വരം തന്നെ വെളിക്കിറങ്ങിയൊരു നേ–
    രത്തിങ്കൽ നീയും വിഭോ

പാരാളുർവ്വീയതിങ്കലദ്രിവരനെ
സ്ഥാപിക്കവേ മോദമോ—
ടാരാൽ വന്നു പുണർന്നു നിൻെറ തിരുമെയ്
ഗോപാലരെല്ലാവരും. 9

'മുൻപിൽ കമ്പമൊഴിഞ്ഞു നീ ധരണിയെ—
ത്താനൻപിനോടേ വഹി—
ച്ചമ്പോ! പർവ്വതമുദ്ധരിപ്പതിൽ നിന—
ക്കെന്താണു യത്നം ഹരേ!'
ഇമ്പത്തോടുടനമ്പരേവമധികം
വാഴ്ത്തിസ്തുതിച്ചുള്ളോരീ—
യെൻപോറ്റീ! പവനേശ! ദുഃഖമഖിലം
തീർത്താശു കാത്തീടണം. 10

## അറുപത്തിനാലാം ദശകം

ശൈലം ധരിച്ചതു തുടങ്ങിയ നിൻമഹത്ത്വം
നീലാംബുജാക്ഷ! പശുപാലജനങ്ങൾ കണ്ടു
മോദിച്ചു നിന്നെയഖിലേശ്വരനെന്നു നണ്ണി—
ച്ചോദിച്ചു നന്ദനൊടു നിന്നുടെ ജാതകത്തെ. 1

ഗർഗ്ഗോക്തമാം തവ മഹത്ത്വമതങ്ങു ഗോപ—
വർഗ്ഗങ്ങളോടു വഴിപോലെ പറഞ്ഞു നന്ദൻ;
അക്കാലമായവർ വഹിച്ചിതു മുൻപിലേക്കാ—
ളുൾക്കാമ്പിൽ നിന്നിലനുരാഗസമാദരങ്ങൾ. 2

ദേവാധിരാജനവമാനവശാൽ മനസ്സി—
ലാവിർഭവിച്ചറിവു ഗർവ്വമകന്നു പിന്നെ
ഭാവം തെളിഞ്ഞു സുരധേനുവുമായി വന്നു
പൂവൊത്ത നിൻ കഴലിൽവീണു പരം സ്തുതിച്ചു. 3

കൈവന്നോരതിയായിട്ടും പ്രിയതയാ-
ലോലുന്ന പാൽകൊണ്ടുടൻ
ഗോവിന്ദാഹ്വയനാക്കി നിന്നെയഭിഷേ-
കം ചെയ്തിതസ്വർഗ്ഗവി;
കൂട്ടം മോദമൊടഭ്രവാരണവരൻ
കൊണ്ടന്ന സംശുദ്ധമാ-
യീട്ടും ഗാംഗജലത്തിനാലെയഭിഷേ-
ചിച്ചാൻ സുരാധീശനും. 4

മൂന്നാകുന്ന ജഗത്തുകൾക്കധിപനാ-
യേററം വിളങ്ങുന്നൊരീ
നിന്നെഗ്ഗോകുലനാഥനാക്കിയഭിഷേ-
കം ചെയ്യുനേരം ഹരേ!
മിന്നും സ്വർഗ്ഗമതിങ്കലും മഹിതമാം
വൈകുണ്ഠലോകത്തിലും
ചേർന്നീടാത്തൊരു ലക്ഷ്മി നിൻമഹിമയാ-
ലുണ്ടായി ഗോപാലയേ. 5

ഒരു ദിവസമുഷസ്സിൻ സൂരജാംഭസ്സിൽ മുങ്ങും
ജനകനെ വരുണൻതൻഭൃത്യനേകൻ ഹരിച്ചാൻ
പരമപുരുഷ! നീയും താതനെക്കൊണ്ടുപോരാൻ
ത്വരയൊടഥ ജലേശൻതന്റെ ഗേഹത്തിലെത്തി. 6

ജലപതിയുടനേററം സംഭ്രമം പൂണ്ടു നിന്നെ-
പ്പലവിധമജ! പൂജിച്ചീടവേ തുഷ്ടനായ് നീ
ജനകനൊടു മടങ്ങിപ്പോന്നിതന്നാത്മഗേഹേ;
ജനകനതു പറഞ്ഞാനന്നു ഗോപാലരോടും. 7

ശ്രീനാരായണനെന്നു നിന്നെയുടനേ
ചിന്തിച്ചഹോ! നിൻപദ-
ശ്രീ കണ്ടീടുവതിന്നു വല്ലവകുലം
വാഞ്ഛിച്ചതോർത്താദരാൽ
ശ്രീമത്തായിതരൎക്കലഭ്യതമമാ-
യീടും പരം നിൻപദം
ശ്രീനാഥാ! കൃപയോടവൎക്കു സരസം
കാണിച്ചു നീ വേണ്ടപോൽ. 8

പ്രകാശിക്കും ശ്രീമന്മഹിതപരമാനന്ദലഹരീ-
പ്രവാഹത്താലേറ്റം നിറയുമുരുകൈവല്യജലധൗ
ചിരം നന്നായന്നാൾ മുഴുകിയൊരു ഗോപാലരെ വിഭോ!
ഹരേ! നീ താൻ പിന്നെപ്പരിചിനൊടുയൎത്തീ മുരരിപോ! 9

കണ്ടീടാനരുതാതെഴും പരപദം
ഭക്തൎക്കതിവ്യക്തമായ്
കണ്ടീടുന്നതിനേതു ജന്മമതിൽ നീ-
യുണ്ടാക്കിയേവം വിധി?
രണ്ടില്ലിന്നതുകൊണ്ടു ഗോപതനുവാം
നീ താൻ പരബ്രഹ്മമാ
വണ്ടിൻശ്രീ കലരും മരുൽപുരപതേ!
സൎവ്വാമയം തീൎക്ക മേ. 10

## അറുപത്തഞ്ചാം ദശകം

പശുപവനിതമാരോടായ് വ്രതാന്തേ പറഞ്ഞോ-
രസമശരവിനോദം നിൎവ്വാഹിക്കുന്നതിന്നായ്
ശശിരുചി തഴകീടും സൂൎയ്യപുത്രീതടത്തിൽ
ശിശിരതരവനേ നീ വേണുനാദം മുഴക്കി. 1

സ്വരതതി വിലസീടും മൂർച്ഛനാവൈഭവം കൊ–
ണ്ടുരുഹൃദയവിമോഹം സർവ്വലോകക്കുമേകും
സുരുചിരതരമാം നിൻവേണുനാദം ശ്രവിച്ചി–
ട്ടൊരു നിരുപമമോഹംപൂണ്ടു ഗോപീജനങ്ങൾ. 2

ശിശുഹിതമതു ചെയ്തും ഭർത്തൃശുശ്രൂഷ ചെയ്തും
നിജനിജഭവനത്തിൽ കൃത്യമോരോന്നുചെയ്തും
മരുവുമബലമാർ നിൻവേണുനാദത്തിൽ മോഹി–
ച്ചഖിലമുടനുപേക്ഷിച്ചാശു വന്നാർ വനത്തിൽ. 3

നല്ലോരാഭരണങ്ങൾ മെയ്യിലണിയും
 നേരത്തു വേണുസ്വനം
മെല്ലേ കേട്ടഥ പാതി ചാർത്തിയനിജാ–
 ലങ്കാരമോടും ചിലർ
മല്ലാരേ! ചിലർ ഭൂഷണങ്ങൾമുഴവൻ
 ചാർത്തീട്ടുമെത്തീടിനാ–
രുല്ലാസം പുനരർദ്ധഭൂഷിതകളിൽ
 പാരം വഹിച്ചാൻ ഭവാൻ. 4

കെട്ടിക്കോമളമായ ഹാരമരയിൽ
 കണ്ഠത്തിലക്കാഞ്ചിയും
പെട്ടെന്നപ്പൊഴൊരോമനത്തരുണിയാൾ
 നിന്നന്തികം പ്രാപ്തയായ്
സ്പഷ്ടം തൻജഘനത്തിനുള്ളധികമാം
 ഹാരിത്വമാകും ഗുണം
മട്ടോലുംമൊഴിയാൾ ഭവാനൊടു പറ–
 ഞ്ഞോ എന്നു തോന്നും വിധം. 5

ചേണേറുന്ന മുലപ്പടത്തെ മുലയിൽ
ചേക്കാതൊരാരോമലാൾ,
കാണാതുററ വിമോഹഭാരമതിനാൽ
മററുള്ള നാരീജനം
പ്രാണാതിപ്രണയപ്രകർഷസുമഹാ-
രാജ്യാഭിഷേകത്തിനായ്
നൂനം രണ്ടു കുടങ്ങൾ പൂണ്ടതു വിധം
വന്നാൾ ഭവൽസന്നിധൗ. 6

ഗേഹേ നിന്നു തിരിപ്പതിന്നു കഴിവി-
ല്ലാഞ്ഞിട്ടു വർദ്ധിച്ചിട്ടും
മോഹത്താൽ ചിലർ നിന്നെ മാനസമതിൽ
ധ്യാനിച്ചുറപ്പിച്ചുടൻ
ദേഹം വിട്ടു ഗമിച്ചു നാഥ! പരചിൽ-
സൗഖ്യസ്വരൂപത്വമു-
ള്ളേകൻ നിന്നെയഹോ! നിനക്കിലവർതൻ
ഭാഗ്യം പരം ഭാഗ്യമേ.

പരാത്മാവെന്നോക്കാതവരിഹ ഭവാൻ
ജാരനെന്നന്തരംഗേ
സ്മരിച്ചാരെന്നാലും പരമഗതിയെ-
ച്ചേർന്നു പെട്ടെന്നു തന്നെ;
പരം ശോഭിച്ചീടും മഹിതപരമാ-
ത്മസ്വരൂപൻ ഭവാനെ-
പ്പണിപ്പെട്ടും ധ്യാനിച്ചിട്ടുമഹമയ-
ത്നേന മോക്ഷം ലഭിക്കും.

ച്ചുററും വന്നു നിരന്ന മല്ലമിഴിമാർ
        നോക്കുന്ന നേരത്തു ചേ—
ണ്ണററീടുന്നൊരു പുഞ്ചിരിപ്പുതുമയും
        കാരുണ്യനോട്ടങ്ങളും
പാററിപ്പാരമനന്തകാന്തിനിധിയായ്
        നിന്നോരു നീ ദുഃഖമി—
ങ്ങററീടാൻ കൃപ ചെയ്ക മാരുതപതേ!
        വിവൈരവകഹൃദ്യാകൃതേ! 9

## അറുപത്താറാം ദശകം

കാമാസ്ത്രമേററാശു വലഞ്ഞു വന്ന
വാമാക്ഷിമാക്കീപ്സിതമേകുവാനായ്
സാമോദമോത്തുള്ളവനെങ്കിലും നീ
വാമത്വമാന്നോണമുരച്ചിതപ്പോൾ. 1

ആകാശദേശസ്ഥമുനീന്ദ്രർ കേൾപ്പാ—
നായ് നീ കുലസ്ത്രീജനധമ്മമോതി;
ധമ്മ്യം പരം നിമ്മല നിൻെറ വാക്യം;
കമ്മത്തിൽ വിശ്വാസ്യതയില്ല നൂനം. 2

വിരോധവാക്യം തവ കേട്ടു നാരിമാർ
പരം വിഷാദിച്ചു 'കൃപാനിധേ! ഭവാൻ
പരിത്യജിച്ചീടരുതിജ്ജനത്തെ'യെ—
ന്നുരച്ചുകൊണ്ടീശ! ചിരം കരഞ്ഞുതേ. 3

വിലാപവും രോദനവും ശ്രവിച്ചി—
ട്ടലിഞ്ഞു നീയങ്ങവരോടു കൂടി
കളിന്ദകന്യാപുളിനസ്ഥലത്തിൽ
കളിപ്പതിന്നായ് സരസം തുനിഞ്ഞു. 4

ചന്ദ്രപ്രഭാചാരുതരപ്രവാഹാൽ
സൗന്ദൎയ്യമേറും യമുനാതടത്തിൽ
തന്വംഗിമാർതൻമൃദുലോത്തരീയം
നന്നായ് വിരിച്ചിട്ടതിൽ നീയിരുന്നു. 5

മാധുൎയ്യമേറും കളിവാക്കു ചൊല്ലിയും
കരം ഗ്രഹിച്ചും കനിവോടു മുത്തിയും
മോദിച്ചു മെയ് ചേൎത്തു പുണൎന്നുമേററവും
വശീകരിച്ചാനവർമാനസം ഭവാൻ. 6

വസ്ത്രം ഹരിച്ചുള്ള ദിനേ കനിഞ്ഞു
പറഞ്ഞ വാസോഹരണത്തെയും നീ
ചിത്തേ രസം തിങ്ങുമവൎക്കുവേണ്ടി
മുത്തോടു താനേ നിറവേററിയല്ലോ. 7

അല്പം വിയൎത്തു മുഖസീമനി കുന്ദപുഷ്പം
കല്പം കൊടുക്കുമതിസുന്ദരഹാസമോടേ
മുപ്പാരിനും സുഭഗനായ് വിലസും ഭവാനെ-
യൊപ്പം പുണൎന്നിളമൃഗാക്ഷികൾ മോദമാൎന്നു. 8

വേർപാടിലംഗാരമയൻ; സമാഗമേ
കാർവൎണ്ണ! ശൃംഗാരമയൻ ഭവാൻ; വിഭോ!
സൎവ്വേശ! നീയിന്നിഹ സംഗമത്തിലും
നിതാന്തമംഗാരമയസ്സു വിസ്മയം. 9

സൗന്ദൎയ്യശാലിനികൾമാലിക രാധതന്റെ-
യൗന്നത്യമാൎന്ന കുളുർകൊങ്ക പുണൎന്നുകൊൾവാൻ
കുന്നിച്ച വാഞ്ഛ കലരുന്ന ഹരേ! തൊഴുന്നേൻ;
തന്നാലുമിങ്ങു കുശലം പവനാലയേശ! 10

## അറുപത്തേഴാം ദശകം

നിരതിശയപരാനന്ദൈകരൂപൻ ഭവാനും
സുരതമനുഭവിപ്പിച്ചോരു നേരത്തു പാരം
പരമസുഖമിയന്നപ്പങ്കജാക്ഷീജനങ്ങൾ-
ക്കൊരു നിരുപമഗർവ്വം മാനസേ സംഭവിച്ചു. 1

'ലോകൈകസുന്ദരനിവൻ മധുവൈരിയെന്നി-
ലാകാംക്ഷ പൂണ്ടു തെളിവോടു ലയിച്ചിടുന്നു'
ആകെയ്ക്കുമേവമുളവാമഭിമാനമപ്പോൾ
നീ കണ്ടു നിർമ്മല! മറഞ്ഞിതു മായയാലേ. 2

അന്നേരം മദഹീനയായ് പ്രിയതയ-
　　ത്യന്തം നിനക്കുള്ളൊര-
ത്തന്വംഗീമണി രാധതന്നൊടൊരുമി-
　　ച്ചേററം വിദൂരസ്ഥലേ
ചെന്നിട്ടായവൾതൻമനസ്സിലധികാ-
　　നന്ദം ഭവിക്കുംവിധം
നന്ദിച്ചൻപിലനേകലീലകൾ ഭവാൻ
　　ചിദ്രൂപ! ചെയ്തീടിനാൻ. 3

പെട്ടെന്നങ്ങനെ നീ മറഞ്ഞ സമയേ
　　ഞെട്ടിത്തളർന്നേററവും
മട്ടോലുംമൊഴിമൗലിമാർകളൊരുപോ-
　　ലുണ്ടായ ദുഃഖത്തൊടേ
വിട്ടീടാതൊരുമിച്ചു കാനനതലം
　　തോറും ഭവാനെത്തിര-
ഞ്ഞൊട്ടേറുന്ന വിഷാദഭാരമതുലം
　　പ്രാപിച്ചു പത്മാപതേ! 4

‘തേന്മാവേ! ബത! കർണ്ണികാരതരുവേ!
ഹാ ചമ്പക! ശ്രീനിധേ!
ചെമ്മേ മാലതി! മല്ലികേ! പറയുവിൻ
തൈവള്ളിവൃന്ദങ്ങളേ!
അമ്മാപാപി മനസ്സുമെങ്ങടെ കവ-
ന്നെങ്ങോട്ടു പോയ്? കണ്ടുവോ?’
വന്മാലോടിതി ചൊല്ലി നിന്നിലനുരാ-
ഗം പൂണ്ടു കേണാരവർ. 5

‘അല്ലേ തോഴി!യിതാ! മുകുന്ദനെയഹോ
കാണുന്നു മോദിച്ചു ഞാ-
നില്ലാ സംശയ’മെന്നൊരുത്തി വിവശം
ധ്യാനേക്ഷണത്താലുടൻ
മല്ലാരേ! തവ മേനി കണ്ടരുളവേ
മററുള്ള മൈക്കണ്ണിമാ-
ർക്കെല്ലാവർക്കുമുദിച്ചു താപമവിടെ-
പ്പെട്ടെന്നിരട്ടിച്ചുതേ. 6

നിന്നിൽ തന്നെ ലയിച്ച മാനസമിയ-
ന്നീടുന്ന ഗോപീജനം
നന്നായ് നിന്നുടെ ചേഷ്ടിതങ്ങൾ യമുനാ-
തീരേ വിഡംബിച്ചു പോൽ;
അന്വേഷിച്ചവർ പിന്നെയും, മദവശാൽ
നീ താനുപേക്ഷിച്ചൊരാ-
ത്തന്വംഗീമണിയായ രാധികയെയും
കണ്ടീടിനാർ കാനനേ.

ഒന്നിച്ചുകൂടിയവർ കാട്ടിൽ നടന്നു വീണ്ടും
നിന്നെത്തിരഞ്ഞഥ തമസ്സു പരക്കുവോളം
പിന്നെക്കളിന്ദസുതതൻെറ കരയ്ക്കിരുന്നി–
ട്ടൊന്നായ്പ്പുരഞ്ഞു തവ സൽഗ്ഗുണമൊക്കെയോതി. 8

ഏവം പരം പരവശത്വമിയന്നു മേവും
കാർവേണിമാരുടെയ മുന്നിലമന്ദമോദം
ആവിർഭവിച്ചിതു മൃദുസ്മിതകാന്തിയോടേ
ലാവണ്യസാരനിധിയായ ഭവാൻ കൃപാലോ! 9

'കണ്ടീടാനിനിയുണ്ടിതോ ഗതി നമു'–
കെന്നാകുലപ്പെട്ടൊര–
ക്കണ്ടിക്കാറണിവേണിമാർ സരഭസം
പ്രാണേശനാം നിന്നെയും
കണ്ടിട്ടേറിയ തോഷഭാരമൊട്ടമ–
ന്നെന്തെന്തു ചെയ്തില്ല?—യെ–
ന്നിണ്ടല്പ്പാട്ടകളേവമുള്ള പവനാ–
ഗാരേശ! തീർത്തീടണം. 10

## അറുപത്തെട്ടാം ദശകം

നിൻമുൻപിൽ വന്നു തവ നമ്മൃദുമേനി കണ്ടു
സമ്മോദസങ്കുലത പൂണ്ട വധൂജനങ്ങൾ
പീയൂഷധാരയതിലാശു കുളിച്ചപോലെ
പൊയ്യില്ല തെല്ലുമിളകാതഥ നിന്നുപോയി. 1

അന്നേരമങ്ങൊരുവൾ നിൻകരപല്ലവത്തെ
നന്നായ് ഗ്രഹിച്ചു ജവമോടഥ ശങ്കയെന്യേ
മിന്നുന്ന തിങ്ങിയ മുലത്തടമോടണച്ചു
നിന്നാൾ വളൎന്ന പുളകത്തൊടുമേറെ നേരം. 2

നിന്നോമനക്കരമെടുത്തുടനന്യയാകും
തന്വംഗി കന്ധരയിൽ മോദമിയന്നു ചുററി
ധന്യാംഗളോൽഗതമതാകിയ ജീവവായു-
തന്നെത്തടുത്തു ബത! നിൎത്തുകയെന്നവണ്ണം. 3

ശങ്കിച്ചിടാതുടനൊരുത്തി ഭവന്മുഖത്തിൽ-
ത്തങ്ങുന്ന പൂഗഫലചവ്വിതമങ്ങെടുത്തു
മാൻകണ്ണി തൻമുഖസരോജമതിൽധരിച്ചു
തൻകാമമൊക്കെ വഴിപോൽ പരിപൂൎണ്ണമാക്കി. 4

'എന്നെക്കളഞ്ഞു കൃപവിട്ടു വനേ ഗമിച്ചു
നിന്നെത്തൊടുന്നതിനിയാരി'തി കോപമോടേ
ചൊന്നിട്ടൊരുത്തി നയനങ്ങളിലശ്രുധാര
ചിന്നിക്കവിഞ്ഞു കരുണാലയ! നോക്കിനിന്നെ. 5

ഏവം പ്രമോദവശരായ വധൂജനത്തോ-
ടൊന്നിച്ചു യാമുനതടത്തിലണഞ്ഞു വീണ്ടും
ചെങ്കുങ്കുമം വിലസിടുന്ന മുലപ്പുടങ്ങൾ
ചെമ്മേ വിരിച്ചതിലിരുന്നു വിലാസിയാം നീ. 6

'കാരുണ്യമെത്ര വിധമാണു? ചിലൎക്കു പാൎത്താൽ
കാരുണ്യമേവരില്ലുമുണ്ടു, സമാശ്രിതൎക്കൽ
ശൗരേ! ചിലൎക്കു; ചിലരാശ്രിതരോടുമേവം
ക്രൗൎയ്യം വഹിക്ക പതിവന്നവർ നിന്നൊടോതി. 7

'തന്വംഗീമണിമാർകളേ! ഭവതിമാർ-
തൻസ്നേഹഭംഗത്തിൽ നി-
ന്നെന്നും ഭീതിയെഴുന്നൊരെന്നിലണുവും
ക്രൂരത്വമോർത്തീടൊലാ
ചേർന്നീടുന്നതിനെന്നിൽ നിങ്ങടെ മന-
സ്സേവം മറഞ്ഞീടിനേ'-
ന്നെന്നേവം കമനീജനത്തൊടു ഭവാൻ
മല്ലാക്ഷ! ചൊല്ലീടിനാൻ. 8

'പ്രാണപ്രേയസിമാർകളേ! ഭവതിമാർ
കേട്ടാലുമിന്നേവമെൻ-
പ്രാണപ്രേമമിതിന്നു നിങ്ങളൊഴികെ-
പ്പാർത്തീടിലില്ലാശ്രയം;
നാണിക്കാതതു കൊണ്ടു നല്ലൊരു നിശാ-
കാലങ്ങളിൽ കാംക്ഷപോ-
ലാനന്ദിച്ചു രമിച്ചുകൊൾവിനൊരുപോ'-
ലെന്നീശ! ചൊന്നാൻ ഭവാൻ. 9

ഏവം നിന്നുടെ വാക്കുകേട്ടു നിതരാ-
മാനന്ദമാർന്നീടുമ-
പ്പൂവാളുംമുടിമാരൊടൊത്തു സരസം
ക്രീഡിച്ചു മേളിച്ചുടൻ
താവും രാസവിലാസകൗതുകമിയ-
ന്നീടും ഭവാനിന്നു മേ
കൈവന്നീടിന സങ്കടങ്ങൾ പവനാ-
ഗാരേശ! തീർത്തീടണം. 10

## അറുപത്തൊൻപതാം ദശകം

വാർകേശേ പിഞ്ഛജാലം തരളതരലസൽ-
കുണ്ഡലം വന്യമാലാ-
ഹാരൗഘം ചാരുഗന്ധപ്രചുരിമ തടവീ-
ട്ടുന്ന നല്ലംഗരാഗം
ഭാസിക്കും മഞ്ജുവസ്ത്രോപരി മണിമയമാം
കാഞ്ചിയും കാൽച്ചിലമ്പും
രാസക്രീഡയ്ക്കണിഞ്ഞീടിന സുരുചിരമാ-
യുള്ള നിൻമെയ് തൊഴുന്നേൻ. 1

അപ്പോൾത്താൻ മണ്ഡനം ചേർത്തണിമുലയിൽ നിചോ-
ളം ധരിച്ചക്കപോലേ
ശില്പശ്രീ പൂണ്ട കർണ്ണാഭരണമിളകവേ
ഗോപിമാരും വളഞ്ഞു;
കെല്ലേറും നീയുമീരണ്ടബലകളുടെ മ-
ധ്യത്തിലായ് സഞ്ചരിച്ചി-
ട്ടൊപ്പം ശോഭിച്ച രാസക്കളി സരസതരം
ചെയ്തു ചൈതന്യമൂർത്തേ! 2

പാരം ശോഭിച്ച രാസക്കളിരസമതിലു-
ള്ളൊരു മാധുര്യസാരം
ദൂരാൽ ശ്രീനാരദൻ ചൊന്നതികുതുകമൊടേ
കേട്ട വൃന്ദാരകന്മാർ
സ്വൈരം ഭൂഷാവിലാസാദികളിൽ വിരുതെഴും
സ്വർവ്വധൂവൃന്ദമോടൊ-
ത്താരാൽ സ്വർഗ്ഗത്തിൽനിന്നാംബരമതിലുടനേ
വന്നു മന്ദം നിരന്നു. 3

ശ്രീവേണുധ്വാനതാനം മധുരിമകലരും
ഗാനരാഗത്തൊടൊത്തും
ശ്രീ വാദ്യം നൽപദത്തിൻപതനരചിതമാം
താളമാൎന്നും മനോജ്ഞം
താറ്യം ശബ്ദങ്ങളക്കൈവളയിലിളകവേ
തോളതിൽക്കൈകൾ വെച്ചി-
ട്ടാ വസ്ത്രൗഘം ചലിച്ചും വിലസിടുമൊരു രാ-
സോത്സവം സേവചെയ്യിൻ. 4

ശ്രദ്ധിച്ചിട്ടച്ചമുച്ചം മധുരതയൊടു പാ-
ടുന്ന ചാരുസ്വരൗഘം
സ്വസ്ഥാനാദംഗഹാരാലിളകിന മണിഹാ-
രാദിയും ചേൎന്ന നൃത്തേ
പ്രീത്യാ പുഷ്പങ്ങൾ വർഷിച്ചമരരധികമു-
ന്മേഷമോടേ ഭവാൻകൽ
ദൈത്യാരേ! ചേൎന്നവണ്ണം നിജരമണികളോ-
ടേറെ മോഹിച്ചിതപ്പോൾ. 5

ക്ഷീണിച്ചേററം വിയൎത്തിട്ടൊരുവളഴകെഴും
നിന്റെ തോളിൽപിടിച്ചാൾ
മാനിച്ചാലസ്യമൂലം പരിമുകുളിതമാ-
യുള്ള കണ്ണോട്ടമപ്പോൾ;
ചേണേറും കുന്തലൊട്ടൊട്ടിളകിയൊരുവൾ നൽ-
ച്ചന്ദനത്താൽ മണക്കും
പാണൗ ചുംബിച്ചു പാരം പുളകിതതനുവായ്
വ്യാജമോടംബുജാക്ഷ! 6

ഗണ്ഡത്തിൽ തൻെറ ഗണ്ഡം സരസമിളകിട്ടം
കുണ്ഡലത്തോട്ട ചേർത്തി-
ട്ടെണ്ണിക്കൂടാത്ത പുണ്യം പെട്ടമൊരബലയാ-
ളേററു വീടീരസം തേ;
അബ്ജോജപ്പെൺകളിക്കാസ്സദമഖിലജഗൽ
സുന്ദരൻ നിന്നെയന്ന-
ത്തനപീവൃന്ദം ലഭിച്ചുന്മദഭരദശയെ-
ന്തെന്തണഞ്ഞീല? ശൗരേ! 7

ചെമ്മേ പാട്ടം ക്രമത്തിൽ സരസത കലരും
വാദ്യമേളിപ്പമാറി
ബ്ബ്രഹ്മാനന്ദത്തിൽ മുങ്ങിത്തരുണികൾമണിമാർ
നൎത്തനം മാത്രമാൻറു
അമ്മുണ്ടും കൊങ്കവസ്ത്രം തലമുടിയുമഴി-
ഞ്ഞെന്നതും കൂടെയോർത്തീ-
ലമ്മോ! നക്ഷത്രജാലങ്ങളുമിഹ ഗഗനേ
നിന്നു; പിന്നെന്തു ചൊൽവൂ? 8

അത്യാനന്ദേ ലയിപ്പിച്ചഖിലജനമുടൻ
നീ വിഹാരം നിറുത്തീ-
ട്ടത്യന്തം നൎത്തനത്താലമലതനുഗളൽ-
സ്വേദസൗന്ദൎയ്യമോടേ
പൊൽത്താർബാണാത്മമാരാമവരുടെ സുകൃത-
പ്രേരണത്താലനേകം
ഗാത്രം കൈക്കൊണ്ടു മാരോത്സവമമിതരസം
ചെയ്തു ചിന്മാത്രമൂർത്തേ! 9

ഓരോരോ കേളിഭേദാലധികതരമിള
ക്കീട്ടു ലാളിച്ച നാരീ
വാരത്തോടങ്ങു കാളിന്ദിയിലഥ വിഹരി-
ച്ചിച്ചുപോലീശ! നീയും
പാരം ശൈത്യം കലൎന്നച്ചെറുപവനനെഴും
ചാരുവാം സൂനപാളീ-
സൗരഭ്യം ചേൎന്ന കാറ്റിങ്കലുമവരെ രമി-
പ്പിച്ചു മോഹം വളൎത്തി. 10

ഏവം പൂവേണിമാൎക്കന്നിശകളിലമിതം
സമ്മദം യോഗിലഭ്യം
താവും മോദേന നൽകിശ്ശിവവിധിമുഖരാ-
യോൎക്കുമഗ്ഗോപിമാരിൽ
ഹേ വിഷ്ണോ! പാരമുള്ളിൽ ബഹുമതിയുളവാ-
ക്കിച്ച സൗന്ദൎയ്യരാശേ!
സേവിക്കുന്നോരണഞ്ഞീടിന തനുവിയലും
നാഥ! പാലിക്ക നിത്യം. 11

## എഴുപതാം ദശകം

ഏവം നീ പശുപാലയൗവതഹിതം
സാധിച്ചതിൽ പിന്നെയ-
ഗ്ഗോപാലവ്രജമംബികാവനമതിൽ
ശൈവാലയേ നിന്നൊട്ടം
പ്രാപിച്ചിട്ടൊരു നാളിലുത്സവരസം
സേവിച്ചുറങ്ങീടവേ
രാവിൽത്താതനെയങ്ങണഞ്ഞൊരു മഹാ-
സൎപ്പം ഗ്രസിച്ചീടിനാൻ. 1

വേഗം തീക്കൊള്ളി കൈക്കൊണ്ടതിനെയഭിഹനി-
ച്ചെങ്കിലും വിട്ടിടാഞ്ഞി-
ട്ടാകെ ദുഃഖിച്ചു 'പാലിക്കണെ'മിതി പശുപ-
ശ്രേണി നിൻകാല്ക്കൽ വീണു
കാൽകൊണ്ടൻപോടു തൊട്ടു ജവമൊടതിനെ നീ,-
യപ്പൊഴസ്സർപ്പദേഹം
ലോകേശാ! കൈവെടിഞ്ഞിട്ടവനവിടെ വിരാ-
ജിച്ചു വിദ്യാധരാത്മാ. 2

'നാഥാ! കേൾക്ക സുദർശനാഹ്വയനഹം
പണ്ടേകദാ മാമുനി-
വ്രാതത്തെസ്സമദം ഹസിച്ചിഹ പെരും
പാമ്പായ് ചമഞ്ഞീടിനേൻ;
ശ്രീ തങ്കും തവ പാദസംഗമവശാത്
ഞാനിന്നഹോ! ശുദ്ധ'നെ-
ന്നോതിപ്പോയിതവൻ മുദാ നിജപദേ,
ഗോപാലർ ഗേഹത്തിലും. 3

രാമൻതന്നോടൊരുന്നാൾ യുവതിജനമൊട്ടും
നീ കളിക്കുന്ന നേരം
രാമാവൃന്ദം ഹരിച്ചാനയി ധനപതിതൻ-
കിങ്കരൻ ശംഖചൂഡൻ;
ശ്രീമൻ! നീയോടി പിൻപെയുടനവരെ വെടി
ഞ്ഞോരവൻതന്നെ ഹിംസി-
ച്ചാമോദത്തോടവൻതന്നുടെ തലയിലെഴും
രത്നമഗ്രജ്യേഷ്ഠനേകി. 4

ഗോപന്മാരൊട്ടുകൂടിയപ്പകൽ മുദാ
കാട്ടിൽ കളിച്ചും വിഭോ!
പൂബാണോപമനായ് സുധാമധുരമാം
വേണുസ്വനം തൂകിയും
ദേവസ്ത്രീജനദൃഷ്ടിയിങ്കലമൃതം
പെയ്യുന്ന പൂമെയ്യൊടും
മേവും നിന്നെ നിനച്ചു കേണു വിരഹം
പൂണ്ടുള്ള ഗോപീജനം. 5

കംസന്റെ ഭൃത്യനതിഘോരനരിഷ്ടദൈത്യൻ
ഹിംസാരതൻ വൃഷഭമായ് പുനരന്നൊരുന്നാൾ
ഹംസാഭിവന്ദ്യപദ! വന്നിതു കർണ്ണരന്ധ്രം
ധ്വംസിച്ചിടും ധ്വനി കലർന്നു ഭവാന്റെ മുൻപിൽ. 6

പിന്നെശ്ശ്ലാകപരമായലം ബൃഹതിയാ-
ക്കും മൂർത്തിയാർന്നോരിവൻ
നന്നായിജ്ജഗതിക്കെഴും ധൃതി ഹരി-
ച്ചെന്നല്ലഹോ! ഗോക്കടെ
പിന്നും പങ്ക്തിയിളക്കിയേറ്റമവിടെ
പ്പെട്ടെന്നണഞ്ഞീടിനാൻ
ഛന്ദോവൃന്ദമതിന്നു നാഥ! നിധിയാ-
യീടുന്ന നിന്നന്തികേ. 7

അത്യന്തം വലുതായ കൊമ്പുകളൊടുൾ-
ക്കമ്പം വെടിഞ്ഞൂക്കൊട-
ങ്ങെത്തും ഭദ്രശരീരനെങ്കിലുമഭ-
ദ്രാത്മാവു ദൈത്യേന്ദ്രനെ

മെത്തും വേഗമൊടേ പിടിച്ചഥ ഭവാൻ
ക്രുദ്ധിച്ചു മർദ്ദിച്ചുടൻ
ചിത്തത്തിങ്കലതീവ മോദമമര—
ന്മാർക്കൊക്കെ നൽകീടിനാൻ. 8

'വൃഷവധമിതിനാലേ ദേവ! നീ ഭുവിലേററം
വൃഷമതിനെയുറപ്പിച്ചത്രയല്ലിന്നു ചിത്രം
വൃഷമനസി വളർത്തീ മോദ'മെന്നിപ്രകാരം
വിഷധരഭുജ! ദേവന്മാർ ഭവാനെ സ്തുതിച്ചു. 9

'ഓടിക്കൊള്ളുവിനാശു ദൂരവെ വൃഷ—
ക്കൂട്ടങ്ങളേ! നിങ്ങൾ, വൻ—
പോടേ കാളയെ നിഗ്രഹിക്കുമിവനി—
ങ്ങുണ്ടെന്നതോർത്തീട്ടുവിൻ'
ഈടേറും ഹസിതത്തൊടേവമരുളും
ഗോപാലരോടും മുദാ
വീടൻപോട്ടു ഗമിച്ച വാതനിലയാ—
ധീശാ! കടാക്ഷിക്ക മാം. 10

## എഴുപത്തിയൊന്നാം ദശകം

സഫലനിഖിലയത്നൻ കേശിയാം ഭോജരാജ—
പ്രിയനസുരവരൻ നിൻസിന്ധുജാവാപ്യഭാവം
നിജമനസി നിനച്ചിട്ടെന്നപോൽ സിന്ധുജാശ്വാ—
കൃതിയൊട്ടു കുതുകം പൂണ്ടെത്തിനാൻ ഗോകുലത്തിൽ. 1

ഗന്ധർവത്വമിയന്നുവെങ്കിലുമിവൻ
ത്രുക്ഷങ്ങൾ ശബ്ദങ്ങൾ കൊ—
ണ്ടെന്തർഭീതിയശേഷലോകമതിനും
ചേർത്തിട്ടു നിന്നെ പ്രഭോ!

കാണ്മോളം പശുപാലയങ്ങളധികം
മട്ടിച്ചു പൂമങ്കയാൾ
പൂണ്മാനീശ! കൊതിച്ച വിഗ്രഹമെഴും
നിന്നന്തികം പൂകതേ. 2

അജ! പദമതു താർക്ഷ്യേ വെച്ച നിൻമാറിൽ മൂഢൻ
നിജപദമഥ ചേർത്താൻ താർക്ഷ്യനായോരിവൻ താൻ
ഭൃഗുപദഹതിവൃത്തം കേൾക്കയാലേ തനിക്കും
സുഖമൊടതുനടത്താമെന്നു മോഹിച്ചവണ്ണം. 3

അന്നേരത്തിലവൻെറ പാദമതു നിൻ-
മെയ്യിൽ തൊടാതാശു നീ
നന്നായ് മാറിയുടൻ പിടിച്ചു ബഹുദൂ-
രത്തേക്കെറിഞ്ഞൂകൊടേ,
ചെന്നിട്ടൂഴിയിൽ വീണു മൂർച്ഛിതനവൻ
വാച്ചുന്ന കോപത്തിനാൽ
നിന്നേപ്പിന്നയഹോ! കടിപ്പതിനുറ-
ച്ചാഞ്ഞങ്ങു പാഞ്ഞീടിനാൻ. 4

അപ്പോൾ മാധവ! വാഹദണ്ഡമതിനു-
ത്സാഹിച്ച നീ മോഹനം
വാഹാദണ്ഡമമേയ വാജിവദനം-
തന്നിൽ കടത്തീ ദൃഢം;
അല്പാല്പം കരവും തടിച്ചു, പവനൻ
മുട്ടീട്ടുപോയ് ജീവനും
സ്വപ്നീഭാവമിയന്നുവെങ്കിലുമവൻ
പ്രാപിച്ചിതൈക്യം വിഭോ! 5

പശുവധമതു മാത്രം കൊണ്ടു ദേവാളി മോദി-
പ്പൊരു പുതുമ കലൎന്നോരശ്വമേധത്തെ നീയും
മുരഹര! നിറവേററും നേരമിന്ദ്രാദ്യർ നിന്നെ-
സ്സരസമയി പുകഴ്ന്നാർ കേശവാഭിഖ്യനാക്കി. 6

നീ താൻ ശൗരിതനൂജനെന്നരുളിയി-
ട്ടക്കംസനോ,ടായവൻ
നാഥാ! ശൗരിവധത്തിനാഞ്ഞൊരളവിൽ
ചൊല്ലിത്തടുത്തിട്ടുടൻ
മോദാൽ കേശിവധം കഴിഞ്ഞ സമയേ
നിന്നന്തികേ വന്നു നിർ-
ബാധം നാരദമാമുനീന്ദ്രനധികം
വാഴ്ത്തിസ്തുതിച്ചീടിനാൻ. 7

സാമോദമസ്സഖികളോടൊരുനാൾ വനത്തിൽ
ഭാമേശ! നീ പുനരൊളിച്ചു കളിച്ചിടുമ്പോൾ
ക്ഷേമൻ മയൻെറ തനയൻ ബഹുമായനാകും
വ്യോമാഖ്യനാമസുരനെത്തി ഭവൽസമീപേ. 8

ചോരന്മാർ ചിലർ, രക്ഷചെയ്യു ചില,രീ-
വണ്ണം വിഭോ! വല്ലവ-
ന്മാരൻപോടു കളിക്കവേ, പശുഗണ-
ത്തോടായർപൈതങ്ങളെ
ചോരത്വത്തൊടിവൻ ഹരിച്ചു ഗുഹയിൽ
കല്ലിട്ടടച്ചാൻ ഗുഹാ-
ദ്വാരം; നീയതറിഞ്ഞു ചെന്നവനെയും
മർദ്ദിച്ചു മായാപതേ! 9

ഇത്ഥം വിസ്മയനീയകേളിനിരയാ—
ലാനന്ദഭാരോദയം
ദൈത്യാരേ!—യതുലം വ്രജത്തിനു ദിനം—
തോറും കണക്കെന്നിയേ
പുത്തൻപുത്തനതാക്കിടുന്ന ഭഗവൻ!
രക്ഷിക്ക സൎവ്വത്ര നീ
ശുദ്ധാത്മൻ! പരമാത്മരൂപ! പവനാ—
ഗാരേശ! ഹേ കേശവ! 10

## എഴുപത്തിരണ്ടാം ദശകം

ഭോജേശൻ നാരദോക്ത്യാ വ്രജപദമതിൽ വാ—
ഴുന്നു നീയെന്നറിഞ്ഞ—
വ്യാജം പാരം തളൎന്നീടിന ഹൃദയമൊട—
ക്രൂരനെത്തൻസമീപേ
ശ്രീജാനേ!യാനയിച്ചിട്ടവിടെയൊരു ധനു—
ൎയ്യാഗമുണ്ടെന്ന കള്ളം
യോജിപ്പിച്ചിട്ടു നിന്നെസ്സവിധമതിൽ നയി—
ച്ചീടുവാനായയച്ചു. 1

നിൻതൃക്കാലാശ്രയിച്ചിട്ടലിവൊടധികനാ—
ളായഹോ! കംസഭീത്യാ
സന്താപഘ്നം ഭവദ്ദൎശനമതിന്നിടകി—
ട്ടാഞ്ഞൊരക്രൂരനപ്പോൾ
ചന്തത്തോടേയവൻതാനജിത! പറകയാൽ
നിന്നെയൻപോടു കാണ്മാൻ
സ്വാന്തേയുത്സാഹമാൎന്നിട്ടധികമധികമാ—
നന്ദഭാരം വഹിച്ചു. 2

തേരിൽക്കേറിബ്ഭവാൻതൻ നിലയനമതിലേ-
ക്കാശ്ശുരും ധന്യനാമ-
ദ്ധീരൻ നിന്നിൽ ധരിച്ചീടിന പല പല ചി-
ത്താഭിലാഷങ്ങളെല്ലാം
നേരോടേയാസ്വദിച്ചും പുനരവ വെറുതേ-
യാകുമോ എന്ന ഭീത്യാ
പാരം ദൈവത്തെയോർത്തും ബത! വഴിയിലറി-
ഞ്ഞില്ല മററുള്ളതൊന്നും. 3

'കാണാമോ വേദവാക്യപ്രകരകലിതസം-
വർണ്ണനശ്രീപുമാനെ-
ച്ചേർണാന്നീടുന്ന പൂമെയ് സപദി തൊട്ടവനോ
പൂണ്മനോ പൂർണ്ണമായ് ഞാൻ?
കാണുമ്പോളെന്നോടെന്തെങ്കിലുമരുളിട്ടമോ?
കാണ്മതങ്ങേതു ദേശ-
ത്താണെ?'ന്നിത്യാദിയോർത്താ വഴിയവനു ഭവ-
ദ്രൂപമായ്ത്തന്നെ തീന്നു. 4

പിന്നെപ്പുത്മാക്ഷ! നിൻചേവടിയുടെ പെരുമാ-
ററത്തിനാൽ ശുദ്ധമായ്ശ്രീ
മിന്നും വൃന്ദാവനാന്തം ഹരവിധിമുഖരാൽ
വന്ദ്യമാന്നോരു നേരം
ചിന്നും സന്തോഷമാകും കടലിൽ മുഴകിയോ
മോഹഭാരം കലന്നോ
എന്നോക്കംവണ്ണമെന്തെന്തഥ ദശയെയണ-
ഞ്ഞില്ലിവൻ? കല്യമൂർത്തേ! 5

അന്നേരം നിൻവിഹാരസ്ഥലമിഹ പലതും
കണ്ടു കൈക്കൂപ്പിനാന-
പ്പൊന്നിൻതൃക്കാൽ പതിഞ്ഞുള്ളൊരു പൊടികളിൽ വീ-
ണിമ്പമോടേയുരുണ്ടാൻ;
ചൊന്നീടുന്നെന്തിനേവം? ബഹുജനമതുകാ-
ലത്തിലുണ്ടായിരുന്നാ-
രെന്നാലിദ്ധന്യനോളം പരപുരുഷ! ഭവൽ-
ഭക്തരോ ദുർല്ലഭന്മാർ. 6

ചൊൽക്കൊള്ളുന്ന മനോജ്ഞമാം തവ കഥാ-
ഗീതാമൃതത്താൽ മുദം
ചേർക്കുംകർണ്ണരസായനം കലരുമ-
ഗ്ഗോപാലഗേഹങ്ങളെ
അക്രൂരൻ ബത! കണ്ടു മോദനദി താൻ
കൊണ്ടങ്ങുപോകുംവിധം
ചിക്കെന്നീശ! ചരിച്ചു സന്ധ്യയതിൽ നിൻ-
ഗേഹാന്തികേ വന്നുതേ. 7

മാഞ്ചേലുംകണ്ണിമാരപ്പൊഴുതു പശു കറ-
ക്കുന്നതുവീക്ഷിപ്പതിന്നായ്
വാഞ്ഛിച്ചബ്ഭക്തവത്സൻവരവിനെയവിടെ
ക്കാത്തുനിൽക്കുന്നപോലെ
ചെഞ്ചെമ്മേ ബ്രഹ്മസൗഖ്യാനുഭവരസഭരം
ഹന്ത! തൂകുന്നവണ്ണം
ചാഞ്ചാടി ജ്യേഷ്ഠനോടും വിലസിന തവ മെയ്
കണ്ടിതദ്ധന്യമൗലി. 8

അന്തിസ്നാനം നിമിത്തം വിമലത പൂലരും
ദേഹമോട്ടം നിതാന്തം
സന്തോഷാൽ മഞ്ജനീലത്തുകില്വകളമണി-
ഞ്ഞുററ സൌന്ദൎയ്യമോട്ടം
സന്ധിച്ചിട്ടല്പഭൂഷാനിര സുരുചിരവേ-
ഷാഭയോട്ടം മനോജ്ഞം
ചിന്തും മന്ദസ്മിതത്തിൻദ്യുതിയൊട്ടമമരും
നിങ്ങളെക്കണ്ടു ഭക്തൻ. 9

ദൂരത്തേരീന്നിറങ്ങിസ്സവിനയമുടനേ
കുമ്പിട്ടം ഭക്തപാളീ-
ഹീരത്തെച്ചെന്നു നീ താൻസരഭസമെഴുനേ-
ല്പിച്ചു സോദൎയ്യനോട്ടം
പാരം മോദാൽ പുണൎന്നിട്ടലിവൊട്ട കുശല-
പ്രശ്നവും സല്പയാകും
ഗീരാൽ ചെയ്താശു കൈയിൽ പ്രണയമൊട്ട പിടി-
ച്ചാലയേ കൊണ്ടുപോയി. 10

നന്ദൻതന്നോട്ട ചേൎന്നീയദുവരനെയുടൻ
സാദരം സൽക്കരിച്ചി-
ട്ടന്യൂനാനന്ദമോടേ പുനരവനരുളി-
ച്ചെയ്ത വൃത്തം ശ്രവിച്ചു
മന്നൻ കംസൻെറയാജ്ഞാവചനമതു ഭവാൻ
ഗോപവൃന്ദത്തൊടെല്ലാം
ചൊന്നിട്ടാ രാത്രി നാനാവിധകഥകളവൻ
തന്നോടോതിക്കഴിച്ചു. 11

'ചന്ദ്രാഗ്രേഹമതിങ്കലോ? നലമെഴും
രാധാഗൃഹത്തിങ്കലോ?
മിന്നും ചന്ദ്രഭഗാലയത്തിലഥവാ
കിം മിത്രവിന്ദാഗൃഹേ?
ഇന്നെന്തിങ്ങു വരാഞ്ഞു ധൂർത്തനവനെ-
ന്നാ രാത്രിയിൽ ഗോപിമാർ
സന്ദേഹിച്ച വിഭോ! മരുൽപുരപതേ!
പാലിക്കണേ സർവ്വദാ. 12

## എഴുപത്തിമൂന്നാം ദശകം

ഗോപീജനങ്ങൾ തവ യാത്രയറിഞ്ഞു ചിത്തേ
താപം വളർന്നധികമായുടനൊത്തുകൂടി
'ഹാ കഷ്ടമെന്തിവിടെയിങ്ങനെ വന്നിടാനെ'-
ന്നാകെപ്പറഞ്ഞഥ കരഞ്ഞു നിരഞ്ജനാത്മൻ! 1

'കാരുണ്യമേറുമൊരു കൃഷ്ണനനന്യനാഥ-
മാരായ നമ്മെയുടനെങ്ങനെ സന്ത്യജിക്കും?
നേരിട്ട ദൈവവിധിയിങ്ങനെയോ നമുക്കെ?'-
ന്നോരോന്നു ചൊന്നവർ ഭവാനെ നിനച്ചു മാഴ്കി. 2

അച്ഛൻതന്നൊട്ടുമിഷ്ടരോട്ടുമൊരുമി-
ച്ചന്നന്ത്യയാമാന്തരേ
സച്ഛന്ദം മധുരാപുരിക്കഥ പുറ-
പ്പെട്ടീടുമീശൻ ഭവാൻ
കച്ചേല്യമുലമാക്കെഴും കഠിനമാം
താപം നശിപ്പിക്കുവാൻ
മെച്ചത്തിൽ സഖിയാമൊരുത്തനെയുടൻ
ചൊന്നങ്ങയച്ചീടിനാൻ. 3

‘ഏറെത്താമസിയാതെ നിങ്ങടെ സമീ-
പത്തിങ്കലെത്തീട്ടവൻ,
സ്വൈരം മാമകസംഗമാമിതസുഖം
നിങ്ങൾക്കു കൈവന്നിട്ടും,
ക്രൂരോടേയമൃതാംബുരാശിയിലഹം
മുങ്ങിക്കുവെൻ നിങ്ങളെ-
പ്പാരാതെ’ന്നവചസ്സിനാലവരിലാ-
ശ്വാസം വളർത്തീ ഭവാൻ. 4

പ്രാർത്ഥിച്ചും പരിതാപമാർന്നധികം
ദൂരത്തിൽ നിന്നെത്രയും
താർത്തേൻവാണികൾ ലോകസുന്ദര! ഭവാ-
നെത്തന്നെ നോക്കീടവേ
ചീർത്തീട്ടും മൃദുവാം കടാക്ഷനിരയ-
ദ്ദിക്കിൽ പതിപ്പിച്ചവൻ
തേർത്തട്ടിൽ കരയേറി നാഥ! ഹലിയോ-
ടൊന്നിച്ചു നീ യാത്രയായ്. 5

ഗോപന്മാരുടെയേറ്റമുള്ള ശകട-
ക്കൂട്ടങ്ങളൊട്ടേറുമ-
ഗ്ഗോപസ്ത്രീകടെ മാനസങ്ങളുമുടൻ
പിന്നാലെ വന്നീടവേ
താപംപൂണ്ട മൃഗങ്ങൾ വൃക്ഷമിവ ചേ-
ർന്നീട്ടും വനത്തെക്കട-
ന്നാവിർമ്മോദമണഞ്ഞു നീ യമുനതൻ-
തീരത്തിൽ വേഗത്തോടേ. 6

അക്രൂരൻ നിയമത്തിനത്ര സലിലേ
മുങ്ങീടവേ കണ്ടഹോ!
ചിൽക്കാമ്പാകിയ നിന്നെ വാരിയി,ലുടൻ
തേരിങ്കലും കാൺകയാൽ
ചിക്കെന്നാകുലനായ് ഭവിച്ചു; സകല-
വ്യാപ്തൻ ഭവാനെ പ്രഭോ!
ദിക്കെല്ലാത്തിലുമൊത്തു കാൺകിലതിലും
ചിത്രത്വമില്ലേതുമേ. 7

ധന്യൻ പിന്നെയുമങ്ങു മുങ്ങുമളവിൽ
ശേഷാഹിമേൽ ശംഖവും
മിന്നും ചക്രവുമംബുജം ഗദയതും
കൈക്കൊണ്ടു തേജസ്സോടേ
ഇന്ദ്രാദ്യാമരസിദ്ധസംഘമധികം
ഭക്ത്യൈവ ചൂഴം നിര-
ന്നൊന്നായി സ്തുതിചെയ്യുമുത്തമവപു-
മാനാം നിന്നെയവീക്ഷിച്ചുതേ. 8

അപ്പോഴപ്പരമാത്മസൗഖ്യമയമാം
വാരാന്നിധൗ മുങ്ങിയി-
ട്ടുൾപ്രേമത്തൊടവൻ വിഭോ! പലവിധം
സ്തോത്രങ്ങളെച്ചെയ്തുടൻ
ചിൽപൂണ്ണും തവ മേനി പിന്നെയവിടെ-
ക്കാണാതെ വർദ്ധിച്ചിട്ടും
സൽപ്രീത്യാ പുളകാഞ്ചിതാംഗമൊട്ടു വ-
ന്നെത്തീ ഭവൽസന്നിധൗ. 9

‘എന്തേ വെള്ളമതിൽ തണുപ്പധികമാ—
യുണ്ടായിതോ? ചൊൽകെടോ!
ചിന്തുന്നൂ പുളകങ്ങളെ’ന്നയി ഭവാൻ
ചോദിച്ചനേരത്തവൻ
സന്തോഷം ഹൃദയേ വളൎന്ന സരസൻ
മിണ്ടീല,വൻ തന്നൊട്ടും
ചന്തത്തേരിൽ വിളങ്ങിടും ഗുരുപുരാ—
ധീശാ തുണച്ചീടണം. 10

## ഏഴുപത്തിനാലാം ദശകം

മദ്ധ്യാഹ്നേ ചെന്നു നീയമ്മധുരയിലവിടെ—
ബ്ബാഹ്യമാം നിഷ്കുടത്തിൻ—
മദ്ധ്യേഭക്ഷിച്ചു കാണ്മാൻ പുരി, സഖികളൊടും
രാജമാൎഗ്ഗം ഗമിച്ചു
അത്യന്തം മുൻപിലേ കേട്ടധികകുതുകമാ—
ലോകനത്തിങ്കലേറും
തത്രത്യക്കുള്ളൊരുദ്യൽസുകൃതനിഗളമാ—
കർഷണംചെയ്തുവണ്ണം. 1

നിൻ കാൽപോലെ സരാഗസൗഭഗകള—
ങ്ങാലോലമാർ കണ്ണുപോ—
ലംഗംപോൽ സുപയോധരാഭകൾ ഹസം—
പോൽ സ്വച്ഛതാകാന്തമാർ
വക്ഷസ്സെന്നതുപോലെ ഹാരിണികള—
ക്കേശാഭപോൽ നൽകലാ—
പൗഘം പൂണ്ടവർ സുന്ദരാംഗികൾ തദാ
വന്നാർ ഭവൽസന്നിധൗ. 2

സന്തോഷം ചേർത്തവക്ത്രങ്ങമലതരകടാ-
ക്ഷങ്ങളാൽ നീ ജനൗഘം
സന്തോഷാശ്ചര്യമാർന്നീടവെയൊരു രജകൻ-
തന്നൊടർത്ഥിച്ചു വസ്ത്രം;
'എന്താണീ രാജവസ്ത്രം തവ തരുവതിനോ?
പോക നീ'യെന്നവൻ ചൊ-
ന്നന്തം പ്രാപിച്ചുതേ നിൻദൃഢകരഹതിയാൽ
മോക്ഷവും ചേൎന്നുവല്ലോ. 3

പിന്നെത്തോഷിച്ചു വേഷോചിതവസനഗണം
നൽകിട്ടം വസ്ത്രകാരൻ-
തന്നെസ്സൽബുദ്ധിയെച്ചേർത്തിതു നിജപദ;-മാ-
രോൎത്തു ജീവാത്മപുണ്യം?
മിന്നീട്ടം മാല നൽപ്പൂങ്കുലയിവ നതിയോ-
ടേകിട്ടം മാല്യകാരൻ-
തന്നിഷ്ടംപോലെ സൽഭക്തിയുമഥ മഹിതൈ-
ശ്വര്യവും നീ കൊടുത്തു. 4

മാൎഗ്ഗത്തിൽ കണ്ട കുബ്ജാംഗന വിനയമിയ-
ന്നംഗരാഗം നിനക്കാ-
യാക്കം പൂണ്ടേകിനാൽ, നീയവൾ മനമതിലും
നൽകി നല്ലംഗരാഗം;
ഉൾക്കാമ്പിങ്കൽ ഭവിച്ചോരൃജുത തനുവിലും
ചേർപ്പതിന്നായ്പ്പിടിച്ചു-
ത്തൂക്കെയാൽ പൊക്കി നീയൊന്നവളമഥ ജഗൽ-
സുന്ദരീരത്നമായി. 5

അത്യന്തം പാപമില്ലാത്തൊരു ജനമിഹ നിൻ
വൈഭവം പാൎത്തു ശക്തി-
ക്കൊത്തോണം മാല താംബൂലവുമിതി ചില വ-
സ്തുക്കൾ തന്നാർ നിനക്കായ്;
മുത്തോടേ വല്ലപൃഷ്ഠാദികളൊടു തൊഴുത-
ന്നങ്ങു ഞാൻ നിന്നിടാഞ്ഞി-
ട്ടാൎത്തിപ്പെട്ടിന്നിവണ്ണം ശിവശിവ! വിവശീ-
ഭാവമാളുന്നുവല്ലോ. 6

'വന്നീടുന്നുണ്ടു ഞാനെ'ന്നവളെയുടനയ-
ച്ചെങ്കിലും ചന്ദനത്തെ-
ത്തന്നോരത്തന്വി ദൂരാലിളകിയധികമായ്
നോക്കവേ ഗോപുരേ നീ
ചെന്നീട്ടം ഘോഷമോൎത്തജ്ജനനിയുടെ മുല-
ക്കുന്നിൽനിന്നും പ്രമോദാൽ
ചിന്നും നൽസ്തന്യമെന്നുള്ളൊരു കളവൊടു നിൻ
കീൎത്തിയുള്ളിൽ കടന്നു. 7

പിന്നീടച്ചാപയാഗോത്സവമുടയ പുരേ
ചാപഗേഹത്തിലെത്തും
നിന്നെക്കണ്ടാദരിച്ചാരഖിലരുമഴകോ
കാന്തിയോ പൂണ്ടുപാരം;
മിന്നും മാലാദി ചേൎത്തുള്ളൊരു ധാവരുതെ-
ന്നോതിട്ടും മുൻപെട്ടുത്തി-
ട്ടന്യൂനം നീ കുലച്ചുകൊട്ടുസപദി വലി-
ച്ചിട്ടു ഭഞ്ജിച്ചുവല്ലോ. 8

പിറേറന്നാളുള്ള കംസൻവധമഹമതിനാ-
രംഭഭേരീരവം പോൽ
തെററെന്നാവില്ലൊടിഞ്ഞീടിന രവമമര-
ന്മാൎക്ക രോമാഞ്ചമേകി;
ഏററം കംസൻ വിറച്ചാനുടനതു ധനുവിൻ-
രണ്ടു ഖണ്ഡങ്ങൾ കൊണ്ട-
ങ്ങൂററത്തോടാഹനിക്കപ്പെട്ടമൊരു ഭടർത-
ന്നൊച്ചയാൽ നീ വളൎത്തി. 9

മോദിച്ചും ഭീതിപൂണ്ടും തവ മഹിമകളെ-
ക്കാണ്കവേ ശിഷ്ടദുഷ്ട-
വ്രാതം ദൎശിച്ചുകൊണ്ടപ്പുരിയുടെ വിഭവം
സന്ധ്യയിൽ ഗേഹമെത്തി
ശ്രീദാമാവോടു രാധാവിരഹജ കദനം
ചൊന്നുറങ്ങീട്ടു ചിത്തേ
മോദത്തോടേ ഘടിച്ചുള്ളവതരഫലമോ-
ൎത്തൊരു വാതേശ! പാഹി. 10

## ഏഴുപത്തഞ്ചാം ദശകം

പ്രാതൎഭീയാൎന്ന ഭോജേശ്വരനുടെയരുളാൽ
മല്ലവാദ്യം തുടങ്ങീ;
മോദാൽ മഞ്ചങ്ങളേറീ നൃപതികൾ; ഗതനായ്
നന്ദനും ഹൎമ്മ്യമദ്ധ്യേ;
സൗധേ കംസൻ കരേറീ; കുപിതകുവലയാ-
പീഡദന്തീന്ദ്രരുദ്ധം
രംഗദ്വാരം ഭവാനും പലപശുപരൊട്ടും
ചാരുവേഷത്തൊടെത്തീ. 1

'മാർഗ്ഗംവിട്ടങ്ങു മാറീടുക ഖല! ജവമോ'-
ടെന്നു കേട്ടിട്ടു പാപ്പാൻ
കാക്കശ്യംപൂണ്ടു വിട്ടീടിന കരിവരനും
നിന്നെയെത്തിപ്പിടിച്ചു;
ശീഘ്രം വേർപെട്ടഹോ! നീ കളിയൊടുപശുപ-
സ്ത്രീകുചസ്പർദ്ധിയാകും
തൽകുംഭം വ്യാഹനിച്ചച്ചരണഭുവി മറ-
ഞ്ഞിട്ടു ഹാസേന മാറി 2

കൈയെത്താമെത്തുകില്ലിങ്ങനെ ലഘുമുനി-
മാക്കെന്നപോലോടി വീഴി-
ച്ചയ്യോ! മണ്ണിൽ ഗജത്തെസ്സപദി വരുമതിൻ-
കൊമ്പു നീ ജീവനോടേ
കൈയാലേയുദ്ധരിച്ചച്ചുവടതിൽ വിലസും
മുത്തുരത്നങ്ങൾ രാധ-
ക്കായി ശ്രീമാലയുണ്ടാക്കുവതിനു സഖിതൻ-
കൈയിൽ മോദിച്ചു നൽകി. 3

കൊമ്പും തോളിൽദ്ധരിച്ചഞ്ചലനൊടുമഥ രം-
ഗാപ്തനാം നിന്നെ നോക്കീ-
ട്ടൻപിൽ സൗന്ദര്യഭാരാലിളകി ഹൃദയവും
കണ്ണുമപ്പോൾ ജനങ്ങൾ
'വൻപൻ നന്ദൻ സുധന്യൻ, നഹി പശുപകുല-
സ്ത്രീക,ളല്ലാ യശോദാ
താൻ പാർത്താലല്ലയീ നമ്മുടെ മിഴിയിണ'യെ
ന്നേത്രയുംവാഴ്ത്തി മോദാൽ. 4

സാക്ഷാൽ ശോഭിച്ചു ഗോപാലരിലതിപരമാ--
നന്ദസാന്ദ്രപ്രകാശം
സംപൂർണ്ണം ബ്രഹ്മമാം നീ; ബഹുജനമിഹ ബോ-
ധിച്ചതില്ലന്നുനിന്നെ;
സാരം പുണ്യം ഫലിച്ചോരളവു ജനതയൊ-
ന്നാമനായ് കണ്ടു നിന്നെ-
സ്സാരാനന്ദേന നിഷ്പാപതയൊടു സരസം
വാഴ്ത്തി നിൻവാർത്തയോർത്തു. 5

ചാണൂരൻ മല്ലവീരൻ നൃപനരുളുകയാൽ
മുഷ്ടിമാൻ മുഷ്ടികാഖ്യൻ-
താനുംനേരിട്ടു നിന്നോടഥ ബലനൊടുമ-
ത്യുച്ചമുഷ്ടിപ്രഹാരാൽ
യുദ്ധം, വീഴിപ്പിഴയ്യുൽഗമമിതി വിവിധം
ചെയ്യുവെന്നുള്ളതാട്ടേ
ചത്തീടാതാന്റു മല്ലപ്രഭു പല കുറിയും
ബന്ധമോക്ഷങ്ങൾ ചിത്രം! 6

'അയ്യോ! ഇബ്ബാലകന്മാർ മൃദുതനുവുടയോർ,
മല്ലരോ നിഷ്ഠുരന്മാർ,
വയ്യേത്തും കണ്ടു നില്പാനിവിടെ രണമിതെ'-
ന്നേവരും ചൊല്ലുമപ്പോൾ
കൈയിൽ ചാണൂരനൊച്ചേർത്തജിത! ബത! ചുഴ-
റ്റിദ്രുതം കൊന്നെറിഞ്ഞു
നീയും, കൊന്നാൻ ബലൻ താനപരനെയു,മുടൻ
പാഞ്ഞുതേ ശേഷമുള്ളോർ. 7

കംസൻ വാദ്യം മുടക്കി ക്ഖലമതിയറിവി–
ല്ലാഞ്ഞു നന്ദാദ്യരെത്താൻ
ഹിംസിപ്പാൻ, വ്യാപ്ത! നിന്നെസ്സുരഭസമകല–
ത്താക്കുവാനും പറഞ്ഞാൻ;
ദുർവ്വാക്കാൽക്രുദ്ധനായ് നീ ഗരുഡനചലമെ–
ന്നോണമമ്മഞ്ചമേറി–
ക്ഖഡ്ഗം ഘോരം ചുഴററും നൃപനെയൊരുവിധം
ഗാഢമായിപ്പിടിച്ചു. ൮

ശീഘ്രം ദേഹം ഞെരിച്ചന്നൃപനെയഥ പതി–
പ്പിച്ചു താഴത്തവന്മേ–
ലൂക്കോടെ വീണു നിന്നിൽ ത്രിദശസമുദയം
പുഷ്പവർഷങ്ങൾ ചെയ്താർ;
നിത്യം പേടിച്ചു നിന്നെക്കരുതിയൊരവനും
ഹന്ത! സായുജ്യമാർന്നാൻ;
പാർത്താലക്കാലനേമിക്കിതു തവ വധജം
ചാരുസാംസ്കാരമല്ലോ. ൯

കൊന്നേതൽസോദരൗഘം, പിതൃനമനമുടൻ
ചെയ്തുകൊണ്ടുഗ്രസേനൻ–
തന്നെപ്പൃഥ്വീശനാക്കി പ്രമദമഥ യദു–
ക്കൾക്കു കാമപ്രദാനാൽ
ചേർത്തി,ന്ദ്രാചാര്യലബ്ധം നയമുടയ മഹാ–
ഭക്തനാമുദ്ധവാഖ്യം
മിത്രം കിട്ടിത്തെളിഞ്ഞന്നഗരിയിൽ മരുവും
കൃഷ്ണ! പാലിച്ചിടേണം. ൧൦

## ഏഴുപത്താറാം ദശകം

സർവ്വജ്ഞത്വമെഴും ഭവാൻ ബലനൊട്ടും
സാന്ദീപനേർമ്മന്ദിരം—
തന്നിൽ ചെന്നറുപത്തുനാലു ദിവസം
കൊണ്ടാൎന്ന വിദ്യാഗണം
സന്തോഷിച്ചു, മരിച്ച പുത്രനെ യമൻ—
തന്നോടു വീണ്ടൊന്നി—
ട്ടൻപിൽ ദക്ഷിണചെയ്തു ശംഖിനെ മുഴ—
ക്കിക്കൊണ്ടു പോന്നാൻ ഗൃഹേ. 1

ഓർത്തോർത്തുഗ്ഗോപിമാരും വിവശമതികളായ്
പ്രേമഭാരത്തിനാൽ; നീ
തൽഖേദം തീർപ്പതിന്നായ് ത്തദനു കരുണയോ—
ടുദ്ധവൻതന്നെ വിട്ടു
മിത്രത്വം ചേൎന്ന ഭക്തപ്രവരനിവനവ—
ൎക്കുള്ള ദൗർല്ലഭ്യമേറും
ഭക്ത്യുദ്രേകപ്രകർഷം പ്രകടതയൊടു താൻ
കാട്ടുവാനും മുരാരേ! 2

സന്ധ്യാകാലേയവൻ നിൻമഹിമകളധികം
വിസ്തരിക്കും വ്രജം പു—
ക്കന്തർമ്മോദം വളർത്തീ തവ സുകഥകളാൽ
നന്ദനും പ്രേയസിക്കും;
ഭാസിച്ചീടും രഥം കണ്ടുഷസി കമനിമാർ
സംശയം പൂണ്ടു, ടൻ നിൻ—
ദാസൻ വന്നെന്നു കേട്ടിട്ടതികുതുകമിയ—
ന്നെത്തി മറെറാക്കെ വിട്ടു. 3

ഭൂഷാവേഷാദിയാൽ നിന്നൊടു സമനിവനെ-
ക്കണ്ടു നിൻചേഷ്ടയെല്ലാം
യോഷാവൃന്ദം നിനച്ചിട്ടവശതയൊടലം
മിണ്ടുവാനും പരുങ്ങി
ദോഷാരേ! ഗൽഗ്ഗദത്തോടഥ നിജപരഭേ-
ദത്തെയും ഹന്ത! വീതോ-
ന്മേഷം സൗജന്യമുഖ്യങ്ങളെയുമിഹ മറ-
ന്നിപ്രകാരം പറഞ്ഞാർ: 4

'ശ്രീമാനാം നിന്നെ വിട്ടോ പിതൃജനപരിതോ-
ഷത്തിനന്നിർദ്ദയൻ?; ഹാ!
കാമശ്രീകാന്തനെങ്ങോ? നഗരമൃഗദൃശാം
കൃഷ്ണ! പാലിക്ക നാഥാ!
പൂമെയ്യാശ്ലേഷവും തേ മധുരിമ കലരും
ചുംബനം ഭ്രാന്തിയോടു-
ള്ളോമൽക്കാപട്യമാളും മൊഴിയുമെവൾ മറ-
ന്നീടുവോൾ? സുന്ദരാംഗ! 5

രാസക്രീഡാവിലാസേ ലളിതലളിതമായ്
ക്കുന്തലൊട്ടൊട്ടഴിഞ്ഞുൽ-
ഭാസിച്ചീടും വിയർപ്പിൻചെറുകണികകളാൽ
സുന്ദരം നിൻെറ ദേഹം
ആമോദാലൊന്നുകൂടിപ്പുണരുവതിന്നു കാ-
ണിക്ക നീ'യെന്നു പാരം
പ്രേമഭ്രാന്ത്യാ ഭവൽപ്രേയസികൾ വിലപനം
ചെയ്തു ചൈതന്യമൂർത്തേ! 6

ഇത്ഥം ദുഃഖവചഃസ്സോടങ്ങവശരാം
ഗോപീജനത്തിന്നിവൻ
തത്വജ്ഞാനമിയന്ന നിൻെറ മൊഴിയാ-
ലാശ്വാസമേകീടിനാൻ;
പ്രീത്യാ ത്വന്മയിമാർകളായഥ വിള-
ങ്ങീട്ടം വധൂവൃന്ദമോ-
ടത്യന്തം കുതുകാൽ കഴിച്ചു ചില നാ-
ളോരോന്നു ചൊന്നാദരാൽ. 7

നിൻമാഹാത്മ്യപ്രഗീതത്തൊടുമിഹ നിഖിലം
സർവ്വദാ ഗേഹകൃത്യം,
തമ്മിൽ ചൊല്ലുന്നതും നിൻകഥ, പുനരതു താൻ
സ്വപ്നവാക്കും മുരാരേ!
ചെമ്മേ നിൻവൃത്തിപോൽ വൃത്തിയുമിതി സകലം
ത്വന്മയം കണ്ടു വീണ്ടും
സമ്മോഹം പൂണ്ടു ഭക്തപ്രവരനിവനഹോ!
വിസ്മയാധിക്യമൂലം. 8

'കേട്ടീടിന്നെൻെറ രാധാസ്തുതി ബഹുരസമാ-
ണോ,മലാൾ ചൊല്ലുമേവം,
മട്ടോല്പംവാണിയെൻമാനിനി ദയിത കണ-
ക്കെന്തു നീ മൗനമാൻറു?
ഇഷ്ടൻ നിൻകാന്തനിത്യാദികൾ രഹസി സദാ
ചൊല്ലുമെന്നോടു പാക്കേ'-
ന്നിഷ്ടത്തോടോതി മോദം തവ ദയിതയവൾ-
ക്കുദ്ധവൻ ചേർത്തു പാരം. 9

‘എത്തുന്നുണ്ടങ്ങു വേഗാ,ലഗമനമിവിടെ-
    ക്കേവലം കാൎയ്യഭാരാൽ
ചിത്തേ വേർപാടിനാലും സ്മരണദൃഢത വ-
    ന്നീട്ടമോടൽപ്പെടേണ്ടാ
ബ്രഹ്മാനന്ദം ദ്രുതം ചേൎന്നിട്ടുമല്ലൊ സമം
    ചേൎച്ച വേർപാട്ട്’മേവം
ധൎമ്മ്യം നിൻഭാഷണത്താലവനവരുടെയാ
    ദുഃഖമെല്ലാമകററി. 10

‘ഏവം നൽഭക്തി കണ്ടീല്ലൊരുവനിലുമൊരേ-
    ടത്തുമേ കേട്ടുമില്ലേ;
താവും ശാസ്ത്രങ്ങൾ കൊണ്ടെന്തിഹ ബത! തപസാ?
    ഗോപിമാരെത്തൊഴുന്നേൻ’
ഏവംമോദിച്ചുവന്നോരവനെയതിമുദാ
    കണ്ട വൈകുണ്ഠ ശൗരേ!
ശ്രീവാതാഗാര നാഥാ! കളക കളക യെൻ-
    ഖേദഭാരങ്ങളെല്ലാം. 11

## എഴുപത്തേഴാം ദശകം

പാരം ചിരേണ മദനാൎത്തി കലൎന്നുമെന്നും
സൈപരം തവാഗമനമോൎത്തുമൊരുങ്ങി വാഴും
സൈരന്ധ്രിതൻവസതിയിൽ പരിതുഷ്ടനായ്നീ
ശൗരേ! ഗമിച്ചു പുനരുദ്ധവനോടൊരുന്നാൾ. 1

നിന്നെക്കണ്ടുടനേ മനോരഥഗണം
    സമ്പൂൎണ്ണമായ് സമ്മതം
ചിന്നിസ്സംഭ്രമമാൎന്നു പാരമിളകും
    പോർകൊങ്കയോടും വിഭോ

നന്ദിച്ചാദരഭാരമോട്ട വിവിധം
മാനിച്ച സൈരന്ധ്രിയാം
തന്വീമൗലിയെ നീ രഹസ്സിലമിതാ-
നന്ദം രമിപ്പിച്ചുതേ. 2

എന്താണാഗ്രഹമെന്നു നീയരുളവേ
പാവം പയോജാക്ഷിയാൾ
സന്തോഷാൽ ചില രാത്രി തന്നൊട്ട രമി-
ച്ചീടേണമെന്നോതിനാൾ;
സായുജ്യം തരവേണമെന്നു ബുധനേ
ചൊല്ലു ഭവിക്കട്ടെത-
സ്സാമീപ്യത്തിനെയെങ്കിലും പുനരപേ-
ക്ഷിക്കാഞ്ഞതെന്താണവൾ? 3

ചില നിശകളിൽ നീയും പിന്നെയാനന്ദമോട-
ച്ചലമിഴിയെ വിനോദിപ്പിച്ചുപശ്ലോകനാകും
മകനെയലിവൊടേകി; നാരദൻതന്നിൽ നിന്നും
മികവൊടവനറിഞ്ഞാൻ സാത്വതം തന്ത്രമെല്ലാം. 4

അക്രൂരൻെറ ഗൃഹത്തിലുദ്ധവബല-
ന്മാരോട്ട ചെന്നാൻ ഭവാൻ;
സൽക്കാരങ്ങൾ കഴിച്ചവൻ മുദിതനാ-
യേററം സ്തുതിച്ചീടിനാൻ;
അദ്ധീമാനെയയച്ചു പിന്നെ വനവാ-
സം തീൎന്നൊരപ്പാൎത്ഥർതൻ-
വൃത്താന്തങ്ങൾ ഭവാൻ ഗ്രഹിച്ചു ധൃതരാ-
ഷ്ട്രൻ ചെയ്തിട്ടും ചേഷ്ടയും. 5

അത്യന്തം ബന്ധുവായ് തൻസുതകൾ കണവനാം
കംസനെക്കൊന്നമൂലം
ക്രുദ്ധൻ രോധിച്ചിതന്നാൾ മധുരയെ വീരവോ-
ടജ്ജരാസന്ധഭൂപൻ;
ശക്രൻ തന്നുള്ള തേരും ബത! പരിമിതമാം
സൈന്യവും സീരിയും ചേ
ന്നപ്പോൾ നീ കൊന്നിതക്ഷൗഹിണികളിരുപതും
മൂന്നുമാനന്ദമൂൎത്തേ! 6

രാമൻ കോപിച്ചു ബന്ധിച്ചൊരു മഹിതബലൻ
മാഗധൻതന്നെ നീയും
കാമം പോൽ വിട്ടയച്ചു പുനരധികബലം
സംഹരിപ്പാൻ രസത്താൽ;
കേമത്തം ചേൎന്ന ദിക്കൊക്കെയുമതിയശസാ
വെന്നു സൈന്യങ്ങളെല്ലാ-
മാമോദം പൂണ്ടെടുത്തോരവനിലധികമായ്
മെച്ചമാക്കുള്ളിതപ്പോൾ? 7

തോറ്റേറും ലജ്ജയാൎന്നോരവനഥ നൃപതി-
പ്രേരണത്താൽ ഭവാനോ-
ടേറേവം പത്തുമാറും തവണ രണമഹോ!
ചെയ്തു; പാൎത്താലതെല്ലാം
ഊററത്തോടന്നു നീ യന്നൃപതികുലവരൻ-
തൻെറ മൂന്നൂറെഴും തൊ-
ണ്ണൂറെറാന്നാകുന്നൊരക്ഷൗഹിണികളെ മുഴവൻ
കൊന്നുവല്ലോ മുരാരേ! 8

പിന്നേയും ഘോരനായോരവനുടെ പതിനെ-
ട്ടാമതാകുന്ന യുദ്ധം
വന്നപ്പോൾ, മൂന്നുകോടിപ്പടയൊടു യവനാ-
ധീശനെക്കണ്ടു മുൻപിൽ
നന്നായ് ത്വഷ്ടാവിനെക്കൊണ്ടുദധിനടുവിലായ്
ഗേഹമേകം ചമച്ചി-
ച്ചന്നൻപോടാക്കി നീയാ സ്വജനവിതതിയെ-
ത്തൽപുരേ യോഗശക്ത്യാ. 9

നീയും രാജീവമാലീ ബത! മധുരയിൽനി-
ന്നാശു പേടിച്ചവണ്ണം
പായുമ്പോൾ പിൻപു പാഞ്ഞാൻ യവനനവധപു-
ണ്യൻ; മറഞ്ഞൂ ഗിരൗ നീ;
പാദം തട്ടീട്ടുണർന്നങ്ങരുളിന മുചുകു-
ന്ദാഖ്യനേനം ദഹിച്ചാൻ;
മോദാൽ സൗന്ദര്യമോടഗ്ഗുഹയിൽ വിലസി നീ
ഭക്തനിബ്ഭൂപതിക്കായ്. 10

'ഐക്ഷ്വാകൻ ഞാൻ വിരക്തൻ നൃപസുഖനിരയിൽ,
ദേവ ഹേ! നിൻപ്രസാദം
കാംക്ഷിക്കുന്നെ'ന്നു വാഴ്ത്തും വരവിമുഖനവൻ-
തന്നിൽ മോദം കലർന്നു
മുക്തിക്കാക്കുന്ന ഭക്തിപ്പൊലിമ ധൃതമലം
നൽകി മോക്ഷത്തെയും നീ
പാരിൽ ബോധായ 'ഹിംസാശമമതിനു തപം
ചെയ്ക നീ'യെന്നു ചൊല്ലി. 11

പിന്നീടമ്മധുരസ്സുണഞ്ഞു യവനാ-
നീകങ്ങളെക്കൊന്നിട്ടും
നിന്നെസ്സൈന്യമൊട്ടും തടുത്തിതു ജരാ-
സന്ധൻ നടേയെന്നപോൽ;
വന്നീടാൻ മദമന്ത്യമാം ജയമവ-
ന്നേകീട്ടു പാഞ്ഞാലയം-
തന്നിൽ പുക്കു വസിച്ചു ഹേ! മുരരിപോ!
പാലിക്ക വാതേശ്വരാ! 12

## ഏഴുപത്തെട്ടാം ദശകം

ദേവന്മാരുടെ ശില്പിചെയ്തൊരു മഹാ-
കൗശല്യസമ്പത്തോടും
ദേവന്മാർ കുതുകത്തോടേകിയ സമ-
സ്തോൽകൃഷ്ടസമ്പത്തോടും
ശ്രീ വാഴുന്ന സമുദ്രമദ്ധ്യഗതമാം
പുത്തൻപുരം കോമള-
ശ്രീ വാഴുന്ന വപുസ്സിനുള്ള രുചികൊ-
ണ്ടേററം ലസിപ്പിച്ചു നീ. 1

അന്നാ രേവതഭൂവരൻ, തനയയാം
ധന്യാംഗിയാൾ രേവതി-
ത്തന്വീമൗലിയെ രാമനായ് വിധിഗിരാൽ
നൽകുന്നനേരം ഭവാൻ
വന്നാനന്ദമിയന്നിട്ടുന്ന യദുവൃ-
ന്ദത്തോടു ചേർന്നന്നതം
നന്നായുത്സവചാരുഘോഷമിഹ വ-
ർദ്ധിപ്പിച്ചിതല്ലേതരം. 2

നിന്നിൽ പ്രേമമിയന്നുതന്നെ മരുവും
വൈദർഭിയാം സാധ്വിയാൽ–
ത്തന്നെ,സ്സോദരനായ രുഗ്മി യറിവി–
ല്ലാതീശ? ചേദീശനാം
മന്നൻ ദുഷ്ടനെയാശ്രയിച്ചവനു നൽ–
കീടുന്നതിന്നായ് പിതാ–
വെന്നിത്യാദികളെന്നിയേ സ്വയമഹോ!
ചിന്തിച്ചിതന്ധൻ ഹരേ! 3

പണ്ടേ നിന്നെ വരിച്ചുകൊണ്ടമരുമാ–
വണ്ടാർത്തൊഴും കുന്തലാ–
ളുണ്ടായീടിനൊരിഷ്ടവിഘ്നമതിനാ–
ലിണ്ടൽക്കുടൻ പാത്രമായ്
തണ്ടാർസായകതീക്ഷ്ണബാണനിവഹം
കൊണ്ടുള്ള ഖേദംഭവാ–
നുണ്ടായോണമുരച്ചിടാനഥ വിഭോ!
മണ്ടിച്ചു ഭൂദേവനെ. 4

ഭൂമീദേവനുമുററ വേഗമൊട്ടുടൻ
ദുഷ്ടക്കു ദുഷ്പ്രാപമായ്
ശ്രീമത്തായ് വിലസുന്ന നിൻ പുരവരേ
വന്നീടിനാൻ ശ്രീപതേ!
ഭീമം സംസൃതിതാപഭാരമകലെ–
ത്തള്ളുന്ന നിന്നാലുടൻ
കാമം പൂജിതനായ് പ്രമോദമധികം
പ്രാപിക്കയും ചെയ്തുതേ. 5

'നാഥാ! കുണ്ഡിനമന്ദിരേ നരവരൻ-
        തൻ പുത്രിയായ് രുഗ്മിണീ-
നാമം പൂണ്ടൊരു കന്യയുണ്ടവൾ ഭവാ-
        നോടുള്ളൊരാസക്തിയാൽ
ചേതോധൈൎയ്യവിഹീനയായിഹ നിജം
        ഖേദം ഭവാനോടുവ-
ന്നോതാനെന്നെയയച്ചിതെ'ന്നു ധരണീ-
        ദേവൻ പറഞ്ഞീടിനാൻ. 6

'മുൻപേതന്നെ ഭവൽഗുണങ്ങൾ പരമാ-
        കർഷിച്ചിതെന്നെ പ്രഭോ!
വൻപേറും ശിശുപാലനെന്നെയിവിടെ-
        ക്കൈക്കൊണ്ടിടുന്നുണ്ടുപോൽ;
അൻപോടേ കരുണാനിധേ! ബത! ഭവാൻ
        പാലിക്ക മാ'മെന്നിദം
രംഭോരുമണി ചൊല്ലിനാളഖിലലോ-
        കേശാ! ധരിച്ചീടണം. 7

'മററാലംബമൊഴിഞ്ഞു വാഴുമിവളെ-
        ത്തള്ളുന്നുവെന്നാകിൽ നീ
തെറെറന്നങ്ങനെ ജീവനേയുമിഹ ഞാൻ
        തള്ളീടുവെൻ നിണ്ണയം'
കററക്കാറണിവേണിതൻ വചനമീ-
        വണ്ണം പറഞ്ഞാൎത്തിയ-
ന്നേറാം ബന്ധുവതാമിവൻ തവ മന-
        സ്സിന്നും വളൎത്തീടിനാൻ. 8

'കാമൻ ചെയ്യുമുപദ്രവങ്ങളവളെ—
ക്കാളുണ്ടെനിക്കാകയാൽ
ഭൂമീപാലകരൊക്കെയും കൊതിയൊടേ
കണ്ടങ്ങു നിന്നീടവേ
പ്രേമപ്പൊൻകുടമായ കാന്തയെ ഹരി—
ച്ചീടുന്നതുണ്ടിന്നു ഞാ—
നാമോദാന്വിത,മെന്നു ഭൂസുരവരൻ—
തന്നോടു ചൊന്നാൻ ഭവാൻ. 9

സന്തോഷം കലരുന്നൊരന്തണവരൻ—
തന്നോടു തേരേറി നൽ—
ച്ചന്തത്തോടു ജവേന കുണ്ഡിനപുരം
പ്രാപിച്ചു മോദിച്ചു നീ;
എന്താപങ്ങളശേഷമിന്നിയുമൊഴി—
ച്ചീടാതിരുന്നീടുവാ—
നെന്തേ കാരണമിന്നു ഹേ ഗുരുപുരാ—
ധീശാ! വണങ്ങുന്നു ഞാൻ 10

## ഏഴുപത്തൊൻപതാം ദശകം

രാമൻതാൻ പിറകേ ഗമിച്ചിതുടനേ
സൈന്യങ്ങളോടും, ഭവാ—
നാമോദാൽ പുരമെത്തി; ഭീഷ്മകനുടൻ
മാനിച്ചു വേണ്ടുംവിധം;
ശ്രീമാൻ നീയഥ വന്നുവെന്നു പറയും
ഭൂമീസുരൻതൻപദം
പൂമാതാവവളേറിടുന്നൊരു രസ—
ത്തോടേ വണങ്ങീടിനാൾ.

സൗന്ദൎയ്യക്കടലായ നിന്നുടൽ വിഭോ!
കണ്ടും തദാ! രുഗ്മിയാം
മന്ദൻതന്നുടെ ചേഷ്ടിതത്തെയവിടെ
കേട്ടും മനസ്സിൽ പരം
കുന്നിച്ചീടിന ദുഃഖഭാരമെഴുമ-
പ്പൗരവ്രജത്തിൻമുഖാൽ
ചിന്നും രോദനമാൎന്നൊരുക്തിനിരകൊ-
ണ്ടാ രാത്രിയും തീൎന്നതേ. 2

അപ്പോൾ മംഗലഭൂഷണങ്ങളുമണി-
ഞ്ഞപ്പൂൎണ്ണചന്ദ്രൻ മുദാ
കല്പം നൽകിന നന്മുഖാഭ കലരും
കൊപ്പേൽമിഴിത്തയ്യലാൾ
ഒപ്പം നൽഭടർ ചൂഴവേ ഹൃദയവും
നിന്നിൽ സമൎപ്പിച്ചുകൊ-
ണ്ടുൽപന്നോൽക്കലികാഭരം ഗിരിജയെ-
ക്കുപ്പാൻ ഗമിച്ചീടിനാൾ. 3

കന്യാമൗലി കുലാംഗനാജനമൊട്ടും
ശ്രീപാൎവ്വതീദേവിയെ-
ച്ചെന്നിട്ടങ്ങനെ പൂജചെയ്തവൾപദ-
പ്പൂവിങ്കൽ വീണാദരാൽ
'നന്ദൻതന്നുടെ നന്ദനൻ ദയിതനായ്-
വന്നീടണം മേ ജവാ'-
ലെന്നേവം പരമുള്ളഴിഞ്ഞു വിവിധം
പ്രാൎത്ഥിച്ചു വീണ്ടും വിഭോ! 4

നന്നായ് കാണുവതിന്നു ഭൂപതികളു-
ത്സാഹം കലന്നും, ഭവാൻ
നന്ദിച്ചൊട്ടുമനങ്ങിടാതെയുമഹോ!
നിന്നീട്ടുമാ വേളയിൽ
കന്നൽക്കണ്ണിയുമാത്മകാന്തിനിര ദി-
ക്കെല്ലാടവും ചേർത്തു നൽ-
സൗന്ദര്യത്തൊടു നിർഗ്ഗമിച്ചു ഗിരിജാ-
ഗേഹത്തിൽനിന്നും ഹരേ! 5

ലോകങ്ങൾക്കതിയായ മോഹമരുളും
തൻദേഹചേതസ്സിനാ-
ലാകെക്കൂടിയ ഭൂവരർക്ക കദനം
നൽകീട്ടുമസ്സുന്ദരി
ശ്രീ കോലുന്ന കടാക്ഷചാരുനിരയാൽ
തല്ലുന്നൊരത്തല്ലുകൊ-
ണ്ടേകാന്തം ഹൃദയത്തിലല്പമദമ-
ന്നുണ്ടായ് നിനക്കും വിഭോ! 6

'എങ്ങോട്ടാണയി പോവതിന്ദുമുഖി! നീ?'—
യെന്നോതിയൻപോടു നീ-
യങ്ങെത്തിസ്സരസം ഗ്രഹിച്ചവളെയും
തേരിൽക്കരേററീട്ടുടൻ
ഭംഗ്യാ കൊണ്ടു ഗമിച്ചിതപ്പൊഴവിടെ-
ശ്ശത്രുക്കളിൽ തുംഗമായ്
പൊങ്ങീട്ടും നിനദം പരന്നിതു ഹരേ!
ദിക്കിങ്കലെല്ലാടവും. 7

'പശുപനെവിടെ,യെവിടെപ്പോയിതെ;'ന്നോതി
രോഷാൽ
പടപൊരുതു നൃപന്മാർ; യാദവന്മാർ ജയിച്ചു;
പടുതരമതി സിംഹം ശ്വാക്കളാലെന്നപോല—
പ്പുരമഖലജനത്താൽ നീ ചലിച്ചില്ലതെല്ലും. 8

യുദ്ധത്തിന്നണയുന്ന രുഗ്മിയെ രുഷാ
കൊല്ലാതെ ശൗരേ! ഭവാ—
നെത്തിബ്ബന്ധനമാശു ചെയ്തഥ വിരൂ—
പത്വം വരുത്തിത്തദാ
ക്രുദ്ധൻ രാമനസൂയയാൽ മദഭരം
തീർത്തിട്ടു മോചിച്ചുടൻ
പൊൽത്താർമാനിനിയായ വല്ലഭയോടും
ഗേഹത്തിലെത്തീടിനാൻ. 9

പുത്തൻചേർച്ചയിലുററ നാണമിയലും
ചിത്തത്തൊടും പാരമായ്
വർദ്ധിക്കും പ്രണയാലുദിച്ച കുതുകാൽ
കാമാർത്തിയോടും തദാ
മെത്തീടും മൃദുഹാസമാർന്ന മധുര—
ശ്രീമന്മുഖം ചേർന്നൊര—
മ്മുത്തേലുമ്മുലയാളെ നീയഥ രമി—
പ്പിച്ചു രഹസ്സിൽ സുഖം. 10

ഏവം രാപ്പകൽ രുഗ്മിണിക്കു വിവിധ
ക്രീഡാവിലാസങ്ങളാൽ
താവും മോദവിലാസമേകി മരുവും
നീതാനൊരുനാൾ വിഭോ!

ശ്രീ വാസുന്നൃജ്ഞബുദ്ധിയായിട്ടമവൾ–
ക്കേററം വിഷാദം മന–
പ്പൂവിൽ ചേൎത്തിതൊരോവിധം കുടിലമാ–
യീട്ടുന്ന വാക്യത്തിനാൽ. 11

പിന്നെപ്പ്രേയസിയാൾക്കു ലാളനകളാ–
ലാനന്ദഭാരോദയം
മുന്നത്തേതിലുമേറെ നൽകി മരുവും
ശ്രീവായുഗേഹാധിപ!
നിന്നോമൽച്ചരിതങ്ങളിങ്ങനെയുര–
ച്ചീട്ടന്നൊരെൻദുഃഖമി–
ന്നൊന്നായ്ത്തീൎത്തു സുഖം വളൎത്തുവതിനായ്
ശ്രീപാദപത്മം തൊഴാം. 12

## എൺപതാം ദശകം

സത്രാജിത്തിനെഴും സ്യമന്തകമഹാ–
രത്നം ദിനേശാർപ്പിതം
യാചിച്ചാനഥ ലുബ്ധനോട്ട സദൃശം
ചെന്നങ്ങു ശൗരേ! ഭവാൻ;
ഓൎത്താലായതിനത്ര ഹേതു പലതു–
ണ്ടെന്നാകിലും നിന്നിലുൾ–
പ്രേമം പൂണ്ടമരും തദീയസുതയെ–
ക്കൈക്കൊള്ളുവാൻ താൻദൃഢം. 1

അല്പബുദ്ധിയവനർപ്പിയാഞ്ഞ മണി–
യപ്രസേനനിളയോനവ–
നുൾപ്രമോദമൊടെടുത്തു കണ്ഠമതി–
ലിട്ടു വേട്ടതുടരുംവിധൗ

രത്നകാന്തിയതിൻ മാംസബുദ്ധിയൊട്ട
കൊന്നു സിംഹമവനെത്തദാ
യത്നഹീനമതിനെ വധിച്ചു മണി
നൽകി ബാലകനു ജാംബവാൻ. 2

സത്രാജിത്തുരചെയ്തപോൽ മണിഹരൻ
നീയെന്നു ചൊന്നാർ ജനം;
സത്തുക്കൾക്കു വരുന്ന ദോഷകണവും
ലോകർക്കു പീയൂഷമാം;
ശീഘ്രം സർവ്വമറിഞ്ഞ നീ സ്വജനമോ-
ടാരാഞ്ഞുകണ്ടപ്രസേ-
നാഖ്യൻ സിംഹമിവറ്റെയർക്ഷപിഗുഹാ-
ദേശം പ്രവേശിച്ചുതേ. 3

നിന്നെപ്പാർക്കാതെ വൃദ്ധൻ സ്വയമഥ മഹിതൻ
'വിഷ്ണു രക്ഷിച്ചിട്ടുന്നോ-
രെന്നോടിന്നേവനേല്ക്കുന്നി'തമരുളി മഹാ-
ഭക്തനാം ജാംബവാനും,
നന്നേററം! 'രാഘവാ! നീ ജയജയ വഴിപോ'-
ലെന്നു ചൊല്ലീട്ടു നിന്നെ-
ച്ചിന്നീട്ടം മുഷ്ടിയാലേ മുരഹര! ചിരമാ-
രാധനം ചെയ്തുവല്ലോ. 4

ആരാണെന്നതറിഞ്ഞു പിന്നെയവനേ-
കീട്ടന്നൊരോമൽപ്പുത്ര-
ത്താരിത്തേന്മൊഴിതന്നെയും മണിയെയും
മോദാൽ ഗ്രഹിച്ചിട്ടു നീ

കാരുണ്യത്തോടനുഗ്രഹിച്ചവനെയും
വേഗത്തിലെത്തിപ്പുരേ
ചാരുശ്രീമണിനൽകി ശുദ്ധമതിയാം
സത്രാജിദാഖ്യന്നു താൻ. 5

പിന്നെസ്സൽബുദ്ധിയായോരവനമയി വിഭോ!
ലജ്ജപൂണ്ടിട്ടു, വാക്കാ-
ലന്യന്നായ് ദത്തയായീടിന നിജസുതയാം
ഭാമയെ പ്രേമപൂർവ്വം
തന്നാൻ രത്നേന; ലഭ്യം പ്രമദമൊടു ലഭി-
ച്ചിട്ടു ഗംഭീരനാം നീ
നന്ദിച്ചങ്ങേകി വീണ്ടും മണിവരമവനായ്-
ത്തന്നെ കാരുണ്യരാശേ! 6

നാണംപൂണ്ടൊരു സത്യഭാമയെ രമി-
പ്പിക്കുംഭവാൻ പാണ്ഡവ-
ശ്രേണീദാഹമറിഞ്ഞു ചെന്നു കുരുരാ-
ജ്യത്തിങ്കലന്നാൾ വിഭോ!
അക്രൂരൻ കൃതവർമ്മനും പറകയാൽ
സത്രാജിദാഖ്യം വധി-
ച്ചാക്കംപൂണ്ടഥ രത്നമങ്ങു ശതധ-
ന്വാവും ഹരിച്ചീടിനാൻ. 7

ശോകം പൂണ്ടൊരുഭാമയും കുരുപുരേ
വന്നോരുനേരം ഭവാൻ
വേഗംചെന്നു വധിച്ചുടൻ ശതധനും
കാന്തയ്ക്കു മുത്തേകിനാൻ;

രാമൻ രത്നമതിൽ സശങ്കത കല-
ർന്നോ എന്നപോൽ മൈഥിലൻ-
ഗേഹേ ചെന്നഥ ധാർത്തരാഷ്ട്രനു ഗദാ-
ഭ്യാസം കഴിപ്പിച്ചുതേ. 8

ദൈത്യാരേ! തവ കാംക്ഷയാലയി മഹാ-
നക്രൂരനും ദുഷ്ടനാം
സത്രാജിത്തു മരിപ്പതിന്നു പഴുതൊ-
ന്നുണ്ടാക്കിയെന്നും വിഭോ!
അക്രൂരങ്കലിരുന്ന രത്നമതെടു-
ത്തീടാഞ്ഞതൈശ്വര്യ്യമ-
ബ്ഭക്തനേകണമെന്ന വാഞ്ഛയതിനാ-
ലെന്നും കഥിക്കുന്നതേ. 9

നിങ്കൽസ്സുസ്ഥിരഭക്തിയുള്ളമലനാ-
മക്രൂരനേവം വിഭോ!
തങ്കുന്നങ്ങനെ ദുഷ്ടമാർഗ്ഗഗതമാം
ദുർബ്ബുദ്ധിയോർത്തീടുകിൽ?
'എങ്കൽ ജ്ഞാനവുമറ്റ ശാന്തിയതുമു-
ണ്ടെ'ന്നേവമുള്ളോരവൻ
തൻഗർവ്വത്തെയടക്കുവാനതു ഭവാ-
നുണ്ടാക്കിനാൻ നിർണ്ണയം. 10

പേടിച്ചക്കൃതവർമ്മനോടുമുടനേ
പോയുള്ളോരക്രൂരനെ-
ത്തേടീട്ടങ്ങു വിളിച്ചു തദുപനിഹിതം
രത്നം തെളിച്ചാദരാൽ

കൂട്ടം സുഭദ്രതമാളുമായവന്നു താൻ
നൽകീട്ടു ഭാമാകുച-
ക്രീഡാശയ്യയമൻ ഹേ ഗുരുപതേ!
പാലിക്കവേണം ഭവാൻ. 11

### എൺപത്തൊന്നാം ദശകം

പ്രാണപ്രേമം വളൎന്നീടിന വരതനുവാം
ഭാമയെത്തന്നെ നിത്യം
ലാളിച്ചീടുന്ന നീയന്നവളൊടു ഗതനായ്
കൃഷ്ണതൻവേളിയിങ്കൽ,
പാൎത്ഥപ്രീതിക്കു വേണ്ടീട്ടഥ ചില ദിവസം
ഹസ്തിഗേഹത്തിൽ വാണ-
ശ്ശക്രപ്രസ്ഥാലയത്തെപ്പുരിചൊടു പണിയി-
ച്ചാശു മോദേന പോന്നു. 1

അന്നക്കൗരവനാഗ്രഹിക്കുമനുജാ
ഭദ്രാസുഭദ്രാഖ്യയാൾ-
തന്നെ ത്വദവചനേന കള്ളയതിയായ്
പാൎത്ഥൻ ഹരിച്ചീടിനാൻ;
പിന്നെക്കോപമിയന്ന രാമനെയട-
ക്കിപ്പോയ,വൻതന്നൊടൊ-
ത്തിന്ദ്രപ്രസ്ഥഗൃഹത്തിലാ പ്രിയസഖൻ
തുഷ്ടിക്കു നീ ഭാമയാ. 2

അന്നാൾ കാളിന്ദിയാകും നദിയുടെയരികേ
കണ്ട കാളിന്ദിതന്നെ-
ച്ചിന്നും മോദേന വേട്ടിട്ടനലനു സുഖവും
ഖാണ്ഡവം കൊണ്ടുനൽകി

വന്നിട്ടദ്വാരകായാം സഹജഭയമെഴും
    പ്രേമമാർന്നോരവന്തീം
ധന്യാം പൈതൃഷ്വസേയീം നൃപസദസി വിഭോ!
    വേട്ട നീ മിത്രവിന്ദാം. 3

പ്രീത്യാ പോയേഴ മെയ്പൂണ്ടഥ ബത! വൃഷമ-
    ങ്ങേഴിനെക്കെട്ടി വേട്ടു
പൃത്ഥ്വീശൻ നഗ്നജിത്തിൻമകൾ മതിമുഖിയാം
    സത്യയെസ്സത്വരം നീ;
ചാരുശ്രീഭദ്രയാകും സഹജയെയുടനേ
    തന്നു സന്തർദ്ദനാദ്യ-
ന്മാരും ശൗരേ! നിനക്കായ്;—വല്ലമയി ഭവാൻ—
    തന്റെ പൈതൃഷ്വസേയി. 4

പാർത്ഥ്യാദ്യന്മാർക്കു ഖണ്ഡിപ്പതിന്നു കഴിവരാ-
    ത്തുള്ള തോയൈകലക്ഷ്യം
കർത്തിച്ചമ്മത്സ്യലാക്കാർന്നിതു തദനു ഭവാൻ
    ലക്ഷണാം മദ്രകന്യാം;
താത്തേൻനേർവാണിമാരിങ്ങനെ വരദ! ഭവാ-
    നെട്ടു പേരായിതപ്പോൾ
ധൂർത്തൻ ഭൗമന്റെ ദുശ്ചേഷ്ടിതമമരവരൻ
    ദേവ! നിന്നോടു ചൊന്നാൻ. 5

ചിന്തിച്ചപ്പോളണഞ്ഞീടിന ഗരുഡനു മേ-
    ലേറിയശ്ശത്രുഗേഹേ
ചന്തത്തിൽ ചേർത്തു ഭാമാരമണിയെ മടിയിൽ
    പോയി വൃന്ദാവതിൽ പോൽ

പൊട്ടിച്ചക്കോട്ടയെല്ലാം ക്ഷതപൃതനകൾതൻ-
        ചോരയാൽ വൈരമേറ്റം
മട്ടിൽ പ്രാഗ്ജ്യോതിഷം ശോണിതപുരമതു താ-
        ന്നാക്കി നീ വിശ്വനാഥാ! 6

അപ്പോൾ പഞ്ചാസ്യനാകും മുരനുദധിയിൽ നി-
        ന്നെത്തിനാൻ തത്ര കോപാൽ,
ക്ഷിപ്രം ചക്രത്തിനാലേയവനുടെ തല ഖ-
        ണ്ഡിച്ചു നീ ദണ്ഡമെന്യേ;
ഒപ്പം നൽക്കൊമ്പു നാല്പുള്ളൊരു ഗജനിരയോ-
        ടേററിട്ടം ഭൗമനേയും
കെല്പിൽക്കൊന്നിട്ടവൻതൻ ഭവമരണമഹാ-
        ദുഃഖപാശത്തെ നീക്കി. 7

സ്തോത്രം ഭൂദേവി ചെയ്യോരളവഥ ഭഗദ-
        ത്താഖ്യനാം തൽസുതങ്കൽ
ചേർത്താ രാജ്യത്തെയേകീട്ടൊരു ഗജവുമുടൻ,
        ശിഷ്ടമാം ദന്തിവൃന്ദം
ബന്ധത്തിൽപ്പെട്ട നിന്നെക്കരുതിയ പതിനാ-
        റായിരം നാരിമാരും
വർദ്ധിക്കും വിത്തമെന്നീവകകൾ നിജപുരം
        തന്നിലെത്തിച്ചു നീയും. 8

ഭൗമാപാഹൃതകുണ്ഡലത്തെയദിതി-
        ക്കേകീട്ടവാൻ ചെന്നിട്ടം
നിന്നെദ്ദേവികൾ കൈതൊഴും ദയിതയോ-
        ടർച്ചിച്ചിതിന്ദ്രാദികൾ;

കല്പശ്രീതരുവും കവൎന്ന ഹരിയെ-
ത്തോല്പിച്ചിട്ടത്താൻ ഭവാ-
നൈശ്വൎയ്യസ്മയദോഷബോധമഖില-
ന്മാൎക്കും ഭവിച്ചീടുവാൻ. 9

ഭാമാഗേഹത്തിൽ നാട്ടിസ്സുരതരു, പതിനാ-
റായിരം നാരിമാരെ
പ്രാപിച്ചാ വീട്ടുതോറും ബഹുതരതനുവായ്
കേളിസൗഖ്യം വളൎത്തി
ആശ്ചൎയ്യാൽ നാരദൻ താനഖിലഗൃഹമതിൽ
കണ്ട നാനാത്വമാൎന്നി-
ട്ടോരോ നാരിക്കു പത്താത്മജരെയഥ ജനി-
പ്പിച്ച ശൗരേ! തുണെക്ക. 10

## എൺപത്തിരണ്ടാം ദശകം

പ്രദ്യുമ്നൻ രൗക്മിണേയൻ തവ കല;—യവനം
ശംബരേണാഹൃതൻ തം
കൊന്നിട്ടന്നെത്തി രത്യാ സ്വഗൃഹ,മമലയാം
രുക്മിപുത്രീം ഹരിച്ചു;
തൽപുത്രൻ രുക്മിപൗത്രീം ഗുണനിധിയനിരു-
ദ്ധൻ ഗതൻ രോചനാ;—മ-
ങ്ങുദ്വാഹേ പോയി നീ; ദ്യൂതതിൽ മുസലി വധി-
ച്ചീടിനാൻ രുക്മിയേയും 1

ശൎവ്വൻതൻ ഭക്തനായിബ്ബലിയുടെ സുതനാ-
യായിരം കൈകളോടേ
ഗൎവ്വിക്കും ബാണദൈത്യന്നുടെ സുതയുഷയാം
സുന്ദരീമൗലിമാലാ

പൂർവ്വം കാണാതെഴും തൽസുതസുതനനിരു-
ദ്ധാഖ്യനെത്താൻ കിനാവിൽ
സർവ്വാധീശാ! പുണൎന്നിട്ടവനുടെ വിരഹം
കൊണ്ടു പാരം തളൎന്നാൾ. 2

അവളുടെ സഖി ദക്ഷാ യോഗിനീ ചിത്രലേഖാ
യുവജനമുടനെല്ലാം ഭംഗിയോടെ വരച്ചു
അതിലുഷയറിയും നിൻപൗത്രനെക്കൊണ്ടുവന്നാൾ
തവഗൃഹമതിൽനിന്നും യോഗശക്ത്യാനിശായാം. 3

കന്യാഗേഹമതിൽ സുഖം വധുവൊട്ടും
ക്രീഡിച്ചു വാണോരവൻ
തന്നെദ്ദുഷ്കരഭക്തനന്നൊരുവിധം
ബന്ധിച്ചിതാ; വാൎത്തയെ
ചൊന്നാൻ നാരദനൊക്കെ;-യൻപൊടതു കേ-
ട്ടുറേറാരു കോപം കല-
ൎന്നൊന്നായ് ചേൎന്ന യദുക്കളോടുമഥ നീ
രോധിച്ചു തൽപട്ടണം. 4

ബാണൻതൻപുരപാലനായ ശിവനും
ഭൂതങ്ങളോടപ്പൊഴ-
ച്ചേണേറും യദുസൈന്യമൊക്കവെ നിരോ-
ധിച്ചാൻ വിശങ്കം വിഭോ!
ബാണൻതാൻ യുയുധാനനോ,ടതിബലൻ
പ്രദ്യുമ്നനോടഗ്ഗുഹൻ,
ക്ഷീണത്വം കലരാതെ നീ പുരഹരൻ-
തന്നോടുമങ്ങേററുതേ. 5

അസ്ത്രം സർവ്വം നശിച്ചു ശിവനഥ തവ ബാ-
ണേന മോഹം വഹിച്ചു,
ഭീത്യാ ഭൂതങ്ങളോടീ, പ്രമഥകുലവര-
ന്മാരുമാതങ്കമാർന്നു;
പ്രദ്യുമ്നൻതന്റെ ബാണം ഗുഹനെയുടനെയോ-
ടിച്ചുതേ കാമപാലൻ
പുത്തൻഭാണ്ഡം കണക്കസ്സചിവരിൽമണി കും-
ഭാണ്ഡനേയും പൊടിച്ചു. 6

ഊക്കോടഞ്ഞൂറു ചാപങ്ങളൊട്ടുമുപഗതൻ
ബാണനും വില്ലു തീർന്നി-
ട്ടാക്കം വിട്ടോടിയപ്പോൾ ജ്വരപതി ഗതനായ്-
ത്തോററുടൻ നിൻജ്വരത്താൽ
ജ്ഞാനീ വാഴ്ത്തീപ്പുരം വിജ്വരമതു തവ ഭ-
ക്തർക്കു നൽകീട്ടു പോയാൻ;
ജ്ഞാനം ശോഭിക്കിലും ക്രൂരതയതിതമസാ
ത്വദ്ഭക്തർക്കു ക്കൂട്ടം. 7

നാനാശസ്ത്രങ്ങളോടേ പുനരപി ഗതനാം
ബാണദൈത്യന്റെ ബാഹു-
വ്രാതം ഖണ്ഡിക്കവേ നീ,യറിവു കലരുമ-
ശ്ശങ്കരൻ നിന്നെ വാഴ്ത്തി;
തദ്വാക്കാൽ ശിഷ്ടബാഹുദ്വയമൊടിരുപുറം
നിർഭയം ത്വദ്വിസൃഷ്ടൻ
ദൈത്യൻ മാനിച്ച നീയനുഷയൊടുമനിരു-
ദ്ധാന്വിതം പോന്നു ഗേഹേ. 8

പിന്നേയും പിന്നെയും ശക്രനെ, വരുണനെയ-
നന്ദനെക്കൊണ്ട നാളിൽ,
ബാലന്നായ് കാലനേയും വിപിനദഹനപാ-
നത്തിലന്നഗ്നിയേയും
വത്സസ്തേയേ വിധാതാവിനെ,യിഹ ഗിരിശൻ-
തന്നെയും വെന്നതോത്താൽ
വിശേഷാൽകർഷം കലന്നുള്ളവതരമിതു താൻ
താവകം ദേവ! നൂനം. 9

വിപ്രൻതൻശാപമൂലം നൃഗനരപതിയോ-
ന്തായ;—വൻതന്നെയേററം
സൽപ്രീത്യാ സ്വർഗ്ഗലോകേ സപദി പുനരയ-
ച്ചിട്ട മാഹാത്മ്യമേറും
വിപ്രൗഘേ ഭക്തി നന്നെന്നലിവൊടു യദുസം-
ഘങ്ങളോടോതിയോരെൻ-
ചിൽപ്പൂർണ്ണാകാരനാം നീ ഗുരുപവനപുരാ-
ധീശ! പാലിക്ക നിത്യം. 10

## എൺപത്തിമൂന്നാം ദശകം

രാമൻ ഗോകുലമന്നു പൂക്ക കമനീ-
ലോലൻ വിളിച്ചിട്ടു വ-
ന്നീടാതുള്ള കളിന്ദനന്ദനയെയാ-
കർഷിച്ചു ഗർവ്വാന്ധനായ്
ആമോദിച്ചു രമിച്ചിടുന്നൊരളവിൽ
ഭൃത്യോക്തിയാൽ മൂഢനാ-
യീടും പൗണ്ഡ്രകവാസുദേവനയി തേ
വിട്ടീടിനാൻ ദൂതനെ. 1

'ഭൂമൗ നാരായണൻ ഞാൻ വടിവൊടവതരി-
ച്ചീടിനേൻ, നീയുമിപ്പോ-
ളീ മച്ചിഹ്നം ധരിക്കുന്നിതി ജനമുരചെ-
യ്യുന്ന വേഗാലതെല്ലാം
ആമോദത്തോടുപേക്ഷിച്ചടിമലരതി വീ-
ഴ്കെ'ന്നു ദൂതൻ പറഞ്ഞോൻ;
ധീമാന്മാരാം സഭാവാസികളവനെ ഹസി-
ച്ചീടിനാത്രുദ്ധകോപം. 2

ദൂതൻ പോയോരു നേരം യദുകുലബലമോ-
ടൊത്തു വേഗാൽ ഭവാനും
യാതൻ കണ്ടാനിരുമ്പങ്ങുരസി ബത! പഴ-
പ്പിച്ചു വച്ചുള്ള ചിഹ്നം,
സ്ഫീതാഭം മൂല്യമല്ലേതരമിയലിന സൽ-
കൗസ്തുഭാഖ്യാതരത്നം,
പീതം വസ്ത്രം, ലസൽകുണ്ഡലമിവകലരും
പൗണ്ഡ്രകൻതന്റെ ദേഹം. 3

യുദ്ധത്തിൽ കാരിരുമ്പാൽ വിരചിതനിജച-
ക്രത്തെ വിട്ടാനവൻ; നീ
മെത്തും സംഹാരവഹ്നിപ്രകരമതു പൊഴി-
ക്കുന്ന ചക്രത്തിനാലേ
കത്തിച്ചുക്കോടവൻതന്നുടെ ഗളമഥ മ-
ർദ്ദിച്ചു തൽസൈന്യവും ത-
ന്മിത്രം കാശീശ്വരൻതൻ തലയുമിഹ മുറി-
ച്ചിട്ടതേ കാശിതന്നിൽ. 4

ജാള്യത്താൽ ബാലവാക്യാദപി ബത! പലനാൾ
'ഞാൻ മഹാവിഷ്ണുവാണെ'-
ന്നുള്ളോരബ്ബുദ്ധിചേർന്നോരിവനഥ വഴിപോൽ
നിന്നിൽനിന്നന്യനായി
ഉള്ളോൻ താനല്ലയെന്നുള്ളൊരു ദൃഢമതിയാ-
ലെത്തി സായുജ്യ;- മാക്കി-
ങ്ങുള്ള പുണ്യങ്ങൾ താനെവ്വിധമതുകളുമെ-
ന്നോക്കുവാനാക്കൂട്ടം? 5

കാശീശാത്മജനാം സുദക്ഷിണനുമാ-
രാധിച്ചുടൻ ഭക്തിയോ-
ടീശൻതന്നെയഹോ! ഭവാനു ചപലൻ
ചെയ്താഭിചാരം വിഭോ!
ക്ലേശിച്ചങ്ങനെ ബാണയുദ്ധസമയേ
പേടിച്ച ഭൂതങ്ങളോ-
ടേശിച്ചേന്നൊരു കൃത്യയാമനലനെ-
പ്പെട്ടെന്നു വിട്ടീടിനാൻ. 6

താലംപോൽ വലുതായ കാലുകളൊട്ടും
സർവ്വം ദഹിക്കുന്നൊര-
ക്കോലം കണ്ടു ഭയന്നു പൗരരുടനേ
നിന്നോട്ടു ചൊല്ലീടിനാർ;
ലീലാദൃതമതിങ്കൽ നിന്നിളകിടാ-
തന്നേരമസ്സന്നിധൗ
കോലും നല്ലൊരു കാലചക്രമതിനെ-
ശ്ശീഘ്രം നിയോഗിച്ചു നീ. 7

തേജസ്സേററവുമുള്ള നിന്നുടെ മഹാ-
ശസ്ത്രാഗ്നി ചെന്നീടവേ
ക്ലേശംപൂണ്ടഥ ഘോരകൃത്യയുമുടൻ
പിൻവാങ്ങിയേററം രുഷാ
നീചത്വം കലരും സുദക്ഷിണനെയും
ഭസ്മീകരിച്ചീടിനാൽ;
കാശീരാജപുരം ദഹിച്ചു വിരവോ-
ടഞ്ചാതെ നിൻചക്രവും. 8

മുന്നം രാവണനിഗ്രഹത്തിലുപകാ-
രം ചെയ്തവൻ തൽകലാ-
ജാതം മാരണമാഗ്രഹിച്ചു വിവിദൻ
ദുഷ്ടത്വമാർന്നിട്ടഹോ!
ഭൗമൻതന്നുടെ മന്ത്രിയായ് നഗരദേ-
ശോപദ്രവം ചെയ്യവേ
ഭൂമൗ വീണു ജവാൽ മരിച്ചു ബലനോ-
ടേററങ്ങു തത്താഡനാൽ. 9

സാംബൻ കൗരവ്യപുത്രീഹരണയമിതനാ-
യീടവേ കൗരവാളീ-
സാന്ത്വാർത്ഥംപോയ രാമൻ കരിനഗരമിള-
ക്കിക്രുധാ തം വിടീച്ചു;
നീയും വിട്ടില്ല സൈന്യങ്ങളെയവരെ ഹനി-
ച്ചീടണം പാണ്ഡവന്മാ-
രെന്നോർത്തേവം സുശുദ്ധക്രിയ! പവനപതേ!
പീഡപോവാൻ തൊഴുന്നേൻ. 10

## എൺപത്തിനാലാം ദശകം

അന്നാൾ വന്നൊരു ഭാസ്കരഗ്രഹണകാ—
ലത്തിങ്കലാത്മാലയേ
നന്ദിച്ചക്രൂതവമ്മകാമതനയ—
ന്മാരേ വസിപ്പിച്ചു നീ
ശൗരേ! യാദവരോട്ടമാ യദുകുല—
സ്ത്രീവൃന്ദമോട്ടും ഗമി—
ച്ചാരാൽ നാഥ! സമന്തപഞ്ചകമതാം
തീൎത്ഥത്തിലെത്തീ വിഭോ! 1

അധികജനഹിതത്തിന്നായ് ഭവാനും നിമജ്ജി—
ച്ചവിടെയമലഭാവം തീൎത്ഥതോയത്തിനേകി
ദ്വിജവിതതിയിൽ നൽകി ദ്രവ്യജാതങ്ങൾ, ചേൎന്നാ—
നലിവൊടു കുരുപാൎത്ഥാദ്യാത്മബന്ധുക്കളോട്ടും. 2

നിങ്കൽ ഭക്തികലൎന്ന കൃഷ്ണയുമുടൻ
നിൻകാന്തമാരായിട്ടും
മങ്കപ്പൂമണിമാരൊടൊത്ത,വർ ഭവാൻ
വേട്ടുള്ള വൃത്തങ്ങളും
ശങ്കിക്കാതെ പറഞ്ഞതൊക്കെയിതര—
സ്ത്രീവൃന്ദമോട്ടും പരം
തങ്കും മോദവിലാസമോടഥ ചെവി—
ക്കൊണ്ടങ്ങു കൊണ്ടാടിനാൾ. 3

ആ നന്ദഗോപമുഖഗോപകുലങ്ങളെക്ക—
ണ്ടാനന്ദഭാരമൊടുചെന്നു ഭവാനുമപ്പോൾ
മാനിച്ചുടൻ ചിരവിയോഗകൃശാംഗിമാരാ—
മാനായർനാരികൾ സമീപമതിൽ ഗമിച്ചു. 4

നിന്നെക്കണ്ടൊരുനേരമുള്ള പരമാ–
ഹ്ലാദത്തിനാൽ മാനമ–
ങ്ങൊന്നായ്ത്തീർന്നു വിളങ്ങിടും കമനിമാ–
ക്കുണ്ടായ രാഗത്തിനാൽ
മിന്നും വസ്ത്രമഴിഞ്ഞതായ് പരിചയ–
ത്താലേററവും ഹൃദ്യമാ–
കുന്നോരക്കളുർകൊങ്കയിങ്കലധികം
മോദിച്ചുചേർന്നാൻ ഭവാൻ. 5

'കൂടക്കളുടെയെതിർത്ത ശത്രുവരരോ–
ട്ടുണ്ടായ യുദ്ധങ്ങളാൽ
കൂടീലിങ്ങു വരുന്നതിന്നിതുവരെ–
പ്പാർത്തീട്ടു താത്തേൻമൊഴി!'
ഈടോടിങ്ങനെ ചൊല്ലിയൻപൊട്ടു പുണ–
ർന്നീട്ടും ഭവാനിൽ പരം
ചൂടോടങ്ങു ലയിച്ചു കമ്രമുഖിമാർ
ചൂട്ടുന്നൊരാ രാധയും. 6

പിന്നെച്ചെന്നു രഹസ്സിൽവെച്ചു വിരഹ–
ക്ലേശങ്ങളെല്ലാമൊഴി–
ച്ചെന്നെത്താൻ പരസൗഖ്യചിന്മയതയു–
ള്ളാത്മാവതെന്നെപ്പൊഴും
നന്നായോർത്തു വസിച്ചുകൊൾവിനമലാ–
നന്ദാതിരേകം കല–
ർന്നേവം പരമാത്മബോധവുമവ–
ക്കൻപിൽ ഭവാനേകിനാൻ. 7

മുന്നം നിൻെറ വിയോഗമുദ്ധവനാര-
ച്ചീടുന്ന വാക്യങ്ങളാ-
ലൊന്നല്പം സുഖമാം രസത്തൊടു കല-
ർന്നീടുന്നതായ്ത്തീൎന്നതേ,
ഇന്നീ നിൻമുഖജാതമായ വചനം
കേട്ടിട്ടു നിൻധ്യാനമ-
ത്യാനന്ദൈകരസത്വമാൎന്നിതു വധൂ-
വൃന്ദത്തിനുള്ളിൽ സദാ. 8

പാപം തീരുവതിന്നു മംഗലമുടൻ
ചോദിച്ചു നിൻ താതന-
ന്നാവിൎമ്മോദഭരം മുനിപ്രവരരോ,-
ടന്നേരമൻപോടവർ
നീ പുത്രത്വമൊടേ വസിക്കുമളവെ-
ന്തന്യം ശുഭം വേണ്ടതെ-
ന്നേവം നാഥ! ഹസിച്ചുവെങ്കിലുമഹോ!
ചെയ്യിച്ചു യാഗം വിഭോ! 9

മോദിച്ചീടിന ബന്ധുസഞ്ചയമൊടേ
മാഹാത്മ്യമേറും മഖം
ചെയ്യുമീടും സമയത്തിലങ്ങവരൊട്ടും
ചേൎന്നോരു ഗോപാലകർ
പൂജിക്കപ്പെട്ടവോർ യദുപ്രവരരാൽ
തത്സംഗജാതം രസം
പൂണ്ടാരന്നൊരു മൂന്നുമാസമവിടെ
പണ്ടെന്നപോൽ ശ്രീപതേ! 10

യാത്രാകാലമതിങ്കൽ രാധയെയുടൻ
പ്രാപിച്ചു പൂമേനിയിൽ
ചേത്തേററം മുറുകെപ്പുണന്നധികസ-
ന്തോഷം വളത്താദരാൽ,
പ്രീത്യാ ദ്വാരകതന്നിൽ വന്ന ഗുരുവാ-
യൂരീശ! ഹേ കേശവാ!
കാൽത്താർ കൈതൊഴുമെൻെറ കഷ്ടതകളെ-
ത്തീത്താശു പാലിക്കണം. 11

## എൺപത്തഞ്ചാം ദശകം

കാരാഗാരത്തിലിട്ടമ്മഗധപതി ചിരം
ദുഃഖമേല്പിച്ച ഭൂപ-
ന്മാരെണ്ണൂറോട്ട ചേൎന്നീടിന, ദശയുഗമാ-
മായിരം സംഖ്യയുള്ളോർ
ദീനന്മാരിൽ തുണെയ്ക്കുന്നൊരു തവ സവിധം-
തന്നിൽ വിട്ടുള്ള ദൂതൻ
മാനം ചേരും ജരാസംഭവനുടെ ഹനനം
തന്നെയൎത്ഥിച്ചുവല്ലോ. 1

പോകാൻ ഭാവിക്കവേ നീ മഗധപതിപുരേ,
നാരദൻ ധമ്മജൻതൻ-
യാഗാരംഭം പറഞ്ഞാനതുപൊഴുതിരുകാ-
ൎയ്യങ്ങൾ സന്ദേഹമേകി;
'ദ്വേഷിപ്പോരെജ്ജയിച്ചുള്ളൊരു മഖമതിനാൽ
സാധ്യമാം രണ്ടു,മെ'ന്നുൽ-
ഘോഷിച്ചാനുദ്ധവൻ; നീ നിജരൊടുമുടനേ
വാസവപ്രസ്ഥമെത്തി. 2

നീയെല്ലാംബ്ഭാൎയ്യമാരോടവിടെയഥ ഗമി-
ച്ചീടവേ ധൎമ്മജൻ നിൻ-
കാരുണ്യത്താൽ ബലം ചേൎന്നിട്ടമനുജരെ വി-
ട്ടുൎവ്വിയെല്ലാം ജയിച്ചു
ശ്രീയേററം ചേൎന്നു മോദാൽ, മഗധപതിജയ-
ത്തിന്നു ഭീമാൎജ്ജുനന്മാ-
രോട്ടം ഭക്തൎക്കു ദാസ്യം പുരുകൃപയൊട്ടു കൈ-
ക്കൊണ്ടിട്ടും നിന്നെ വിട്ടാൻ. 3

ചെന്നു നിങ്ങൾ ഗിരിവ്രജാഹ്വയപുരേ
യാചിച്ചു യുദ്ധോത്സവം
മന്നൻ മാഗധനോട്ടു ഭൂമിസുരരെ-
ന്നുള്ളോരു കള്ളത്തൊടേ;
ഭീമൻതന്നൊടപൂൎണ്ണപുണ്യനിവനെ-
പ്പോരിന്നു വിട്ടാ രണം
ശ്രീമൻ! കണ്ടഥ നിന്നു ഫൽഗുനനൊട്ടും
നീ രാജയുദ്ധാവതായ്. 4

പോരിൽത്തോലി വരാത്ത മാഗധനെയ-
ശ്ശാഖാപ്രഭേദത്തിനാൽ
പേരാളും പവനാത്മജേന സഹസാ
കൊല്ലിച്ചു മോദത്തൊടേ
ഭൂമീപാലരെ വിട്ടനുഗ്രഹമതും
നൽഭക്തിയും നൽകി നി-
ഷ്കാമന്മാൎക്കു കൊടുത്തു ധൎമ്മമതിനായ്
ഭൂപാലനത്തെബ്ഭവാൻ. 5

ഭൃത്യത്വം സരസം വഹിച്ചു നൃപര-
ങ്ങെല്ലാരുമുല്ലാസമാ-
ന്നു,ദ്യോഗത്തോടു രാജസൂയമഖവും
ധർമ്മാത്മജൻ ചെയ്യവേ
വിപ്രന്മാരുടെ സൽക്രിയാദികൾ ഭവാൻ-
താനാം നടത്തീടിനാൻ;
കെല്പേറുന്ന നൃപന്റെ ഭാഗ്യമഹിമാ-
വോർത്തീടിലത്യത്ഭുതം! 6

യാഗത്തിൽ പുനരഗ്ര്യപൂജനവിധി-
ക്കാക്കാണു യോഗ്യത്വമെ-
ന്നോർത്തിട്ടസ്സഹദേവവാക്യമതുപോൽ
ധർമ്മാത്മജൻ നിർമ്മലൻ
വിശ്വാത്മാവു ഭവാനു മോദമൊടുടൻ
ചെയ്തീടിനാൻ പൂജയെ;—
തൃപ്തിപ്പെട്ടിതു ദേവമാനുഷരൊടും
ലോകങ്ങളാകെത്തദാ. 7

ചേദീശൻ താനുമപ്പോൾ 'മുനിനൃപതികൾ വാ-
ണീടവേയെന്തു മൂഢൻ
പൂജിച്ചീടുന്നു കഷ്ടം! പശുപഹതകനാം
ബാലകൻ തന്നെയിപ്പോൾ?'
ഇത്ഥം ദുർവ്വാക്യമോതീട്ടതിജവമെഴുന്നേ-
റ്റാസനാൽ നിന്റെ നേരേ
ശസ്ത്രം കൈക്കൊണ്ടണഞ്ഞാ;നുടനിവനൊടടു-
ത്തീടിനാർ പാണ്ഡവന്മാർ. 8

വേഗം പാണ്ഡവരെത്തട്ടത്തഭിമുഖം
        വന്നീട്ടമശ്ശത്രുവിൻ--
ശീഘ്രം ദാനവരെപ്പിളർപ്പൊരു മഹാ-
        ചക്രേണ ഖണ്ഡിച്ചു നീ;
ജന്മം മൂന്നിലിയന്ന നിൻസ്മരണയാൽ
        സംക്രുദ്ധനായോരവൻ
ചെമ്മേ യോഗിജനൗഘദുർല്ലഭമതാം
        സായുജ്യമാൎന്നീടിനാൻ. 9

ശ്രേഷ്ഠം യാഗമതും ത്വയാ മുഴവനായ്,
        ശൗരേ തദാ നിന്നെയും
നാട്ടാർ ധൎമ്മതനൂജനേയുമധികം
        വാഴ്ത്തിഗ്ഗമിച്ചീടിനാർ;
ദുഷ്ടാത്മാവു സുയോധനൻ വ്യസനിയായ്
        ശത്രുപ്രഭാവാൽ, മയൻ
സൃഷ്ട്യാതീൎത്ത സഭാമുഖേ സ്ഥലജല-
        ഭ്രാന്ത്യാ ഭ്രമിച്ചീടിനാൻ. 10

അപ്പോൾ ദ്രൗപദിയാൾക്കു ഭീമനുമുദി-
        ച്ചുള്ളോരു ഹാസ്യത്തിനെ-
ക്കെല്പേറുന്ന കടാക്ഷലേശമതിനാ-
        ലല്പം വളൎത്തീട്ടുടൻ
ചൊല്പൊങ്ങീടിന ഭൂമിഭാരമഖിലം
        തീർപ്പോരു ബീജം വിത-
ച്ചുൾപ്പൂവിൽ കുതുകം വഹിച്ച ഭഗവൻ!
        പാലിക്ക വാതേശ്വരാ! 11

## എൺപത്താറാം ദശകം

സാലപൻ ഭൈഷ്മീവിവാഹേ യദുബലവിജിതൻ
ശംഭുദത്തം വിമാനം
സൗഭം പ്രാപിച്ചു മായീ ഭവതി കുരുഗതേ
തൽപുരം ഭഗ്നമാക്കീ
പ്രദ്യുമ്നൻതാൻ നിരോധിച്ചവനെ യദുഭടൈർ-
മ്മന്ത്രിയാകും ദ്യുമാനെ-
ക്കൊന്നാനേഴോട്ടു ചേൎന്നോരിരുപതു ദിവസം
യുദ്ധമുണ്ടായി പിന്നെ. 1

അപ്പോൾ നീയെത്തി രാമാനപിതമവിടെ നിരോ-
ധിച്ചുതേ തുച്ഛസൈന്യൻ
സൗഭേശൻതന്നെനേരിട്ടു,വനഥ ഗദയാൽ
വീഴ്ത്തി പോൽ നിന്റെ ശാർങ്ഗം,
നിൻമുൻപിൽ കൊന്നു മായാജനകനെയതു നീ-
യും ക്ഷണാൎദ്ധം ധരിച്ചീ-
ലെന്നേകേ ചൊല്ലിട്ടുന്നുണ്ടിഹ, വിതഥമതെ-
ന്നോതിനാൻ വ്യാസർതന്നെ. 2

സൗഭം നീയും തകൎത്തു സലിലനിധിയിലാ-
ക്കീട്ടവൻതന്റെകണ്ഠം
ചക്രത്താലേ മുറിച്ചൂ; ഗദയുടനഥ വി-
ട്ടീടിനാൻ ദന്തവക്ത്രൻ;
കൗമോദക്യാ ഹതൻ താൻ സുകൃതിയവനുമ-
ച്ചൈദ്യവൽ ചേൎന്നിതൈക്യം,
പൂൎവ്വം നിന്നെബ്ഭജിച്ചുള്ളഖിലരുടയ മോ-
ക്ഷത്തിനീ നിന്റെ ജന്മം. 3

നീ പോന്നപ്പോൾ ഭവിക്കും കുരുനഗരിയിലെ—
ച്ചൂതതിൽ ബദ്ധയാമ—
പ്പാഞ്ചാലിക്കേകിയേററം കനിവൊടവധിയി—
ല്ലാത്ത വസ്ത്രങ്ങൾ, പിന്നെ
അന്നാന്തപ്രാപ്തശർവാംശജമുനിചകിതാ
കൃഷ്ണ ചിന്തിക്ക മൂലം
ചെന്നശ്ശാകാന്നമുണ്ടിട്ടടവിയിൽ മുനിമാ—
ക്കൻപിൽ നീ തൃപ്തി നൽകി. 4

പോരിന്നായ് നിശ്ചയിച്ചോരളവതിൽ വിജയൻ
നിന്നെമാത്രം വരിച്ചാൻ;
സൈന്യം കൗരവ്യനേകിക്കരിനഗരിയിൽ നീ
പാത്ഥദൂതത്വമോടേ
ചെന്നു, ഭീഷ്മാദ്യർ മാനിച്ചൊരു തവ വചനം
കൗരവൻ ധിക്കരിച്ചാൻ;
നീ കാട്ടീ വിശ്വരൂപം മുനിസദസി പുര—
ക്ഷോഭവും ചെയ്തു പോന്നു. 5

പാത്ഥൻതൻസൂതനായ് നീ സ്വജനവധമതിൽ
ദുഃഖിയായോരവന്നാ—
'യെന്തേവം? നിത്യനാത്മാവൊരുവനിഹ, വധി—
ക്കുന്നതാരോത്തുകണ്ടാൽ?
വധ്യൻ താനാരു? നീയും ധൃതിയൊടു മനമി—
ങ്ങെൻകലർപ്പിച്ചു ധർമ്മ്യം
യുദ്ധംചെയ്യേ'ന്നു ചൊല്ലി പ്രകൃതിയൊടു മുദാ
ചേത്തു കാട്ടിസ്വരൂപം. 6

ഭക്തൻ ഭൂഭാരനാശോൽസുകനയുതമഹീ
പാലകന്മാരെ വീതം
ഭീഷ്മൻ നിത്യം വധിച്ചാൻ; വിജയനുമധികം
ക്ഷീണനായ്; നീയുമപ്പോൾ
സത്യം ലംഘിച്ചെട്ടത്തിട്ടരിവരമതികോ-
പിഷ്ഠനെന്നോണമോടി-
ച്ചെന്നെന്നാലും നമിച്ചോരവനിലതിമുദാ
പോന്നു വേഗാൽ മടങ്ങി. 7

പിന്നീടദ്രോണയുദ്ധേ ഗജഗതഭഗദ-
ത്തേരിതം വൈഷ്ണവാസ്ത്രം
മാറത്തേററിട്ടു കൊല്ലിച്ചിതു രവിയെ മറ-
ച്ചിട്ടു നീ സിന്ധുരാജം
നാഗാസ്ത്രം വിട്ടു കർണ്ണൻ; ക്ഷിതിയെയവനമി-
പ്പിച്ചു നീ മൗലിമാത്രം
പോക്കിപ്പാലിച്ചു പാർത്ഥം; പൃഥയുടെ തനയ-
ക്കെന്തു ചെയ്തില്ലഹോ! നീ. 8

മുൻപേ തീർത്ഥത്തിനായ് പോയൊരു ഹലി ഗതനായ്
നൈമിശക്ഷേത്രദേശേ
ഗർവ്വിഷ്ഠൻ സൂതനെക്കൊന്നവനുടെ സുതനെ-
ത്തൽപദത്തിങ്കലാക്കി
യാഗത്തിൻവൈരിയാം വല്ക്കലനെയഥ വധി-
ച്ചിട്ടു തീർത്ഥങ്ങളാടീ-
ട്ടെത്തിത്തീരാത്ത ദുര്യോധനപവനജപോർ
കണ്ടു പോയാൻ പുരത്തിൽ. 9

നിദ്രാണദ്രൗപദേയക്ഷപണകഠിനനാം
ദ്രൗണി വിട്ടെല്ലൊരസ്ത്രം
ബ്രാഹ്മം പാത്ഥൻ ശമിപ്പിച്ചഥ തവ വചസാ
തച്ഛിരോരത്നമാന്നു;
അസ്ത്രം തദ്വംശനാശത്തിന്നു ബത! ഗതമാ-
യുത്തരാഗർഭമപ്പോൾ
നീ താനംഗുഷ്ഠമാത്രൻ തദുദരമരി പൂ-
ണ്ടെത്തി രക്ഷിച്ചുവല്ലോ. 10

ധർമ്മം ധർമ്മാത്മജന്നോതിയ ഹിതമൂതിയാം
ഭീഷ്മരും പിന്നെ നിന്നെ-
ക്കണ്ടേററം ഭക്തിയാലേ ലഘുതരമകള-
ബ്രഹ്മമായ്ത്തന്നെ തീൻു;
ശ്രേഷ്ഠം മൂന്നശ്വമേധങ്ങളെയലിവൊടു ചെ-
യ്യിച്ചു ധർമ്മാത്മജന്ന-
ത്യാനന്ദം ചേത്തുവേഗാൽ നിജപുരഗതനാം
വാതനാഥാ! തുണെയ്ക്ക. 11

## എൺപത്തേഴാം ദശകം

സാന്ദീപനിക്കുടയ ഗേഹമതിൽ ഭവാനോ-
ടൊന്നിച്ചു വിദ്യകൾ പഠിച്ച കുചേലവിപ്രൻ
നിന്നിൽ പെരുത്ത രതിയാൽ ദ്രവിണാദികാംക്ഷ-
യെന്യേ ശമത്തൊടു ഗൃഹാശ്രമിയായ്‌വസിച്ചാൻ. 1

ശീലം പരം സദൃശമെങ്കിലുമപ്രകാരം
ചേതോജയത്തെ ലഭിയാത്ത തദീയപത്നി
'എന്തേ ഭവാൻ സഖി രമേശനെ വൃത്തി നൽകാൻ
സേവിച്ചിടാതെ മരുവീടുവതെ'ന്നു ചൊന്നാൾ. 2

ഏവം ക്ഷുത്തു മുഴുത്തു പത്നി പറയും
വാക്യം ശ്രവിച്ചിട്ടുടൻ,
ഗർവ്വത്തിന്നൊരു ഹേതുവാം ധനമതിൽ
താൽപര്യമില്ലെങ്കിലും
ശ്രീ വാഴും തവ മേനി കാണ്മതിനു ഭൂ-
ദേവേന്ദ്രനും കാംക്ഷപൂ-
ണ്ടാവസ്ഥാന്തമതിങ്കലല്പമവലും
കൊണ്ടങ്ങു വന്നീടിനാൻ. 3

ആശ്ചര്യമേറിന ഭവൽപുരിതന്നിലെത്തി
പ്രാപിച്ചു മോദമൊടു രുഗ്മിണിതൻഗൃഹത്തിൽ
വൈകുണ്ഠസൗഖ്യരസമാർന്നിതവൻ, വിഭോ! നിൻ-
സൽക്കാരമേററപൊഴുതോ പുനരെന്തു ചൊൽവൂ? 4

പാരം പൂജിതനായി, രുഗ്മിണി മുദാ
വീശുന്ന വിപ്രന്റെ കൈ-
ത്താരൻപോടു പിടിച്ചുകൊണ്ടു 'ഗുരുവിൻ-
ഭാര്യാനിയോഗാൽ വനേ
പൂർവ്വം നാം വിറകിന്നു പോയതുമകാ-
ലത്തിങ്കലുണ്ടായൊരാ-
ഘോരം വൃഷ്ടി സഹിച്ചതും ബത! മറ-
ന്നോ?' എന്നു ചൊന്നാൻ ഭവാൻ. 5

പാരം ലജ്ജ കലർന്ന ഭൂസുരനിൽ നി-
ന്നപ്പോൾ ബലാൽ നീയെടു-
ത്താരാൽ വെച്ചവലൊന്നു വാരിയുടനേ
ഭക്ഷിച്ചനേരം വിഭോ!

പോരുംപോരുമിതെന്നു ചൊല്ലിയവിടെ-
        സ്സംഭ്രാന്തി പൂണ്ടെത്രയും
താരാർമാനിനി വന്നു നിന്നുടെ കരാം-
        ഭോജം നിരോധിച്ചുപോൽ. 6

ഭക്തന്മാരൊട്ട ഭക്തിയുള്ളൊരു ഭവാൻ
        മാനിക്കയാലെത്രയും
ചിത്താനന്ദമൊടന്നു രാത്രിയവിടെ-
        പ്പാർത്തിട്ടു ഭൂമീസുരൻ
പിറേറന്നാൾ ധനമെന്നിയേ നിജഗൃഹ-
        ത്തിന്നായ് തിരിച്ചീടിനാൻ
മുററും ഖേദമൊടേ; വിചിത്രമതു താ-
        നോർത്താൽ തവാനുഗ്രഹം. 7

'മോദിച്ചേകിട്ടമായിരുന്നു ഭഗവാൻ,
        ചോദിച്ചിരുന്നെങ്കിൽ ഞാൻ;
മോഹിച്ചങ്ങു വസിച്ചിട്ടും ദയിതയോ-
        ടെന്തോതു?'മെന്നിങ്ങനെ
ഖേദിച്ചും, തവ ലീല മന്ദഹസിതം
        വാക്കെന്നിവറെറപ്പരം
മാനിച്ചും മഹിതം മണീമയഗൃഹം
        കണ്ടാൻ ക്രമം കൊണ്ടവൻ. 8

'എന്തയ്യോ വഴിതെററിയോ പരമെനി?'-
        ക്കെന്നെല്ലനേരം ഭ്രമി-
ച്ചന്തമ്മോദമൊട്ടം ഗൃഹത്തിനകമേ
        ചെന്നിട്ടു ഭൂമീസുരൻ

ച്ചന്തം ചേൎന്നു വയസ്യമാരൊട്ടു മണി–
സ്വൎണ്ണാദ്യലങ്കാരമ–
ണ്ടേന്തും കാന്തയെയും ഭവൽകരുണതൻ–
വൈചിത്ര്യവും കണ്ടുതേ. 9

മണിമയഗൃഹമദ്ധ്യേ വാഴുവോനെങ്കിലും താൻ
മനമതിലതിഭക്ത്യാ വിപ്രനും മോക്ഷമാൎന്നു;
കരുണയൊടയി ഭക്തൎക്കേവമിഷ്ടങ്ങൾ നൽകും
ഗുരുപുരവര! ദുഃഖം സൎവ്വവും തീൎത്തിടേണം. 10

## എൺപത്തിയെട്ടാം ദശകം

പുത്രന്മാർ ദൎശനത്തെഗ്ഗുരുസുതകഥ കേ–
ട്ടമ്മയിച്ഛിക്കയാലേ
പാതാളം പുക്കു കണ്ടുബ്ബലിയെയുടനവൻ–
പൂജയേററാനയിച്ചു,
ബ്രഹ്മാവിൻശാപമൂലം ദിതിസുതസുതരായ്
ശൗരിതൻപുത്രരായി–
ക്കംസൻ കൊന്നാ മരീചിപ്രഥമതനയരെ–
ക്കാട്ടി നീ വിട്ടു വിണ്ണിൽ. 1

ഭക്താത്മാ ശ്രുതദേവനാകിയ മഹീ–
ദേവന്നുമവ്വണ്ണമ–
ബ്ഭക്തൻ ഭൂപതിയായിടുന്ന ബഹുലാ–
ശ്വന്നും സരോജാക്ഷ! നീ
യ്യത്തോടന്നൊരുമിച്ചനുഗ്രഹമതേ–
കീടുന്നതിന്നാശ പൂ–
ണ്ടെത്തീ താപസരോടു ചേൎന്നു മിഥിലാ–
ദേശേ കൃപാവാരിധേ! 2

ദേഹം രണ്ടു വഹിച്ചു നീയിരുവർതൻ
ഗേഹത്തിലും ചെന്ന പോ—
തേകൻ പൂജ കഴിച്ചിതേറെ വിഭവ—
ത്തോടേ നിനക്കായ് വിഭോ!
അന്യൻതാൻ പുനരന്നു കിട്ടിയ ഫലാ—
ന്നാദ്യങ്ങൾ നൽകീടിനാ—
നെന്നാൽ നീയിരുവർക്കുമേകിയൊരുപോൽ
മോക്ഷം പ്രസാദത്തൊടേ. 3

നീ പിന്നെത്തൻപുരത്തിൽ ദ്വിജസുതമൃതിയും
തൽപ്രലാപങ്ങളും കേ—
'ട്ടാരാണിന്നിങ്ങു നീക്കാൻ വിധിയുടെ മത'മെ—
ന്നോതിപോൽ വിശ്വനാഥാ!
പാർത്ഥൻഗർവ്വം നശിപ്പിപ്പതിനുമവനു നീ
മർത്ത്യനെന്നുള്ള ഭാവം
വൈകുണ്ഠം കാട്ടി നീക്കുന്നതിനുമിതു ഭവാൻ
ചെയ്തുവെന്നോർത്തിടുന്നേൻ. 4

പുത്രന്മാർ നഷ്ടരായെട്ടവനുമഥ തവോ—
പേക്ഷയാൽ ദോഷമോരോ—
ന്നൊത്തെല്ലാരും പറഞ്ഞോരതുപൊഴുതവിടെ—
പ്പുക്കു വാണോരു പാർത്ഥൻ
കേട്ടിട്ടബ്ഭൂസുരൻതൻ നവമസുതമൃതി—
ക്രന്ദനം 'മേലിലുണ്ടാം
പുത്രം രക്ഷിച്ചിടായ്കിൽ ദഹനനിലിഹ ഞാൻ
ചാടുവേ'നെന്നു ചൊന്നാൻ. 5

മാനീ നിന്നോടു ചൊല്ലാതവനഥ ഗതനായ്
സൂതിഗേഹം തടുത്താൻ
നാനാബാണങ്ങളാലേ; തനയനുമുടനു-
ണ്ടായി വേഗാൽ മറഞ്ഞു;
കാലേന്ദ്രാദ്യാലയം പുക്കുടനഥ വിജയൻ
വിദ്യയാൽ, കണ്ടിടാഞ്ഞ-
ബ്ബാലന്മാരെ,—ത്തുടർന്നാൻ ചിതയിലണയുവാൻ
സസ്മിതം നീ തടുത്തു. 6

വേഗം തേരിൽ കരേറീട്ടവനൊടഥ പടി-
ഞ്ഞാട്ടു പോയിക്കടന്നാ
ലോകാലോകം, തമസ്സിൻഭരമവിടെയക-
റ്റീട്ടു ചക്രത്തിനാലെ
ചക്രാംശുക്ലിഷ്ടനേത്രൻ വിജയനൊടു 'സഖേ!
കാൺക'—യെന്നജ്ജലത്തിൻ
പാരേകാണിച്ചു നീ നിൻപദമജിത! തമ-
സ്സിന്നഹോ ദൂരദൂരം. 7

ശേഷങ്കൽ ദിവ്യഭൂഷായുധനിവഹമൊടും
മഞ്ഞവസ്ത്രം ധരിച്ചും
തോഷം നൽകും ഘനശ്യാമളരുചിയൊടലം
ശ്രീമദംഗങ്ങളോടും
മുമ്മൂർത്തിക്കീശനായി ശ്രുതികടെ പരമാ-
ർത്ഥമായ് ദിവ്യസൗഖ്യാൽ
ചെമ്മേ വാഴും ഭവാനെ പ്രിയസഖനൊടു നീ
വിശ്വനാഥാ! നമിച്ചു. 8

'ജ്ഞാനായേററം തെളിഞ്ഞും സുദൃഢമിഹ മറ-
ഞ്ഞും ഭവിക്കുന്ന മൂലം
ഭിന്നന്മാർ നിങ്ങളെക്കാണ്മതിനു കരുതി ഞാൻ
ബാലരെക്കൊണ്ടുപോന്നേൻ;
പോയാലും ബാലരോടെ'ന്നരുളിയലിവൊടേ
തന്ന സൂനുക്കൾതമ്മെ-
ബ്ഭൂദേവന്നേകി പാർത്ഥസ്തുതബഹുമഹിമാ-
വായ നീ തോയജാക്ഷാ! 9

ഈവണ്ണം ലീലയാലേ ഭുവനമഭിരമി-
പ്പിച്ചുയത്തിസ്വവംശം
നാനായാഗങ്ങൾ ചെയ്തുസ്തുതികളിലതുല-
ക്രീഡയാൽ മോദമേകി
ഭൂഭാരം തീർക്കയെന്നുള്ളൊരു കപടമൊടേ
ഭക്തമോക്ഷത്തിനായി-
സ്സാക്ഷാൽ ബ്രഹ്മം ഭവാനായദുകുലഭവനായ്
നല്ലപോലുല്ലസിച്ചു. 10

ഭക്ത്യാ ശ്രീനാരദൻ നിൻപുരവരമതിൽ വാ-
ണീടിനാൻ മിക്കവാറും;
തത്ത്വത്തിൻബോധമാർന്നാനവനരുളുകയാ-
ലേകദാ നിൻപിതാവും;
ഭക്തന്മാർക്കഗ്ര്യനായീടിന പടുമതിയാ-
മുദ്ധവൻ നിൻകൽ നിന്നും
ബ്രഹ്മജ്ഞാനം ലഭിച്ചുബ്ബദരിയിൽ മരുവീ-
ട്ടുന്നുപോലിന്നുമീശാ! 11

സ്നേഹം സഖ്യം ഭയം ദ്വേഷവുമിതി പല നി–
യ്യത്നായോഗങ്ങളാലേ
ഖേദം സർവ്വം കടന്നിട്ടഖിലരുമമൃത–
സ്ഥാനമാന്നുള്ളതാകും
ശ്രീമൽകൃഷ്ണാവതാരം മഹിതമിതു ജയി–
ക്കുന്നിതവ്വണ്ണമേററം
മാഹാത്മ്യം ചേൎന്ന നീ മേ തരിക പരസുഖം
ഭക്തിയും മാരുതേശാ! 12

## എൺപത്തൊൻപതാം ദശകം

ശൗരേ! നീ വിഭവം സ്വഭക്തരിലുടൻ
ചേൎക്കാത്തതിൻ കാരണം
പാരം ഗൎവ്വവിലാസമേകിട്ടമതെ–
ന്നുള്ളോന്നു താൻ നിൎണ്ണയം;
ഗൎവ്വം തീൎത്തിഹ ഗൎവ്വികൾക്കി,തരരിൽ
ശീഘ്രം, ഭവാൻ നൽകിടും
സൎവ്വം വാഞ്ചരിത,മീശ! നിൻപദഗത–
ന്മാൎക്കില്ല ദോഷം വിഭോ! 1

തോഷം രോഷമതും ക്ഷണത്തിലുളവാം
ലോകേശശൎവ്വാദ്യരെ–
സ്സേവിച്ചാത്മഗുണങ്ങൾ പോൽ ചിലജനം
ദീർഘേക്ഷണം വിട്ടഹോ!
കഷ്ടം ശോച്യത പൂണ്ടുതാനഥ നശി–
ച്ചീടുന്നു; പാൎത്തീടുകിൽ
സ്പഷ്ടം ദുഷ്ടനതാം വൃകാസുരനിതിൽ
ദൃഷ്ടാന്തമല്ലോ! ഹരേ! 2

വേഗം തുഷ്ടി വരുന്നൊരീശ്വരനതാ–
രാകുന്നുവെന്നേകദാ
ലോകേശാത്മജനോടവൻ ശകുനിജൻ
ചോദിച്ച നേരം മുനി
'സേവിച്ചീടുക ചെന്നു നീ ശിവനെ'യെ–
ന്നോതീടിനാൻ ദുഷ്ടരിൽ
സ്നേഹം തെല്ലുമിയന്നിടാത്തൊരു ഭവാൻ–
തന്നെപ്പറഞ്ഞില്ലഹോ! 3

മുററും ഘോരതപസ്സു ചെയ്തവനുമ–
ന്നേഴാം ദിനേ തൻ ശിര–
സ്സേററം കോപമൊടേയറുത്തു ശിവനെ–
പ്രത്യക്ഷമാക്കീട്ടുടൻ
കൈ മൂർദ്ധാവിലണച്ചുകൊണ്ടു മൃതിയു–
ണ്ടാമെന്നു തുച്ഛം വരം
മേടിച്ചാൻ; തവ ഭക്തിഹീനരിലുദി–
ച്ചീടാ വിചാരം ശുഭം. 4

ബന്ധംതീർത്ത പുമാന്റെനേർക്കു ഹരിപോൽ
പാഞ്ഞാൻ ശിവന്നന്തികേ
ദൈത്യൻ; ദേവനുമോടിനാൻ പിറകിൽ നോ–
ക്കിക്കൊണ്ടു ദിക്കൊക്കെയും;
ആരും മിണ്ടിയതില്ല; നിൻപദമുടൻ
പ്രാപിച്ചിട്ടും ശർവ്വനെ–
ദൂരാൽ കണ്ടു ഭവാൻ സമർത്ഥവടുവായ്
മദ്ധ്യത്തിൽ നിന്നീടിനാൻ. 5

'ഭദ്രം തേ; നീ പിശാചിൻമൊഴിയിലിളകിയോ?
ഹേ സഖേ! മദ്വചസ്സിൽ
സന്ദേഹിക്കുന്നുവെങ്കിൽ കരമതു തലമേൽ
വെച്ചു നീ നോക്കിയാലും'
ഏവം നിൻവാക്കുകേട്ടക്കരമഥ തലമേൽ
വെച്ചവൻ നഷ്ടനായാ;—
നേവം നാശം പരോപാസകനു; ശിവനുമ—
ങ്ങാശ്രയം നീ മുരാരേ! 6

ആക്കാണുള്ളതു സാത്വികാംശമധികം
മൂർത്തിത്രയത്തിങ്കലെ—
ന്നോക്കാൻ നാഥ! സരസ്വതീതടഗത—
ഷീന്ദ്രപ്രയുക്തൻ ഭൃഗു
മാനിക്കാഞ്ഞു മുഷിഞ്ഞു പങ്കജഭവൻ,
കൊല്ലാൻതുടങ്ങും ശിവൻ—
തന്നെപ്പാർവ്വതിതാൻ തടുത്തിതവനും
വന്നാൻ ഭവന്മന്ദിരേ. 7

പൊൽത്താരിൽത്തയ്യലാൾ തൻമടിയിലതിസുഖം
നിദ്രചെയ്യും ഭവാനെ
പൃഥ്വീദേവൻ ചവിട്ടീ നിജപദമതിനാൽ;
നീയെണീററാശു മോദാൽ
'ശുദ്ധാത്മാവേ! പൊറുത്തീടുക നിഖിലവുമി—
ത്വൽപദാംഭോജചിഹ്നം
നിത്യം മേ ഭൂഷണം മാറിടമിതിലറികെ'—
ന്നാത്തബന്ധോ! പറഞ്ഞു. 8

ശ്രീസാരസ്വതമാമുനീന്ദ്രരുടനേ
തത്ത്വം ഗ്രഹിച്ചേത്രയ്യും
നിങ്കൽ ഭക്തികലർന്നു മോക്ഷപദവും
കൈക്കൊണ്ടു നീക്കംവിനാ,
ഇത്ഥം ഭക്തവരർക്കു ദോഷമണയി-
ക്കാതുല്ലസിക്കും വിഭോ!
സത്വാകാര! ഭജിച്ചിടുന്നിതു ഭവാ-
നെത്തന്നെയിന്നിജ്ജനം. 9

സൃഷ്ടിക്കുള്ളാദികാലേ നിഗമസമുദയം
വന്ദിമാർപോലെ വാഴ്ത്തും
സച്ചിൽസൗഖ്യപ്രവാഹാദ്വയവരതനുവായ്
ശ്രീപരാത്മാവുമായി
ഗോപസ്ത്രീസഞ്ചയത്തിന്നുടയ മഹിതമാം
ഭാഗ്യമായുള്ള നിന്നെ-
സ്സേവിക്കുന്നേൻ സുഖത്തിന്നനിലനിലയനാ-
ധീശ ലോകേശ വിഷ്ണോ! 10

## തൊണ്ണൂറാം ദശകം

മല്ലാരേ! ഭൃഗുമോഹിനീവൃകമുഖ-
ന്മാർതൻ ചരിത്രങ്ങളാൽ
മാഹാത്മ്യം തവ ശങ്കരാദികളെ വെ-
ന്നീടുന്നതെന്നായ് സ്ഫുടം;
എന്നാൽ നിഷ്കളനായിടുന്ന പരമാ-
ത്മാവിങ്കലും പിന്നെ മ-
റ്റന്യന്മാരിലുമൊന്നുപോൽ വിലസുവോ-
ന്നേകം ഭവദ്രൂപമാം. 1

ബ്രഹ്മാദ്യന്മാർകൾ മൂന്നീശ്വരനമഥ സദാ–
പൂർവ്വനാകും ശിവൻതാ–
നെന്നീയഞ്ചിങ്കലന്ത്യൻ മുരഹര! പരമാ–
ത്മാ ഭവാൻ തന്നെയല്ലോ;
എന്നാലങ്ങീശ്വരൻ ശ്രീരമണ! ബത! വികു–
ണ്ഠത്തിൽ വാഴുന്ന നീ താൻ;
മൂന്നായിസ്സത്യലോകേ ത്രിപദഗതനതാ–
യുള്ളതും നിർണ്ണയം നീ. 2

നാഥാ! നിൻസത്ത്വദേഹം പുനരവിടെയുമാ
വിഷ്ണുവെന്നോതിടുന്നു;
ധാതാവും സത്ത്വവൈരള്യമൊടയി രജസാ
നിർണ്ണയം പൂർണ്ണരൂപൻ;
സത്ത്വാധിക്യം തമസ്സിൻ വികൃതിയില്ലുളവാ–
കുന്ന ചേഷ്ടാദിയും ചേ–
ന്നോത്തീടുന്നീശ ഹേ! നിന്നുടെ പുരഹരനെ–
ന്നാഖ്യപൂണ്ടുള്ള മെയ്യിൽ. 3

ബ്രഹ്മാവാദികളെക്കവിഞ്ഞു പരമാ–
ത്മാവാകുമാ നിന്നെയും
സർവ്വാത്മത്വമതോർത്തുപാസനവിധൗ
സർവ്വേശ! ശർവ്വാത്മനാ
ചൊല്ലീടുന്നു; യഥാർത്ഥമോർക്കുകിലതും
നാഥാ! ഭവദ്രൂപമെ–
ന്നല്ലാസ്സാൽ പറവാൻ പ്രമാണമിവിടെ–
ക്കാണുന്നു വേണ്ടുന്നപോൽ. 4

നിർദ്ദാക്ഷിണ്യതയാൎന്നിടുന്ന ഭഗവാൻ
ശ്രീശങ്കരാചാൎയ്യരും
മാനിക്കുന്നിതു ഭക്തിയോടു സകല–
ന്മാരിൽ ഭവാനെപ്പരം;
വ്യാഖ്യാനിച്ചു സഹസ്രനാമമുഖമ–
ദ്ധീമാൻ ഭവാനെക്കുറി,–
ച്ചാഖ്യാനിച്ചൊടുവിൽ ഭവൽസ്തുതികളെ
പ്രാപിച്ചു മോക്ഷത്തെയും. 5

കായാംപൂവൊളിചേൎന്ന സൎവ്വപതിയാ–
യീടുന്ന നിന്നെപ്പരം
ചൊന്നാനാദിയിൽ മന്ത്രശാസ്ത്രമതിലും
മൂൎത്തിത്രയാധീശനായ്;
പിന്നീടപ്രണവത്തിൽ നിഷ്ക്കളമതാം
ധ്യാനം പറഞ്ഞിട്ടവൻ
നിന്നെത്താനതിലോതിനാൻ സകളനായ്,
ചൊല്ലീല മറ്റാരെയും. 6

ചൊല്ലീടുന്നിതു നിൻ മഹത്ത്വമധികം,
നിശ്ശേഷസാരങ്ങളും
ചൊല്ലീടുന്ന പുരാണസംഗ്രഹമതിൽ
കില്ലില്ല തെല്ലും വിഭോ!
ബ്രഹ്മാദിത്രയമാൎന്ന സത്യപദവും
വിട്ടങ്ങു മേലുള്ളതും
ചിന്മൂൎത്തേ! തവ ലോകമെന്നു പറവൂ,
രുദ്രന്റെയെന്നല്ല താൻ. 7

ശ്രീമൽഭാഗവതേയുപാദിമമതാം
സ്കന്ധേ പറഞ്ഞുള്ളതായ്
ബ്രാഹ്മം കല്പമതിങ്കലക്കമലജ-
ന്നായ്—ക്കാട്ടിയോരാകൃതി
യാതൊന്നെങ്കിലതിന്നുതന്നെ ഹരിശ-
ർവ്വാദ്യാഖ്യ ചൊന്നാൻ ശിവേ
ഭക്താത്മാവു പുരാണസാരകൃതിയിൽ
ശ്രീമാധവാചാര്യ്യരും. 8

ആരോ തൻപ്രകൃതിക്കുതക്ക വിധമായ്
സേവിക്കുവോരീശനെ—
ശ്ശൗരേ! തദ്ദൃഢഭക്തി താനവരിൽ നൽ-
കീടും ഫലം നിർണ്ണയം;
വ്യാസൻതാനതുകൊണ്ടുതന്നെയരുളീ
സ്കാന്ദാദിതന്നിൽ ഗിരീ—
ശാസേവസ്സ്വധികാരികൾക്കജിത! നിൻ
ന്യൂനത്വമർത്ഥങ്ങളാൽ. 9

സത്യം ചൊൽക,നുവാദമെന്നതു, വിരു-
ദ്ധം വാദമെന്നീവിധം
ലോഭിപ്പിപ്പതിനർത്ഥവാദഗതിയോ
മൂന്നുണ്ടു; പാർത്തീടുകിൽ
നന്നായിട്ടു നിനക്കു തോലികൾ തമഃ-
പ്രാധാന്യവും ചൊൽകയാൽ
സ്കാന്ദാദ്യത്തിൽ വിരുദ്ധവാദമധികം
കാണപ്പെട്ടുന്നു ഹരേ! 10

നേരേയൊന്നുമറിഞ്ഞീടാത്തോരിവനി-
ച്ചൊന്നുള്ളതെല്ലാം വിഭോ!
ശൗരേ! ശോഭന! മന്ത്രശാസ്ത്രവചനം
തൊട്ടുള്ളതിൽ കണ്ടതാം;
വ്യാസോക്തങ്ങളിൽ വെച്ചു സാരമധികം
ചേരുന്നതായുള്ളോരാ
ശ്രീമൽ ഭാഗവതത്തിൽ നായകതയാ-
ന്നീട്ടം ഹരേ! പാഹി മാം. 11

## തൊണ്ണൂറൊന്നാം ദശകം

ശ്രീജാനേ! മായയിൽ പെട്ടനവധി ഹൃദയ-
ക്ലേശമൊത്തുള്ള മർത്ത്യ-
ന്നേകാന്തം നിൻപദോപാസനമഭയമശേ-
ഷം ഭയംതീക്ക മൂലം,
നീ ചൊല്ലീട്ടുള്ളോരോരോ ഭജനവിധികളാ-
ന്നുള്ളവൻ മോഹമാർഗ്ഗേ
പോയാലും കണ്ണടച്ചിട്ട,വനൊരുപൊഴുതും
തെററു പററുന്നതില്ലാ. 1

നാഥാ! നിൻപ്രേരണത്താൽ ഹൃദയവചനദേ-
ഹങ്ങളാൽ ചെയ്യതെല്ലാം
മോദാലർപ്പിച്ചിട്ടന്നേനഹമയി പരമാ-
ത്മാവതാം നിങ്കൽ നിത്യം,
ചിത്തം കർമ്മം വചസ്സിന്ദ്രിയവിഷയഗണം
പ്രാണനും നിന്നിൽ വെച്ചോൻ
ശുദ്ധൻ ചണ്ഡാലനാം; തൽപദവിമുഖമഹീ-
ദേവനും ശുദ്ധനല്ല. 2

രണ്ടാമത്തേതിൽ നിന്നാണിഹ ഭയ,മതു സം–
കല്പിതം തന്നെ ചിത്തം
കൊണ്ടൈക്യാഭ്യാസമാൎന്നൂനമതുമതിനാൽ
ബുദ്ധിയാലേ തടുപ്പേൻ;
മായാസംബന്ധമുള്ളോരതിലതുവിധമൈ–
ക്യം ഭവിക്കായ്കയാലീ
മായേശൻ നിന്നെ നിത്യം പ്രിയമനുഭജനം
ചെയ്തു ഭീ തീൎത്തുകൊൾവേൻ. 3

ശ്രീമാന്മാരോടു ചേൎന്നാൽ സുകൃതികൾ ജഗതി
ശ്രീ ലഭിക്കുന്ന പോലി–
ങ്ങോമൽ സൽഭക്തിയാളും തവ പദയുഗഭ–
ക്തൗഘസംഗം കലൎന്നാൽ;
തത്സംഗം വന്നിടേണം മമ, സതതമയേ
തന്മുഖാദുന്മിഷിക്കും
നിൻമാഹാത്മ്യങ്ങളാലേ ദുരിതശമനമാം
ഭക്തിദാർഢ്യം ഭവിപ്പൂ. 4

കൎമ്മാദ്യേ ഭക്തിയിൽത്താൻ ബഹുമതിയൊടു നിൻ–
നാമകൎമ്മാദി നിത്യം
നന്മയ്ക്കായ് ചൊല്ലി ഞാനിങ്ങുടനെയതുകളാൽ
പ്രദ്രുതാത്മാവതായി
ഹാസത്തോടും ചിലപ്പോൾ, ചില കുറി വിലപി–
ച്ചട്ടഹാസം കലൎന്നും
പാടീട്ടുന്മാദി പോൽത്തുള്ളിയുമിവിടെ നട–
ന്നീടുവെൻ; നീ തുണയ്ക്ക. 5

മർത്ത്യന്മാർ ശത്രു മിത്രം ഖഗമൃഗഗണമി–
　　ത്യാദിയാം ഭൂതരൂപം
സർവ്വം ഭൂതൗഘവും തന്മയമിതി യമിതാ–
　　ത്മാവു ഞാൻ കൈവണങ്ങാം;
ഇത്ഥം സേവിച്ചിട്ടമ്പോൾ മമ തവ കൃപയാൽ
　　ഭക്തിദാർഢ്യം വിരാഗം
സിദ്ധിക്കും തത്ത്വബോധോദയമതുമുടനേ
　　യത്നഭേദങ്ങളെന്യേ. 6

നിന്നിൽ ചേരും മനസ്സോടയി ഭവഭവദുഃ–
　　ഖത്തിൽ മോഹിച്ചിടാതി–
ങ്ങെപ്പോഴും ധ്യാനമാർന്നിട്ടൊരു നിമിഷവുമീ
　　നിൻപദം വേർപെടാതെ
ഇഷ്ടാനിഷ്ടാപ്തി മായാമയമിതി കരുതി–
　　ത്തോഷഖേദങ്ങളെന്യേ
നിൻപാദത്തിൻ നഖേന്ദുദ്യുതിശിശിരമന–
　　സ്സായി ഞാൻ സഞ്ചരിപ്പേൻ. 7

സർവ്വം നീയെന്നു ചിന്തിപ്പതിനിവനധികാ–
　　രിത്വമില്ലിപ്പൊഴെന്നാൽ
ത്വൽപ്രേമം ഭക്തസഖ്യം ജളകൃപ വരണം
　　മൗനവും ശത്രുവിങ്കൽ;
അല്ലെങ്കിൽ ശ്രദ്ധയേററം പ്രതിമയിലുളവാ–
　　യീടണം പൂജചെയ്വാ–
നവ്വണ്ണം സേവചെയ്യുന്നവനുമിഹ മഹാ–
　　ഭക്തനാകുന്നു ശീഘ്രം. 8

ത്വദ്രൂപത്തേ മറച്ചക്ഷിതിജലമുഖരൂ-
　　പേണ കാട്ടുന്നതായി-
ജ്ജീവന്മാൎക്കററ കൎമ്മാവലി വിവശതയും
　　ദുഃഖവും ചേർപ്പതാകും
നീന്മായാ ഖേദമേകീടരുതു മമ; ഭവൽ-
　　ഭക്തി താൻ തൽപ്രശാന്തി-
ക്കായ്ത്തീരുന്നെന്നു ചൊന്നാനയി ഭുവനപതേ!
　　സിദ്ധയോഗീ പ്രബുദ്ധൻ. 9

ദുഃഖത്തെക്കണ്ടു ജന്തുക്കളിലുദിതവിവേ-
　　കത്തോടാചാൎയ്യവാക്കാൽ
ത്വദ്രൂപത്തെഗ്രഹിച്ചസ്സുഗുണകഥകളാൽ
　　ഭക്തിയേററം വളൎത്തി
മായാപാശം ഹരിച്ചപ്പരമസുഖമയേ
　　നിൻപദേ ഞാൻ രസിപ്പാൻ
വാതേശാ! പൂൎവ്വരംഗം പരമിതു; വഴിപോൽ
　　തീൎക്കമേ ദുഃഖമെല്ലാം. 10

## തൊണ്ണൂററിരണ്ടാം ദശകം

വേദം നിശ്ശേഷകൎമ്മത്തെയുമഫലപരം
　　ചൊൽവതോൎത്തിട്ടു നിൻകൽ
സൎവ്വത്തേയും സമർപ്പിച്ചിഹ സമനുചരി-
　　ച്ചാപ്തനൈഷ്കൎമ്മ്യനാവേൻ;
വേദം രോധിച്ചതൊന്നിങ്കലുമിവനു ഭവി-
　　ക്കൊല്ലവേണം പ്രവേശം;
ദുൎവ്വൎജ്ജം വല്ലതും വന്നിട്ടുകിലുടനതും
　　നിൻകലർപ്പിച്ചിടുന്നേൻ. 1

നിൻപൂജാത്രൂപമായീടിന്നൊരപരമതാം
        കർമ്മയോഗത്തിലിഷ്ടം
സത്ത്വാകാരം മനസ്സിൽ പ്രതിമയിലഥവാ
        ഭാവനംചെയ്തു ഞാനും
പുഷ്പം ഗന്ധം നിവേദ്യങ്ങളുമനുദിവസം
        ചേർത്തു വീർത്തുള്ള ഭക്ത്യാ
പൂജിച്ചേററം ഭവാൻതന്നുടെകരുണ ലഭി-
        ച്ചീട്ടവാനായ്ത്തുടങ്ങാം. 2

സ്ത്രീശൂദ്രന്മാർ ഭവാൻതൻകഥകളരുളിട്ടു-
        ന്നില്ലതാട്ടേ ദയസ്സുായ്;
നിൻപാദത്തോടടുത്തും ദ്വിജരശമത കൈ-
        ക്കൊൾവതേ ശോചനീയം;
വൃത്തിക്കയ്യോ! യജിച്ചിട്ടവർ ബഹുകഥിതൻ
        നിന്നെയോക്കാതെ വിദ്യാ-
ഗർവ്വത്താലെന്തു ചെയ്തീലി?—വനെയതുവഴി-
        ക്കാക്കൊലാ നീ കൃപാലോ! 3

'പാപൻ കൃഷ്ണാദിനാമങ്ങളെയിവനുരചെ-
        യ്യുന്നു ദൗഷ്ട്യം മറപ്പാൻ,
ലജ്ജിക്കാതോരിവൻതൻ ചപലമൊഴികളെൻ-
        കാര്യമെല്ലാം മുടക്കി;
ഭ്രാതാ മേ വന്ധ്യശീലൻ ഹരിഭജനപരൻ
        നിത്യ'മേവം ഭവാൻതൻ-
ഭക്തന്മാരെദ്ദുഷിക്കും കുമതികളവരെ-
        പ്പോലെയാക്കീടൊലാ മാം. 4

ശ്വേതച്ഛായൻ മുനീന്ദ്രാകൃതിയുടയ ഭവാ–
നകൃതത്തിൽ തപസ്സാൽ,
ത്രേതായാം സ്രുക്സ്രുവാദ്യങ്കിതനരുണമഖാ–
ത്മാവതായധ്വരത്താൽ,
തന്ത്രത്താൽ ദ്വാപരത്തിൽ ഗദയരിയുമെഴും
ശ്യാമളൻ ഭക്തരാലേ
സേവിക്കപ്പെട്ടിട്ടിന്നിക്കലിയിലസിതനായ്
കീർത്തനാദ്യങ്ങളാലും. 5

സർവ്വോൽകൃഷ്ടം മുരാരേ! കലിയുഗമിതു; യാ–
തൊന്നിൽ നൽകീർത്തനാദ്യ–
ത്താലേതും യത്നമെന്യേ തവ കരുണ ലഭി–
ക്കുന്നു വേഗേന നാഥാ!
വാഞ്ഛിച്ചീടുന്നിതിൽ പോൽ പരയുഗഭവരും
ജന്മ;–മെന്നാലതിൽത്താൻ
ദൈവാൽ സംജാതനാം മേ വിഷയവിഷരസാൽ
മോഹമേകീടൊലാ നീ. 6

ഭക്തന്മാരിപ്പൊഴേറും; ദ്രമിളമതിലതീ–
വാ; –ത്ര ചാത്യന്തമുണ്ട–
കാവേരീ താമ്രപർണ്ണീ സുരുചിരകൃതമാ–
ലാ പ്രതീച്യാദി തീരേ;
കഷ്ടം! ഞാനും ജനിച്ചേനിതുകളിലൊരിട–
ത്തുണ്ടു മേ ഭക്തിതാനൊ–
ട്ടാശാപാശൈവ്വലക്ഷ്യാതയി തവ ഭജനം
പൂർണ്ണമാക്കേണമീശാ! 7

ധമ്മദ്രോഹങ്ങൾ ചെയ്യുന്നൊരു കലിയെ വധി-
    പ്പാൻ പരീക്ഷിത്തെടുത്താൻ
ഖഡ്ഗത്തെസ്സാരവേദീ ഗുണമതിവനില്ലു-
    ണ്ടാകയാൽ കൊന്നതില്ല;
ക്ഷിപ്രം നിൻസേവ സിദ്ധിപ്രദമിഹ, നഹി ദൃ-
    ഷ്ടമ്മ,മിങ്ങേഷ ഭീതൻ
ഭക്തേ; രോഗാദി മുൻപേയരുളുവതിലിവൻ-
    തന്നെ നീ ശിക്ഷചെയ്ക. 8

ഗംഗാ ഗീതാ ച ഗായത്ര്യപി തുളസികയും
    ഗോപികാചന്ദനം നൽ-
സാളഗ്രാമപ്രപൂജാ മുരഹര! പുനരേ-
    കാദശീ നാമമേവം
യത്നം കൂടാതൊരെട്ടും ദ്രുതമിഹ കലിയിൽ
    തല്പ്രസാദം വളത്തീ-
ട്ടേകീട്ടും മുക്തിയെന്നിങ്ങരുളി മുനികൾ; നീ
    ചേക്ക മാമിന്നവററിൽ. 9

കൃത്യം സവ്വം വെടിഞ്ഞിട്ടിഹ ശരണമതായ്
    നിന്നെയാപ്പന്നൃണിത്വം
ഭൃത്യത്വം വാ സുരഷിപ്രവരപിതൃഗണ-
    ത്തിങ്കലില്ലൊന്നുകൊണ്ടും;
തീക്കുന്നൂ തദ്വികമ്മം സകലവുമനിശം
    ചിത്തരംഗസ്ഥിതൻ നീ;
തീക്കേണം പാപതാപങ്ങളെയരുളുക മേ
    ഭക്തിയും മാരുതേശ! 10

# തൊണ്ണൂററിമൂന്നാം ദശകം

ചിത്തം നിങ്കൽ സമർപ്പിച്ചയി തവകൃപയാ
ബന്ധുബന്ധം വിടാം ഞാൻ;
ലോകം മായാവിലാസംദ്ദ്ധമിതി സകലം
വിട്ടു ഞാൻ സഞ്ചരിപ്പേൻ;
ഭ്രാന്ത്യാനേകത്വബുദ്ധ്യാ വരദ! വിധിനിഷേ—
ധങ്ങളുണ്ടാ;—മശേഷം
നിങ്കൽ ചേക്കും സമാത്മാവുടയ പുരുഷനി—
ല്ലോത്ത്കണ്ടാലതൊന്നും. 1

ക്ഷുത്തും തൻദാഹവും തീർപ്പതിനു കൊതിയെഴും;
ജന്തുവൃന്ദങ്ങളുണ്ടി—
ങ്ങേററം ജ്ഞാനത്തിനാലേമനുജനിഹ വരൻ;
ദുർല്ലഭം മർത്ത്യജന്മം;
ചിത്തംനിങ്കൽ സമർപ്പിച്ചുരുജ കളവാ—
നുള്ളപായം നിനപ്പോ—
നാത്മാവിൻബന്ധു;—വന്യൻ നിജരിപു മനുജ—
ന്മാരിലും ശ്രീരമേശാ! 2

നിൻകാരുണ്യം ഭവിച്ചീടുകിലിഹ ഗുരുവ—
ല്ലാതെയെന്തുള്ളു? സർവ്വം
തൻകൽത്തങ്ങീട്ടുമേററം സ്ഥിര മഹി,യതിനാൽ
ക്ഷാന്തി ഞാനഭ്യസിക്കാം;
എല്ലാടത്തും ചരിച്ചീടിലുമനിശമസം—
ഗം സമീരങ്കൽ നിന്നും,
നിർല്ലേപവ്യാപ്തഭാവം ഗഗനഗുരുവിൽ നി—
ന്നിട്ടുമാത്മാവിനോക്കാം. 3

തോയം പോൽ പാവനസ്വച്ഛത മധുരതയും
സ്വീകരിച്ചഗ്നിപോൽ ഞാൻ
ദോഷം ചേരാതെ സർവ്വങ്ങളിലുമിഹ വസി-
ക്കുന്നിതെന്നോർത്തുകൊൾവെൻ;
ആത്മാവിന്നല്ല മാററം, ശശിയുടെ കലകൾ-
ക്കെന്നപോൽ മെയ്യിനെന്നും,
തോയാദ്യേ സൂര്യ്യതുല്യം തനുവിതതിയിലാ-
ത്മൈക്യവും ഞാൻ ഗ്രഹിക്കാം. 4

കാട്ടാളൻ കൊന്ന പുത്രവ്രജമൊട്ടു മൃതമാം
പ്രാവു പോലാകൊലാ ഞാൻ;
ലബ്ധം ഭക്ഷിച്ചടക്കാം പശിയതു ശയു പോൽ;
സിന്ധുഗംഭീരനാവേൻ;
തീയിൽത്താനിയ്യൽ പോൽ വീഴരുതഹമിഹ നാ-
ര്യ്യാദിയിൽ; ഭൃംഗതുല്യം
സാരത്തെസ്സ്വീകരിപ്പെൻ, മുടിയരുതതുപോൽ
ദ്രവ്യസമ്പാദനാൽ ഞാൻ. 5

സ്ത്രീയാൽ മോഹിക്കൊലാ ഞാൻ ഗജ ഇവ പിടിയാൽ;
ദ്രവ്യമാർജ്ജിക്കൊലാ ഞാൻ
യാതൊന്നന്യൻ ഗ്രഹിക്കും മധുഹരസദൃശം;
പാട്ടിൽ മോഹിക്കൊലാ ഞാൻ
ഏണം പോൽ; ഭോജ്യമാശിക്കരുതിഹ ബളിശം
മത്സ്യവൽ; പിംഗലാവ-
ന്നൈരാശ്യത്തോട്ടുറങ്ങാം; സപലലകുരരം
പോൽ നശിക്കായ്ക ബന്ധാൽ. 6

മാനം കൈവിട്ട വാഴ്വെൻ സുഖമതിശിശുപോ;—
ലേകനായ് സഞ്ചരിപ്പെൻ
കൈവിട്ടന്യോന്യഘോഷം വനിതയുടെ കരേ
ശിഷ്ടമാം കങ്കണംപോൽ;
തൽബുദ്ധ്യാ രാജയാനം ശരകൃദിവ ധരി-
ക്കാസ്സു ഞാനന്യ;—മന്യാ—
ഗാരേ ഞാൻ മൂഷികൻതൻഗൃഹമതിലഹിപോൽ
വാണുകൊള്ളാം മുരാരേ! 7

സംഹാരം സൃഷ്ടിയും നിൻകൃതികളിതറിയാ—
മൂർണ്ണനാഭത്തിൽ നിന്നും;
വേട്ടാളൻതന്നിൽനിന്നും സ്മൃതി തവ തനുവു—
ണ്ടാകമെന്നോർത്തുകൊള്ളാം;
വിട്ടായോ ഭസ്മമായോ വരുമൊരുടലിതും
ജ്ഞാനവൈരാഗ്യമേകും;
രോഗാർത്തം മേ ശരീരം കരുതിടുകിൽ വിശേ—
ഷിച്ചുമെൻദേശികൻ താൻ. 8

അയ്യയ്യോ! ദേഹമോഹം മമ കളക;—യിതിൽ
സ്നേഹമുണ്ടാകമൂലം
ഗേഹം വിത്തം കളത്രാദികളിവയിൽ വല—
ഞ്ഞോർത്തിടാ നിൻപദാബ്ജം;
ശപാവോ തീയോ ലഭിക്കുന്നിതിനെയൊട്ടവി;—ലെ—
ന്നല്ല, നേത്രാദിയെല്ലാ—
മാകർഷിക്കുന്നിതിന്നും പല വഴി, തവ പാ—
ദത്തിലേയ്ക്കാരുമില്ല. 9

ദേഹേ മോഹം തട്ടത്തീട്ടുവതിനു കഴിവി-
ല്ലിപ്പോഴെന്നാകിൽ നീയെൻ
രോഗക്ലേശങ്ങൾ നീക്കി ത്വയി ദൃഢതരമാം
ഭക്തി നൽകീടവേണം;
നാനാജന്മാവസാനേ സമധിഗതമിദം
മുക്തിദം വിപ്രദേഹം
കഷ്ടം! നിസ്സാരമാകും വിഷയരസമതിൽ
ചേർക്കൊലാ, പാഹി ശൗരേ! 10

## തൊണ്ണൂററിനാലാം ദശകം

ശുദ്ധൻ നിഷ്കാമധർമ്മാൽ, ഗുരുവരമൊഴിയാൽ
ശ്രദ്ധമുൽകൃഷ്ടമേററം
നിസ്സംഗം സർവ്വപൂർണ്ണം മുരഹര! തവ രൂ-
പത്തെ വേദിച്ചിടുന്നു;
നാനാത്വസ്ഥൗല്യകാർശ്യാദികൾ തവ ഗുണജാം-
ഗപ്രസംഗാൽ ഭവിപ്പൂ
വഹ്നിക്കെട്ടോരുഭേദങ്ങളിൽ മഹദണുതാ-
ദീപ്തിശാന്ത്യാദിപോലെ. 1

ആചാര്യൻ ശിഷ്യനെന്നീയരണികളുടെ സം-
ഘട്ടനത്താൽ ജ്വലിക്കും
ജ്ഞാനാകാരാഗ്നി, കർമ്മാവലിയിലിയലുമാ
വാസനാ, തൽപ്രസംഗാൽ
ഉണ്ടാകും ദേഹലോകഭ്രമഭരമിവയാ-
കും വനത്തെദ്ദഹിച്ചി-
ട്ടൊന്നും പിന്നില്ലയെന്നായിട്ടുമളവു നശി-
ച്ചീടവേ മോക്ഷമല്ലോ. 2

ഏവം ത്വൽപ്രാപ്തിയെന്യേ നിഖിലരുജകൾ തീ–
ർന്നീടുവാനില്ലുപായം;
ഷാൾഗുണ്യം കർമ്മയോഗൗഷധനിരയിവ നൽ–
കില്ല താൻ നിത്യസൗഖ്യം;
ദുസ്സംഗം വേദമാർഗ്ഗം ബഹുവികലതയാൽ;
തൽഫലപ്രാപ്തരും ഹാ!
ഗർവ്വാൽ നിന്നെ മറന്നിട്ടഥ പതനവിധൗ
പാരമിണ്ടൽപ്പെടുന്നു. 3

ത്വല്ലോകം വിട്ടു പാർത്താലെവിടെയഭയ?–മ–
പ്പത്മഭൂവും പരാർദ്ധം
രണ്ടാമ്പോൾ സത്യലോകേ സുഖമൊട്ടു മരുവു–
ന്നില്ല താൻ ത്വൽഭയത്താൽ;
അപ്പോൾ പാപങ്ങളേറും ഭവഗതരുടെ വൃ–
ത്താന്തമെന്തോന്നു ചൊൽവൂ?
ചിൽപൂർണ്ണാത്മൻ ദയാലോ മുരമഥന! നശി–
പ്പിക്ക മേ ബന്ധമെല്ലാം. 4

നേരോർത്താൽ ത്വന്മയൻ ഞാൻ; മമ തു നഹി വിഭോ!
ബന്ധമോക്ഷങ്ങളൊന്നും;
മായാവിദ്യാകൃതത്വം കലരുമവ ദൃഢം
സ്വപ്നബോധോപമങ്ങൾ;
ബദ്ധൻ ദേഹദ്രുമസ്ഥൻ വിഷയഫലരസ–
ത്തെബ്ഭുജിക്കുന്നു; ജീവ–
ന്മുക്തൻ ചേരാതതിങ്കൽ സുഖമൊടമരുവോ,–
നേവമാണുള്ള ഭേദം. 5

ജീവന്മുക്തത്വമേതാദൃശമിതി പറയു-
ന്നെന്തിനിന്നന്തരംഗാ-
ശുദ്ധൗ? ശുദ്ധിക്കു മററില്ലയി വരദ! ഭവൽ-
ഭക്തിയല്ലാതെയൊന്നും;
സർവ്വം നിന്നിൽ സമർപ്പിച്ചിയലിന വരയാം
ഭക്തിയേകീടണം മേ-
യെന്നാൽ നിൻബോധമാർന്നിട്ടിഹ ഗുരുവചനാൽ
മുക്തിയെച്ചേർന്നിടാം ഞാൻ. 6

ശബ്ദബ്രഹ്മത്തിൽ യത്നിച്ചവർ ചിലരറിയു-
ന്നില്ല നിന്നെ;-ച്ചിരേണ
ശ്രീമൻ! വന്ധ്യശ്രമന്മാരവർ വിഫലയതാം
ഗോവിനെപ്പോററിടുന്നു;
പാപം സർവ്വം ഹരിക്കും തവ സുരുചിരമാം
ദിവ്യലീലാവതാരം
സച്ചിൽ സാന്ദ്രസ്വരൂപാദികളുമരുളിടാ-
തുള്ള വാക്കോക്കൊലാ ഞാൻ. 7

നിൻമാഹാത്മ്യം സ്വരൂപം സ്ഥിതിയിവയറിയു-
ന്നില്ല ഞാനൊട്ടുമേ താ-
നെന്നാലും സ്ഥൈര്യമോടേ തവ പദഭജനം
തന്നെ മാനിച്ചിടുന്നേൻ;
ത്വൽബിംബം ത്വൽക്കഭക്തപ്രകരമിതുകളെ-
ക്കാൺക സംഗീക്കയും ത്വൽ-
പൂജാസ്തോത്രം നമസ്കാരവുമഥ കഥ കീ-
ർത്തിക്കയും ചെയ്യുവെൻ ഞാൻ. 8

നാഥാ! ഞാൻ നിൻെറ ദാസൻ; വരദ! മമ ലഭി-
ക്കുന്നതെല്ലാം നിനക്കാ-
യർപ്പിച്ചേൻ; നിൻഗൃഹേ മാർജ്ജനമുഖമഖിലം
കർമ്മവും ഞാൻ കഴിപ്പേൻ;
സൂര്യാഗ്നിബ്രാഹ്മണാത്മാദികളിൽ വിലസിടും
നാലുരുക്കൈക്കൊള്ളാ
നിന്നെസ്സേവിക്കുവെൻ; നിൻ പ്രിയതയിലലിയും
ഭക്തി വർദ്ധിക്കണം മേ. 9

ദാനം ഹോമം വ്രതൗഘം നിയമമഥ തപ-
സ്സാംഖ്യയോഗങ്ങളും കൊ-
ണ്ടപ്രാപ്യം മോക്ഷമാർന്നാരതിസുകൃതമെഴും
ഗോപിമാർ നിൻെറ സംഗാൽ;
ഭക്തന്മാരേറെയുണ്ടെങ്കിലുമവരുടെ നൽ-
ഭക്തിമാനിച്ച നീയെൻ-
ദുഃഖം തീർത്താശു വാതേശ്വര! ദൃഢതരമാം
ഭക്തി നൽകീടവേണം. 10

## തൊണ്ണൂററരണ്ടാം ദശകം

മുൻപേ നിശ്ശേഷജീവാത്മകതയുടയ ഹൈ-
രണ്യഗർഭം ശരീരം
പ്രാപ്തൻ നീ ജീവനായ് മായികഗുണഗണസം-
ബദ്ധനായ് വാണിടുന്നു;
എന്നാൽ ഞാനിന്നതിങ്കൽ ഗുണയുഗ,മതിയായ്
ഭക്തിയായ്ത്തീർന്ന സത്വം
കൊണ്ടേററം ഖണ്ഡനം ചെയ്തു,തുമുടനെ വെടി-
ഞ്ഞീശ! നീയായ് ഭവിപ്പേൻ. 1

സത്ത്വോന്മേഷാൽ ചിലപ്പോൾ വിഷയരസമതിൽ
ദോഷബോധം ഭവിച്ചെ-
ന്നാലും പാരം തമസ്സാരെന്നാരു രജസി ഭവി-
ക്കുന്നതിങ്കൽ പ്രവൃത്തി,
ചിത്തം സംബാധമല്ലോ ഗുണസമുദയമോ,-
ടായതെല്ലാം തടപ്പാൻ
തുഷ്ടൻ നിൻഭക്തിയൊന്നേ ശരണമിതി ഭവാൻ
ചൊല്ലിനാൻ ഹംസരൂപി. 2

ശ്രേയസ്സുണ്ടേറെയക്കർമ്മികളുടെ രുചിഭേ-
ദത്തിനാലന്തമോടേ;
ക്ഷുദ്രാനന്ദങ്ങളാകും ഗതികളുമവയാൽ
സംഭവിക്കും മുരാരേ!
ശ്രേയോമുഖ്യത്വമോടേയരുളിയിതു സഖി-
ക്കായ് ഭവാൻ ഭക്തിമാർഗ്ഗം;
തൽഭക്ത്യാനന്ദതുല്യം സുഖമതു വിഷയ-
ത്തിങ്കലില്ലൊന്നുകൊണ്ടും. 3

ഭക്ത്യാ മോദിച്ചു നിഷ്കാമതയൊടു സുഖമായ്
സഞ്ചരിപ്പോനു ദിക്കി-
ങ്ങെല്ലാം സൗഖ്യം നിറഞ്ഞുള്ളതു ജലമുദകാ-
ന്തർഗ്ഗതന്നെന്നപോലെ;
സ്വർല്ലോകം ബ്രഹ്മലോകം മധുരത കലരും
യോഗജം സിദ്ധിയും താൻ
കാമിക്കില്ലെന്നതാട്ടേയിവനനുഗതമാം
മുക്തിയും നോക്കുകില്ല. 4

നേത്രാദ്യാ ശാന്തിമൂലം വിഷയരസമണ-
ഞ്ഞീടില്ലം ഭക്തനിൽ, തൽ-
ഭക്ത്യാക്രാന്ത്യാ തളർന്നോരതു കിമപി ജയി-
ക്കീലവൻതന്നെ നൂനം;
കത്തിക്കാളുന്ന ചെന്തീ പെരിയ വിറകിനെ-
പ്പോലെ ഭക്തിപ്രവാഹം
പാപൌഘത്തെദ്ദഹിക്കുമ്പൊഴുതെവിടെ വരു-
ന്നിന്ദ്രിയങ്ങൾക്കു ഗർവ്വം? 5

ആനന്ദക്കണ്ണുനീരും മനമതിലലിവും
ദേഹരോമാഞ്ചവും വി-
ട്ടുണ്ടാകാ ശുദ്ധി ചിത്തത്തിന്നു; കിമു തപസാ
വിദ്യയാ ഭക്തിയെന്യേ?
ത്വദ്വാർത്താപാനസിദ്ധാഞ്ജനവിമലിതമാം
മാനസം ലോചനം പോൽ
കാണുന്നു തത്ത്വസൂക്ഷ്മം, ന തു പുനരതു പോൽ
തർക്കമേറാം പഠിച്ചാൽ. 6

ധ്യാനം ശീലിച്ചിടുന്നേൻ സമതനുവൊടു ബ-
ന്ധിച്ചു നല്ലാസനം ഞാൻ,
നാസാഗ്രേ നിർത്തി നേത്രം, പവനപഥമതും
പൂരകാദ്യൈർജ്ജയിച്ചു
മേല്പെട്ടാക്കീട്ടു ചിത്താംബുജ,മതിലിനസോ-
മാഗ്നിമാരെ സ്മരിച്ചി-
ട്ടൂർദ്ധ്വം നീലാഭ്രകാന്ത്യാ വിലസുമൊരു ഭവാൻ-
തന്നെ നോക്കുന്നു ശൌരേ! 7

നീലപ്പൂഞ്ചായലും ശ്രീമധുരമകരസൽ-
കുണ്ഡലം പുഞ്ചിരിപ്പൂ-
ഞ്ചേലും നൽകൗസ്തുഭശ്രീ തടവിനവനമാ-
ല്യങ്ങൾ ഹാരങ്ങളേവം
ശ്രീവത്സം ചാരുദോസ്സും മൃദുതരമുദരം
സ്വച്ഛവസ്ത്രം സുവസ്ത്രം
സ്സ്നിഗ്ദ്ധോരുശ്രീസരോജാംഘ്രികളിവ കലരും
നിന്നെ ഞാനോൎത്തിടുന്നേൻ. 8

ചേൎത്തിട്ടംഗത്തിലെല്ലാമിതി കുതുകമെഴും
മാനസം നാഥ! പിന്നീ-
ട്ടത്യന്തം മന്ദഹാസപ്രഭയൊടഴകെഴും
നിൻമുഖേ ചേൎത്തുവീണ്ടും
തത്രാലീനം മനസ്സപ്പരമസുഖചിദ-
ദ്വൈതരൂപത്തിൽ മററാ-
ന്നോക്കാതാക്കീട്ടവെൻ ഞാനിതി പുനരപി ശീ-
ലിച്ചു യോഗം ധരിക്കാം. 9

ഇത്ഥം നിൻധ്യാനമുണ്ടാംപൊഴുതുടനണിമാ-
ദ്യങ്ങളും മംഗളാത്മൻ!
ദൂരശ്രുത്യാദിയും വന്നെതിരിടുമിഹ ഞാൻ
മുമ്പിൽ ഞാൻ മുമ്പിലെന്നായ്;
നിന്നെ പ്രാപിക്കുവാൻ താമസമരുളുമിതൊ-
ന്നും കൊതിക്കില്ല ഞാനീ-
നിന്നെത്താനാഗ്രഹിക്കുന്നിതു പവനപതേ!
തീൎക്കയെൻ ദുഃഖമെല്ലാം. 10

## തൊണ്ണൂററാറാം ദശകം

സാക്ഷാൽ ബ്രഹ്മം ഭവാൻതൻ ഭവഭയഹര! വ-
ണ്ണങ്ങളിൽത്താനകാരം,
താരം മന്ത്രങ്ങളിൽ, ഭൂവരരിൽ മനു,ഭൃഗു-
ന്നാരദൻ നീ മുനീനാം,
പ്രഹ്ലാദൻ ദൈത്യജാലേ, സുരഭി പശുകുലേ,
താർക്ഷ്യനപ്പക്ഷിവർഗ്ഗേ,
ശേഷൻ നീ സർപ്പസംഘേ, നദികളിലയി വി-
ശ്വാംഗ! നീ ഗംഗ താനും. 1

ബ്രഹ്മണ്യന്മാരിൽ നീ താൻ ബലി, ജപമതു യ-
ജ്ഞേഷു, വീരേഷു പാർത്ഥൻ,
ഭക്താനാമുദ്ധവൻ നീ, ബലികളുടെ ബലം,
ഭാസ്വതാം ഭാസ്സതും നീ;
നിൻഭൂതിക്കന്തമില്ലി,ങ്ങതിശയമിയലും
സർവ്വമാം വസ്തുവും നീ
നീ ജീവൻ നീ പ്രധാനം, ത്രിഭുവനമതിൽ നീ
യെന്നിയേയൊന്നുമില്ല. 2

വേദത്തിൽചൊന്ന വർണ്ണാശ്രമവിധികളെ നി-
ന്നിൽ സമർപ്പിച്ചു ഭക്ത്യാ
ചെയ്യോർ വൈരാഗ്യമൊട്ടൊട്ടെഴുമളവവയും
വിട്ടു, കൈക്കൊണ്ടിട്ടുന്നു
സത്താജ്ഞാനപ്രിയത്വാത്മകമഖിലപദാ-
ർത്ഥങ്ങളിൽ ഭേദഹീനം
നിർമ്മൂലം ലോകമൂലം പരമമതഹമൈ-
ന്നുള്ളതേ ശുദ്ധബോധം. 3

ജ്ഞാനം കർമ്മാഥ ഭക്തിസ്ത്രിതയമിതയി സാ-
യുജ്യമുക്തിക്കു;-വററിൽ
ജ്ഞാനത്തിന്നർഹനായോൻ സകലവിഷയവൈ-
രാഗ്യമാർന്നുള്ളവൻ താൻ;
സക്തന്നക്കർമ്മയോഗം ത്വയി വനിഹിത;-മ-
ത്യന്തവൈരാഗ്യമില്ലാ-
തത്യാസക്ത്യാപി ഹീനം ത്വയി രസമിയലു-
ന്നോന്നു നൽഭക്തിയോഗം. 4

ജ്ഞാനം ത്വൽഭക്തിയോ ലാഘവമൊട്ടു സുകൃതാൽ
കിട്ടുമീ മർത്ത്യലോകേ
ജന്മം വാഞ്ഛിച്ചിടുന്നുണ്ടയി നരകഗതൻ
സ്വർഗ്ഗതൻ താനുമീശാ!
ഭാഗ്യത്താൽ മർത്ത്യദേഹം, ഭവജലനിധിതൻ-
പോതമൊന്നുള്ളോരെന്നെ-
ക്കാററായ് വേഗാൽ കടത്തീടുക ഗുരുവിനു നീ
കർണ്ണധാരത്വമേകി. 5

ജ്ഞാനൈകേച്ഛുക്കളേററം ശ്രുതിനയനിരയാൽ
ബ്രഹ്മരൂപം വിചാരി-
ച്ചാർത്തിപ്പെട്ടിട്ടു ജന്മം പലതുകഴിയവേ
മുക്തികൈക്കൊണ്ടിടുന്നു;
ദൂരസ്ഥം കർമ്മയോഗത്തിനു പരമഫലം
ഭക്തിയോഗം നിനച്ചാ-
ലാദിക്കേ ഹൃദ്യമത്രേ, ഫലദവുമചിരാ;-
ലായതേറീടണം മേ. 6

ജ്ഞാനത്തിൽത്തന്നെ യതിപ്പതിനെ മുനി വില-
ക്കുന്നിത;-ബ്രഹ്മതത്വം
കേട്ടീ നിൻഭക്തിയാലുന്നവനു കരഗതം
മോക്ഷമംഭോരുഹാക്ഷ!
ധ്യാനത്തിന്നും സമം താനസുകരത മനോ-
ലൗല്യമൂലം ത്വദീയം
കാരുണ്യം കാന്തിഭാരം പരിചയമിവയാൽ
വശ്യമല്ലോ മനസ്സും. 7

വൈഷമ്യം ചേൎന്ന കൎമ്മങ്ങളിൽ വിമുഖനതായ്
ത്വൽകഥാശ്രദ്ധ പൂണ്ടേ-
നെന്നാലും നാഥ! കാമങ്ങളെയിഹ കളവാൻ
ശക്തനല്ലാഴ്കയാൽ ഞാൻ
നിങ്കൽ ചിത്തം ദൃഢം ചേൎത്തുകളെയധികം
ദോഷബുദ്ധ്യാ ഭജിച്ചി-
ട്ടേററീടാം ഭക്തിയേ; നീ മനസി വിലസവേ-
യാശു സംഗം നശിക്കും. 8

പണ്ടേകൻ ബ്രാഹ്മണൻ തൻധനതതി ജനമെ-
ല്ലാം നശിപ്പിക്കയാലേ-
യുണ്ടായ് വൈരാഗ്യമേററം 'നഹിയിഹ ജനകാ-
ലാദ്യമെൻദുഃഖമൂലം;
ചിത്തം മേ ദുഃഖമേകീട്ടവതിതുഗുണമു-
ണ്ടാക്കിയെല്ലാം നടത്തു-
ന്നെ'ന്നോതിശ്ശാന്തനായ് നിന്നെയുമഥ ശ്രിത;-നാ-
ശ്ശാന്തിയേകീടണം മേ. 9

ഐളൻ പണ്ടേറെ നാളുർവശിയെയനുഭവി-
ച്ചാർത്തി പൂണ്ടിട്ടൊടുക്കം
വൈരാഗ്യത്തോടു നാരീസുഖമതിലഘുവെ-
ന്നോതി നൽഭക്തനായി
സാനന്ദം സഞ്ചരിച്ചാ;-നതുവിധമയി വൈ-
രാഗ്യമേകീട്ടു ഭക്ത-
ശ്രേണിശ്രേഷ്ഠത്വമേകീട്ടക പവനപതേ!
തീർക്ക ദുഃഖങ്ങളും മേ. 10

## തൊണ്ണൂററിയേഴാം ദശകം

ജ്ഞാനം ശ്രദ്ധാ ച കർത്താ വസതി സുഖവുമ-
ക്കർമ്മമാഹാരഭേദം
ത്രൈഗുണ്യാൽ ഹീനമദ്ധ്യോത്തമമിതു സകലം
ഭിന്നരൂപം ജഗത്തിൽ
തൽക്ഷേത്രത്വന്നിഷേവാദികമയി നിഖിലം
തൽപരം നിർഗ്ഗുണം താ-
നെന്നല്ലോ ചൊല്ലിട്ടന്നിന്നതിനെയനുഭവി-
ച്ചാശു ഞാൻ സിദ്ധനാവേൻ. 1

നിൻകൽ ചിത്തത്തെയാക്കിസ്സുഖമൊടിഹ ചരി-
ച്ചിട്ടു കർമ്മം ത്വദർത്ഥം
നിശ്ശേഷം ചെയ്തു ഭക്താവസതി കലരുമ-
പ്പുണ്യദേശങ്ങൾ പുക്ക
തിര്യഗ്ജാലത്തിൽ നാനാനരരിലുമൊരുപോൽ
ബുദ്ധി വെച്ചിട്ടു നിന്ദാ-
സ്പർദ്ധാസൂയാദി കൈവിട്ടഖിലമതിലുമീ-
നിന്നെയർച്ചിക്കുവേൻ ഞാൻ. 2

തൽഭാവം സ്പഷ്ടമായിട്ടിതുകളിൽ വഴിപോൽ
കാണുവോളമുപാസി-
ച്ചേവം പിന്നൈക്യബോധം വിലസുമളവിൽ നീ-
യായി ഞാൻ സഞ്ചരിക്കാം;
ഈ നിൻധർമ്മത്തിനോർത്തീടുകിലൊരു പൊഴുതും
നാശമില്ലാ;-കയാൽ മേ
പ്രീത്യാ സർവ്വാത്മനാ നീ മധുരത കലരും
ഭക്തി താൻ നൽകിടേണം. 3

ഏവം നൽഭക്തിയോഗസ്ഥിരതയതിനിഹാ-
രോഗ്യമായുസ്സുമുണ്ടാ-
കേണം; ഭാഗ്യാലതിന്നും ഗതി തവ ചരണം
പാല്യപോലൗഷധാർത്ഥം;
പന്ത്രണ്ടബ്ദങ്ങളായുസ്സരുളി ഗണക,-നെ-
ന്നിട്ടൊരബ്ദം ഭജിച്ചാൻ
മാർക്കണ്ഡേയൻ ഭവാനെ;-ത്തവ ഭടരുടനോ-
ടിച്ചുതേ മൃത്യുതന്നെ. 4

മാർക്കണ്ഡേയൻ ചിരായുസ്സതലസുഖർതൻ
തൽപരൻ പുഷ്പഭദ്രാ-
തീരം പുക്കാറുമന്വന്തരമഹഹ! തപം
ചെയ്തു വീണ്ടും നയിച്ചാൻ,
ഏഴാമിന്ദ്രൻ മയക്കാൻ സുരയുവതിമനോ-
ജാദ്യരെച്ചേർത്തയച്ചാൻ;
യോഗോഷ്മാവിൽത്തളർന്നാരവ;-രെവനു ഭവൽ-
ഭക്തരെക്കീഴടക്കാം? 5

പ്രീത്യാ നാരായണൻ നീ നരനൊടുമൊരുമി-
ച്ചന്നു തൽസന്നിധൗ പോയ്
സ്തോത്രം ചെയ്തോരവന്നായ് വിവിധമഥ വരം
ചൊല്ലി ലോഭം വളൎത്തി;
എന്നാലും ഭക്തിതൃപ്തൻ വിമലനവനപേ-
ക്ഷിച്ചു നിൻമായ കാട്ടാൻ;
മായാദ്ദുഃഖം ഗ്രഹിക്കാത്തവനതുമറിവാ-
നാഗ്രഹം വിസ്മയത്താൽ! 6

അപ്പോൾ നീയും മറഞ്ഞു; പവനചലഘനോൽ-
സൃഷ്ടതോയവ്രജോദ്യൽ-
സപ്താംഭോധിപ്രവാഹേ മുഴുകി ഭുവനം;മ-
ങ്ങമ്പരന്നമ്മുനീന്ദ്രൻ
ഏറെക്കാലം വലഞ്ഞാനഥ കഴൽ്വിരലാ-
വായിലാക്കീട്ടു നീല-
ശ്രീ പൂണ്ടാലിൻെറ പത്രേ വിലസിന ശിശുവാം
നിന്നെയും കണ്ടുദൂരേ. 7

നിന്നെക്കണ്ടിട്ടു രോമാഞ്ചമൊടരികിലണ-
ഞ്ഞാഗ്രഹിച്ചാൻ തൊടാനായ്;
ശ്വാസത്തോടുള്ളിലെത്തിസ്സകലഭുവനവും
തത്ര കണ്ടാൻ മുനീന്ദ്രൻ;
പിന്നെ ശ്വാസേന വന്നാൻ വെളിയി,ലഥ കടാ-
ക്ഷിച്ചു നീ, നിന്നെ വീണ്ടും
പുൽകാൻ ഭാവിച്ചു കണ്ടില്ലുടനടി നിജഗേ-
ഹസ്ഥനായാൻ പുരാ പോൽ. 8

ഈശൻ ചെന്നാൻ തദഗ്രേ സതിയൊടഥ ഭവൽ
ഭക്തസന്ദർശനാർത്ഥീ
മോദാൽ സിദ്ധങ്ങളേകിസ്വയമിവനുജരാ—
മൃത്യുദാദ്യങ്ങൾ പോയാൻ,
ഏവം നിൻസേവയാലേ ശിവനുമധികസം—
പ്രീതനാകുന്ന മൂലം
മൂർത്തിത്രയ്യാത്മകത്വം തവ സകലനിയ—
ന്തൃത്വവും വ്യക്തമായി. 9

ത്ര്യംശേ ശ്രീസത്യലോകേ വിധിഹരിശിവഗേ—
ഹങ്ങളുണ്ടൂർദ്ധ്വമൂർദ്ധ്വം;
മായാകാര്യങ്ങളെന്യേ തദുപരി വിലസീ—
ടുന്ന വൈകുണ്ഠലോകേ
നന്ദാഗാരത്തിലും കാരണജലമതിലും
ശുദ്ധസത്ത്വസ്വരൂപൻ
സച്ചിൽബ്രഹ്മാദ്വയാത്മാ മരുവുമനിലഗേ—
ഹേശ! പാലിക്ക ദുഃഖാൽ. 10

## തൊണ്ണൂററെട്ടാം ദശകം

ലോകത്തിന്നുള്ള ജന്മസ്ഥിതികൾ വിലയവും
നിങ്കൽ; നീ താനിതെല്ലാം;
ലോകം വേർപെട്ടു വാഴുന്നതുമിതിനു വിലാ—
സം കൊടുക്കുന്നതും നീ;
ചൊല്ലാനോർപ്പാനുമാകാ, മുനികൾ ബുധരുമ—
ത്തത്ത്വരൂപം ഗ്രഹിക്കു—
ന്നില്ല,—ന്യന്മാരതെന്താണറിവതു പുന?—ര-
ക്കൃഷ്ണ! നിന്നെത്തൊഴുന്നേൻ. 1

ജന്മം കർമ്മവുമില്ല നാമഗുണദോ-
ഷാദ്യങ്ങളും നിങ്കലീ
ലോകാനുഗ്രഹണത്തിനായവനെ നീ-
യാളുന്ന മായാവശാൽ;
ശക്ത്യാ രൂപമരൂപനെങ്കിലുമെടു-
ത്തീടുന്നു ചിത്രം! ഭവാൻ;
കൈവല്യാലയമായൊരപ്പരമസാ-
ത്മാവാം ഭവാനെത്തൊഴാം. 2

തിര്യക്കും മർത്ത്യനും നിർജ്ജരനുമസുരനും
സ്ത്രീ പുമാൻ ദ്രവ്യവും തൽ
കർമ്മം ലോകേശ! ജാതിർഗ്ഗുണമപി സദസ-
ത്തല്ലഹോ! നിന്റെ രൂപം;
ശേഷിച്ചൊന്നായ് നിഷേധേ നിഗമസമുദയം
ലക്ഷണാവൃത്തിയാലേ
കാട്ടീടുന്നു കാണിച്ചിട്ടും നൽ സുഖമയമതു;-മ-
ക്കൃഷ്ണ! നിന്നെത്തൊഴുന്നേൻ. 3

ബിംബിച്ചമ്മായതന്നിൽ സൃജസി മഹദഹം-
കാരതന്മാത്രഭേദൈർ-
ഭൂതഗ്രാമേന്ദ്രിയാദ്യൈരപി ഭുവനമിദം
സ്വപ്നതുല്യം സമസ്തം;
പിന്നീടക്കാലശക്ത്യാ ക്രമമജിത! പാ-
ദങ്ങൾപോൽ ചേർത്തു തങ്കൽ
സർവ്വം, മെത്തും തമസ്സിൽത്തിമിരമൊഴികെ വാ-
ഴുന്ന നിന്നെത്തൊഴുന്നേൻ. 4

സർവ്വത്തിൻഹേതുവായിസ്സകലമയതയാൽ
സർവ്വഥാ കല്പ്യമാനൻ
നിന്നെച്ചൊല്ലുന്നു കർമ്മം പുനരണുസമയം
താൻ ധ്വനിബ്രഹ്മമെന്നും;
വേദാന്തത്തിങ്കലോതും പുരുഷപരചിദാ-
ത്മാഖ്യ ചേർന്നുള്ള തത്ത്വം
ചെയ്യുന്നീക്ഷിച്ചു മൂലപ്രകൃതിവികൃതി;–യ–
ക്കൃഷ്ണ! നിന്നെത്തൊഴുന്നേൻ. 5

സത്ത്വത്തൊനസത്ത്വത്തെയുമയി സദസ-
ത്ത്വത്തെയും ചേരുവോന്ന-
ല്ലാതുള്ളോരീയവിദ്യാഗ്ഗുണഫണിമതിപോ-
ലേകമീ ലോകഭാവം
നിൻകാരുണ്യാലതോമൽശ്രുതിവചനലവാൽ
വിദ്യയായ്ത്തീൎന്നു സംസാ-
രാരണ്യച്ഛേദനത്തിൽ കഠിനപരശ്ശുവാ;–
മബ്ഭവാനെത്തൊഴുന്നേൻ. 6

നേരോർത്താൽ ഭൂഷയിൽ സ്വർണ്ണവുമമല! ഘടാ-
ദ്യത്തിൽ മണ്ണും കണക്കേ-
യേകം ലോകേ വിളങ്ങുന്നൊരു തവ മഹിതം
ത്രൂപ;–മാസ്വപ്നമാന്നോൻ
ബോധിക്കുന്നേരമെന്നോണവുമിരുളൊഴിയേ
രജ്ജുവെന്നോണവും താൻ,
വിദ്യാലാഭം വരുമ്പോൾ വിലസുമധിക;–മ-
ക്കൃഷ്ണ! നിന്നെത്തൊഴുന്നേൻ. 7

നിന്നെ പേടിച്ചുദിക്കുന്നിതു തരണി, ദഹി-
ക്കുന്നു തീ, നാഥ! വീശീ-
ട്ടുന്നുണ്ട സ്സുശ്നൻ പത്മജമുഖരുചിതം
പൂജചെയ്യുന്നു കാലേ;
ഓരോസ്ഥാനത്തിരുത്തിപ്പുനരവരെയിറ-
ക്കുന്നതെന്നല്ല സർവ്വം
ശൗരേ! ചെയ്യുന്ന നിന്നെപ്പരപുരുഷ! സദാ
ഭക്തിപൂർവ്വം തൊഴുന്നേൻ. 8

ത്രൈഗുണ്യാകാരലോകത്രിതയജനകനായ്
ത്ര്യക്ഷരൈകാത്ഥമായി
ത്രീശൈക്യാകാരനായി ത്രിഭിരപി നിഗമൈഃ
പ്രസ്തുതാത്മാവതായി
ബോധിച്ചേററം ത്ര്യവസ്ഥാ,സ്ത്രിയുഗജനിയൊട്ടും
ത്രിക്രമൈരാക്രമിച്ചും
വിശ്വം, ത്രൈകാല്യതുല്യം വിലസുമൊരു ഭവാ-
നെത്രിയോധൈഖലഭ്ജേഹം. 9

സത്യം ശുദ്ധം വിബുദ്ധം സകലഗുണസമുൽ-
ഭാസനാധാരഭൂതം
നിഷ്കാമം നിർവ്വികാരം നിരവധി മഹിമ-
സ്ഥാസ്പദം നിത്യമുക്തം
നിർമ്മൂലം നിർമ്മലം തന്മുനിഹൃദയനിവാ-
സം ചിദാനന്ദപൂർണ്ണം
നിസ്തുല്യം നിൻശരീരം ജയമൊട്ടു വിലസീ-
ട്ടുന്നു നിർദ്വന്ദ്വമീശാ! 10

ദ്വാരം നാഥ പന്ത്രണ്ടഴികളൊടരുപ–
 ത്താന്ന മൂന്നൂറു പവ്വ–
ത്തോടേ സമ്യഗ് ഭ്രമിപ്പോന്നതിജവമനിശം,
 ദൃശ്യമീ ലോകമെല്ലാം
ആകർഷിച്ചോട്ടവോന്നാകിയ തവമഹിതം
 ചക്രമക്കാലരൂപം
ദുഃഖിപ്പിച്ചീടൊലാ നിൻ ചരണശരണനാ–
 മെന്നെ രക്ഷിക്ക ശൗരേ! 11

## തൊണ്ണൂററൊൻപതാം ദശകം

ആരോതും വിഷ്ണുവീര്യങ്ങളെ? മഹിയുടെ രേ–
 ണുക്കളാരെണ്ണുമോത്താൽ?
യാവൻ മൂന്നംഘ്രി ചേത്തോരഖിലഭുവനമാ–
 നന്ദമാളുന്നു ലക്ഷ്മ്യാ;
യാവൻ സവ്വം ഭരിപ്പോ;–നമൃതരസമര–
 ന്ദം പരന്നും പ്രമോദാൽ
ഭക്തന്മാരുല്ലസിച്ചും വിലസുമവനെഴും
 ധാമമെത്തീട്ടവെൻ ഞാൻ. 1

ആദ്യൻ സവ്വം ചമച്ചോൻ പ്രതിനിമിഷനവീ–
 നൻ വിഭൂതിക്കു ഭത്താ–
വാകും ശൗരിക്കു യാഗാദികളിലയി ഹവി–
 സ്സാദി ഭക്ത്യാ കൊട്ടപ്പോൻ,
മുഖ്യം കൃഷ്ണാദിജന്മം കുതുകമൊട്ട കഥി–
 ച്ചീട്ടവോനും സമോദം
സൽകീത്ത്യാ, ലഭ്യമാകും തവപദമതിൽവ–
 ന്നെത്തുമന്തത്തിൽ വേഗാൽ. 2

സ്തോത്രം ചെയ്തീടുവോരേ! മനമതിലറിയും-
പോലെ വഴ്ത്തിച്ചുകൊൾവിൻ
വേദത്തിൻസാരമായിജ്ജനനകഥകളാൽ
വ്യക്തനാം വിഷ്ണുതന്നെ;
വിദ്വാന്മാരേ!—യിവൻപേർ സുഖകരമിതി സം-
കീർത്തനംചെയ്തുകൊൾവിൻ;
ശൗരേ! നിൻകീർത്തനാദ്യൈരഹമപി വിമലം
തത്ത്വബോധം ലഭിപ്പേൻ. 3

സശ്രദ്ധം ഭൂസുരന്മാർ വിവിധനുതികൾ ചെ-
യ്തുല്ലസിപ്പിപ്പതാകും
യാവൻ തൻ സ്ഥാനമുദ്യൽപ്രഭമനവരതം
സിദ്ധർ കാണുന്നു ദിവ്യം;
ഇന്ദ്രന്നാനന്ദമേകീടുവതിനു സഖിയായ്
ഭൃത്യനായും, ജഗത്തിൽ
ധർമ്മം നില്പാനുമമ്മാധവനലിവിനൊടേ-
ചെയ്ത കർമ്മങ്ങളോർപ്പിൻ. 4

ഉണ്ടാകുന്നോനുമുണ്ടായവനുമറിവതി-
ല്ലീശ ഹേ! നിൻ മഹത്വം;
ഞാനോ ശ്രേയസ്സറിഞ്ഞിട്ടനിശമജിത! നിൻ
നാമമോതുന്നു നാഥാ!
ത്രൈലോക്യത്തിന്നുമൂർദ്ധ്വം തെളിവിനൊടു വിള-
ങ്ങുന്ന വൈകുണ്ഠലോകേ
വാണീടും നിന്നെ നാനാവിധനുതിവചനം
കൊണ്ടലം വാഴ്ത്തീടുന്നേൻ. 5

മുൻപിൽ സൃഷ്ട്യാദിജന്യം ജലമമലതനോ!
നിന്നെയുള്ളിൽ ധരിച്ചു;
ജീവന്മാർചേൎന്നു നിങ്കൽ ജലശയന! ലഭി-
ച്ചീടിനാരൈക്യമപ്പോൾ;
അന്നാളന്നിന്റെ നാഭിത്തടമതിൽ നിഹിതം
ലോകരൂപം ഭവിച്ചു
ദിക്കാകും പത്രമോട്ടം കനകധരണിഭൃൽ-
കൎണ്ണികം പത്മമേകം. 6

ഹേ ലോകാ! വിഷ്ണുവാമിബ്ഭുവനജനകനേ
നിങ്ങളോരുന്നതുണ്ടോ?
വാഴുന്നു നിങ്ങൾതൻ മാനസമതിലപരം
വിഷ്ണുരൂപം സദാപി;
മായാമോഹേന നാമാദികളിലിഹ വല-
ഞ്ഞിന്ദ്രിയപ്രീതിയോൎത്തും
യാഗം ചെയ്യാൻ മുതിൎന്നും ഹരിയിൽ വിമുഖരായ്
നിങ്ങൾ വാഴുന്നുവല്ലോ. 7

എണ്ണംവിട്ടുള്ള മൂൎദ്ധേക്ഷണപദനിവഹം
പൂണ്ടു ലോകേ നിറഞ്ഞും,
ലോകത്തെത്താൻ കവിഞ്ഞും, ചെറിയൊരു ഹൃദയാ-
ന്തത്തിലും വാഴുവോൻ നീ,
ഭൂതം ഭവ്യം സമസ്തം പരമപുരുഷ നീ;
ദേഹമുഖ്യേ കലൎന്നെ-
ന്നാലും ചേരാതെ നീതാനനിശമനുഭവി-
ക്കുന്നതും മോക്ഷസൗഖ്യം. 8

ത്രൈലോക്യാകാരമാൎന്നീട്ടകില്ലുമതിനെ വേർ—
        പെട്ട സംപൂൎണ്ണശുദ്ധ—
ജ്ഞാനാത്മാവായി നീ വാഴ്‌വതുമയി തവ മാ—
        ഹാത്മ്യ;—മല്ലാതെയെന്തേ?
അല്പം നിൻഭാഗമാണീയഖിലഭുവനമായ്
        ത്ര്യംശമായ് കാണ്മതു;—ദ്ധ്യം
ശോഭിച്ചീട്ടുന്നു മോദാത്മകമൃതതരമാ,
        നിന്നെ ഞാൻ കൈതൊഴുന്നേൻ. 9

അവ്യക്തം തേ സ്വരൂപം ദുരധിഗമതമം;
        ശുദ്ധസത്വൈകരൂപം
ബ്രഹ്മാനന്ദാബ്ധിയിൽ ചേൎന്നൊരു തിരയതുപോൽ
        വ്യക്തമാണാകയാൽ ഞാൻ
ഇഷ്ടം സൎവ്വപ്രകൃഷ്ടം മധുരഗുണരസം
        കൊണ്ടു ചിത്തം ഹരിക്കും
നിൻദേഹം സംശ്രയിക്കുന്നിതു പവനപതേ!
        കൃഷ്ണ! പാലിക്ക ദുഃഖാൽ. 10

## നൂറാം ദശകം

കായാംപൂപോലെയേററം സുമധുരമൊരു തേ—
        ജസ്സു കാണുന്നു മുൻപിൽ,
പിയൂഷേ മുങ്ങി ഞാനങ്ങതിനുടെ നടുവേ
        യൗവനാരംഭമോടേ
ആനന്ദാൽക്കോൾമയിക്കൊണ്ടൊരു മുനികൾ മററ—
        ത്തയ്യൽമാരും വളഞ്ഞ—
ന്യൂനം സേവിക്കുമേകം ശിശുവടിവുമിതാ!
        ദിവ്യമവ്യാജരമ്യം. 1

നീലശ്രീപൂണ്ടു തിങ്ങീട്ടമലമധികസൗ-
ന്ദര്യബദ്ധം മയിൽപ്പൂം-
പീലിച്ചേർപ്പോട്ടു രത്നാഭരണരുചിരമാ-
യഗ്രഭാഗേ ചുരുണ്ടും
ചേലിൽപ്പൂമാലയാന്നും വിലസിന കചവും
ചാരുവെൺഗോപിയോടേ
ബാലപ്പൂന്തിങ്കൾ തോലിപ്പെട്ടമതിലളിതം
ഫാലവും കണ്ടിട്ടന്നേൻ. 2

ചിന്നുംകാരുണ്യവാർദ്ധിത്തിരയെതിർപുരിക-
ക്കേളിതൻമേളമാന്നും,
ചന്തത്തിൽ ശ്യാമരോമാവലി വിലസിതമാ,-
യേററവും തിങ്ങി വിങ്ങും
കാന്ത്യാ വിസ്തീർണ്ണപാഥോരുഹദളസദൃശം
ചാരുതാരം കടാക്ഷ-
ത്തേൻ തൂകിപ്പാർത്തണപ്പിപ്പൊരു തവ നയനം
ചേക്കയിദ്ദാസനെന്നിൽ. 3

ശോഭിക്കും നാസയാന്നാ, ഹരിമണിമുകുരം
കുമ്പിടും ഗണ്ഡമദ്ധ്യേ
ദീപ്തിക്കും കണ്ണപാശാഞ്ചിതമകരമണീ-
കുണ്ഡലം കൊണ്ടു രമ്യം
ഓമൽദ്ദന്താഭ ചേന്നുള്ളരുണരുചിരബിം-
ബാധരത്തിങ്കലുദ്യൽ-
പ്രേമത്തേനോലിനല്പഞ്ചിരി പരിചിലെഴും
നിൻമുഖം മേ ലസിപ്പൂ. 4

രത്നശ്രീകങ്കണം ചെന്തളിർശയവുമെഴും
ബാഹുയുഗ്മത്തിലാക്കീ-
ട്ടുത്തുംഗാഭം നഖശ്രീ വിലസിന വിരലാൽ
ചിത്രമാം വേണുനാളം
ചേൎത്താസ്യേ പാൎത്തണക്കുംപടി മധുരലസ-
ദ്രാഗമായ് ത്തുകുമോമൽ
ശബ്ദബ്രഹ്മാമൃതം കൊണ്ടലിവിനൊടു നന-
ച്ചീടുകെൻകൎണ്ണമാൎഗ്ഗം. 5

വ്യാപിക്കും കൗസ്തുഭശ്രീയൊടു മധുരമിളം-
ചോപ്പെഴും കണ്ഠവും തേ
ശ്രീവത്സം ചേൎന്നു ശോഭിച്ചിളകുമമലഹാ-
രങ്ങൾ മിന്നുന്ന നെഞ്ചും
നാനാവൎണ്ണപ്പൂളപ്പൂ തളിരിവയിളകും
വണ്ടിടനാടൊത്തു മാറിൽ
ഭാസിക്കും മാലയും ചേലിയലുമൊരു മണീ-
മാല്യവും പാൎത്തിടുന്നേൻ. 6

ചേരും ഗോരോചനാദിക്കുറിമണമതിനാൽ
സൎവ്വലോകം ഹരിച്ചും,
ഭൂരിബ്രഹ്മാണ്ഡമാൎന്നീടുകിലുമതികൃശം
മദ്ധ്യഭാഗം ഭരിച്ചും
ഇന്ദ്രാശ്മന്യസ്തമാകും കനകമൊടു സമം
മഞ്ഞവസ്ത്രം ധരിച്ചും
രത്നശ്രീകാഞ്ചി നൽക്കിങ്ങിണികളിവയെഴും
നിന്നെ ഞാനോൎത്തിടുന്നേൻ. 7

ഓമൽക്കാന്ത്യാ രമാന്തഃകരണഹരണമായ്
  വിശ്വചാഞ്ചല്യമോത്ത-
ന്നോണം പീതാംബരം പൂണ്ടൊരു മധുരതുട-
  ത്തുണുമ,ങ്ങാനമിക്കും
ഭക്തക്കേകാൻ വഹിച്ചുള്ളഖിലസുമഹിതാ-
  ത്ഥങ്ങൾതൻ ചെപ്പിനൊപ്പം
ശോഭിക്കും മുട്ടുരണ്ടും ക്രമപൃഥുലകണ-
  ങ്കാല്യമീഞ്ഞാൻ തൊഴുന്നേൻ. 8

ചേണേറും ശിഞ്ജിതത്താൽ പദനുതി ശുഭമെ-
  ന്നോതിടും കാൽച്ചിലമ്പും
പീഡാമജ്ജൽസ്വഭക്തോദ്ധരണകമഠമായ്-
  ത്തീൎന്ന പാദാഗ്രവും തേ
കാന്ത്യാ ചോപ്പോട്ടയന്നുള്ളൊരു നഖശശിതൻ-
  രശ്മിയാലാശ്രിതാത്തി-
ധ്വാന്തം പോക്കിത്തുണയ്ക്കും വിരല്യകളുമക-
  ക്കാമ്പിൽ ഞാൻ കണ്ടിടുന്നേൻ. 9

യോഗീന്ദ്രന്മാക്കു നിന്മേനിയിലതിമധുരം,
  മുക്തർ മേവുന്നഗേഹം,
ഭക്താഭീഷ്ടപ്രദാനേ സുരവരതരുവിൻ-
  പല്ലവം നിൻെറപാദം
നിത്യം വാണെൻ മനസ്സിൽ കദനമഖിലവും
  തീൎത്തു വാതാലയേശാ!
കൃഷ്ണാ! കാരുണ്യസിന്ധോ! പരമസുഖമഹാ-
  ലക്ഷ്മിയെത്തന്നിടട്ടെ. 10

'ശ്രീലാ! ശാർങ്ഗിൻ! ഗ്രഹിക്കാ'തയി മഹിമ തവാ,–
ത്ര്യോദിതം നീ പൊറുത്തി–
ട്ടീരഞ്ഞൂറിൽ കവിഞ്ഞുള്ളൊരു നതിയിതു കൈ–
ക്കൊൾക കാരുണ്യമോടേ;
*ദ്വേധേദം കേശവീയം, ശ്രുതിയുമവതര–
സ്തുത്യനായ്ചൊൽകമൂലം
ലീലാജന്മങ്ങളാൽ പൂരിതമരുളണമി–
'ങ്ങായുരാരോഗ്യസൗഖ്യം.' 11

ശുഭം

---

* ദ്വേധാ നാരായണീയം, ശ്രുതിയുമവതര–
സ്തുത്യനായ്ചൊൽകമൂലം
ലീലാജന്മം നിറഞ്ഞുള്ളിദമരുളണമി–
'ങ്ങായുരാരോഗ്യസൗഖ്യം.' (പാഠാന്തരം)

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No MA9 Acc. No 11491

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 4 AUG 1992 | | |
| 24 JUL 1996 | | |
| 28 DEC 2002 | | |
| 9 DEC 2003 | | |
| 06 JAN 2005 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date a fine of 10 (Ten) Ps. per day will be charged.

MA9 11491

കേശവപിള്ള - കെ.സി.

ഭാഷാനാരായണീയം